
www.malankaralibrary.com

# അല്മായവിശ്വാസികൾ



www.malankaralibrary.com

# അല്മായവിശ്വാസികൾ

അല്മായരെക്കുറിച്ചുള്ള സിനഡിനുശേഷം
പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ
സഭയിലും ലോകത്തിലും അല്മായ വിശ്വാസികൾക്കുള്ള
വിളിയും ദൗത്യവും സംബന്ധിച്ചു പുറപ്പെടുവിച്ച
അപ്പസ്തോലിക പ്രബോധനം

*പരിഭാഷ:*

**പ്രൊഫ. ജോസഫ് മാപ്പിള്ളി**

കെ. സി. ബി. സി. സാമൂഹ്യ സമ്പർക്ക മാധ്യമ കമ്മീഷൻ
പ്രസിദ്ധീകരണം
പി. ഒ. സി., പാലാരിവട്ടം, കൊച്ചി 682025

www.malankaralibrary.com

**Almayavisvasikal**
Malayalam)

Translation of CHRISTIFIDELES LAICI
Of POPE JOHN PAUL II

*Translated by:* Prof. Joseph Madappally

*Scrutinised by:* Dr. George Kurukkoor, Sr. Anita
Fr. Pauly Maniattu, Joji Madappattu

*Published by:* The Secretary,
KCBC Commission for Mass Media
Pastoral Orientation Centre, Kochi - 682 025

*First Published:* March, 1990

*Price:* *Rs.15/-*

*Copyright:* The Secretary, KCBC Commission for Mass Media

*Cover Design:* Devassy

*Printed at:* Cherrys Printers, Kaloor, Kochi - 17

www.malankaralibrary.com

# ഉള്ളടക്കം

## ആമുഖം

1. അല്മായരായ ക്രൈസ്തവ വിശ്വാസികൾ 1
2. നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ 2
3. ഇന്നത്തെ ലോകത്തിന്റെ അടിയന്തരാവശ്യങ്ങൾ : ''ദിവസം മുഴുവൻ നിങ്ങൾ അലസരായിരിക്കുന്നതെന്ത്?'' 7
4. മതത്തിന്റെ ആവശ്യകതയും മതനിരപേക്ഷതയും 10
5. മനുഷ്യവ്യക്തി: ധ്വംസിക്കപ്പെട്ടതും ഉയർത്തപ്പെട്ടതുമായ മാഹാത്മ്യം 12
6. സംഘർഷവും സമാധാനവും 15
7. യേശുക്രിസ്തു, മനുഷ്യരാശിയുടെ പ്രതീക്ഷ 16

അദ്ധ്യായം ഒന്ന്

### ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു

*സഭാ രഹസ്യത്തിൽ അല്മായവിശ്വാസികളുടെ മഹനീയത*

8. മുന്തിരിച്ചെടി എന്ന രഹസ്യം 18
9. ആരാണ് അല്മായവിശ്വാസികൾ 20
10. മാമ്മോദീസായും ക്രൈസ്തവജീവിതത്തിന്റെ നൂതനത്വവും 22

www.malankaralibrary.com



11. പുത്രനിൽ മക്കരം 23
12. ക്രിസ്തുവിൽ നാം ഏകശരീരം 25
13. പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആലയങ്ങരം 26
14. യേശുക്രിസ്തുവിന്റെ പൗരോഹിത്യ–പ്രവാചക–രാജകീയ ദൗത്യത്തിലെ പങ്കാളികരം 27
15. അല്മായ വിശ്വാസികളും അവരുടെ ലൗകിക സ്വഭാവവും 32
16. വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവർ 37
17. ലോകത്തിൽ വിശുദ്ധിയുടെ ജീവിതം 40

അദ്ധ്യായം രണ്ട്

## എല്ലാവരും ഒരേ മുന്തിരിച്ചെടിയുടെ ശാഖകൾ

*സഭയുടെ കൂട്ടായ്മ ജീവിതത്തിൽ അല്മായ വിശ്വാസികളുടെ പങ്കാളിത്തം*

18. സഭയുടെ കൂട്ടായ്മ എന്ന രഹസ്യം 45
19. രണ്ടാം വത്തിക്കാൻ സൂനഹദോസും കൂട്ടായ്മയുടെ സഭാ വിജ്ഞാനീയവും 47
20. ഒരു സജീവ കൂട്ടായ്മ വൈവിധ്യവും അനുപൂരകതവും 50
21. ശുശ്രൂഷകളും ഔദ്യോഗിക ചുമതലകളും ദൗത്യങ്ങളും 54
22. തിരുപ്പട്ടത്തിൽനിന്നുള്ള ശുശ്രൂഷകരം 55
23. അല്മായരുടെ ശുശ്രൂഷകളും ഔദ്യോഗിക ചുമതലകളും ദൗത്യങ്ങളും 57
24. സിദ്ധികരം 62
25. സഭാ ജീവിതത്തിൽ അല്മായ വിശ്വാസികളുടെ ഭാഗഭാഗിത്വം 65

www.malankaralibrary.com



25. പ്രാദേശിക സഭകളും സാർവ്വത്രിക സഭയും 66
26. ഇടവക 68
27. ഇടവകയിലെ അപ്പസ്തോലിക പ്രതിബദ്ധത 71
28. സഭാജീവിതത്തിലെ പങ്കാളിത്തരീതികൾ 74
29. പങ്കാളിത്തത്തിന്റെ സംഘാതരൂപങ്ങൾ 76
30. അല്മായ സംഘടനകളുടെ "സഭാത്മകതയുടെ മാനദണ്ഡങ്ങൾ" 80
31. അജപാലകർ കൂട്ടായ്മയ്ക്കുള്ള ശുശ്രൂഷയിൽ 83

അദ്ധ്യായം മൂന്ന്

**നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിന് നിങ്ങളെ ഞാൻ നിയോഗിച്ചിരിക്കുന്നു**

*സഭയുടെ ദൗത്യത്തിൽ അല്മായവിശ്വാസികൾക്കുള്ള കൂട്ടുത്തരവാദിത്വം*

32. കൂട്ടായ്മയ്ക്കുള്ള ദൗത്യം 87
33. സുവിശേഷ പ്രഘോഷണം 90
34. പുനർസുവിശേഷവത്ക്കരണത്തിനു സമയമായിരിക്കുന്നു. 92
35. ലോകമെങ്ങും പോകുവിൻ 96
36. സുവിശേഷ ജീവിതം : വ്യക്തിയേയും സമൂഹത്തെയും സേവിക്കുന്നത് 100
37. വ്യക്തിമാഹാത്മ്യത്തിന്റെ പരിപോഷണം 102
38. ജീവിക്കാനുള്ള അലംഘനീയാവകാശം മാനിക്കുക 105
39. കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കാനുള്ള സ്വാതന്ത്ര്യം 110
40. കുടുംബം : സമൂഹത്തോടുള്ള കടമ ആരംഭിക്കുന്നിടം 113

www.malankaralibrary.com



41. സ്നേഹം : ഐക്യദാർഢ്യത്തിൻെറ ആത്മാവും പോഷണവും 116
42. പൊതുജീവിതം : എല്ലാവർക്കുംവേണ്ടി എല്ലാവരാലും 118
43. സാമൂഹിക–സാമ്പത്തിക ജീവിതത്തിൻെറ കേന്ദ്രമായി വ്യക്തിയെ പ്രതിഷ്ഠിക്കൽ 124
44. സംസ്കാരത്തിൻെറയും മനുഷ്യസംസ്കാരങ്ങളുടെയും സുവിശേഷവത്കരണം 127

അദ്ധ്യായം നാലു്

## കർത്താവിൻെറ മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ

*ദൈവത്തിൻെറ വൈവിധ്യമാർന്ന കൃപാവരത്തിൻെറ നല്ല കാര്യസ്ഥൻമാർ*

45. വിളികളുടെ വൈവിധ്യം 132
46. യുവജനങ്ങഠം സഭയുടെ പ്രതീക്ഷ 133
47. കുട്ടികളും സ്വർഗ്ഗരാജ്യവും 136
48. വൃദ്ധജനവും വിജ്ഞാനം എന്ന ദാനവും 137
49. സ്ത്രീകളും പുരുഷൻമാരും 139
50. മാനവശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനങ്ങഠം 144
51. സഭയിലും ലോകത്തിലുമുള്ള ദൗത്യം 147
52. സ്ത്രീകളോടൊത്തുള്ള പുരുഷൻമാരുടെ സാന്നിദ്ധ്യവും സഹവർത്തിത്വവും 153
53. രോഗികളും പീഡിതരും 156
54. നവീകൃതമായ അജപാലനപ്രവർത്തനം 159
55. ജീവിതാവസ്ഥകളും വിളികളും 162
56. അല്മായാവസ്ഥയിലെ വിവിധ വിളികഠം 165

www.malankaralibrary.com



അദ്ധ്യായം അഞ്ച്

## നിങ്ങൾ കൂടുതൽ ഫലം പുറപ്പെടുവിക്കാൻ

*അല്മായവിശ്വാസികളുടെ രൂപവത്കരണം*


57. പരിപക്വതയിലേക്കുള്ള നിരന്തര വളർച്ച 168
58. വിളിയും ദൗത്യവും കണ്ടെത്താനും അതിനൊത്തു ജീവിക്കാനും 170
59. ഒരു സമഗ്രജീവിതത്തിനുവേണ്ടിയുള്ള സമഗ്രമായ രൂപവത്കരണം 172
60. രൂപവത്കരണത്തിന്റെ വിവിധ വശങ്ങൾ 174
61. പ്രബോധകനായ ദൈവത്തിന്റെ സഹകാരികൾ 177
62. രൂപവത്കരണത്തിനുള്ള മററു സ്ഥലങ്ങൾ 181
63. എല്ലാവരും നല്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പരസ്പര രൂപവത്കരണം 184
64. ഒരഭ്യർത്ഥനയും പ്രാർത്ഥനയും 186

Notes 194

www.malankaralibrary.com

*മെത്രാൻമാർക്കും വൈദികർക്കും ഡീക്കൻമാർക്കും സന്യാസിനി സന്യാസികൾക്കും അല്മായ വിശ്വാസികളേവർക്കും*

# ആമുഖം

1987-ലെ മെത്രാൻമാരുടെ സിനഡിന്റെ പ്രമേയം, ''രണ്ടാം വത്തിക്കാൻ സൂനഹദോസിന് 20 വർഷങ്ങൾക്കുശേഷം സഭയിലും ലോകത്തിലും അല്മായരായ ക്രൈസ്തവവിശ്വാസികളുടെ വിളിയും ദൗത്യവും'' എന്നതായിരുന്നല്ലോ. വി. മത്തായിയുടെ സുവിശേഷത്തിൽ പരാമർശിക്കുന്ന മുന്തിരിത്തോട്ടത്തിലെ ജോലിക്കാർക്കു സദൃശരായ ദൈവജനം തന്നെയാണ് അല്മായർ. ''സ്വർഗ്ഗരാജ്യം, തന്റെ മുന്തിരിത്തോട്ടത്തിലേക്കു ജോലിക്കാരെ വിളിക്കുവാൻ അതിരാവിലെ പുറപ്പെട്ട വീട്ടുടമസ്ഥനു സദൃശം. ദിവസം ഒരു ദനാറ വീതം വേതനം നല്കാമെന്ന കരാറിൽ അവൻ അവരെ മുന്തിരിത്തോട്ടത്തിലേക്ക് അയച്ചു'' (മത്താ 20:1-2).

കർത്താവിന്റെ വിസ്തൃതമായ മുന്തിരിത്തോട്ടത്തെയും അതിൽ വേലചെയ്യാനായി കർത്താവിനാൽ അയയ്ക്കപ്പെട്ട അസംഖ്യം സ്ത്രീ പുരുഷൻമാരെയും സുവിശേഷത്തിലെ ഈ ഉപമ നമ്മുടെ കൺമുൻപിൽ കൊണ്ടുവരുന്നു. ദൈവരാജ്യത്തിന്റെ യുഗാന്തപരമായ ആഗമനത്തെ മുന്നിൽകാണുന്ന ദൈവപദ്ധതിക്കനുസൃതമായി പരിവർത്തന വിധേയമാകേണ്ട ലോകം മുഴുവനുമാണ് ഈ മുന്തിരിത്തോട്ടം (cf. മത്താ 13:38).

www.malankaralibrary.com

## നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ

2. ''മൂന്നാം മണിക്കൂറിൽ അവൻ പുറത്തേക്കിറങ്ങിയപ്പോൾ ചിലർ ചന്തസ്ഥലത്ത് അലസരായി നില്ക്കുന്നതുകണ്ട് അവരോടു പറഞ്ഞു: നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ'' (മത്താ 20:3_4).

ആ വിദൂരനാൾ മുതൽ യേശുനാഥന്റെ ഈ ആഹ്വാനം ചരിത്രത്തിന്റെ ഗതിയിൽ അഭംഗം മുഴങ്ങിക്കൊണ്ടേയിരിക്കുന്നു. ഈ ലോകത്തിലേക്കു കടന്നുവരുന്ന ഓരോ വ്യക്തിയോടുമുള്ളതാണ് ഈ ആഹ്വാനം.

രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷമുള്ള ഇക്കാലയളവിൽ, പന്തക്കുസ്തായിലെ അരൂപിയാൽ വീണ്ടും പുതുതായി അഭിഷേകം ചെയ്യപ്പെട്ട സഭ തന്റെ പ്രേഷിത സ്വഭാവത്തെപ്പററി കൂടുതൽ സജീവമായ അവബോധം ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ട്. ''രക്ഷയുടെ സാർവത്രിക കൂദാശയായി'' ലോകത്തിലേക്ക് തന്നെ അയയ്ക്കുന്ന നാഥന്റെ സ്വരം സഭ വീണ്ടും ചെവിക്കൊള്ളുകയും ചെയ്തിരിക്കുന്നു.[1]

*നിങ്ങളും ചെല്ലുവിൻ.* ഈ ആഹ്വാനം അജപാലകരെയും സന്യാസിനീസന്യാസികളെയും മാത്രം സംബന്ധിച്ചുള്ളതല്ല. എല്ലാവർക്കുമുള്ളതാണ്. അല്മായരെയും നാഥൻ വ്യക്തിപരമായി വിളിക്കുന്നുണ്ട്. സഭയ്ക്കുവേണ്ടിയും ലോകത്തിനുവേണ്ടിയും ഈ ദൗത്യം നാഥനിൽനിന്നു സ്വീകരിക്കുന്നു. ജനങ്ങളോടു പ്രസംഗിക്കവേ മഹാനായ വിശുദ്ധ ഗ്രിഗരി ഇക്കാര്യം അനുസ്മരിക്കുകയും മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ ഉപമ ഇങ്ങനെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു: ''പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതരീതിയെപ്പററി ജാഗ്രതയുള്ളവ

www.malankaralibrary.com



രായിരിക്കുവിൻ. യഥാർത്ഥത്തിൽ നാഥൻെറ വേലക്കാരാണ് നിങ്ങൾ എന്ന് ഉറപ്പുവരുത്തുവിൻ. താൻ ചെയ്യുന്നതെന്തെന്ന് ഓരോ വ്യക്തിയും പരിഗണിക്കുകയും നാഥൻെറ മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കുകയും വേണം''.[2]

കൗൺസിൽ അതിൻെറ സിദ്ധാന്തപരവും ആദ്ധ്യാത്മികവും അജപാലനപരവുമായ സമ്പന്ന പൈതൃകത്തിന് യോജിച്ചവിധം അല്മായവിശ്വാസികളുടെ മഹനീയതയേയും ആദ്ധ്യാത്മികതയേയും ദൗത്യത്തെയും കടമയേയും കുറിച്ച് അഭൂതപൂർവമാംവിധം രേഖപ്പെടുത്തിയിട്ടുണ്ട്. *ക്രിസ്തുവിൻെറ വിളിയുടെ സ്വരം വീണ്ടും മാറൊലിക്കൊള്ളിച്ചുകൊണ്ട് അല്മായവിശ്വാസികളായ സ്ത്രീ പുരുഷന്മാരോട്, മുന്തിരിത്തോട്ടത്തിൽ അദ്ധ്വാനിക്കാൻ കൗൺസിൽ പിതാക്കൻമാർ ആഹ്വാനം ചെയ്യുന്നു.* ''ക്രിസ്തുനാഥൻെറ അടിയന്തരകഷണത്തിനും പരിശുദ്ധാത്മാവിൻെറ പ്രേരണയ്ക്കും ദ്രുതവും സന്തോഷപൂർവവുമായ പ്രത്യുത്തരം നല്കാൻ എല്ലാ അല്മായരോടും കർത്താവിൻെറ നാമത്തിൽ സൂനഹദോസ് താത്പര്യപൂർവം അഭ്യർത്ഥിക്കുന്നു. ഈ ആഹ്വാനം പ്രത്യേകിച്ചും തങ്ങൾക്കുള്ളതാണെന്ന് യുവജനങ്ങൾ മനസ്സിലാക്കണം. താത്പര്യത്തോടും ഹൃദയവിശാലതയോടുംകൂടെ അതിനോടു പ്രതികരിക്കുകയും വേണം. അനുദിനം തന്നോടു കൂടുതൽ അടുക്കുന്നതിന് എല്ലാ അല്മായവിശ്വാസികളെയും കർത്താവു നിരന്തരം ക്ഷണിക്കുന്നു. തനിക്കുള്ളത് അവരുടേതുമാണെന്ന് അംഗീകരിച്ചുകൊണ്ട് തൻെറ രക്ഷാകര ദൗത്യത്തിൽ അവർ പങ്കെടുക്കേണ്ടിയിരിക്കുന്നു. താൻതന്നെ പോകാനിരുന്ന പട്ടണങ്ങളിലേക്കും സ്ഥലങ്ങളിലേക്കും അവിടുന്ന് വീണ്ടും അവരെ അയയ്ക്കുന്നു (cf ലൂക്കാ 10:1).[3]

*നിങ്ങളും എൻെറ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ.* 1987 ഒക്ടോബർ 1 മുതൽ 30 വരെ റോമിൽ

www.malankaralibrary.com



നടന്ന മെത്രാന്മാരുടെ സിനഡിൽ ഈ വാക്കുകൾ അവയുടെ ചൈതന്യത്തിൽ ഒരിക്കൽക്കൂടി മുഴങ്ങിക്കേട്ടു. കൗൺസിൽ തെളിച്ച വീക്ഷണത്തിലൂടെ സഭ മുഴുവനിലുമുള്ള വ്യക്തികളുടെയും സമൂഹങ്ങളുടെയും അനുഭവത്തിൻെറ വെളിച്ചത്തിൽ മുൻസിനഡുകളിൽനിന്ന് കരുത്താർജ്ജിച്ചുകൊണ്ട് സഭയിലും ലോകത്തിലും അല്മായ വിശ്വാസികളുടെ വിളിയും ദൗത്യവും എന്ന വിഷയത്തെപ്പററി പിതാക്കന്മാർ വിപുലമായും സവിശേഷമായും ചർച്ച ചെയ്തു.

മെത്രാന്മാരുടെ ഈ സമ്മേളനത്തിൽ അല്മായവിശ്വാസികളുടെ, സ്ത്രീകളുടെയും പുരുഷന്മാരുടെയും, യോഗ്യമായ പ്രാതിനിധ്യമുണ്ടായിരുന്നു. സിനഡുനടപടികളിൽ ഇവർ വിലപ്പെട്ട സംഭാവനകൾ നല്കുകയും ചെയ്തു. സമാപന പ്രസംഗത്തിൽ ഇക്കാര്യം പരസ്യമായി അംഗീകരിച്ചിട്ടുണ്ട്. ''സിനഡിൽ ഉടനീളം അല്മായ വിശ്വാസികളുടെ (സ്ത്രീ പുരുഷന്മാരായ ശ്രോതാക്കളുടെ) പങ്കാളിത്തം ഉണ്ടായിരുന്നതിൽ ഞങ്ങൾക്കാനന്ദമുണ്ട്. അതിലുപരി സിനഡിൻെറ ചർച്ചകളുടെ പുരോഗതിയിൽ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലുമുള്ള വിവിധ രാജ്യങ്ങളിൽനിന്ന് ഞങ്ങൾ ക്ഷണിച്ചുവരുത്തിയ അല്മായപ്രതിനിധികൾക്ക് പറയാനുള്ളത് ശ്രവിക്കാൻ കഴിഞ്ഞതിലും അവരുടെ അനുഭവങ്ങളിൽനിന്നും ഉപദേശങ്ങളിൽനിന്നും പൊതുനന്മയെ ലക്ഷ്യമാക്കി അവർ സ്നേഹപൂർവം പ്രകടിപ്പിച്ച അഭിപ്രായങ്ങളിൽനിന്നും പ്രയോജനം ഉൾക്കൊള്ളാൻ കഴിഞ്ഞതിലും ഞങ്ങൾ കൃതജ്ഞരാണ്''.[4]

കൗൺസിലിനെ തുടർന്നുള്ള വർഷങ്ങളിലേക്കു തിരിഞ്ഞുനോക്കുമ്പോൾ സഭയിലെ യുവജനങ്ങളെ പരിശുദ്ധാത്മാവ് എങ്ങനെ നവീകരിച്ചുകൊണ്ടിരിക്കുന്നുവെന്ന് സിനഡു പിതാക്കന്മാർക്കു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അനേകം അല്മായവിശ്വാസികളുടെ പങ്കാളിത്തത്തിനും വിശുദ്ധിക്കുമുപകരിക്കുന്ന പുത്തൻ അഭിവാഞ്ഛകൾ അവിടുന്ന് അവർക്ക് നല്കിക്കൊണ്ടിരിക്കുന്നു

www.malankaralibrary.com



വെന്നും പിതാക്കന്മാർക്കു മനസ്സിലായി. മററു പല തിലുമെന്നപോലെ വൈദികരുടെയും സന്യസ്തരുടെയും അല്മായവിശ്വാസികളുടെയും ഇടയിൽ സംജാതമായിരിക്കുന്ന സജീവ പങ്കാളിത്തത്തിൻെറ പുതിയ ശൈലി ഇതിനു സാക്ഷ്യംവഹിക്കുന്നു. ഈ ശൈലികൊണ്ട് വിവക്ഷിക്കുന്നത് ആരാധനക്രമത്തിലും ദൈവവചനപ്രഘോഷണത്തിലും മതബോധനത്തിലുമുള്ള സജീവ പങ്കാളിത്തം, അല്മായർക്കു ഭരമേല്പിച്ചിട്ടുള്ളതും അവർ നിറവേററിയതുമായ സേവനങ്ങളുടെയും യത്നങ്ങളുടെയും ബാഹുല്യം, ഗ്രൂപ്പുകളുടെയും സംഘങ്ങളുടെയും ആദ്ധ്യാത്മികപ്രസ്ഥാനങ്ങളുടെയും വളർച്ച, സഭാ ജീവിതത്തിൽ അല്മായരുടെ പ്രതിബദ്ധത, സമൂഹപുരോഗതിയിൽ സ്ത്രീകളുടെ കൂടുതൽ അർത്ഥവത്തായ പങ്കാളിത്തം എന്നിവയാണ്.

കൗൺസിലിനുശേഷം അല്മായവിശ്വാസികളുടെ ജീവിതപാത അതിൻേറതായ പ്രയാസങ്ങളും അപകടങ്ങളും ഒഴിഞ്ഞതായിരുന്നില്ലെന്നും സിനഡു ചൂണ്ടിക്കാട്ടി. പ്രത്യേകിച്ച്, അവർക്ക് പലപ്പോഴും തരണം ചെയ്യുവാൻ കഴിയാതിരുന്ന രണ്ടു പ്രലോഭനങ്ങൾ ചൂണ്ടിക്കാണിക്കുവാനാവും: ഔദ്യോഗികവും സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ ചുമതലകൾ സജീവമായി നിറവേററുന്നതിന് വീഴ്ചവരുംവിധം സഭാപരമായ ശുശ്രൂഷകളും ചുമതലകളും ഏറെറടുക്കുവാനുള്ള തീക്ഷ്ണമായ പ്രലോഭനമാണ് ആദ്യത്തേത്. രണ്ടാമത്തേതാകട്ടെ ജീവിതവും വിശ്വാസവും തമ്മിലുള്ള അനഭിലഷണീയമായ അകല്ചയെ ന്യായീകരിക്കുവാനുള്ള പ്രലോഭനമാണ്. സുവിശേഷം സ്വീകരിക്കുകയും എന്നാൽ ലോകത്തിലെ വിവിധചുററുപാടുകളിൽ അതനുസരിച്ച് ജീവിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് പ്രസ്തുത അകല്ചകൊണ്ട് ഉദ്ദേശിക്കുന്നത്.

സിനഡിലെ ചർച്ചകളിൽ രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രബോധനങ്ങൾ നിരന്തരം പരാമർശിക്കപ്പെട്ടു

www.malankaralibrary.com



കയുണ്ടായി. അല്മായവിശ്വാസികളെക്കുറിച്ചുള്ള കൗൺസിലിന്റെ പ്രബോധനത്തിന് ഇരുപതുവർഷങ്ങൾക്കുശേഷം വിസ്മയകരമായൊരു സമകാലിക സ്വഭാവം കൈവന്നിട്ടുണ്ട്; ചിലപ്പോൾ പ്രവാചകപ്രാധാന്യംതന്നെയും. അല്മായരുടെ സ്ഥാനത്തെക്കുറിച്ച് കൗൺസിൽ വിഭാവനം ചെയ്ത ''സിദ്ധാന്തം'' ഇന്നത്തെ യഥാർത്ഥ സഭാജീവിതത്തിൽ ''പ്രാവർത്തികമാക്കുവാനുള്ള'' വ്യക്തമായ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നതായിരുന്നു വാസ്തവത്തിൽ സിനഡുപിതാക്കന്മാർ ഏറ്റെടുത്ത വെല്ലുവിളി. ചില സാഹചര്യങ്ങൾ അവയുടെ ''പുതുമ''കൊണ്ടുതന്നെ ശ്രദ്ധേയമായിത്തീർന്നു. അതിനാൽ അവയെ കാലഗണനയനുസരിച്ചെങ്കിലും സൂനഹദോസിനുശേഷം ഉള്ളവ (post-conciliar) എന്നു വിശേഷിപ്പിക്കാം. ഇവയെ സിനഡുപിതാക്കന്മാർ തങ്ങളുടെ ചർച്ചകളിലും പരിചിന്തനങ്ങളിലും പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. അവയിൽ ചില സാഹചര്യങ്ങൾ എടുത്തുപറയേണ്ടിയിരിക്കുന്നു. ഒന്ന്, ഇക്കാലത്തും ഇനിയുള്ളകാലത്തും അല്മായവിശ്വാസികളെ ഭരമേല്പിക്കുന്ന ശുശ്രൂഷകളും സഭാസേവനങ്ങളും; രണ്ട്, അല്മായർക്കു പങ്കാളിത്തമുള്ള സംഘടനകളോടൊപ്പം പുതിയ പ്രസ്ഥാനങ്ങളുടെ വളർച്ചയും വ്യാപനവും; മൂന്ന്, സഭയിലും സമൂഹത്തിലും സ്ത്രീകൾക്കുള്ള സ്ഥാനവും പങ്കും.

തികഞ്ഞ പ്രതിബദ്ധതയോടും പ്രാഗല്ഭ്യത്തോടും ഉദാരതയോടുംകൂടി ചെയ്ത പ്രയത്നങ്ങളുടെ പരിസമാപ്തിയിൽ സിനഡുപിതാക്കന്മാർ തങ്ങളുടെ അഭിലാഷങ്ങൾ തക്ക അവസരത്തിൽ എന്നെ അറിയിക്കുകയും സാർവ്വത്രിക സഭയ്ക്കുവേണ്ടി അല്മായ വിശ്വാസികളെ സംബന്ധിക്കുന്ന സമഗ്രമായൊരു അപ്പസ്തോലിക ലേഖനം പുറപ്പെടുവിക്കണമെന്ന് എന്നോട് അഭ്യർത്ഥിക്കുകയും ചെയ്തു.[5]

സിനഡിനുശേഷം പുറപ്പെടുവിക്കുന്ന ഈ അപ്പസ്തോലിക പ്രബോധനത്തിൽ സിനഡിനുവേണ്ടിയും

www.malankaralibrary.com



സിനഡിലും ചെയ്ത പ്രയത്നങ്ങളുടെയെല്ലാം സമ്പന്നത ഉൾക്കൊള്ളുന്നു. *മാർഗ്ഗരേഖ* (*lineamenta*) മുതൽ *അടിസ്ഥാനരേഖ* (*instrumentum laboris*) വരെയും, പ്രാരംഭ റിപ്പോർട്ട് അതായത് ഓരോ മെത്രാൻെറയും അല്മായൻെറയും ആശയാവതരണം മുതൽ സിനഡുഹാളിൽ നടന്ന ചർച്ചകളുടെ സംഗ്രഹ റിപ്പോർട്ടുകൾവരെയും, ചെറിയ ഗ്രൂപ്പുകളുടെ ചർച്ചകളും റിപ്പോർട്ടുകളും മുതൽ അവസാനപ്രമേയങ്ങളും സമാപനസന്ദേശവുംവരെയും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇക്കാരണത്താൽ ഈ രേഖ സിനഡിൽ നിന്നു വേറിട്ടു നില്ക്കുന്നതല്ല. പ്രത്യുത അതിനോടു വിശ്വസ്തതാപൂർവ്വം ചേർന്നുപോകുന്നതാണ്. കൂട്ടായ പ്രവർത്തനത്തിൻെറ ഫലമാണിത്. ആ നിലയ്ക്ക് മെത്രാൻമാരുടെ സിനഡിൻെറ പൊതു സെക്രട്ടറിയേററിൻെറ കൗൺസിലും സെക്രട്ടറിയേററുതന്നെയും ഇതിന് അന്തിമ രൂപം നല്കുവാൻ സഹായിച്ചിട്ടുണ്ട്.

വ്യക്തികളെന്ന നിലയിലും സമൂഹമെന്ന നിലയിലും വിശ്വാസികൾക്ക് സഭയിലുള്ള കൂട്ടായ്മയിലും ദൗത്യത്തിലും അവർ പങ്കുവയ്ക്കുന്ന സിദ്ധിയേയും ഉത്തരവാദിത്വത്തെയുംപററി ആഴമുള്ള അവബോധം സൃഷ്ടിക്കുകയും പ്രവൃദ്ധമാക്കുകയും ചെയ്യുകയാണ് ഈ പ്രബോധനത്തിൻെറ ഉദ്ദേശ്യം.

## ഇന്നത്തെ ലോകത്തിൻെറ അടിയന്തരാവശ്യങ്ങൾ: "ദിവസം മുഴുവൻ നിങ്ങൾ അലസരായിരിക്കുന്നതെന്ത്"?

ക്രിസ്തുനാഥൻെറ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ *ചരിത്രത്തിലെ മഹത്തായ ഈ വേളയിൽ*, പ്രത്യേകിച്ച് മൂന്നാം സഹസ്രാബ്ദത്തിൻെറ പടിവാതില്ക്കൽ കാലൂന്നി നില്ക്കുന്ന ഈ വേളയിൽ, സഭാദൗത്യത്തിൽ സജീവവും ബോധപൂർവ്വവും ഉത്തരവാദിത്വപൂർവ്വവുമായ പങ്കുവഹിക്കുവാൻ *അല്മായ വിശ്വാസികൾ* കർത്താവായ *ക്രിസ്തുവിൻെറ വിളി ചെവിക്കൊള്ളുക* എന്നതാണ്

www.malankaralibrary.com



ഈ സിനഡിന്റെ അടിസ്ഥാനപരമായ അർത്ഥം. അതിൽ നിന്ന് കൈവരിക്കാൻ ആഗ്രഹിക്കുന്ന ഏററവും അമൂല്യമായ അതിന്റെ പ്രയോജനവും ഇതുതന്നെ.

സഭയിലും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക ജീവിതത്തിലും ഇന്നു സംജാതമായിരിക്കുന്ന പുതിയ വ്യവസ്ഥിതി അല്മായ വിശ്വാസികളുടെ പ്രവർത്തനത്തെ അടിയന്തര സ്വഭാവമുള്ളതാക്കുന്നു. പ്രതിബദ്ധതയുടെ അഭാവം എപ്പോഴും അസ്വീകാര്യമാണെങ്കിൽ ഇന്നത് കൂടുതൽ അസ്വീകാര്യമാണ്. *അലസരായി നില്ക്കുന്നത് ആർക്കും അനുവദനീയമല്ല.*

സുവിശേഷത്തിലെ ഉപമയിൽ നാം തുടർന്നു വായിക്കുന്നു. ''ഏകദേശം പതിനൊന്നാം മണിക്കൂറിൽ അവൻ പുറത്തേക്കിറങ്ങിയപ്പോഴും അവിടെ ചിലർ നില്ക്കുന്നതുകണ്ട് അവരോടു ചോദിച്ചു. നിങ്ങൾ ദിവസം മുഴുവൻ അലസരായി നില്ക്കുന്നതെന്ത്? ഞങ്ങളെ ആരും വേലയ്ക്കു വിളിക്കാത്തതുകൊണ്ട് എന്ന് അവർ മറുപടി നല്കി. അവൻ പറഞ്ഞു: നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ'' (മത്താ 20:6-7).

നാഥന്റെ മുന്തിരിത്തോട്ടത്തിൽ ഓരോരുത്തരെയും കാത്തിരിക്കുന്ന ജോലി വളരെയധികം ആയതിനാൽ അലസതയ്ക്ക് ഒട്ടും സ്ഥാനമില്ല. കൂടുതൽ അടിയന്തരമായി ''വീട്ടുടമസ്ഥൻ'' വീണ്ടും വിളിക്കുന്നു. ''നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ''.

വിശ്വാസത്തിലൂടെയും ക്രൈസ്തവസമാരംഭത്തിന്റെ (Christian initiation) കൂദാശകളിലൂടെയും യേശുക്രിസ്തുവിനെപ്പോലെയായിത്തീരുകയും സഭയിലെ ഒരു സജീവാംഗമായി കൂട്ടിച്ചേർക്കപ്പെടുകയും അങ്ങനെ സഭയുടെ രക്ഷാകര ദൗത്യത്തിൽ സജീവ പങ്കുവഹിക്കുകയും ചെയ്യുന്ന ക്രിസ്തവാനുയായികളുടെ അന്തരാളങ്ങളിൽ കർത്താവിന്റെ സ്വരം വ്യക്തമായി മാറെറാലിക്കൊള്ളുന്നു. സഭയിലെയും മാനവരാശിയിലെയും ചരിത്രപ്രധാന സംഭവ

www.malankaralibrary.com



ങ്ങളിലൂടെയും നാഥന്റെ സ്വരം മാറ്റൊലിക്കൊള്ളുന്നു. കൗൺസിൽ അനുസ്മരിപ്പിക്കുംപോലെ ''ലോകം മുഴുവനും നിറഞ്ഞുനില്ക്കുന്ന കർത്താവിന്റെ അരൂപിയാണ് തങ്ങളെ നയിക്കുന്നതെന്ന് ദൈവജനം വിശ്വസിക്കുന്നു. ഈ വിശ്വാസത്താൽ നയിക്കപ്പെട്ട് മററുമനുഷ്യരോടൊപ്പം തങ്ങൾ പങ്കുചേരുന്ന അനുദിനസംഭവങ്ങൾ, ജീവിതാവശ്യങ്ങൾ, അഭിലാഷങ്ങൾ എന്നിവയിൽ ദൈവസാന്നിധ്യത്തിന്റെയും ദൈവഹിതത്തിന്റെയും ആധികാരികമായ അടയാളങ്ങൾ വിവേചിച്ചറിയാൻ അവർ ശ്രമിക്കുന്നുണ്ട്. കാരണം, വിശ്വാസം എല്ലാററിലും ഒരു പുതിയ പ്രകാശം പരത്തുന്നു. ദൈവം ഓരോ വ്യക്തിയേയും ഏതാദർശത്തിന്റെ പൂർണ്ണതയിലേക്കു വിളിച്ചിരുക്കുന്നുവോ അതിനെ ഈ വിശ്വാസം വെളിപ്പെടുത്തുന്നു. അങ്ങനെ തികച്ചും മാനവികമായ പരിഹാര മാർഗ്ഗങ്ങളിലേക്ക് മനസ്സിനെ നയിക്കുന്നു''.[6]

*''സഭ ആധുനിക ലോകത്തിൽ''*[7] എന്ന പാസ്ററൽ കോൺസ്ററിററ്യൂഷനിലൂടെ കൗൺസിൽ നല്കുന്ന വിവരണത്തിന്റെ വെളിച്ചത്തിൽ, പ്രശ്നങ്ങളും മൂല്യങ്ങളുമുള്ള, അസ്വസ്ഥതകളും പ്രതീക്ഷകളുമുള്ള, പരാജയങ്ങളും വിജയങ്ങളുമുള്ള ഈ ലോകത്തെക്കുറിച്ച് നാം ശ്രദ്ധാലുക്കളായിരിക്കണം. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ വ്യാപാരങ്ങൾ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതാണല്ലോ ഈ ലോകം; ഇതാണ് മുന്തിരിത്തോട്ടം; ഈ വയലിലേക്കാണ് വിശ്വാസികൾ തങ്ങളുടെ ദൗത്യനിർവ്വഹണത്തിനായി വിളിക്കപ്പെട്ടിരിക്കുന്നത്. യേശുവിന് അവരെ ആവശ്യമുണ്ട്. കാരണം, തന്റെ ശിഷ്യരേവരും ''ഭൂമിയുടെ ഉപ്പും'' ''ലോകത്തിന്റെ ദീപവും'' (cf മത്താ: 5:13-14) ആയിരിക്കാൻ അവിടുന്ന് അഭിലഷിക്കുന്നു. പക്ഷേ, ക്രൈസ്തവർ ''ഉപ്പും'' ''ദീപവും'' ആയിരിക്കേണ്ട ആ ''ഭൂമി''യുടെയും ''ലോകത്തിന്റെയും'' *യഥാർത്ഥ അവസ്ഥ എന്താണ്?*

www.malankaralibrary.com



നമ്മുടെ ലോകത്തിൽ നിലനില്ക്കുന്ന സാഹചര്യങ്ങളുടെയും പ്രശ്നങ്ങളുടെയും വൈവിധ്യം വാസ്തവത്തിൽ എത്ര ബൃഹത്തും പരിവർത്തനാത്മകവുമാണ്. അതിനാൽ സാമാന്യവത്കരണങ്ങൾക്കും അനാവശ്യമായ ലളിതീകരണങ്ങൾക്കും എതിരേ കൂടുതൽ ജാഗ്രത പുലർത്തേണ്ട *ഇന്നത്തെ സമൂഹത്തിൽ ആവിർഭവിച്ചുകൊണ്ടിരിക്കുന്ന ചില പ്രവണതകൾ* ഏതായാലും എടുത്തുകാട്ടാൻ കഴിയും. കളകളും നല്ല ധാന്യവും കർഷകൻെറ വയലിൽ ഒന്നിച്ചു വളർന്നു എന്ന് സുവിശേഷം രേഖപ്പെടുത്തുന്നു. ചരിത്രത്തിലും ഇതുതന്നെയാണു കാണുക. അനുദിനജീവിതത്തിൽ മനുഷ്യസ്വാതന്ത്ര്യത്തിൻെറ വിനിയോഗത്തിൽ വൈരുദ്ധ്യങ്ങൾ കാണുന്നു; നൻമയും തിൻമയും, നീതിയും അനീതിയും, പരിദേവനവും പ്രതീക്ഷയും സമാനമായും ചിലപ്പോൾ ഗാഢമായി കൂടിക്കലർന്നും കാണുന്നു.

## മതത്തിൻെറ ആവശ്യകതയും മതനിരപേക്ഷതയും

4. *മതത്തോടുള്ള അനാസ്ഥയും നിരീശ്വരവാദവും* കൂടുതൽ വൈവിധ്യമാർന്ന രൂപങ്ങളിൽ പ്രത്യേകിച്ചും, *മതനിരപേക്ഷത* (secularism) എന്ന ഏററവും വ്യാപകമായ രൂപത്തിൽ നിരന്തരം വളർന്നുകൊണ്ടിരിക്കുന്നതിനു നേരേ കണ്ണടയ്ക്കാൻ ആർക്കാണു കഴിയുക? നിരന്തരമായ ശാസ്ത്ര-സാങ്കേതിക പുരോഗതിയുടെ ആകർഷകങ്ങളായ നേട്ടങ്ങളാൽ വ്യക്തികൾ പ്രതികൂലമായി സ്വാധീനിക്കപ്പെടുന്നു; സർവ്വോപരി വളരെ പഴയതെങ്കിലും പുതുമയാർന്ന ഒരു പ്രലോഭനത്തിന്-അതായത് അതിർവരമ്പുകളില്ലാത്ത സ്വാതന്ത്ര്യത്തിൻെറ വിനിയോഗത്തിലൂടെ ദൈവത്തെപ്പോലെ ആയിത്തീരാമെന്ന മോഹത്തിന് (cf ഉൽപ 3:5) അവർ വശംവദരാകുന്നു; അങ്ങനെ തങ്ങളുടെ ഹൃദയത്തിലെ മതത്തിൻെറ വേരുകൾ വ്യക്തികൾ അറുത്തുമുറിക്കുന്നു; അവർ ദൈവത്തെ വിസ്മരിക്കുന്നു. തങ്ങളുടെ ജീവിതത്തിൽ ദൈവത്തിന് യാതൊരു അർത്ഥ

www.malankaralibrary.com



വും കല്പിക്കുന്നില്ല. ദൈവത്തെ മുഴുവനായും തിരസ്കരിച്ചുകൊണ്ട് സമകാലിക ലോകത്തിന്റേതായ വിവിധ ''വിഗ്രഹങ്ങളെ'' ആരാധിക്കാൻ തുടങ്ങുന്നു.

കൗൺസിൽ ഇതിനോടകം ചൂണ്ടിക്കാട്ടിയിട്ടുള്ളതുപോലെ, മതനിരപേക്ഷതയെന്ന ഇന്നത്തെ പ്രതിഭാസം ശരിക്കും ഗുരുതരമാണ്; വ്യക്തികളെ സംബന്ധിച്ചുമാത്രമല്ല, ചില കാര്യങ്ങൾ വച്ചുനോക്കിയാൽ സമൂഹങ്ങളെ മുഴുവനും സംബന്ധിച്ചും ''മതത്തെ പ്രായോഗിക ജീവിതത്തിൽനിന്നു പുറന്തള്ളുന്നവരുടെ സംഖ്യ കൂടിവരികയാണ്''.[8] ദീർഘനാളത്തെ വിശ്വാസ പാരമ്പര്യമുള്ള ക്രൈസ്തവജനതയെ ബാധിക്കുന്നതും ഒരു പുനർ സുവിശേഷവത്കരണം നിരന്തരം ആവശ്യകമാക്കുന്നതുമായ അക്രൈസ്തവീകരണം (dechristianization) എന്ന പ്രതിഭാസത്തെക്കുറിച്ച് ഞാൻതന്നെ മററവസരങ്ങളിൽ അനുസ്മരിച്ചിട്ടുണ്ടല്ലോ. ഏതായാലും *മതത്തിനുവേണ്ടിയുള്ള മനുഷ്യന്റെ ദാഹവും മതത്തിന്റെ ആവശ്യകതയും* സമ്പൂർണ്ണമായി തുടച്ചുമാററാനാവില്ല. മനസ്സാക്ഷിയുള്ള മനുഷ്യർ മനുഷ്യാസ്തിത്വത്തിന്റെ കാതലായ പ്രശ്നങ്ങളെ, വിശേഷിച്ച്, ജീവിതലക്ഷ്യം, സഹനം, മരണം, എന്നിവയോടു ബന്ധപ്പെട്ട പ്രശ്നങ്ങളെ അഭിമുഖീഭവിക്കാനുള്ള ധൈര്യം കാണിക്കുമ്പോൾ വി. ആഗസ്തീനോസിന്റെ വാക്കുകൾ സ്വന്തമാക്കാതിരിക്കാൻ അവർക്കു കഴിയില്ല: ''കർത്താവേ, നിനക്കായി ഞങ്ങളെ സൃഷ്ടിച്ചു; നിന്നിൽ വിശ്രമം കൊള്ളുന്നതുവരെ ഞങ്ങളുടെ ഹൃദയങ്ങൾ അസ്വസ്ഥമായിരിക്കും''.[9] അപ്രകാരംതന്നെ നിരന്തരം വളരുന്നതും ഹൃദയസ്പർശിയുമായ മാർഗ്ഗങ്ങളുടെ ഇന്നത്തെ ലോകം ഇതിനു സാക്ഷ്യം വഹിക്കുന്നു. ജീവിതത്തെപ്പററി ആദ്ധ്യാത്മികവും അനുഭവജ്ഞാനാതീതവുമായ ഒരു വീക്ഷണത്തോടുള്ള തുറവിയിലൂടെ ഈ സാക്ഷ്യം തുടരുന്നു. മതപരമായ ഗവേഷണത്തിലുള്ള നവീകൃതമായ അഭിരുചിയിലൂടെയും പാവനതയുടെ അവബോധത്തിലേക്കും പ്രാർത്ഥനയിലേക്കുമുള്ള തിരിച്ചുവരവിലൂ

www.malankaralibrary.com



ടെയും കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കാനുള്ള സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അവകാശവാദത്തിലൂടെയും ഇതു തുടരുന്നുണ്ട്.

## മനുഷ്യ വ്യക്തി: ധ്വംസിക്കപ്പെട്ടതും ഉയർത്തപ്പെട്ടതുമായ മാഹാത്മ്യം

5. ഇനി നമുക്കു മനുഷ്യവ്യക്തി നേരിടുന്ന ധ്വംസനങ്ങളെ സ്മരിക്കാം.

ദൈവത്തിൻെറ സജീവച്ഛായ എന്നനിലയിൽ വ്യക്തിയുടെ മാഹാത്മ്യം അംഗീകരിക്കുകയും വ്യക്തിയെ സ്നേഹിക്കുകയും ചെയ്യാതിരിക്കുമ്പോരാ (cf ഉൽപ 1:26) മനുഷ്യജീവി കൂടുതൽ നിന്ദാകരവും തരംതാഴ്ത്തുന്നതുമായ ''ചൂഷണോപാധികരാക്ക്'' ഇരയായിത്തീരുകയാണ്. അത് നിശ്ചയമായും വ്യക്തിയെ കൂടുതൽ ശക്തിയുള്ളവരുടെ അടിമയാക്കിത്തീർക്കുന്നു. ''കൂടുതൽ ശക്തിയുള്ളവർ'' എന്ന പ്രയോഗത്തിന് വൈവിധ്യമാർന്ന അർത്ഥങ്ങളുണ്ട്: ഒരു പ്രത്യയശാസ്ത്രം, സാമ്പത്തികശക്തി, രാഷ്ട്രീയപ്രേരിതവും മനുഷ്യത്വരഹിതവുമായ വ്യവസ്ഥിതികരാ, ശാസ്ത്രസാങ്കേതികാധിപത്യം അഥവാ മാധ്യമങ്ങളുടെ നുഴഞ്ഞുകയററം എന്നിങ്ങനെ പല അർത്ഥങ്ങരാ. തങ്ങളുടെ മൗലികാവകാശങ്ങരാ നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന നമ്മുടെ സഹോദരീസഹോദരന്മാരായ വളരെപ്പേരുടെ മുൻപിലാണ് നമ്മരാ നില്ക്കുന്നത്. അവരുടെ അതിരററ സഹനശേഷിയും പ്രത്യക്ഷത്തിൽത്തന്നെ നീതിയില്ലാത്ത ചില രാഷ്ട്രനിയമങ്ങളുമാണ് ഈ അവകാശലംഘനങ്ങരാക്കു ഹേതു. ഇങ്ങനെ ധ്വംസിക്കപ്പെടുന്ന അവകാശങ്ങരാ താഴെപ്പറയുന്നവയാണ്: ജീവിക്കാനും ഒന്നിച്ചുനില്ക്കാനും വീടുവയ്ക്കാനും ജോലിചെയ്യാനും, കുടുംബമായി ജീവിക്കാനും, ഉത്തരവാദിത്വമുള്ള മാതൃത്വവും പിതൃത്വവും അവലംബിക്കാനും, പൊതുജീവിതത്തിലും രാഷ്ട്രീയകാര്യങ്ങളിലും പങ്കെടുക്കാനും, മനഃസാക്ഷി സ്വാതന്ത്ര്യത്തോ

www.malankaralibrary.com



ടുകൂടി ജീവിക്കാനും മതവിശ്വാസം പരിശീലിക്കാനുമുള്ള അവകാശങ്ങൾ.

ജനിക്കും മുൻപേ, അമ്മയുടെ ഉദരത്തിൽ വച്ചുതന്നെ ഹിംസിക്കപ്പെടുന്ന കുഞ്ഞുങ്ങളുടെ എണ്ണം തിട്ടപ്പെടുത്താൻ ആർക്കു കഴിയും? തങ്ങളുടെതന്നെ മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെടുകയും ദുരുപയോഗിക്കപ്പെടുകയും ചെയ്യുന്ന കുട്ടികൾ, വാത്സല്യവും വിദ്യാഭ്യാസവും ലഭിക്കാതെ വളരുന്ന കുട്ടികൾ, ഇവരുടെയൊക്കെ എണ്ണം ആർക്കറിയാം? ചില രാജ്യങ്ങളിലാകട്ടെ, മനുഷ്യജീവികൾക്കനുയോജ്യമാംവിധം ജീവിക്കാൻ അനുപേക്ഷണീയമായ മാർഗ്ഗങ്ങളില്ലാതെ, കഴിഞ്ഞുകൂടാൻപോലും വേണ്ട വകയില്ലാതെ, മുഴുവൻ ജനങ്ങളും പാർപ്പിടവും ജോലിയുമില്ലാതെ ക്ലേശിക്കുന്നു. വൻനഗരങ്ങളുടെ പ്രാന്തപ്രദേശങ്ങളിൽ ശാരീരികമായും ധാർമ്മികമായും പല തരത്തിലുള്ള ദാരിദ്ര്യവും ദുരിതവുമുണ്ട്. മനുഷ്യരാശിയുടെ എല്ലാ വിഭാഗങ്ങളുംതന്നെ ഇന്ന് സാരമായി ക്ലേശിക്കുന്നുണ്ട്.

പക്ഷേ എത്ര തരംതാണാലും അതിക്രമിക്കപ്പെട്ടാലും *മനുഷ്യവ്യക്തിയുടെ പവിത്രത* മായ്ച്ചു കളയാൻ ആവില്ല. കാരണം, സ്രഷ്ടാവും പിതാവുമായ ദൈവത്തിലാണ് അതിന്റെ അചഞ്ചലമായ അടിസ്ഥാനം. എപ്പോഴും വ്യക്തിയുടെ പവിത്രത വീണ്ടും വീണ്ടും പ്രകാശിതമായിക്കൊണ്ടേ ഇരിക്കും.

മനുഷ്യവ്യക്തിയുടെ മഹനീയതയുടെ ആന്തരാർത്ഥമെന്തെന്ന് ഗാഢമായി ചിന്തിക്കുകയും ആവർത്തിച്ചുറപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. വ്യക്തിയുടെ മഹനീയതയെപ്പററി അഭൂതപൂർവ്വമായ ഒരു അവബോധം വളർന്നുവരുന്നുണ്ട്. ലോകത്തിലെ എല്ലാ ജനതകളിലും ഇതിനു സഹായകമായ ഒരു പ്രവണത പുരോഗമിക്കുകയും സാർവ്വത്രികമാവുകയും ചെയ്യുന്നു. തീർച്ചയായും മനുഷ്യൻ ഉപയോഗിക്കപ്പെടാനുള്ള ഒരു 'സാധനമോ' (thing) 'വിഷയമോ' (object) അല്ല. പ്രത്യുത പ്രഥമ

www.malankaralibrary.com



മായും ഉത്തരവാദിത്വമുള്ള ഒരു ''കർത്താവ്'' (subject), അതായത് ചരിത്രത്തിലും സമൂഹത്തിലും ഉത്തരവാദിത്വത്തോടെ ജീവിക്കാൻ വിളിക്കപ്പെട്ട ഒരു വ്യക്തിയാണ്. മനസ്സാക്ഷിയോടും സ്വാതന്ത്ര്യത്തോടും ആദ്ധ്യാത്മികവും മതപരവുമായ മൂല്യങ്ങളോടും ആഭിമുഖ്യമുള്ളവനുമാണവൻ.

''മാനുഷികത്വ'' (humanism) ത്തിന്റെ കാലഘട്ടമാണിത് എന്നാണല്ലോ പറയുന്നത്. വൈരുധ്യമെന്നു പറയട്ടെ, മനുഷ്യവ്യക്തിക്കു മങ്ങലേല്പിക്കുകയും സമൂലനാശം ഉളവാക്കുകയും ചെയ്യുന്നിടത്താണ് മാനുഷികത്വത്തിന്റെ രൂപങ്ങളായ ചില നിരീശ്വരപ്രസ്ഥാനങ്ങളും മതേതര പ്രസ്ഥാനങ്ങളും ഇന്ന് ചെന്നെത്തിനില്ക്കുന്നത്. മററു 'മാനുഷികത്വ' പ്രസ്ഥാനങ്ങളാകട്ടെ, വാസ്തവത്തിൽ യഥാർത്ഥമായൊരു വിഗ്രഹാരാധനയായിതീരുംവിധം മനുഷ്യനെ ഉയർത്തിക്കാട്ടുന്നു. എന്നാൽ വ്യക്തികളുടെ യഥാർത്ഥ മഹത്വവും ശോച്യാവസ്ഥയും ശരിയാംവണ്ണം അംഗീകരിച്ച് മനുഷ്യ വ്യക്തിയുടെ മഹനീയത മുഴുവനും പ്രകടമാക്കുകയും നിലനിറുത്തുകയും വളർത്തുകയും ചെയ്യുന്ന ഇതര പ്രസ്ഥാനങ്ങളുമുണ്ട്.

മാനുഷികത്വത്തോടുള്ള ഈ പ്രവണതയുടെ ലക്ഷണവും ഫലവും ഇതാണ്: പങ്കാളിത്തത്തിന്റെ വർദ്ധമാനമായ ആവശ്യകത. ഇത് ഇന്നത്തെ മനുഷ്യവംശത്തിന്റെ വ്യതിരിക്ത സവിശേഷതകളിലൊന്നാണ്. വിവിധ മണ്ഡലങ്ങളിൽ വ്യത്യസ്ത മാർഗ്ഗങ്ങളിൽ വളർന്നു വരുന്ന ''കാലത്തിന്റെ യഥാർത്ഥ അടയാളമാണിത്'': സർവ്വോപരി സ്ത്രീകളുടെയും യുവജനങ്ങളുടെയും പങ്കാളിത്തത്തിന്റെ വർദ്ധിച്ചു വരുന്ന ആവശ്യകത. കുടുംബാംഗങ്ങളിലും, അദ്ധ്യയനരംഗങ്ങളിലും മാത്രമല്ല, സാംസ്കാരിക, സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ മണ്ഡലങ്ങളിലും ഇതു കാണാം. ഈ പുരോഗതി കൈവരുത്തുന്നതിൽ നേതൃത്വം വഹിക്കുക എന്നതും,

www.malankaralibrary.com



ഏതെങ്കിലും മാർഗ്ഗത്തിൽ നവീനവും കൂടുതൽ മനുഷ്യത്വപരവുമായ സംസ്കാരത്തിന്റെ വിധാതാക്കളാവുക എന്നതും, വ്യക്തിയുടെയും എല്ലാ ജനതകളുടെയും ആവശ്യമാണ്.[10]

## സംഘർഷവും സമാധാനവും

6. അവസാനമായി ഇന്നത്തെ മനുഷ്യരാശിയിൽ തികച്ചും പ്രകടമായ മറ്റൊരു പ്രതിഭാസം കണ്ടില്ലെന്നുവയ്ക്കാൻ നമുക്കാവില്ല. ഒരു പക്ഷേ, ചരിത്രത്തിൽ മുൻപെന്നത്തെക്കാറം കൂടുതലായി മനുഷ്യരാശി അനുദിനം *സംഘർഷം*കൊണ്ട് പ്രഹരിക്കപ്പെടുകയാണ്. ഈ പ്രതിഭാസത്തിന് നിയമാനുസൃതമായ മനോഭാവങ്ങളുടെയും മുൻകൈയെടുക്കലുകളുടെയും ബഹുവിധ രൂപങ്ങളുണ്ട്. എന്നാൽ ഇതു പ്രകടമാകുന്നത് വ്യക്തികളുടെയും സംഘങ്ങളുടെയും വിഭാഗങ്ങളുടെയും രാഷ്ട്രങ്ങളുടെയും രാഷ്ട്രചേരികളുടെയും വിനാശകരമായ എതിർപ്പിലൂടെയാണ്. അക്രമം, ഭീകരവാഴ്ച, യുദ്ധം, എന്നിങ്ങനെ പലതരത്തിലുമുള്ളതാണ് ഈ എതിർപ്പ്. തങ്ങളുടെ ''അനന്തശക്തി'' (omnipotence) വെളിവാക്കാൻ ആഗ്രഹിച്ചുകൊണ്ട് ഇന്ന് മനുഷ്യവംശത്തിന്റെ വിവിധമേഖലകറം വീണ്ടും അത്യന്തം വിപുലമായ തോതിൽ ''ബാബേൽ ഗോപുരം'' (cf. ഉൽപ. 11:1-9) പണിതുയർത്തുന്ന പാഴ്വേല ആവർത്തിക്കുകയാണ്. ഫലമോ, ചിന്താക്കുഴപ്പവും പോരാട്ടവും ശിഥിലീകരണവും മർദ്ദനവും പെരുകുന്നു. അങ്ങനെ മനുഷ്യകുടുംബം അതിൽത്തന്നെ നാടകീയമാം വിധം ക്ഷുഭിതവും വ്രണിതവുമായിത്തീരുന്നു.

നേരേമറിച്ച് നീതിയിൽ *സമാധാനം* എന്ന അമൂല്യമായ നന്മയക്കുവേണ്ടിയുള്ള വ്യക്തികളുടെയും ജനതകളുടെയും മാനുഷികാഭിവാഞ്ഛ ഒട്ടുംതന്നെ അടിച്ചമർത്താവുന്നതല്ല. ''സമാധാനം സ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ'' (മത്താ. 5:9) എന്ന സുവിശേഷഭാഗ്യം ഇന്നത്തെ മനുഷ്യരിൽ നവീനവും അർത്ഥവത്തുമായവിധം

www.malankaralibrary.com



അനുരണനം ചെയ്യുന്നു. സമാധാനവും നീതിയും കൈവരിക്കാനാണ് ഇന്നു ലോകജനത മുഴുവനും ജീവിക്കുന്നതും സഹിക്കുന്നതും അദ്ധ്വാനിക്കുന്നതും. തങ്ങൾ അഭിലഷിക്കുന്ന സമാധാനം ഒരു യാഥാർത്ഥ്യമായിത്തീരാനുള്ള മാർഗ്ഗമായി അനേകം വ്യക്തികളുടെയും സംഘങ്ങളുടെയും സാമൂഹിക ജീവിതത്തിലുള്ള *പങ്കാളിത്തം* അവർ അധികമധികം തേടിക്കൊണ്ടിരിക്കുകയാണിന്ന്. ഈ പാതയിൽ രാഷ്ട്രീയവും സാമ്പത്തികവുമായ തലങ്ങളിൽ അകമഴിഞ്ഞ് സ്വയം സമർപ്പിച്ചിട്ടുള്ള നിരവധി അല്മായ വിശ്വാസികളെ നമുക്കു കാണാം. പലവിധ സ്ഥാപനങ്ങളിൽ ഏററവും ചെറിയവർക്കും സ്വമേധയാ ശുശ്രൂഷാജോലികൾ ചെയ്യുന്നവരാണവർ.

## യേശുക്രിസ്തു, മനുഷ്യരാശിയുടെ പ്രതീക്ഷ

7. അപ്പോൾ ''വീട്ടുടമസ്ഥൻ'' മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യാനായി അയച്ച വേലക്കാരുടെ മുമ്പിലുള്ള വിശാലമായ ജോലിസ്ഥലം ഇതാണ്.

ഈ ജോലിസ്ഥലത്ത് സഭ മുഴുവനും, അതായത് അജപാലകരും വൈദികരും ഡീക്കൻമാരും സന്യസ്തരും അല്മായരും, സന്നിഹിതമാണ്; ജോലിചെയ്തുകൊണ്ടിരിക്കുകയുമാണ്. ഇവിടെ പരാമർശിച്ച പ്രതികൂലസാഹചര്യങ്ങൾ സഭയെ സാരമായി ബാധിക്കുന്നുണ്ട്. അവ ഒരുവിധത്തിൽ പറഞ്ഞാൽ സഭയെ നിയന്ത്രിക്കുന്നു. എന്നാൽ സഭയെ ഞെരിച്ചുകളയുകയോ അവളുടെമേൽ ജയംവരിക്കുകയോ ചെയ്യുന്നില്ല. കാരണം, സഭയ്ക്കു ജീവൻ നല്കുന്ന പരിശുദ്ധാത്മാവ് അവളെ സ്വന്തം ദൗത്യത്തിൽ നിലനിറുത്തുന്നു.

മനുഷ്യ പ്രകൃതിയുടെ പരിമിതികൾ, പാപം, ദുഷ്ടാരൂപി എന്നിവനിമിത്തം വൈവിദ്ധ്യങ്ങളും വൈരുദ്ധ്യങ്ങളും കാലവിളംബവും സംജാതമാകുന്നുണ്ട്. എന്നാൽ മനുഷ്യരാശി പങ്കാളിത്തത്തിനും കൂട്ടായ്മയ്ക്കുംവേണ്ടി ഉപയോഗിക്കുന്ന എല്ലാ ശക്തികളും ലോകരക്ഷകനായ

www.malankaralibrary.com



യേശുക്രിസ്തുവിന്റെ ഇടപെടലിൽ പൂർണ്ണമായ പ്രത്യുത്തരം കണ്ടെത്തുമെന്ന് സഭ അറിയുന്നു.

''ദൈവവുമായുള്ള ഉററ ഐക്യത്തിന്റെയും മനുഷ്യവർഗ്ഗം മുഴുവനിലുമുള്ള യോജിപ്പിന്റെയും അടയാളവും ഉപകരണവും''11 ആയി തന്നെ അവിടുന്ന് അയച്ചിരിക്കുകയാണെന്ന് സഭയ്ക്ക് അറിയാം.

ഇങ്ങനെയെല്ലാം ആയിരുന്നിട്ടും മനുഷ്യവർഗ്ഗത്തിനു പ്രത്യാശിക്കാൻ കഴിയുന്നു. തീർച്ചയായും അങ്ങനെ പ്രത്യാശിക്കുകതന്നെ വേണം. സഭ അനുദിനം പ്രഘോഷിക്കുകയും എല്ലാവരുടെയും മുൻപിൽ സാക്ഷ്യം വഹിക്കുകയും ചെയ്യുന്ന ''*സദ്വാർത്തയും ആനന്ദസംവാഹകനും സജീവസുവിശേഷമായ യേശുക്രിസ്തുതന്നെയാണ്*.

ഈ പ്രഘോഷണത്തിലും സാക്ഷ്യം വഹിക്കലിലും അല്മായവിശ്വാസികൾക്ക് അനുപേക്ഷണീയവും അതുല്യവുമായ ഒരു പങ്കു വഹിക്കാനുണ്ട്. അവരിലൂടെ ക്രിസ്തുവിന്റെ സഭ ലോകത്തിന്റെ വിവിധ മേഖലകളിൽ പ്രത്യാശയുടെയും സ്നേഹത്തിന്റെയും അടയാളവും ഉറവിടവും ആയി സന്നിഹിതമാകുന്നു.

www.malankaralibrary.com

അദ്ധ്യായം ഒന്ന്

# ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു

*സഭാരഹസ്യത്തിൽ അല്മായവിശ്വാസികളുടെ മഹനീയത*

## മുന്തിരിച്ചെടി എന്ന രഹസ്യം

8. മുന്തിരിച്ചെടിയുടെ ഉപമ വിശുദ്ധലിഖിതങ്ങൾ പലതരത്തിൽ പ്രയോഗിക്കുന്നു. ഒരു പ്രത്യേക കാര്യത്തിൽ *ദൈവജനമെന്ന രഹസ്യം* വെളിവാക്കാൻ മുന്തിരിച്ചെടി സഹായകമാകുന്നു. സഭയുടെ ആഭ്യന്തരസ്വഭാവം എടുത്തുകാട്ടുന്ന ഈ വീക്ഷണകോണിൽ നിന്നുനോക്കുമ്പോൾ, അല്മായവിശ്വാസികൾ മുന്തിരിത്തോട്ടത്തിൽ പണിയെടുക്കുന്ന വേലക്കാർ മാത്രമല്ല, അവർതന്നെ മുന്തിരിത്തോട്ടത്തിന്റെ ഭാഗമാണ്. യേശു പറയുന്നു: ''ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും ആണ്'' (യോഹ 15:5).

പഴയ നിയമത്തിലെ പ്രവാചകന്മാർ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ വിവരിക്കാൻ മുന്തിരിച്ചെടിയുടെ ഉപമ ഉപയോഗിച്ചു. ഇസ്രായേൽ ദൈവത്തിന്റെ മുന്തിരിച്ചെടിയാണ്; അവിടുത്തെ സ്വന്തം കരവേലയും ഹൃദയാനന്ദവും. ''തിരഞ്ഞെടുക്കപ്പെട്ട വിശിഷ്ട മുന്തിരിച്ചെടിയായിട്ടാണ് ഞാൻ നിന്നെ നട്ടത്'' (ജറെ 2:21). ''നിന്റെ അമ്മ ജലാശയത്തിനടുത്ത് നട്ടിരിക്കുന്ന മുന്തിരിച്ചെടിപോലെയാണ്, ധാരാളമായി വെള്ളം കിട്ടിയതുമൂലം അതു വളർ

www.malankaralibrary.com



ന്നു; ശാഖകഠ വീശി, നിറയെ ഫലം പുറപ്പെടുവിച്ചു'' (എസെ 19:10). ''എൻെറ പ്രിയന് ഒരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. അവൻ അതു കിളച്ചു കല്ലുകഠ നീക്കി വിശിഷ്ടങ്ങളായ മുന്തിരിച്ചെടികഠ വച്ചുപിടിപ്പിച്ചു...'' (ഏശയ്യ 5:1_2).

വീണ്ടും മുന്തിരിച്ചെടിയുടെ പ്രതീകം എടുത്തുകൊണ്ട് യേശുതന്നെയും ദൈവരാജ്യത്തിൻെറ വിവിധ വശങ്ങഠ ചിത്രീകരിക്കുന്നു. ''ഒരുവൻ ഒരു മുന്തിരിത്തോട്ടം നട്ടുപിടിപ്പിച്ചു, അതിനു ചുററും വേലികെട്ടി; മുന്തിരിച്ചക്കു സ്ഥാപിച്ചു; ഒരു ഗോപുരവും പണിതു. അതു കൃഷിക്കാരെ ഏല്പിച്ചിട്ട് അവൻ അവിടെനിന്ന് മററൊരു നാട്ടിലേക്കു പോയി'' (മർക്കോ 12:1; cf. മത്താ 21:28 ff).

സുവിശേഷകനായ യോഹന്നാൻ ഇക്കാര്യത്തിൽ കൂടുതൽ മുന്നോട്ടുപോകാൻ ക്ഷണിച്ചുകൊണ്ട്, *മുന്തിരിച്ചെടിയുടെ രഹസ്യം* കണ്ടെത്താൻ സഹായിക്കുന്നു: ഇത് ദൈവജനത്തിൻെറ രൂപവും പ്രതീകവും മാത്രമല്ല, പ്രത്യുത യേശുവിൻേറതുതന്നെയാണ്. അവിടുന്നാണ് മുന്തിരിച്ചെടി, ശിഷ്യരായ നാം ശാഖകളും ആണ്. ജീവനുണ്ടാകാൻവേണ്ടി ശാഖകഠ ഒട്ടിച്ചു ചേർക്കപ്പെട്ട (cf. യോഹ 15:1 ff) ''യഥാർത്ഥ മുന്തിരിച്ചെടി'' അവിടുന്നാണ്.

സഭാരഹസ്യം വെളിവാക്കാൻ സഹായിക്കുന്ന വിവിധ ബൈബിഠ പ്രതീകങ്ങളെ പരാമർശിക്കവേ, രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്തിരിച്ചെടിയുടെയും ശാഖകളുടെയും ഉപമ ചൂണ്ടിക്കാണിക്കുന്നു. ''ക്രിസ്തുവാണ് യഥാർത്ഥ മുന്തിരിച്ചെടി. അത് ശാഖകഠക്ക്, അതായത്, നമുക്ക് ജീവനും സാഫല്യവും നല്കുന്നു. സഭയിലൂടെ നാം ക്രിസ്തുവിൽ നിലനില്ക്കുന്നു. അവിടുത്തെ കൂടാതെ നമുക്കൊന്നും ചെയ്യാൻ സാധ്യമല്ല'' (യോഹ 15:1_5).[12] അപ്പോഠ, സുവിശേഷത്തിൽ പറയുന്ന മുന്തിരിച്ചെടി സഭതന്നെയാണ്. അവഠ ഒരു *രഹസ്യം* ആണ്.

www.malankaralibrary.com



കാരണം, ജലത്താലും പരിശുദ്ധാത്മാവിനാലും ജനിച്ച (cf. യോഹ. 3:5) എല്ലാവർക്കും സൗജന്യമായി നല്കപ്പെടുന്ന ദാനമാണ് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും അതേ ജീവനും സ്നേഹവും. ദൈവത്തിന്റെ അതേ *കൂട്ടായ്മ* പുനർജീവിക്കാനും ചരിത്രത്തിൽ അത് പ്രകടമാക്കാനും പകർന്നുകൊടുക്കാനും അവരാം വിളിക്കപ്പെട്ടിരിക്കുന്നു. ആ ദിവസം'', യേശു പറയുന്നു, ''ഞാൻ എന്റെ പിതാവിലും നിങ്ങരാം എന്നിലും ഞാൻ നിങ്ങളിലും ആണെന്ന നിങ്ങരാം അറിയും'' (യോഹ 14:20).

*കൂട്ടായ്മ എന്ന സഭാരഹസ്യത്തിന്റെ ഉള്ളിൽനിന്നു മാത്രമേ അല്മായവിശ്വാസികളുടെ ''അനന്യത'' മനസ്സിലാക്കാനും* അവരുടെ അടിസ്ഥാനപരമായ മഹനീയത വെളിവാക്കാനും കഴിയൂ. ഈ മഹനീയതയുടെ വെളിച്ചത്തിൽ മാത്രമേ, സഭയിലും ലോകത്തിലുമുള്ള അവരുടെ വിളിയും ദൗത്യവും നിർവചിക്കാൻ സാധിക്കൂ.

## ആരാണ് അല്മായവിശ്വാസികൾ

9. അല്മായവിശ്വാസികളുടെ വിളിയും ദൗത്യവും *ഭാവാത്മകമായി* നിർവചിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് സിനഡ് പിതാക്കന്മാർ ശരിയായിത്തന്നെ വിരൽ ചൂണ്ടി. അടുത്തകാലത്ത് സഭയുടെ പ്രബോധനാധികാരം (Magisterium) പുറപ്പെടുവിച്ച രേഖയുടെയും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന[13] സഭയുടെ അനുഭവസമ്പത്തിന്റെയും വെളിച്ചത്തിൽ രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങരാം ആഴത്തിൽ പഠിച്ചുകൊണ്ടായിരിക്കണം ഈ നിർവചനം സാധിക്കേണ്ടത്.

''ആരാണ് അല്മായ വിശ്വാസികരാം'' എന്ന ചോദ്യത്തിന് ഉത്തരം കണ്ടെത്തവേ, മുഖ്യമായും നിഷേധാത്മകമായിരുന്ന മുൻകാല വ്യാഖ്യാനങ്ങരാംക്കും അപ്പുറം ചെന്നെത്തുന്നതാണ് കൗൺസിലിന്റെ നിർവചനം. തികച്ചും ഭാവാ

www.malankaralibrary.com



ത്മകമായ ഒരു ദർശനം കൗൺസിൽ ഇക്കാര്യത്തിൽ സ്വീകരിച്ചു. *സഭയോടും സഭാരഹസ്യത്തോടും അല്മായ വിശ്വാസികൾക്കുള്ള സമ്പൂർണ്ണബന്ധം* ഊന്നിപ്പറയുക എന്ന അടിസ്ഥാനലക്ഷ്യം പ്രകടമാക്കി. *അതേസമയം തന്നെ*, പ്രത്യേക രീതിയിൽ "ഭൗതിക കാര്യങ്ങളിൽ ഏർപ്പെട്ടും ദൈവഹിതാനുസാരം അവയെ ക്രമപ്പെടുത്തിയും ദൈവരാജ്യം അന്വേഷിക്കുക"[14] എന്ന *അല്മായരുടെവിളിയുടെ അനന്യസ്വഭാവം കൗൺസിൽ ഊന്നിപ്പറഞ്ഞു.* തിരുസഭയെപ്പററിയുള്ള കോൺസ്ററിററ്യൂഷനിൽ (Lumen Gentium) അല്മായവിശ്വാസികൾ എന്ന പദത്തെ നിർവചിക്കുന്നതിപ്രകാരമാണ്. തിരുപ്പട്ടം സ്വീകരിക്കാത്തവരോ സഭ അംഗീകരിച്ചിട്ടുള്ള സന്യാസസഭകളിൽ പെടാത്തവരോ ആയ എല്ലാ വിശ്വാസികളെയും ആണ് അല്മായർ എന്ന നാമത്താൽ വിവക്ഷിക്കുന്നത്. മാമ്മോദീസാവഴി അവർ ക്രിസ്തുവിനോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നു, ദൈവത്തിൻെറ ജനമായി രൂപംകൊള്ളുന്നു. ക്രിസ്തുവിൻെറ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും സ്വർഗീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു. ക്രിസ്തീയജനം മുഴുവൻെറയും സഭയിലും, ലോകത്തിലുമുള്ള ദൗത്യത്തിൽ തങ്ങളുടേതായ പങ്ക് അവരും നിർവ്വഹിക്കുന്നു.[15]

പന്ത്രണ്ടാം പീയൂസ് പാപ്പാ ഒരിക്കൽ ഇങ്ങനെ പ്രസ്താവിച്ചു: "വിശ്വാസികൾ, കൃത്യമായിപ്പറഞ്ഞാൽ അല്മായവിശ്വാസികൾ, സഭാ ജീവിതത്തിൻെറ മുൻനിരകളിൽത്തന്നെയുണ്ട്. അവരെ സംബന്ധിച്ചിടത്തോളം സഭ മനുഷ്യസമൂഹത്തിൻെറ ചൈതന്യഹേതുവാണ്. അതുകൊണ്ട് തങ്ങൾ *സഭയുടേതാണെന്നു മാത്രമല്ല, തങ്ങൾതന്നെ സഭ* ആണെന്ന നിത്യസ്പഷ്ടമായ അവബോധം പ്രത്യേകമായി അവർക്കുണ്ടായിരിക്കണം. അതായത് പരമാദ്ധ്യക്ഷനായ മാർപാപ്പയുടെയും അദ്ദേഹത്തോടുള്ള കൂട്ടായ്മയിൽ മെത്രാന്മാരുടെയും നേതൃത്വ

www.malankaralibrary.com



ത്തിൽ ഭൂമിയിൽ വിശ്വാസികളുടെ സമൂഹം. *ഇവരാണ് സഭ....*''.[16]

ബൈബിളിൽപ്പറയുന്ന മുന്തിരിത്തോട്ടത്തിന്റെ ഉപമ അനുസരിച്ച് അല്മായവിശ്വാസികൾ, സഭയിലെ മറ്റെല്ലാ അംഗങ്ങളോടുമൊപ്പം ക്രിസ്തുവാകുന്ന യഥാർത്ഥ മുന്തിരിച്ചെടിയോട് ജീവനും സഫലതയ്ക്കും വേണ്ടി ഒട്ടിച്ചു ചേർക്കപ്പെടുന്ന ശാഖകൾ ആണ്.

വിശ്വാസം, മാമ്മോദീസാ എന്നിവവഴി ക്രിസ്തുവിനോട് ഒന്നുചേരുക എന്നതാണ് സഭാരഹസ്യത്തിൽ ഒരു ക്രൈസ്തവൻ ആയിരിക്കുന്നതിന്റെ അടിസ്ഥാനം. ഈ രഹസ്യമാണ് ക്രൈസ്തവന്റെ ഏററവും അടിസ്ഥാനപരമായ സവിശേഷത. അല്മായവിശ്വാസികളെ സംബന്ധിച്ചിടത്തോളം ക്രൈസ്തവ ജീവിതത്തിന്റെ എല്ലാ വിളികളുടെയും ശക്തിയുടെയും അടിസ്ഥാനം ഇതു തന്നെ (cf. യോഹ 3:5). മരിക്കുകയും ഉയിർക്കുകയും ചെയ്ത ക്രിസ്തുവിൽ, മാമ്മോദീസാ സ്വീകരിക്കുന്നയാൾ പാപം കഴുകിക്കളഞ്ഞ് കൃപാവരത്തിലൂടെ ജീവനിലേക്ക് നയിക്കപ്പെടുന്ന ഒരു ''പുതിയ സൃഷ്ടി'' (ഗലാ 6:15; 2 കോറി 5:17) ആയിത്തീരുന്നു.

അതുകൊണ്ട് മാമ്മോദീസാവഴി ദൈവം നല്കുന്ന രഹസ്യാത്മകമായ സമ്പന്നത അംഗീകരിക്കുന്നതിലൂടെമാത്രമേ അല്മായവിശ്വാസികളുടെ അടിസ്ഥാനപരമായ വിശദീകരണം സാധ്യമാകൂ.

## മാമ്മോദീസായും ക്രൈസ്തവജീവിതത്തിന്റെ "നൂതനത്വവും"

10. വിശ്വാസത്തിന്റെ കൂദാശയായ മാമ്മോദീസായിൽനിന്ന് ആവിർഭവിക്കുന്നതാണ് ക്രൈസ്തവജീവിതത്തിന്റെ വിപ്ളവാത്മകമായ നൂതനത്വം. ഈ നൂതനത്വത്തിന്റെ അറിവിലേക്ക് ഒരു വ്യക്തിയെ നയിക്കുക എന്നതാണ് അല്മായവിശ്വാസിയുടെ സമഗ്രമായ അസ്തിത്വ

www.malankaralibrary.com



ലക്ഷ്യമെന്ന് പറയുന്നതിൽ അതിശയോക്തിയില്ല. അങ്ങനെ, ഈ അറിവ് ദൈവത്തിന്റെ വിളിക്കനുസൃതമായ കടമകൾ ജീവിതത്തിൽ നിറവേററാൻ ആ വ്യക്തിയെ സഹായിക്കുകയും ചെയ്യും. അല്മായവിശ്വാസികളെ സംബന്ധിച്ച് അടിസ്ഥാനപരമായ ഈ വിശദീകരണം കൈക്കൊള്ളുമ്പോൾ മററുപലതിനോടുമൊപ്പം താഴെപ്പറയുന്ന മൂന്ന് അടിസ്ഥാന സവിശേഷതകൾ കൂടുതൽ സ്പഷ്ടമായി നാം പരിഗണിക്കുന്നു. *മാമ്മോദീസാ നമ്മെ ദൈവപുത്രന്റെ ജീവനിൽ പുനർജീവിപ്പിക്കുന്നു; ക്രിസ്തുവിനോടും സഭയാകുന്ന അവിടുത്തെ ശരീരത്തോടും നമ്മെ ഐക്യപ്പെടുത്തുന്നു; ആധ്യാത്മിക ദൈവാലയങ്ങളാക്കി മാററിക്കൊണ്ട് പരിശുദ്ധാത്മാവിൽ നമ്മെ അഭിഷേകം ചെയ്യുന്നു.*

## പുത്രനിൽ മക്കൾ

11. നിക്കൊദേമോസിനോടുള്ള യേശുവിന്റെ വാക്കുകൾ നാം ഇവിടെ അനുസ്മരിക്കുന്നു: ''സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു, ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല'' (യോഹ 3:5). അപ്പോൾ, മാമ്മോദീസാ ഒരു പുനർജനനവും ഒരു പുതുസൃഷ്ടിയുമാണ്.

മാമ്മോദീസായിൽനിന്ന് ഉദ്ഭൂതമാകുന്ന ദാനത്തിന്റെ ഈ സവിശേഷതയെപ്പററി ചിന്തിക്കവേ, പത്രോസ് അപ്പസ്തോലൻ ഇങ്ങനെ കീർത്തിക്കുന്നു: ''നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവിടുന്നു തന്റെ കാരുണ്യാതിരേകത്താൽ, യേശുക്രിസ്തുവിന്റെ മരിച്ചവരിൽനിന്നുള്ള ഉത്ഥാനംവഴി സജീവമായ പ്രത്യാശയിലേക്കും നമ്മൾക്കായി സ്വർഗ്ഗത്തിൽ കാത്തുസൂക്ഷിക്കപ്പെടുന്ന അക്ഷയവും കളങ്കരഹിതവും ഒളിമങ്ങാത്തതുമായ അവകാശത്തിലേക്കും നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നു''

www.malankaralibrary.com



(1 പത്രോ 1:3-4). ''സജീവവും സനാതനവുമായ ദൈവ വചനത്തിലൂടെ വീണ്ടും ജനിച്ചവരെ, നശ്വരമായ ബീജ ത്തിൽനിന്നല്ല, അനശ്വരമായ ബീജത്തിൽനിന്നു ജനിച്ച വരെ'' (1 പത്രോ 1:23) അദ്ദേഹം ക്രൈസ്തവർ എന്നു വിളിക്കുന്നു.

മാമ്മോദീസാവഴി ദൈവത്തിൻെറ *ഏകജാതനായ യേശുക്രിസ്തുവിൽ നാം ദൈവമക്കളായിത്തീരുന്നു.* മാമ്മോദീസാത്തൊട്ടിയിലെ ജലത്തിൽനിന്നുയർന്നു പുറ ത്തുവരുമ്പോൾ ജോർദ്ദാൻ നദീതീരത്ത് പണ്ടൊരിക്കൽ മുഴങ്ങിയ ശബ്ദം ഓരോ ക്രൈസ്തവനും വീണ്ടും കേൾക്കുന്നു. ''നീ എൻെറ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു'' (ലൂക്കാ 3:22). ഒരുവൻ ദത്തുപുത്രസ്ഥാനത്തേക്കുയർന്നുകൊണ്ട് ക്രിസ്തുവി ൻെറ ഒരു സഹോദരനോ, സഹോദരിയോ ആയിത്തീർന്ന് (ഗലാ 4:4-7) പ്രിയപുത്രൻെറ സംസർഗ്ഗത്തിലേക്ക് ആനയിക്കപ്പെടുന്നു എന്ന് ഇതിൽനിന്ന് നമുക്കു മന സ്സിലാക്കാം. ഇപ്രകാരം ഓരോ വ്യക്തിക്കുംവേണ്ടി യുള്ള പിതാവിൻെറ നിത്യമായ പദ്ധതി ചരിത്രത്തിൽ സാക്ഷാത്കരിക്കപ്പെടുന്നു. ''അവിടുന്നു മുൻകൂട്ടി അറി ഞ്ഞവരെ തൻെറ പുത്രൻെറ സാദൃശ്യത്തോട് അനുരൂപ രാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു. ഇത് തൻെറ പുത്രൻ അനേകം സഹോദരരിൽ ആദ്യജാതനാകു ന്നതിനുവേണ്ടിയാണ്'' (റോമാ 8:29).

മാമ്മോദീസാ സ്വീകരിച്ചവരെ ദൈവമക്കളും ക്രിസ്തു വിൻെറ ശരീരത്തിലെ അവയവങ്ങളുമാക്കിത്തീർക്കുന്നത് *പരിശുദ്ധാത്മാവാണ്.* കോറിന്തോസിലെ ക്രൈസ്തവ രെ ഇക്കാര്യം വി. പൗലോസ് അനുസ്മരിപ്പിക്കുന്നു. ''നമ്മളെല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമാകാൻ ജ്ഞാനസ്നാനമേററു'' (1 കോറി 12:13). അങ്ങനെ അ ല്മായവിശ്വാസികളോട് അപ്പസ്തോലന് ഇങ്ങനെ പറ യാൻ കഴിയും: ''നിങ്ങൾ ക്രിസ്തുവിൻെറ ശരീരവും

www.malankaralibrary.com



ഓരോരുത്തരും അതിലെ അവയവങ്ങളുമാണ്'' (1 കോറി 12:27); ''നിങ്ങ൦ മക്കളായതുകൊണ്ട്, തൻെറ പുത്രൻെറ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്ക് അയച്ചിരിക്കുന്നു'' (ഗലാ 4:6; cf. റോമാ 8:15-16).

## ക്രിസ്തുവിൽ നാം ഏകശരീരം

12. ഫ്ളോറൻസ് സൂനഹദോസ് പഠിപ്പിക്കുന്നതുപോലെ[17] ''പുത്രനിൽ മക്കളായി'' പുനർജൻമം സ്വീകരിച്ച് ജ്ഞാനസ്നാനപ്പെട്ടവർ ''*ക്രിസ്തുവിൻെറ അവയവങ്ങളോടും സഭാഗാത്രത്തിൻെറ അവയവങ്ങളോടും*'' അഭേദ്യമായി കൂട്ടിച്ചേർക്കപ്പെടുന്നു.

ക്രൂശിക്കപ്പെടുകയും മഹത്വീകരിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിൻെറ ശരീരത്തോടുള്ള രഹസ്യാത്മകമെങ്കിലും യഥാർത്ഥമായ ഒന്നുചേരലിനെ മാമ്മോദീസാ പ്രതീകാത്മകമായി സൂചിപ്പിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്നു. ജ്ഞാനസ്നാനം സ്വീകരിച്ചവനെ തൻെറ ഉത്ഥാനത്തോട് ഐക്യപ്പെടുത്തേണ്ടതിന് യേശു ഈ കൂദാശവഴി മരണത്തോട് ഐക്യപ്പെടുത്തുന്നു (cf. റോമാ 6:3-5). ''പുതിയ മനുഷ്യനെ'' അതായത് യേശുവിനെത്തന്നെ ധരിക്കാൻവേണ്ടി ''പഴയമനുഷ്യൻ'' ഉരിഞ്ഞുമാറ്റപ്പെടുന്നു: ''ജ്ഞാനസ്നാനം സ്വീകരിച്ച നിങ്ങളെല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു'' (ഗലാ. 3:27 cf. എഫേ 4:22.24; കൊളോ 3:9-10). ഫലമോ, നാം പലരാണെങ്കിലും ക്രിസ്തുവിൽ ഏകശരീരമാണ്'' (റോമാ 12:5).

പിതാവിനെ പുത്രനോടും പുത്രനെ പിതാവിനോടും പരിശുദ്ധാത്മാവാകുന്ന സ്നേഹബന്ധംവഴി രഹസ്യാത്മകമായ കൂട്ടായ്മ യോജിപ്പിക്കുന്നു (cf. യോഹ 17:21). ഈ *കൂട്ടായ്മയുടെ* അടയാളവും തുടർച്ചയും എന്നനിലയിൽ *ക്രിസ്തുവിന് ശിഷ്യരോടും ശിഷ്യർക്കു പരസ്പരവും ഉള്ള രഹസ്യാത്മകമായ ഐക്യം* വെളിപ്പെ

www.malankaralibrary.com



ടുത്തുന്നതാണ് യേശുവിൻെറതന്നെ പ്രബോധനം. ഈ പ്രബോധനത്തിൻെറ വിശ്വസ്തമായ അനുരണനം വി. പൗലോസിൻെറ വാക്കുകളിൽ വീണ്ടും നാം കേൾക്കുന്നു. മുന്തിരിച്ചെടിയുടെയും ശാഖകളുടെയും സാദൃശ്യംവഴി യേശു ഈ ഐക്യത്തെയാണ് പരാമർശിക്കുന്നത്: ''ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും ആണ്'' (യോഹ. 15:5) എന്ന ഉപമ ശിഷ്യർക്ക് യേശുവിനോടുള്ള ഗാഢമൈത്രിയിലേക്കുമാത്രമല്ല, ശിഷ്യർക്ക് അന്യോന്യം ഉണ്ടായിരിക്കേണ്ട സജീവ കൂട്ടായ്മയുടെ ആവശ്യകതയിലേക്കും വെളിച്ചം വീശുന്നു. ഒരേ മുന്തിരിച്ചെടിയുടെ ശാഖകൾ ആണല്ലോ എല്ലാവരും.

## പരിശുദ്ധാത്മാവിൻെറ പവിത്രവും സജീവവുമായ ആലയങ്ങൾ

13. മറെറാരു താരതമ്യവിചിന്തനത്തിൽ പത്രോസ് അപ്പസ്തോലൻ ഒരു ഭവനത്തിൻെറ സാദൃശ്യം ഉപയോഗിക്കുന്നു. ''മൂലക്കല്ലാ''യ ക്രിസ്തുവിൽ അടിസ്ഥാനമിട്ടതും ആദ്ധ്യാത്മികഭവനമായി പടുത്തുയർത്തപ്പെടേണ്ട''തുമായ (1 പത്രോ 2:5 ff) ''സജീവശിലക''ളായി ജ്ഞാനസ്നാനം സ്വീകരിച്ചവരെ നിർവചിക്കുന്നു. രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രതിപാദിക്കുന്നതുപോലെ മാമ്മോദീസായിൽനിന്ന് ആവിർഭവിക്കുന്ന ക്രൈസ്തവജീവൻെറ സവിശേഷതയുടെ മറെറാരു വശവും ഈ സാദൃശ്യം എടുത്തുകാട്ടുന്നു: ''ജ്ഞാനസ്നാനത്താൽ നവമായി ജനിക്കുകയും പരിശുദ്ധാത്മാവിനാൽ അഭിഷേചിക്കപ്പെടുകയും ചെയ്തിരിക്കുന്ന ജ്ഞാനസ്നാതർ (ജ്ഞാനസ്നാനം സ്വീകരിച്ചവർ) ഒരു ആദ്ധ്യാത്മിക ഭവനമായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു''.[18]

ഓരോ ജ്ഞാനസ്നാതനെയും മായാത്ത മുദ്രപതിച്ചുകൊണ്ട് (cf. 2 കോറി 1:21-22) പരിശുദ്ധാത്മാവ് ''അഭിഷേകം ചെയ്യുന്നു''. ഈ അഭിഷേകത്തിൽ ഓരോ വ്യക്തിയേയും ആദ്ധ്യാത്മിക ആലയമാക്കിത്തീർക്കുന്നു.

www.malankaralibrary.com



അതായത് ഓരോ വ്യക്തിക്കും യേശുക്രിസ്തുവിനോട് സാദൃശ്യവും ഐക്യവും ഉള്ളതിനാൽ പരിശുദ്ധാത്മാവ് ദൈവത്തിൻെറ പരിശുദ്ധ സാന്നിദ്ധ്യം ഈ ആലയത്തിൽ നിറയ്ക്കുന്നു. ആദ്ധ്യാത്മികമായ ഈ ''അഭിഷേക''ത്താൽ (unction) ക്രൈസ്തവർക്കു വ്യക്തിപരമായവിധം യേശുവിൻെറ വാക്കുകൾ ആവർത്തിച്ചു പറയാനാവും: ''കർത്താവിൻെറ ആത്മാവ് എൻെറമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു'' (ലൂക്കാ 4:18–19; cf. ഏശ 61:1–2). അങ്ങനെ മാമ്മോദീസായിലൂടെയും, സ്ഥൈര്യലേപനത്തിലൂടെയും പരിശുദ്ധാത്മാവ് വർഷിക്കപ്പെടുന്നതുവഴി ക്രിസ്തുവായ യേശുവിൻെറ – രക്ഷകനായ മിശിഹായുടെ–അതേ ദൗത്യത്തിൽ ജ്ഞാനസ്നാതർ പങ്കുകാരാകുന്നു.

## യേശുക്രിസ്തുവിൻെറ പൗരോഹിത്യ–പ്രവാചക–രാജകീയ ദൗത്യത്തിലെ പങ്കാളികൾ

14. ജ്ഞാനസ്നാതരെ ''നവജാതശിശുക്കൾ'' എന്നു വിശേഷിപ്പിച്ചുകൊണ്ട് പത്രോസ് അപ്പസ്തോലൻ ഇങ്ങനെ എഴുതുന്നു. ''സജീവശിലയായ അവനെ നമുക്കു സമീപിക്കാം. മനുഷ്യൻ തിരസ്കരിച്ചതും ദൈവം തിരഞ്ഞെടുത്തതുമായ അമൂല്യശിലയാണ് അവൻ. നിങ്ങൾ സജീവശിലകൾകൊണ്ടുള്ള ഒരു ആദ്ധ്യാത്മിക ഭവനമായി പടുത്തുയർത്തപ്പെടട്ടെ. യേശുക്രിസ്തുവഴി ദൈവത്തിനു സ്വീകാര്യമായ ബലികൾ അർപ്പിക്കുന്നതിന് വിശുദ്ധമായ ഒരു പുരോഹിതജനം ആവുകയും ചെയ്യട്ടെ...നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധ ജനതയും ദൈവത്തിൻെറ സ്വന്തം ജനവുമാണ്. അതിനാൽ അന്ധകാരത്തിൽനിന്ന്

www.malankaralibrary.com



തന്റെ അദ്ഭുതകരമായ പ്രകാശത്തിലേക്ക് നിങ്ങളെ വിളിച്ചവന്റെ നന്മകരം പ്രകീർത്തിക്കണം'' (1 പത്രോ 2:4-5,9).

മാമ്മോദീസാവഴി നമുക്കു കരഗതമാകുന്ന കൃപാവരത്തിന്റെയും മഹനീയതയുടെയും ഒരു പുതിയഭാവം നമുക്കിവിടെ കാണാം. പുരോഹിതൻ, പ്രവാചകൻ, രാജാവ് എന്നീ നിലകളിലുള്ള ക്രിസ്തുവിന്റെ ത്രിവിധദൗത്യത്തിൽ അല്മായവിശ്വാസികരം തങ്ങളുടേതായ പങ്കുവഹിക്കുന്നു. സഭയുടെ സജീവപാരമ്പര്യത്തിൽ ഇക്കാര്യം ഒരിക്കലും വിസ്മൃതമായിട്ടില്ല. 26-ാം സങ്കീർത്തനത്തിന്റെ വ്യാഖ്യാനത്തിൽ വി. ആഗസ്തിനോസ് ഉദാഹരിച്ചുപറയുന്നത് ഇങ്ങനെയാണ്: ''ദാവീദ് രാജാവായി അഭിഷേചിക്കപ്പെട്ടു. അക്കാലത്ത് രാജാവും പുരോഹിതനും മാത്രമേ അഭിഷിക്തരായിരുന്നുള്ളു. ഈ രണ്ടു വ്യക്തികളും വരാനിരിക്കുന്ന ഏകപുരോഹിതനും രാജാവുമായ ക്രിസ്തുവിനെ (''ക്രിസ്തു'' എന്ന പദത്തിനർത്ഥം ''അഭിഷിക്തൻ'') യാണ് മുൻകൂട്ടി സൂചിപ്പിക്കുന്നത്. നമ്മുടെ ശിരസ്സു മാത്രമല്ല അഭിഷിക്തമായിട്ടുള്ളത്. പ്രത്യുത അവിടുത്തെ ശരീരമായ നമ്മളും അഭിഷിക്തരായിട്ടുണ്ട്... പഴയനിയമകാലത്ത് *അഭിഷേകം* രണ്ടു വ്യക്തികരംക്കു മാത്രമായിരുന്നു. എന്നാൽ ഇന്ന് അത് എല്ലാ ക്രൈസ്തവർക്കുമുള്ളതാണ്. നാം ക്രിസ്തുവിന്റെ ശരീരമാണെന്ന കാര്യം വ്യക്തമാണ്, കാരണം, നാം ഏവരും ''അഭിഷിക്തരും അവനിൽ നാം ''ക്രിസ്തുമാരും'' ആണ്. അതായത് ''അഭിഷിക്തനായ'' ക്രിസ്തുവിനെപ്പോലെതന്നെ ''അഭിഷിക്തർ'' ആണ്: ഒരുവിധത്തിൽ പറഞ്ഞാൽ ശിരസ്സും ശരീരവും കൂടിച്ചേർന്ന് മുഴുവൻ ക്രിസ്തുവും രൂപം കൊള്ളുന്നു''.[19]

എന്റെ അജപാലനശുശ്രൂഷയുടെ ആരംഭത്തിൽ രണ്ടാംവത്തിക്കാൻ സൂനഹദോസിന്റെ വഴിത്താരയിൽ തന്നെ[20] ദൈവജനം മുഴുവന്റെയും പൗരോഹിത്യപരവും പ്രവചനപരവും രാജകീയവുമായ ഔൽകൃഷ്ട്യം താഴെക്കാ

www.malankaralibrary.com



ണുന്ന വാക്കുകളിലൂടെ ശക്തമായി ഊന്നിപ്പറയുക ആയിരുന്നു, എന്റെ ലക്ഷ്യം: ''കന്യകാമറിയത്തിൽനിന്നു പിറന്ന ആ തച്ചന്റെ മകൻ—അങ്ങനെയാണല്ലോ അവിടന്നു കരുതപ്പെട്ടിരുന്നത്—പത്രോസ് ഏറ്റുപറഞ്ഞതുപോലെ ജീവിക്കുന്ന ദൈവത്തിന്റെ പുത്രൻ—നമ്മെ 'പുരോഹിത ജനപദം' ആക്കാനായി വന്നിരിക്കുന്നു. അവിടുത്തെ ഈ അധികാരത്തിന്റെ രഹസ്യം രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ അനുസ്മരിപ്പിക്കുന്നു. പുരോഹിതൻ, പ്രവാചക-പ്രബോധകൻ, രാജാവ് എന്നീ നിലകളിലുള്ള ക്രിസ്തുവിന്റെ ദൗത്യം സഭയിൽ തുടരുന്നു എന്ന വസ്തുതയും വത്തിക്കാൻ സൂനഹദോസ് നമ്മെ അനുസ്മരിപ്പിക്കുന്നു. ഈ ത്രിവിധ ദൗത്യത്തിൽ ഓരോരുത്തരും, ദൈവജനം മുഴുവനും പങ്കു വഹിക്കുന്നു''.[21]

ഈ ഉദ്ബോധനത്തിലൂടെ ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിൽ പങ്കുകാരാകുന്നതിനെപ്പററി സമ്പന്നവും ഫലപ്രദവുമായ പ്രബോധനം കൗൺസിൽ നല്കുന്നുണ്ട്. നവീകൃതമായ ബോദ്ധ്യത്തോടും താത്പര്യത്തോടും കൂടെ എടുത്ത് വീണ്ടും വായിക്കാനും ധ്യാനിക്കാനും സാംശീകരിക്കാനും അല്മായവിശ്വാസികളെ ക്ഷണിക്കുന്നു.[22] ഈ പ്രബോധനത്തിന്റെ സാരവത്തായ ഘടകങ്ങൾ സംഗ്രഹരൂപത്തിൽ ഇവിടെ പ്രതിപാദിക്കുകയാണ്.

അല്മായവിശ്വാസികൾ ക്രിസ്തുവിന്റെ പൗരോഹിത്യ ദൗത്യത്തിൽ പങ്കാളികളത്രേ. യേശു തന്റെ പൗരോഹിത്യദൗത്യം നിർവഹിച്ചത് ദൈവമഹത്വത്തിനും മനുഷ്യരക്ഷയ്ക്കുംവേണ്ടി തന്നെത്തന്നെ കുരിശിൽ ബലിയർപ്പിച്ചുകൊണ്ടും വി. കുർബാനവഴി തുടർന്നും അർപ്പിച്ചുകൊണ്ടും ആണ്. യേശുക്രിസ്തുവിനോട് കൂട്ടിച്ചേർക്കപ്പെട്ടുകൊണ്ട്, തങ്ങളെയും തങ്ങളുടെ അനുദിന പ്രവർത്തനങ്ങളെയും (cf. റോമാ 12:1,2) കാഴ്ചവയ്ക്കുകവഴി ജ്ഞാനസ്നാതർ ക്രിസ്തുവിനോടും അവിടുത്തെ ബലിയോടും ഐക്യപ്പെടുന്നു. അല്മായവിശ്വാസികളെ പരാ

www.malankaralibrary.com



മർശിക്കവേ, സൂനഹദോസ് ഇങ്ങനെ പറയുന്നു. ''അവരുടെ സകല ജോലിയും പ്രാർത്ഥനകളും പ്രേഷിത സംരംഭങ്ങളും സാധാരണ വൈവാഹിക കുടുംബജീവിതവും അനുദിനവേലയും മാനസികവും ശാരീരികവുമായ വിശ്രമവും ക്ഷമയോടെ സഹിക്കുന്ന ജീവിതക്ളേശങ്ങൾ പോലും എല്ലാം പരിശുദ്ധാത്മാവിൽ നിർവഹിക്കപ്പെടുമ്പോൾ അവ ക്രിസ്തുവിലൂടെ ദൈവത്തിനു സ്വീകാര്യമായ ആദ്ധ്യാത്മികബലിയായിത്തീരുന്നു (cf. പത്രോ 2:5). വി.കുർബാനയിൽ കർത്താവിൻെറ ശരീരത്തോടൊപ്പം ഇവയും ഏററവും ഭക്തിപൂർവ്വം പിതാവിനു സമർപ്പിക്കപ്പെടുന്നു. അങ്ങനെ അല്മായരും ആരാധകരെന്ന നിലയിൽ ഓരോ പ്രവൃത്തിയും വിശുദ്ധീകരിച്ചുകൊണ്ട് ലോകത്തെത്തന്നെ ദൈവത്തിനു സമർപ്പിക്കുന്നു''.[23]

''തൻെറ ജീവിത സാക്ഷ്യത്താലും വചനത്തിൻെറ ശക്തിയാലും പിതാവിൻെറ രാജ്യം പ്രഘോഷിച്ച'' [24] ക്രിസ്തുവിൻെറ *പ്രവാചകദൗത്യത്തിൽ* അല്മായർ പങ്കുചേരുന്നു. അങ്ങനെ വിശ്വാസത്തോടെ സുവിശേഷം സ്വീകരിക്കുവാനും, സധൈര്യം തിന്മയെ തിരിച്ചറിഞ്ഞ് ഉപേക്ഷിച്ചുകൊണ്ട് സുവിശേഷത്തെ വാക്കിലും പ്രവൃത്തിയിലും പ്രഖ്യാപിക്കാനും അല്മായർക്കു കഴിവും കടമയും കൈവരുന്നു. ''വലിയ പ്രവാചകൻ'' (ലൂക്കാ 7:16) ആയ ക്രിസ്തുവിനോട് ഐക്യപ്പെട്ടും ഉത്ഥിതനായ ക്രിസ്തുവിന് പരിശുദ്ധാത്മാവിൽ ''സാക്ഷികളായും'' അല്മായവിശ്വാസികൾ നിലകൊള്ളുന്നു. അപ്രകാരം ''വിശ്വാസകാര്യങ്ങളിൽ തെററുപററാത്ത''[25] സഭയുടെ പ്രകൃത്യതീതമായ വിശ്വാസത്തിൻെറ വിലമതിക്കലിലും വചനത്തിൻെറ കൃപാവരത്തിലും അവർ പങ്കുകാരാകുകയും ചെയ്യുന്നു (cf. അപ്പ 2:17–18; വെളി 19:10). അനുദിനം തങ്ങളുടെ കുടുംബത്തിലും സാമൂഹിക ജീവിതത്തിലും സുവിശേഷത്തിൻെറ ശക്തിയും പുതുമയും പ്രകാശിപ്പിക്കുവാൻ അവർ വിളിക്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൻെറ വൈരുദ്ധ്യ

www.malankaralibrary.com



ങ്ങളിൽ ''സന്യസ്തേതര ജീവിതത്തിന്റെ ചട്ടക്കൂട്ടിലൂടെ''[26] ഭാവിമഹത്വത്തിലുള്ള അവരുടെ പ്രത്യാശ ക്ഷമയോടും ധീരതയോടുംകൂടി പ്രകടിപ്പിക്കാനും അവർ ബാദ്ധ്യസ്ഥരായിരിക്കുന്നു.

പ്രപഞ്ചത്തിന്റെ നാഥനും രാജാവും ആയ ക്രിസ്തുവിനുള്ളവരാകയാൽ, അല്മായർ അവിടുത്തെ രാജകീയ ദൗത്യത്തിൽ പങ്കുകാരാവുകയും ചരിത്രത്തിൽ ആ രാജ്യം വിസ്തൃതമാക്കാൻ വിളിക്കപ്പെടുകയും ചെയ്യുന്നു. സർവോപരി പാപത്തിന്റെ ആധിപത്യത്തെ (cf. റോമാ 6:12) അതിജീവിക്കാനുള്ള ആദ്ധ്യാത്മിക പോരാട്ടത്തിലാണ്, ക്രൈസ്തവർ എന്ന നിലയിൽ അവർ തങ്ങളുടെ രാജത്വം പ്രാവർത്തികമാക്കുന്നത്. അനന്തരം, എല്ലാ സഹോദരരിലും സർവോപരി ഏററവും ചെറിയവനിലും (cf. മത്താ 25:40) സന്നിഹിതനായിരിക്കുന്ന യേശുവിനെ നീതിയോടും ഉപവിയോടുംകൂടി സേവിക്കാൻ സ്വയം സമർപ്പിക്കുന്നതിലും ക്രൈസ്തവരുടെ രാജത്വം അടങ്ങിയിരിക്കുന്നു.

എന്നാൽ സൃഷ്ടിയെ അതിന്റെ സമസ്ത പ്രാരംഭമൂല്യത്തിലേക്ക് പുനരുദ്ധരിക്കുവാൻ അല്മായവിശ്വാസികൾ പ്രത്യേകം വിളിക്കപ്പെട്ടിരിക്കുന്നു. കൃപാവരജീവിതത്താൽ നിയന്ത്രിക്കപ്പെടുന്ന പ്രവർത്തനത്തിലൂടെ, യഥാർത്ഥ മനുഷ്യക്ഷേമത്തിനായുള്ള സൃഷ്ടിയുടെ ക്രമപ്പെടുത്തലിലൂടെയാണ് അവർ ഉത്ഥിതനായ ക്രിസ്തുവിന്റെ അധികാരവിനിയോഗത്തിൽ പങ്കുചേരുന്നത്. ഈ അധികാരത്തിലൂടെയാണ് ക്രിസ്തു സമസ്തവും തന്നിലേക്ക് ആകർഷിക്കുകയും ദൈവം എല്ലാവർക്കും എല്ലാം ആകേണ്ടതിന് അവയെ തന്നോടൊപ്പം പിതാവിന അധീനമാക്കുകയും ചെയ്യുന്നത് (cf. 1 കോറി 15:28; യോഹ 12:32).

പുരോഹിതൻ, പ്രവാചകൻ, രാജാവ് എന്നീ നിലകളിലുള്ള ക്രിസ്തുവിന്റെ ത്രിവിധദൗത്യത്തിൽ അല്മായ വിശ്വാസികളുടെ പങ്കാളിത്തത്തിന്റെ ഉറവിടം ജ്ഞാനസ്നാനാഭിഷേകമാണ്. സ്ഥൈര്യലേപനത്തിൽ അതു വളർ

www.malankaralibrary.com



ച്ച പ്രാപിക്കുകയും വി. കുർബ്ബാനയിൽ അതു സാക്ഷാത്കരിക്കപ്പെടുകയും ശക്തിയുടെ പോഷണമായിത്തീരുകയും ചെയ്യുന്നു. കർത്താവിന്റെ *ഏകശരീരത്തിനു* രൂപം നല്കുന്ന *അനവധി* അവയവങ്ങളിൽ ഒന്ന് ആയിരിക്കുന്ന തോതിൽ ഓരോ അല്മായ വിശ്വാസിക്കും *വ്യക്തിപരമായി* നല്കപ്പെടുന്ന പങ്കാളിത്തമാണിത്. വാസ്തവത്തിൽ, തന്റെ ശരീരവും മണവാട്ടിയുമായ സഭയിൽ യേശു തന്റെ ദാനങ്ങൾ വർഷിക്കുന്നു. ഇപ്രകാരം സഭാംഗങ്ങൾ ആയിരിക്കുകവഴി വ്യക്തികൾ ക്രിസ്തുവിന്റെ ത്രിവിധ ദൗത്യത്തിൽ പങ്കുകാരായി ഭവിക്കുന്നു. ഇതുതന്നെയാണ്, ജ്ഞാനസ്നാതരെ ''തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനവും ദൈവത്തിന്റെ സ്വന്തം ജനവുമായി'' (1 പത്രോ 2:9) നിർവചിക്കുമ്പോൾ വി. പത്രോസ് വ്യക്തമായി പഠിപ്പിക്കുന്നത്. *സഭാകൂട്ടായ്മയിൽ*നിന്ന് ആവിർഭവിക്കുന്നതാണ് ക്രിസ്തുവിന്റെ ത്രിവിധദൗത്യത്തിലുള്ള അല്മായ വിശ്വാസികളുടെ പങ്കാളിത്തം. അതുകൊണ്ട് ഇത് *കൂട്ടായ്മയിലൂടെ*തന്നെ ജീവിക്കുകയും സാക്ഷാത്കരിക്കുകയും കൂട്ടായ്മയുടെ വളർച്ചയ്ക്ക് സഹായകമാക്കുകയും വേണം. വി. ആഗസ്തീനോസ് ഇങ്ങനെ എഴുതുന്നു. ''രഹസ്യാത്മകമായ അഭിഷേകം നിമിത്തം നാം ഓരോരുത്തരെയും '' ക്രൈസ്തവർ' എന്നു വിളിക്കുന്നതുപോലെ, ഏകപൗരോഹിത്യത്തിൽ അംഗങ്ങളായിരിക്കുന്നതുകൊണ്ട് നമുക്ക് ഓരോരുത്തരെയും 'പുരോഹിതർ' എന്നു വിളിക്കാം''.[27]

## അല്മായവിശ്വാസികളും അവരുടെ ലൗകിക സ്വഭാവവും

15. ക്രൈസ്തവജീവന്റെ പുതുമയാണ് ക്രിസ്തുവിൽ ജ്ഞാനസ്നാനം സ്വീകരിച്ചവരുടെയും ദൈവജനത്തിലെ മുഴുവൻ അംഗങ്ങളുടെയും തുല്യതയ്ക്കുള്ള അടിസ്ഥാനവും പ്രമാണപത്രവും: ''അംഗങ്ങളെന്ന നിലയിൽ ക്രിസ്തുവിലുള്ള പുനർജനനം വഴി ലഭിക്കുന്ന ഈ പൊതുമാഹാ

www.malankaralibrary.com



ത്മ്യത്തിൽ അവർ പങ്കുചേരുന്നു. പുത്രത്വത്തിന്റെ കൃപയും പരിപൂർണ്ണതയ്ക്കായുള്ള വിളിയും എല്ലാവർക്കും ഒന്നുതന്നെയാകുന്നു. അവർ ഒരേ രക്ഷയും ഒരേ പ്രത്യാശയും ഒരേ അവിഭക്ത ഉപവിയും ഉള്ളവരാണ്''.[28] ജ്ഞാനസ്നാനത്തിൽനിന്ന് നിർഗ്ഗളിക്കുന്ന ഏകമഹത്വം കാരണം, അല്മായവിശ്വാസികൾ ഓരോരുത്തരും തിരുപ്പട്ടമേററ ശുശ്രൂഷകരോടും സന്യസ്തരായ സ്ത്രീ പുരുഷൻമാരോടുമൊപ്പം സഭാദൗത്യത്തിനുവേണ്ടിയുള്ള ഉത്തരവാദിത്വത്തിൽ പങ്കാളികളാണ്.

പക്ഷേ, അല്മായവിശ്വാസികളുടെ ഇടയിൽ ഈയൊരു ജ്ഞാനസ്നാനമാഹാത്മ്യം അവരെ പൗരോഹിത്യത്തിൽനിന്നോ സന്യാസത്തിൽനിന്നോ *വേർപെടുത്താതെ പ്രത്യേകമായൊരു ജീവിതരീതിക്കായി മാററിനിർത്തുന്നു.* എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസ് ഈ ജീവിതശൈലിയെ ''ലൗകിക സ്വഭാവം'' (secular character) ഉള്ളതെന്ന് വിശേഷിപ്പിക്കുന്നുണ്ട്. ''ഈ ലൗകികസ്വഭാവം യഥാർത്ഥമായും പ്രത്യേകമായും അല്മായവിശ്വാസികളെ സംബന്ധിച്ചുള്ളതാണ്''.[29]

അല്മായവിശ്വാസികൾക്ക് സഭയിലുള്ള സ്ഥാനത്തെപ്പററി സമഗ്രമായും പര്യാപ്തമായും സവിശേഷമായും മനസ്സിലാക്കാൻ, ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ വെളിച്ചത്തിലും സഭാരഹസ്യത്തിന്റെ പശ്ചാത്തലത്തിലും അവരുടെ സന്യസ്തേതര സ്വഭാവത്തെപ്പററി ആഴമേറിയ ദൈവശാസ്ത്ര പരിജ്ഞാനം ആവശ്യമാണ്.

പോൾ ആറാമൻ മാർപാപ്പാ പറഞ്ഞു: ''സഭയ്ക്ക് അവളുടെ ആന്തരികസ്വഭാവത്തിലും ദൗത്യത്തിലും അന്തർലീനമായ ഒരു യഥാർത്ഥ ലൗകികമാനമുണ്ട്. ഇതാകട്ടെ അവതീർണ്ണവചനത്തിന്റെ രഹസ്യത്തിൽ ആഴമായി വേരൂന്നിയതും അവളുടെ സന്താനങ്ങളിലൂടെ വിവിധ രൂപങ്ങളിൽ സാക്ഷാത്കരിക്കപ്പെടുന്നതുമാണ്''.[30]

വാസ്തവത്തിൽ, ലോകത്തിന്റേതല്ലെങ്കിൽപ്പോലും ലോകത്തിലാണ് സഭ ജീവിക്കുന്നത് (cf. യോഹ 17:16).

www.malankaralibrary.com



യേശുക്രിസ്തുവിന്റെ രക്ഷാകരജോലി തുടരാനാണ് അവരം അയയ്ക്കപ്പെട്ടിരിക്കുന്നത്. അതാകട്ടെ, ''അതിന്റെ സ്വഭാവത്താൽത്തന്നെ മനുഷ്യരക്ഷയെ സംബന്ധിക്കുന്നതാണ്. മാത്രമല്ല, മുഴുവൻ ഭൗതികവ്യവസ്ഥിതിയേയും നവീകരിക്കുക എന്നതുകൂടി ഇതിൽ അടങ്ങിയിരിക്കുന്നു''. [31]

സഭയിലെ *എല്ലാ അംഗങ്ങളും* തീർച്ചയായും ഈ ലൗകികമാനത്തിൽ പങ്കുചേരുന്നു, പക്ഷേ *പല തരത്തിലാണെന്നു മാത്രം.* പ്രത്യേകിച്ച് *അല്മായവിശ്വാസികളുടെ* പങ്കാളിത്തത്തിന് അതിന്റേതായ സാക്ഷാത്കാര രീതിയും പ്രവർത്തനശൈലിയുമുണ്ട്. സൂനഹദോസ് പറയുന്നതുപോലെ ''ഉചിതമായും പ്രത്യേകമായും'' അവരുടേതായ ശൈലിയാണത്. ''ലൗകിക സ്വഭാവ''മെന്നതുകൊണ്ടു സൂചിപ്പിക്കപ്പെടുന്നത് ഈ രീതിയാണ്. [32]

മതേതരമായൊരു ലോകത്തിൽ അല്മായവിശ്വാസികളുടെ അവസ്ഥ വിശദമാക്കവേ, വാസ്തവത്തിൽ അവർക്കു വിളി ലഭിക്കുന്ന സ്ഥലമാണിതെന്ന് സൂനഹദോസ് സർവ്വോപരി ചൂണ്ടിക്കാണിക്കുന്നു. ''അവിടെയാണ് ദൈവം അവരെ വിളിക്കുന്നത്''.[33] സൂനഹദോസ് ഈ ''സ്ഥലത്തെ'' ശക്തമായ ഭാഷയിൽ പരാമർശിക്കുകയും അവതരിപ്പിക്കുകയും ചെയ്യുന്നു. ''അല്മായവിശ്വാസികരം എല്ലാ ഭൗതിക ഉദ്യോഗങ്ങളിലും തൊഴിലുകളിലും ഏർപ്പെട്ടാണ് ലോകത്തിൽ ജീവിക്കുന്നത്. അവരുടെ അസ്തിത്വത്തിനുതന്നെ ഊടും പാവുമായി ഭവിക്കുന്ന കുടുംബപരവും സാമൂഹികവുമായ സാധാരണ ചുററുപാടുകളിലാണ് അവർ ജീവിക്കുന്നത്.[34] ലോകത്തിൽ സാധാരണ ജീവിതം നയിക്കുന്ന വ്യക്തികളണവർ. അവർ പഠിക്കുന്നു; പ്രവർത്തിക്കുന്നു; അവർ സുഹൃത്തുക്കളായും ഉദ്യോഗസ്ഥരായും സാമൂഹികവും സാംസ്കാരികവുമായ സംഘടനകരം മുതലായവയിൽ അംഗത്വമുള്ളവരായും ബന്ധങ്ങരം സ്ഥാപിക്കുന്നു. അല്മായരുടെ അവസ്ഥ കേവലം ബാഹ്യവും സാഹചര്യപരവുമായ ഒരു ചട്ടക്കൂടായി

www.malankaralibrary.com



ട്ടല്ല സൂനഹദോസ് വീക്ഷിക്കുന്നത്. പ്രത്യുത, *യേശുക്രിസ്തുവിൽ അർത്ഥപൂർണ്ണത കണ്ടെത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള* ഒരു യാഥാർത്ഥ്യമായിട്ടത്രേ. [35] ഈ വസ്തുത സൂനഹദോസിനെ താഴെപ്പറയുന്ന കാര്യങ്ങൾ സ്ഥിരീകരിക്കാൻ പ്രേരിപ്പിച്ചു. അതായത്, ''മനുഷ്യനായി അവതരിച്ച ദൈവവചനം മനുഷ്യരുമായുള്ള സഹവർത്തിത്വത്തിൽ ഭാഗഭാക്കാകാൻ ആഗ്രഹിച്ചു... മാനുഷികബന്ധങ്ങളെ, പ്രത്യേകിച്ച്, സാമൂഹ്യസംഘടനകളുടെ സ്രോതസ്സായ കുടുംബബന്ധങ്ങളെ, മാതൃരാജ്യത്തിന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട് അവിടുന്നു പവിത്രീകരിച്ചു. ആ കാലത്തിന്റെയും സ്ഥലത്തിന്റെയും സ്ഥിതിക്കൊത്ത ഒരു തൊഴിലാളിയുടെ സാധാരണജീവിതം നയിക്കാൻ അവിടുന്നു തിരുമനസ്സായി''.[36]

അങ്ങനെ *'ലോകം' അല്മായവിശ്വാസികൾക്ക് അവരുടെ ക്രൈസ്തവവിളി നിറവേറ്റാനുള്ള വേദിയും മാർഗ്ഗവുമായിത്തീരുന്നു.* കാരണം പിതാവായ ദൈവത്തെ ക്രിസ്തുവിൽ മഹത്വപ്പെടുത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് ലോകംതന്നെയും. അല്മായവിശ്വാസികളെ ഉദ്ദേശിച്ച് ദൈവികവിളിയുടെ സവിശേഷവും ഉചിതവുമായ അർത്ഥം ചൂണ്ടിക്കാണിക്കാൻ സൂനഹദോസിനു കഴിയുന്നു. ലോകത്തിൽ തങ്ങൾക്കുള്ള സ്ഥാനം കൈവെടിയാനല്ല അല്മായർ വിളിക്കപ്പെട്ടിരിക്കുന്നത്. ''അതുകൊണ്ട്, സഹോദരരേ, ഏതവസ്ഥയിൽ നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നുവോ, ആ അവസ്ഥയിൽ ദൈവത്തോടൊത്തു നിലനില്ക്കുവിൻ'' (1 കോറി 7:24) എന്ന് പൗലോസ് അപ്പസ്തോലൻ ചൂണ്ടിക്കാണിക്കുന്നതുപോലെ മാമ്മോദീസാ അവരെ ലോകത്തിൽ നിന്ന് വേർപെടുത്തുന്നില്ല. ലോകത്തിൽ അവരുടെ സാഹചര്യവുമായി ബന്ധപ്പെട്ട വിളിയാണ് അവിടുന്ന് അവർക്കു നല്കുന്നത്. വാസ്തവത്തിൽ 'അവിടെ സുവിശേഷ ചൈതന്യത്താൽ പ്രേരിതരായി സ്വകർത്തവ്യങ്ങൾ നിർവ്വഹിച്ചുകൊണ്ട് ലോകവിശുദ്ധീകരണാർത്ഥം അതിലെ പുളിമാവാ

www.malankaralibrary.com



യി വർത്തിക്കാൻ ദൈവം അല്മായവിശ്വാസികളെ വിളിച്ചിരിക്കുന്നു. അങ്ങനെ, അവർ പ്രഥമമായി ജീവിത മാതൃകയാലും, വിശ്വാസം, ശരണം, ഉപവി എന്നിവയുടെ ശോഭയാലും മററുള്ളവർക്കു ക്രിസ്തുവിനെ കാണിച്ചുകൊടുക്കട്ടെ.[37] അപ്പോഠം ലോകത്തിൽ സന്നിഹിതരായിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നത് മാനവവിജ്ഞാനീയപരവും സാമൂഹ്യശാസ്ത്രപരവുമായ ഒരു യാഥാർത്ഥ്യം മാത്രമല്ല, പ്രത്യേക വിധത്തിൽ, ദൈവശാസ്ത്രപരവും സഭാവിജ്ഞാനീയപരവുമായ ഒരു യാഥാർത്ഥ്യംകൂടിയാണ്. വാസ്തവത്തിൽ, ലോകത്തിലെ അവരുടെ ചുററുപാടിൽ ദൈവം തൻെറ പദ്ധതി പ്രകടമാക്കുന്നു. ''ഭൗതികകാര്യങ്ങളെ നിയന്ത്രിക്കുകയും ദൈവഹിതാനുസാരം അവ ക്രമവൽക്കരിക്കുകയും സ്വന്തം ദൈവവിളിക്കനുസൃതമായി ദൈവരാജ്യം അന്വേഷിക്കുകയും[38] ചെയ്യുക എന്ന അവരുടെ പ്രത്യേകവിളി ദൈവം അവരെ അറിയിക്കുകയും ചെയ്യുന്നു.

കൃത്യമായും ഇക്കാര്യം അനുസ്മരിച്ചുകൊണ്ട് കൗൺസിൽ പിതാക്കന്മാർ ഇങ്ങനെ പറഞ്ഞു: ''അതിനാൽ അല്മായവിശ്വാസികളുടെ ലൗകികസ്വഭാവം സാമൂഹികാർത്ഥത്തിൽ മാത്രമല്ല നിർവ്വചിക്കപ്പെടേണ്ടത്, പിന്നെയോ, ഏററവും പ്രധാനമായി ദൈവശാസ്ത്രപരമായ അർത്ഥത്തിലും നിർവ്വചിക്കപ്പെടണം. സൃഷ്ടികർമ്മത്തിൽ സ്ത്രീ പുരുഷൻമാർ, പങ്കാളികഠം ആകാൻവേണ്ടി ലോകത്തെ അവർക്കു നല്കിയ സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിൻെറ പ്രവൃത്തിയുടെ വെളിച്ചത്തിൽ വേണം *ലൗകികം* (secular) എന്ന പദപ്രയോഗം മനസ്സിലാക്കാൻ. അവരുടെ സൃഷ്ടികർമ്മത്തിലുള്ള പങ്കാളിത്തം സ്വതന്ത്രവും പാപസ്വാധീനമില്ലാത്തതുമായിരിക്കണം. വിവാഹമോ, ബ്രഹ്മചര്യജീവിതമോ, കുടുംബമോ, തൊഴിലോ, ഇതരസാമൂഹിക പ്രവർത്തനങ്ങളോവഴി തങ്ങളെത്തന്നെ വിശുദ്ധീകരിക്കുകയും വേണം''.[39]

www.malankaralibrary.com



അപ്പോൾ *അല്മായവിശ്വാസികളുടെ സഭയിലെ സ്ഥാനം* അവരുടെ *ക്രൈസ്തവജീവിതത്തിന്റെ പുതുമയെ* ആസ്പദമാക്കി അടിസ്ഥാനപരമായി നിർവ്വചിക്കപ്പെടുകയും അവരുടെ *ലൗകികസ്വഭാവത്തെ* ആധാരമാക്കി വേർതിരിക്കപ്പെടുകയും ചെയ്യുന്നു.[40]

സുവിശേഷത്തിലെ ഉപ്പ്, പ്രകാശം, പുളിമാവ് എന്നീ ഉപമകൾ യേശുവിന്റെ എല്ലാ ശിഷ്യന്മാരോടും വിവേചനമെന്യേ ബന്ധപ്പെടുത്താമെങ്കിലും പ്രത്യേകവിധത്തിൽ അല്മായവിശ്വാസികളോടു ബന്ധപ്പെടുത്താം. അവ പ്രത്യേകം അർത്ഥവത്തായ ഉപമകളാണ്. കാരണം, ഭൂമിയുടെയും ലോകത്തിന്റെയും മനുഷ്യസമൂഹത്തിന്റെയും കാര്യങ്ങളിൽ അവർക്കുള്ള ആഴമേറിയ ഉൾച്ചേരലിനെയും സമഗ്രമായ പങ്കാളിത്തത്തെയും മാത്രമല്ല അതു പരാമർശിക്കുന്നത്. സർവ്വോപരി രക്ഷാദായകമായ സുവിശേഷപ്രചരണം ഉന്നംവച്ചുള്ള ഉൾച്ചേരലിന്റെയും പങ്കാളിത്തത്തിന്റെയും സമൂല നവീനതയേയും അതുല്യസ്വഭാവത്തെയും പരാമർശിക്കുന്നു.

## വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവർ

ഓരോ അല്മായവിശ്വാസിക്കും പിതാവ് യേശുക്രിസ്തുവിൽ പരിശുദ്ധാത്മാവുവഴി കല്പിച്ചരുളുന്ന *പ്രമുഖവും അടിസ്ഥാനപരവുമായ വിളിയെപ്പററി* ആലോചിക്കുമ്പോൾ അവരുടെ മാഹാത്മ്യത്തിന്റെ പരിപൂർണ്ണമായ അർത്ഥം നമുക്കു ഗ്രഹിക്കാനാവും. ഈ വിളി വിശുദ്ധിയിലേക്കുള്ള വിളിയാണ്. ഉപവിയുടെ പരിപൂർണ്ണതയിലേക്ക് ക്രിസ്തുശിഷ്യന് നല്കപ്പെടുന്ന മഹനീയതയുടെ ഏററവും മഹത്തായ സാക്ഷ്യമാണ് വിശുദ്ധി.

വിശുദ്ധിയിലേക്കുള്ള സാർവ്വത്രികമായ വിളിയെപ്പററി രണ്ടാം വത്തിക്കാൻ സൂനഹദോസ് ഊന്നിപ്പറയുന്നുണ്ട്. സുവിശേഷാധിഷ്ഠിതമായ ക്രൈസ്തവ ജീവിത

www.malankaralibrary.com



ത്തിന്റെ നവീകരണം സാധിക്കണം എന്ന ലക്ഷ്യത്തോടെ സൂനഹദോസ് സഭാമക്കളെ ഭരമേല്പിച്ചിട്ടുള്ള അടിസ്ഥാന ദൗത്യമാണ് വിശുദ്ധിയിലേക്കുള്ള ഈ വിളി.[41] ഈ ദൗത്യം കേവലമായ ഒരു ധാർമ്മികാഹ്വാനമല്ല, പ്രത്യുത, *സഭാരഹസ്യത്തിൽനിന്ന് ഉദ്ഭൂതമാകുന്ന അനിഷേധ്യമായ ഒരു ആവശ്യകതയത്രേ.* ക്രിസ്തുവിൽ നിന്നുള്ള പരിശുദ്ധവും ജീവദായകവും ആയ ശക്തി ആർജ്ജിച്ചുകൊണ്ട് വസിക്കുകയും വളരുകയും ചെയ്യുന്ന ശാഖകളോടുകൂടിയ *തിരഞ്ഞെടുക്കപ്പെട്ട മുന്തിരിച്ചെടിയാണ് സഭ.* ക്രിസ്തുവാകുന്ന ശിരസ്സിന്റെ അതേ പരിശുദ്ധജീവനിൽ പങ്കുചേരുന്ന അവയവങ്ങളോടുകൂടിയ മൗതികശരീരമാണ് അവരം. അവളുടെ വിശുദ്ധീകരണത്തിനുവേണ്ടി തന്നെത്തന്നെ പരിത്യജിച്ച നാഥനായ യേശുവിന്റെ പ്രിയപ്പെട്ട മണവാട്ടിയാണ് അവരം (cf. എഫേ 5:25 ff). മറിയത്തിന്റെ കന്യോദരത്തിൽ (cf. ലൂക്കാ 1:35) യേശുവിന്റെ മനുഷ്യപ്രകൃതിയെ പവിത്രീകരിച്ച അതേ പരിശുദ്ധാത്മാവുതന്നെയാണ്, മനുഷ്യനായിത്തീർന്ന ദൈവപുത്രന്റെ പരിശുദ്ധി സഭയ്ക്കു പകർന്നുകൊടുക്കാനായി അവളിൽ കുടികൊള്ളുന്നതും പ്രവർത്തിക്കുന്നതും.

എല്ലാ ക്രൈസ്തവരും സുവിശേഷ നവീകരണത്തിന്റെ പാത വീണ്ടും തിരഞ്ഞെടുക്കുകയും ''എല്ലാ പ്രവൃത്തികളിലും വിശുദ്ധരായിരിക്കുവിൻ'' (1 പത്രോ 1:15) എന്ന പത്രോസ് ശ്ലീഹായുടെ ക്ഷണം ഉദാരതയോടെ കൈക്കൊള്ളുകയും ചെയ്യേണ്ടത് ഇന്നിന്റെ ഒരു അടിയന്തരാവശ്യമാണ്. സൂനഹദോസിന് 20 വർഷങ്ങരംക്കുശേഷം 1985-ൽ ചേർന്ന അസാധാരണ സിനഡ് ഈ അടിയന്തരസ്വഭാവം സമയോചിതമായി ഊന്നിപ്പറയുകയും ചെയ്തു: ''ക്രിസ്തുവിലുള്ള സഭ ഒരു രഹസ്യമാകയാൽ വിശുദ്ധിയുടെ അടയാളവും ഉപകരണവുമായി സഭയെ കാണേണ്ടിയിരിക്കുന്നു ... സഭാചരിത്രത്തിലെ ഏററവും വിഷമം പിടിച്ച സാഹചര്യങ്ങളിൽ വിശുദ്ധൻമാരും വിശു

www.malankaralibrary.com



ദ്ധകളും നവീകരണത്തിൻെറ ഉറവിടവും ആയിരുന്നിട്ടുണ്ട്. അങ്ങനെയുള്ള വിശുദ്ധരെ ഇന്നു നമുക്കേററവും ആവശ്യമാണ്; അതിനായി നമുക്ക് ദൈവത്തോടു മുട്ടിപ്പായി പ്രാർത്ഥിക്കാം.

സഭയിൽ അംഗങ്ങൾ ആയതുകൊണ്ടുതന്നെ സഭയിലുള്ള ഓരോരുത്തരും വിശുദ്ധിയിലേക്കുള്ള പൊതുവായ വിളി സ്വീകരിക്കുകയും അതിൽ പങ്കാളികളാവുകയും ചെയ്യുന്നു. സഭാംഗം എന്ന പദവിയുടെ പരിപൂർണ്ണതയിലും സഭയിലെ ഇതര അംഗങ്ങളുമായുള്ള തുല്യതയിലും അല്മായവിശ്വാസികൾ വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. ''ഏതു ജീവിതാന്തസ്സിലും പരിതഃസ്ഥിതികളിലുമായിരുന്നാലും ക്രിസ്തീയ വിശ്വാസികളെല്ലാവരും ക്രൈസ്തവ ജീവിതത്തിൻെറ തികവിലേക്കും ഉപവിയുടെ പൂർണ്ണതയിലേക്കും വിളിക്കപ്പെട്ടിരിക്കുന്നു'';[43] ''ക്രിസ്തനുയായികളെല്ലാവരും തങ്ങളുടെ ജീവിതാന്തസ്സിൻെറ പരിപൂർണ്ണതയിലേക്കും പരിശുദ്ധിയിലേക്കും ക്ഷണിക്കപ്പെട്ടിരിക്കുന്നു; അവർ അതിനു ബാദ്ധ്യസ്ഥരുമാണ്''.[44]

വിശുദ്ധിയിലേക്കുള്ള വിളി *വേരൂന്നിയിരിക്കുന്നത് മാമ്മോദീസായിലും* അതു നവീകരിക്കപ്പെടുന്നത് ഇതര കൂദാശകളിലും, പ്രത്യേകിച്ച് *ദിവ്യകാരുണ്യത്തിലുമാണ്*. ക്രൈസ്തവർ ക്രിസ്തുവിനെ ധരിക്കുന്നതിനാലും അവിടുത്തെ ആത്മാവിനാൽ പരിപോഷിപ്പിക്കപ്പെടുന്നതിനാലും ''പരിശുദ്ധരാണ്''. ഈ പരിശുദ്ധി പ്രകടമാക്കാനുള്ള കഴിവും തങ്ങളുടെ പ്രവൃത്തികളിലെല്ലാം അതിനു സാക്ഷ്യംവഹിക്കാനുള്ള ചുമതലയും അവർക്കുണ്ട്. പൗലോസ് അപ്പസ്തോലൻ ''വിശുദ്ധർക്കു യോഗ്യമായ രീതിയിൽ വർത്തിക്കണെ''മെന്ന് (എഫേ 5:3) എല്ലാ ക്രൈസ്തവരോടും അക്ഷീണം അനുശാസിച്ചു കൊണ്ടിരുന്നു.

പരിശുദ്ധിദായകമായ ആത്മാവിലുള്ള ജീവിതം (cf. റോമാ 6:22; ഗലാ 5:22) ജ്ഞാനസ്നാതനായ ഓരോ

www.malankaralibrary.com



വ്യക്തിയേയും ഉത്തേജിപ്പിക്കുന്നു. താഴെപ്പറയുന്ന ജീവിതചര്യകളിലൂടെ യേശുക്രിസ്തുവിനെ അനുഗമിക്കാനും ആത്മാവിലുള്ള ജീവിതം ബാദ്ധ്യസ്ഥനാക്കുന്നു. സുവിശേഷഭാഗ്യങ്ങൾ ആശ്ലേഷിക്കുക, ദൈവവചനം ചെവിക്കൊള്ളുക, അതേപ്പററി ധ്യാനിക്കുക, സഭയിലെ കൗദാശികവും ആരാധനക്രമപരവുമായ ജീവിതത്തിൽ സജീവവും ബോധപൂർവ്വവുമായി ഭാഗഭാക്കാകുക, തനിച്ചോ കുടുംബത്തിലോ സമൂഹത്തിലോ പ്രാർത്ഥിക്കുക, നീതിക്കുവേണ്ടി വിശപ്പും ദാഹവും അനുഭവിക്കുക, എല്ലാ ജീവിതസാഹചര്യങ്ങളിലും സഹോദരശുശ്രൂഷയിലും പ്രത്യേകിച്ച് ചെറിയവരോടും ദരിദ്രരോടും ദുരിതമനുഭവിക്കുന്നവരോടും ഉള്ള സേവനത്തിൽ സ്നേഹത്തിന്റെ പ്രമാണം പാലിക്കുക എന്നിവയിലൂടെയാണിത് സാധിക്കുക.

## ലോകത്തിൽ വിശുദ്ധിയുടെ ജീവിതം

വിശുദ്ധിയിലേക്കുള്ള അല്മായവിശ്വാസികളുടെ വിളിയിൽ ഒരുകാര്യം അടങ്ങിയിരിക്കുന്നു. അവരുടെ *ഭൗതിക ഇടപാടുകളിലും ലോകവ്യാപാരങ്ങളിലുള്ള പങ്കാളിത്തത്തിലും* ആത്മാവിലുള്ള ജീവിതം പ്രത്യേകമാംവിധം പ്രകടമാകുന്നു എന്ന കാര്യം. അപ്പസ്തോലൻ വീണ്ടും നമ്മോട് അനുശാസിക്കുന്നു: ''നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തുചെയ്താലും അവയെല്ലാം കർത്താവായ യേശുവഴി പിതാവായ ദൈവത്തിനു കൃതജ്ഞത അർപ്പിച്ചുകൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ'' (കൊളോ 3:17). അല്മായവിശ്വാസികളെ ഉദ്ദേശിച്ചുള്ള അപ്പസ്തോലന്റെ വാക്കുകളിലൂടെ സൂനഹദോസ് സംശയലേശമെന്യേ ഇങ്ങനെ ഉറപ്പിച്ചു പറയുന്നു, ''കുടുംബകാര്യങ്ങളും ലൗകിക വ്യവഹാരങ്ങളും തങ്ങളുടെ ആദ്ധ്യാത്മിക ജീവിതത്തിൽനിന്നു പുറന്തള്ളപ്പെടരുത്.''[46] ഇതുപോലെതന്നെ സിനഡുപിതാക്കന്മാർ പ്രസ്താവിച്ചിട്ടുണ്ട് : ''അല്മായ വിശ്വാസികളുടെ ജീവിതൈക്യം ഏററവും പ്രധാനപ്പെട്ടതാണ്. ഔദ്യോഗികവും

www.malankaralibrary.com



സാമൂഹികവും ആയ ജീവിതത്തിൽ അവർ തീർച്ചയായും അനുദിനവും വിശുദ്ധീകരിക്കപ്പെടണം. അതുകൊണ്ട് തങ്ങൾക്കുള്ള 'വിളി'യോട് പ്രതികരിക്കാൻ അല്മായ വിശ്വാസികൾ തങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളെ, തങ്ങളെത്തന്നെ, ദൈവത്തോടു ബന്ധപ്പെടുത്താനും അവിടുത്തെ തിരുവിഷ്ടം നിറവേററാനും മററുള്ളവരെ സേവിക്കാനും അവരെ ക്രിസ്തുവിൽ ദൈവവുമായുള്ള കൂട്ടായ്മയിലേക്ക് ആനയിക്കാനും ഉള്ള അവസരമായി കാണേണ്ടിയിരിക്കുന്നു''.[46]

വിശുദ്ധിയിലേക്കുള്ള വിളി അല്മായവിശ്വാസികൾ അംഗീകരിക്കേണ്ടതും ജീവിതത്തിലേക്കു പകർത്തേണ്ടതും, അനിഷേധ്യവും നിർബന്ധിതവുമായ ഒരു ചുമതല എന്നതിലുപരി തൻെറ പരിശുദ്ധിയുടെ ജീവനിൽ അവർക്കു പുനർജനനമേകുന്ന പിതാവിൻെറ അനന്തമായ സ്നേഹത്തിൻെറ തിളക്കമാർന്ന മാതൃകയായിട്ടായിരിക്കണം. അപ്പോൾ, അങ്ങനെയുള്ള ആ വിളി *ജ്ഞാനസ്നാനത്തിൻേറതായ നവ്യജീവൻെറ അനുപേക്ഷണീയവും അവിഭാജ്യവുമായ ഘടകം* എന്നു കരുതേണ്ടിയിരിക്കുന്നു. അവരുടെ മാഹാത്മ്യത്തിൻെറ ഒരു നിർണ്ണായക ഘടകമാണത്. അതേ സമയം വിശുദ്ധിയിലേക്കുള്ള വിളി ലോകത്തിലും സഭയിലും അല്മായവിശ്വാസികളെ ഭരമേല്പിച്ചിരിക്കുന്ന ചുമതലയോടും ദൗത്യത്തോടും അവഗാഢം ബന്ധപ്പെട്ടതാണ്. വാസ്തവത്തിൽ സഭാവിശുദ്ധിയുടെ പങ്കാളിത്തത്തിൽ നിന്നുദ്ഭൂതമാകുന്ന അതേ വിശുദ്ധി, ''വിശുദ്ധരുടെ കൂട്ടായ്മ''യായ സഭയെത്തന്നെ പടുത്തുയർത്തുന്നതിൽ അല്മായരുടെ പ്രഥമവും അടിസ്ഥാനപരവുമായ പങ്കാണ് കാണിക്കുന്നത്. വിശ്വാസത്തിൻെറ കണ്ണുകൾക്ക് വിസ്മയാവഹമായ ഒരു കാഴ്ച കാണാനാവും: സ്ത്രീ പുരുഷൻമാരായ അസംഖ്യം അല്മായവിശ്വാസികൾ തങ്ങളുടെ അനുദിനജീവിതത്തിലെ അനുഷ്ഠാനങ്ങളിലും പ്രവർത്തനങ്ങളിലും വ്യാപൃതരായിരിക്കുന്നു. മിക്കവാറും ആരും കാ

www.malankaralibrary.com



ണാതെ, ലോകത്തിൻെറ അംഗീകാരം തെല്ലുംകിട്ടാതെ, ലോകത്തിലെ മഹാൻമാരാൽ അറിയപ്പെടാതെ. എങ്കിലും, കർത്താവിൻെറ മുന്തിരിത്തോട്ടത്തിൽ അവിശ്രമം അദ്ധ്വാനിക്കുന്ന അവരിൽ പിതാവിൻെറ സ്നേഹദൃഷ്ടി പതിയുന്നുണ്ട്. ദൈവകൃപാവരശക്തിയാൽ ആത്മവിശ്വാസത്തോടെയും നിശ്ചയദാർഢ്യത്തോടെയും ലോകത്തിൻെറ ചരിത്രത്തിൽ ദൈവരാജ്യം പണിതുയർത്തുന്ന എളിയവരെങ്കിലും മഹാത്മാക്കളായ ശില്പികളാണവർ.

അപ്പോഠം, സഭയിൽ രക്ഷാകരദൗത്യം നിറവേററാൻ ഓരോരുത്തർക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാനപരമായ ലക്ഷ്യവും മാററാനാവാത്ത വ്യവസ്ഥയും ആണ് വിശുദ്ധി. പ്രേഷിതപ്രവർത്തനങ്ങളുടെയും മിഷനറിയത്നത്തിൻെറയും നിഗൂഢ സ്രോതസ്സും അന്യൂനമായ മാനദണ്ഡവുമാണ് സഭയുടെ വിശുദ്ധി. ക്രിസ്തുവിൻെറ മണവാട്ടിയായ സഭ ക്രിസ്തുവിനാൽ സ്നേഹിക്കപ്പെടുന്നതിൻെറയും അവഠം പകരം അവനെ സ്നേഹിക്കുന്നതിൻെറയും തോതിൽ മാത്രമേ ആത്മാവിൽ ഫലസമ്പൂർണ്ണയായ മാതാവായി ഭവിക്കുന്നുള്ളൂ.

സുവിശേഷത്തിലെ മുന്തിരിച്ചെടിയുടെ ഉപമ ഒന്നുകൂടി നമുക്കവലോകനം ചെയ്യാം. ശാഖകളുടെ ഫലദായകത്വവും വളർച്ചയും തായ്ച്ചെടിയോടുള്ള അവയുടെ ഐക്യത്തെ ആശ്രയിച്ചിരിക്കുന്നു. ''മുന്തിരിച്ചെടിയിൽ നില്ക്കാതെ ശാഖയ്ക്ക് സ്വയമേവ ഫലം പുറപ്പെടുവിക്കുവാൻ സാധിക്കാത്തതുപോലെ എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങഠംക്കും സാധിക്കുകയില്ല, ഞാൻ മുന്തിരിച്ചെടിയും നിങ്ങഠം ശാഖകളുമാണ്. ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങഠംക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല'' (യോഹ 15: 4–5).

സിനഡ് നടന്ന ഒരു മാസക്കാലയളവിൽ സ്ത്രീപുരുഷൻമാരായ അല്മായർ വാഴ്ത്തപ്പെട്ടവരായും വിശുദ്

www.malankaralibrary.com



ധരായും പ്രഖ്യാപിക്കപ്പെട്ടകാര്യം ഇത്തരുണത്തിൽ അനു സ്മരിക്കുന്നത് ഉചിതമാണ്. മനുഷ്യജീവിതത്തിൻെറ സാധാരണ ദൈനംദിന സാഹചര്യങ്ങളിലെ വിശുദ്ധിയുടെ പുതിയ മാതൃകകളെയും വീരോചിത പുണ്യങ്ങളുടെ പുതിയ സാക്ഷികളെയും ദൈവജനം മുഴുവനും പ്രത്യേകിച്ച് അല്മായവിശ്വാസികഠംക്ക് ഇത്തരുണത്തിൽ കാണാൻ കഴിയും. സിനഡു പിതാക്കൻമാർ ഇങ്ങനെ പ്രസ്താവിച്ചു. ''അനുദിനജീവിതത്തിലെ ലൗകിക ബദ്ധസാഹചര്യങ്ങളിലും വൈവാഹികാവസ്ഥയിലും ജീവിച്ചുകൊണ്ട് വിശുദ്ധിക്കു സാക്ഷ്യം നല്കുകയും മററുള്ളവർക്ക് മാതൃകയാവുകയും ചെയ്യുന്ന യുവതീയുവാക്കൻമാരായ തങ്ങളുടെ മക്കളെ അംഗീകരിക്കാൻ പ്രാദേശിക സഭകഠം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ സാഹചര്യം ആവശ്യപ്പെടുന്നപക്ഷം വാഴ്ത്തപ്പെട്ടവരായും വിശുദ്ധരായും പ്രഖ്യാപിക്കേണ്ടതിന് അവരുടെ പേരുകഠം ആ സഭകഠംക്ക് നിർദ്ദേശിക്കാവുന്നതാണ്. [47]

സഭയിൽ അല്മായവിശ്വാസികളുടെ സ്ഥാനം നിർവചിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ വിചിന്തനങ്ങളുടെ സമാപനത്തിൽ മഹാനായ വി. ലിയോയുടെ പ്രഖ്യാതമായ അനുശാസനം ഓർമ്മവരുന്നു. ''അല്ലയോ ക്രിസ്ത്യാനീ, നീ നിൻെറ മാഹാത്മ്യം അംഗീകരിക്കുക''. [48] ടൂറിനിലെ മെത്രാനായ വി. മാക്സിമൂസ് ജ്ഞാനസ്നാനാഭിഷേകം കഴിഞ്ഞവരെ അഭിസംബോധന ചെയ്യവേ ഇതേ വികാരംതന്നെ പ്രകടിപ്പിക്കുന്നു. ''ഈ രഹസ്യത്തിൽ നിങ്ങളെ പങ്കുകാരാക്കിയ ബഹുമതിയെപ്പററി ഓർത്തു നോക്കൂ!'' [49] എല്ലാ ജ്ഞാനസ്നാതരും വി. ആഗസ്തീനോസിൻെറ വാക്കുകഠം ഒരിക്കൽകൂടി ചെവിക്കൊള്ളട്ടെ. ''നമുക്കാനന്ദിക്കുകയും കൃതജ്ഞതയർപ്പിക്കുകയും ചെയ്യാം: നാം ക്രൈസ്തവരായി, മാത്രമല്ല, ക്രിസ്തു തന്നെ ആയി മാറിക്കഴിഞ്ഞു. ഭയത്തോടും ആനന്ദത്തോടും

www.malankaralibrary.com



കൂടി നില്ക്കാം. നാം ക്രിസ്തു ആയിക്കഴിഞ്ഞിരിക്കുന്നു''.[50]

തിരുസഭയിൽ എല്ലാ അംഗങ്ങളുടെയും തുല്യതയ്ക്കു നിദാനമായ ക്രൈസ്തവമാഹാത്മ്യമാണ് *കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും* അരൂപി ഉറപ്പുവരുത്തുന്നതും വളർത്തുന്നതും. അതേസമയം, അല്മായവിശ്വാസികളുടെ പ്രേഷിതത്വത്തിന്റെയും ദൗത്യത്തിന്റെയും നിഗൂഢവും ചലനാത്മകവുമായ ശക്തിയായി ഭവിക്കുകയും ചെയ്യുന്നു. ഏതായാലും *ത്യാഗം ആവശ്യപ്പെടുന്ന മാഹാത്മ്യമാണ് ഇത്*, മുന്തിരിത്തോട്ടത്തിൽ വേല ചെയ്യാൻ കർത്താവു വിളിച്ച ജോലിക്കാരുടെ മാഹാത്മ്യം: ''രക്ഷയുടെ ദൈവികപദ്ധതി എല്ലാ കാലത്തും എല്ലാ സമയത്തും ഉള്ള എല്ലാ മനുഷ്യരിലേക്കും കൂടുതൽ കൂടുതൽ വ്യാപിപ്പിക്കുക എന്ന *മഹനീയ ധർമ്മം* അല്മായർക്കുണ്ട്'''.[51]

www.malankaralibrary.com

## അദ്ധ്യായം രണ്ട്

# എല്ലാവരും ഒരേ മുന്തിരിച്ചെടിയുടെ ശാഖകൾ

*സഭയുടെ കൂട്ടായ ജീവിതത്തിൽ അല്മായവിശ്വാസികളുടെ പങ്കാളിത്തം*

### സഭയുടെ കൂട്ടായ്മ എന്ന രഹസ്യം

18. യേശുവിന്റെ വചനങ്ങളിലേക്ക് വീണ്ടും തിരിയാം: ''ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എന്റെ പിതാവ് കൃഷിക്കാരനുമാണ്... *നിങ്ങൾ എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിലും വസിക്കും*'' (യോഹ 15:1,4).

കർത്താവും ശിഷ്യരും തമ്മിലും, ക്രിസ്തുവും ജ്ഞാനസ്നാതരും തമ്മിലും ഒന്നിപ്പിക്കുന്ന കൂട്ടായ്മയുടെ രഹസ്യത്തെ, ലളിതമായ ഈ വാക്കുകൾ വെളിവാക്കുന്നു: സജീവവും ജീവദായകവുമായ ഒരു കൂട്ടായ്മ. ഈ കൂട്ടായ്മയിലൂടെ ക്രൈസ്തവർ ഇനിമേൽ തങ്ങളുടേതല്ലാതായിരിക്കുന്നു. പ്രത്യുത, ശാഖകൾ മുന്തിരിച്ചെടിയോട് ഒന്നായിരിക്കുന്നതുപോലെ അവർ കർത്താവിന്റേതു മാത്രമാണ്.

ക്രൈസ്തവർക്ക് യേശുവിനോടുള്ള കൂട്ടായ്മയുടെ മാതൃകയും സ്രോതസ്സും പരിശുദ്ധ ത്രിത്വം എന്ന നിലയിൽ ദൈവത്തിന്റെ കൂട്ടായ്മയാണ്. അതായത് പരിശുദ്ധാത്മാവിൽ പുത്രന് പിതാവിനോടുള്ള ഐക്യം. ഇതുതന്നെയാണ് യേശുവിനോടുള്ള കൂട്ടായ്മ ആർജ്ജിക്കാ

www.malankaralibrary.com



നുള്ള ഉപാധിയും. ആത്മാവിന്റെ സ്നേഹബന്ധത്തിൽ പുത്രനുമായി ഐക്യപ്പെട്ടിരിക്കുന്ന ക്രൈസ്തവർ പിതാവുമായും ഐക്യപ്പെട്ടിരിക്കുന്നു.

യേശു തുടരുന്നു : "*ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളുമാകുന്നു*" (യോഹ 15:5). ക്രിസ്തുവിനോടുള്ള കൂട്ടായ്മയിൽനിന്നുതന്നെയാണ് ക്രൈസ്തവർ തമ്മിലുള്ള കൂട്ടായ്മയും ആവിർഭവിക്കുന്നത്: എല്ലാവരും ഒരേ മുന്തിരിച്ചെടിയുടെ, അതായത് ക്രിസ്തുവിന്റെ, ശാഖകൾ ആണ്. കർത്താവായ യേശുവിനാൽ പിതാവും പുത്രനും പരിശുദ്ധാത്മാവുമായി വെളിപ്പെടുത്തപ്പെട്ട ത്രിതൈക ദൈവത്തിന്റെ ഗാഢമായ സ്നേഹജീവിത രഹസ്യത്തിലുള്ള വിസ്മയാവഹമായ പ്രതിഫലനവും പങ്കാളിത്തവും ഈ കൂട്ടായ്മയിൽ കാണാം. *ഈ കൂട്ടായ്മയ്ക്കായി* യേശു പ്രാർത്ഥിക്കുന്നു, "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ, അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്ന് ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17:21).

വി. സിപ്രിയാന്റെ പ്രഖ്യാതമായ വാക്കുകളിൽ, രണ്ടാം വത്തിക്കാൻ സൂനഹദോസ് അനുസ്മരിക്കുന്നതുപോലെ *ഇത്തരം കൂട്ടായ്മ സഭയുടെ രഹസ്യം തന്നെയാണ്*: "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നാക്കപ്പെട്ട ഒരു ജനമായി സഭ തെളിഞ്ഞു പ്രകാശിക്കുന്നു". [52] ദിവ്യബലിയുടെ ആരംഭത്തിൽ (ലത്തീൻ റീത്തിൽ) "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" (2 കോറി 13:13) എന്ന വി. പൗലോസ് അപ്പസ്തോലന്റെ അഭിവാദന വാക്കുകളിൽ വൈദികൻ ഏവരെയും സ്വാഗതം ചെയ്യുമ്പോൾ സഭാ *കൂട്ടായ്മയുടെ* ഈ രഹസ്യം അനുസ്മരിക്കുന്നുണ്ട്.

www.malankaralibrary.com



അല്മായരുടെ മഹനീയതയ്ക്ക് ആധാരമായ സവിശേഷതകൾ വിവരിച്ചശേഷം ഇനിയും അവർക്ക് ലോകത്തിലും സഭയിലുമുള്ള ദൗത്യത്തെയും ചുമതലയേയുംപററി ഇപ്പോൾ നമുക്ക് വിചിന്തനം ചെയ്യാം. സഭ ഒരു *കൂട്ടായ്മ* എന്ന സജീവ യാഥാർത്ഥ്യത്തിന്റെ പശ്ചാത്തലത്തിൽ മാത്രമേ ഈ സവിശേഷതകൾ നമുക്ക് ശരിയായി മനസ്സിലാക്കാനാവൂ.

## രണ്ടാം വത്തിക്കാൻ സൂനഹദോസും കൂട്ടായ്മയുടെ സഭാവിജ്ഞാനീയവും

19. രണ്ടാം വത്തിക്കാൻ സൂനഹദോസിൽ സഭ തന്നെപ്പററിത്തന്നെയുള്ള ഈ കാതലായ ആശയം വീണ്ടും ഉന്നയിച്ചു. 1985-ലെ അസാധാരണ സിനഡ് അനുസ്മരിക്കുന്നതുപോലെ: ''കൂട്ടായ്മയുടെ സഭാവിജ്ഞാനീയം സൂനഹദോസിന്റെ പ്രമാണരേഖകളിൽ അടിസ്ഥാനപരവും മർമ്മപ്രധാനവുമായ ഒരാശയമാണ്. *വിശുദ്ധലിഖിതങ്ങളിൽ അടിസ്ഥിതമായ കൂട്ടായ്മ* (Koinonia) ആദിമസഭയിലും പൗരസ്ത്യസഭകളിലും വളരെ ആദരിക്കപ്പെട്ടുപോന്ന ആശയമാണ്. ഇന്നും ഈ പ്രബോധനം നിലനില്ക്കുന്നു, സഭയുടെ *കൂട്ടായ്മയേയും* അതിന് ജീവിതത്തിലുള്ള വ്യക്തമായ പ്രായോഗികതയേയും കൂടുതൽ വ്യക്തമാക്കാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് വളരെ പ്രയത്നിച്ചു. ''*കൂട്ടായ്മ*'' എന്ന ഈ സങ്കീർണ്ണപദത്തിന്റെ അർത്ഥം എന്താണ്? പരിശുദ്ധാത്മാവിൽ യേശുക്രിസ്തുവിന് ദൈവത്തോടുള്ള ഐക്യമാണ് ഇതിന്റെ അടിസ്ഥാനപരമായ അർത്ഥം. അത്തരം *കൂട്ടായ്മയ്ക്കുള്ള* അവസരം ദൈവവചനത്തിലും കൂദാശകളിലും ഉണ്ട്. സഭയിലെ *കൂട്ടായ്മയുടെ* കവാടവും അടിത്തറയും ആണ് മാമ്മോദീസ. കുർബാനയാണ് ക്രൈസ്തവ ജീവിതം മുഴുവന്റെയും സ്രോതസ്സും പാരമ്യവും (cf. തിരുസഭ 11). ദിവ്യകാരുണ്യത്തിലെ ക്രിസ്തുവിന്റെ ശരീരം ഈ കൂട്ടായ്മയെ കൗദാശികമായി ആവിഷ്കരിക്കുന്നു. അതായത് സഭയാ

www.malankaralibrary.com



കുന്ന ക്രിസ്തുശരീരത്തിലെ എല്ലാ വിശ്വാസികൾക്കുമിടയിൽ ദൃഢബന്ധങ്ങൾ സൃഷ്ടിക്കുന്ന *കൂട്ടായ്മയുടെ* അടയാളവും ഹേതുവുമാണിത് (1 കോറി 10:16)''. [53]

സൂനഹദോസിന്റെ സമാപനത്തിന്റെ പിറേറന്ന് പോൾ ആറാമൻ മാർപാപ്പ വിശ്വാസികളോട് ഇങ്ങനെ പ്രസ്താവിച്ചു: ''സഭ ഒരു *കൂട്ടായ്മയാണ്*. ഇവിടെ *കൂട്ടായ്മ* എന്നാലെന്താണ്? വേദോപദേശത്തിൽ പുണ്യവാന്മാരുടെ ഐക്യത്തെപ്പററിയുള്ള ഖണ്ഡികയിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കട്ടെ. സഭയുടെ അർത്ഥം, പുണ്യവാന്മാരുടെ കൂട്ടായ്മയെന്നാണ്. ''*കൂട്ടായ്മ*'' രണ്ടു വിധത്തിലുള്ള ജീവദായകമായ പങ്കാളിത്തം സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ ജീവനുമായുള്ള ക്രൈസ്തവരുടെ ഒന്നുചേരൽ, ഉപവിയുടെ ആ ജീവിതം വിശ്വാസികളുടെ സമൂഹത്തിന് മുഴുവനും പകർന്നുകൊടുക്കുന്നതാണ്. ഈ ലോകത്തിലും, പരലോകത്തിലും, ക്രിസ്തുവിലും, സഭയിൽ ക്രൈസ്തവർ തമ്മിലുള്ള ഐക്യത്തിലുമാണ് ഇത് നടക്കുന്നത്''. [54]

വേർതിരിച്ചു കാണാനാകാത്ത മാനങ്ങളുള്ള സഭാകൂട്ടായ്മയുടെ യാഥാർത്ഥ്യത്തിലേക്ക് വെളിച്ചം വീശുന്ന വിശുദ്ധഗ്രന്ഥ സാദൃശ്യങ്ങളിലൂടെ സഭാരഹസ്യത്തെപ്പററി വിചിന്തനം ചെയ്യാൻ രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ ക്ഷണിക്കുന്നു. സഭാകൂട്ടായ്മയുടെ പ്രസ്തുത മാനങ്ങൾ ഇവയാണ്: ഓരോ ക്രൈസ്തവനും ക്രിസ്തുവിനോടുള്ള കൂട്ടായ്മയും ക്രൈസ്തവർക്ക് അന്യോന്യമുള്ള കൂട്ടായ്മയും. ആട്ടിൻതൊഴുത്ത്, ആട്ടിൻപററം, മുന്തിരിച്ചെടി, ആദ്ധ്യാത്മികഭവനം, വിശുദ്ധ നഗരം[55] എന്നിങ്ങനെയും കൂട്ടായ്മയെ വ്യവഹരിച്ചിരിക്കുന്നു. സർവ്വോപരി, പൗലോസ് അപ്പസ്തോലൻ *ശരീരത്തിന്റെ* ഉപമയും അവതരിപ്പിക്കുന്നു. കൂട്ടായ്മയെക്കുറിച്ചുള്ള പ്രബോധനം സൂനഹദോസ് രേഖകളിൽ പലയിടങ്ങളിലും ഹൃദ്യമായി പരാമർശിക്കപ്പെടുന്നു. [56] സൂനഹദോസ് രക്ഷാചരിത്രം ആകമാനം

www.malankaralibrary.com



പുനരവലോകനം ചെയ്തിട്ട് സഭയെ ദൈവജനമായി ചിത്രീകരിക്കുന്നു. ജനത്തെ വിശുദ്ധീകരിക്കാനും രക്ഷിക്കാനും ദൈവം തിരുമനസ്സായി. പരസ്പരബന്ധമില്ലാത്ത വ്യക്തികളെന്ന നിലയിലല്ല, അവരെ ഒരു ജനപദമാക്കിക്കൊണ്ട്. സത്യത്തിൽ തന്നെ അറിയുകയും വിശുദ്ധിയിൽ തന്നെ ശുശ്രൂഷിക്കുകയും ചെയ്യുന്ന ഒരു ജനപദം. [57] '*തിരുസഭ*'യെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷൻ അതിന്റെ ആരംഭവാക്കുകളിൽ ഈ പ്രബോധനം മനോഹരമായി സംഗ്രഹിക്കുന്നു. ''ക്രിസ്തുവുമായി സഗാഢം ബന്ധിതയായ സഭ ദൈവവുമായുള്ള ഐക്യത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ യോജിപ്പിന്റെയും കൂദാശയാണെന്നു പറയാം''. [58]

സഭാകൂട്ടായ്മ സഭാരഹസ്യത്തിലെ സമന്വയിപ്പിക്കുന്ന ഘടകവും കേന്ദ്രപ്രമേയവുമാണ്. അഥവാ മനുഷ്യരക്ഷയെക്കുറിച്ചുള്ള ദൈവികപദ്ധതിയാണ്. സഭാപരമായ കൂട്ടായ്മ കേവലമൊരു സാമൂഹികമോ മനഃശാസ്ത്രപരമോ ആയ യാഥാർത്ഥ്യം മാത്രമായി കണക്കാക്കിയാൽ അതിനെ വേണ്ടവിധം നമുക്കു വ്യാഖ്യാനിക്കാനാവില്ല. ഒരു *കൂട്ടായ്മ* എന്ന നിലയിൽ സഭ ഒരു ''പുതിയ'' ജനം – ''മെസയാനിക'' ജനം – ആണ്, ''ഈ ജനത്തിന്റെ ശിരസ്സ് ക്രിസ്തുവാണ്... പൈതൃകമാകട്ടെ ദൈവമക്കളുടെ മഹനീയതയും സ്വാതന്ത്ര്യവും... ഇവരുടെ നിയമമാകട്ടെ ക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ സ്നേഹിക്കാനുള്ള പുതിയ കല്പന... ഇവരുടെ ലക്ഷ്യമാകട്ടെ ദൈവരാജ്യം... ജീവന്റെയും സ്നേഹത്തിന്റെയും സത്യത്തിന്റെയും കൂട്ടായ്മയായി ക്രിസ്തു സ്ഥാപിച്ച ദൈവരാജ്യം ''. [59] ഈ പുതിയ ജനത്തെ അന്യോന്യം ഐക്യപ്പെടുത്തുന്ന – ആദ്യമായി ക്രിസ്തുവിനോട് ഐക്യപ്പെടുത്തുന്ന – ബന്ധങ്ങൾ ''മാംസരക്തങ്ങളുടേതല്ല'', പ്രത്യുത അരൂപിയുടേതാണ്; കുറേക്കൂടി കൃത്യമായിപ്പറഞ്ഞാൽ

www.malankaralibrary.com



ജ്ഞാനസ്നാതരെല്ലാവരും സ്വീകരിച്ചിരിക്കുന്ന പരിശുദ്ധാത്മാവിൻേറതാണ് (cf. ജോയേൽ 3:1).

വാസ്തവത്തിൽ അനാദികാലം മുതൽ ഏററവും അവിഭക്തമായ പരിശുദ്ധ ത്രിത്വത്തെ ഒന്നിപ്പിക്കുന്നത് അതേ ആത്മാവാണ്; ''കാലത്തിൻെറ തികവിൽ'' (ഗലാ 4:4) ദൈവപുത്രനോട് മനുഷ്യപ്രകൃതിയെ എന്നേക്കും ഐക്യപ്പെടുത്തുന്ന അതേ അരൂപിയാണിത്. ക്രൈസ്തവ തലമുറകളുടെ ചരിത്രഗതിയിൽ സഭാകൂട്ടായ്മയുടെ സുസ്ഥിരവും ശാശ്വതവുമായ ഉറവിടമായി നിലകൊള്ളുന്ന ആത്മാവാണിത്.

## ഒരു സജീവ കൂട്ടായ്മ

## വൈവിധ്യവും അനുപൂരകത്വവും

20. സഭാകൂട്ടായ്മയെ കൃത്യമായി പറഞ്ഞാൽ ജീവനുള്ളതും പ്രവർത്തനക്ഷമവുമായ ശരീരത്തിന് അനുരൂപമായ ഒരു ''സജീവ'' കൂട്ടായ്മയായി കണക്കാക്കാം. വാസ്തവത്തിൽ ഒരേ സമയം ജീവിതാവസ്ഥകളുടെയും ജീവിതവിളികളുടെയും ശുശ്രൂഷകളുടെയും വരങ്ങളുടെയും ചുമതലകളുടെയും കാര്യത്തിൽ വൈവിദ്ധ്യവും അനുപൂരകത്വവും അതിൻെറ സ്വഭാവമാണ്. ഈ വൈവിദ്ധ്യവും അനുപൂരകത്വവുംമൂലം ഓരോ അല്മായ വിശ്വാസിയേയും *ശരീരം മുഴുവനോടുമുള്ള ബന്ധത്തിൽ കാണുന്നു. മുഴുവൻ ശരീരത്തിനുവേണ്ടി* ഓരോ അല്മായവിശ്വാസിയും *തികച്ചും തനതായ സംഭാവന* നല്കുകയും ചെയ്യുന്നു.

ക്രിസ്തുവിൻെറ മൗതിക ശരീരത്തിൻെറ സജീവ കൂട്ടായ്മയെപ്പററി വി. പൗലോസ് പ്രത്യേകമാംവിധം ഊന്നിപ്പറയുന്നുണ്ട്. ധന്യമായ ഈ ചിന്തയുടെ മാറെറാലി സൂനഹദോസിൻെറ പ്രബോധനത്തിൽ മുഴങ്ങിക്കേൾക്കാം: ''തിരുസഭ''യെക്കുറിച്ചുള്ള കോൺസ്ററിററ്യൂഷനിൽ നാം ഇങ്ങനെ വായിക്കുന്നു: ''യേശുക്രിസ്തു'' തൻെറ അരൂ

www.malankaralibrary.com



പിയെ സ്വസഹോദരർക്ക് നല്കിക്കൊണ്ട് എല്ലാ ജനപദങ്ങളിൽനിന്നും വിളിച്ചുകൂട്ടപ്പെട്ട അവരെ തൻെറ മൗതികശരീരമാക്കിത്തീർത്തു. ഈ ശരീരത്തിലൂടെ ക്രിസ്തുവിൻെറ ജീവൻ വിശ്വാസികളിലേക്കു പ്രവഹിക്കുന്നു... മനുഷ്യശരീരത്തിലെ എല്ലാ അവയവങ്ങളും ചേർന്ന് ഒരു ശരീരത്തിനു രൂപം കൊടുക്കുന്നതുപോലെ വിശ്വാസികൾ ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുന്നു (cf. 1 കോറി 12:12). ക്രിസ്തുവിൻെറ ഈ ശരീരം പടുത്തുയർത്തുന്നതിൽ അംഗങ്ങളുടെയും ധർമ്മങ്ങളുടെയും വൈവിധ്യം പ്രകടമാണ്. സഭയുടെ ക്ഷേമത്തിനായി തൻെറ വിവിധ ദാനങ്ങൾ അവളുടെമേൽ ചൊരിയുന്ന പരിശുദ്ധാത്മാവ് ഒന്നേയുള്ളു. അവിടുന്ന് ഇങ്ങനെ തൻെറ ദാനങ്ങൾ വിതരണം ചെയ്യുന്നത് തൻെറ സമൃദ്ധിക്കും സഭയുടെ ശുശ്രൂഷയെ സംബന്ധിച്ച ആവശ്യങ്ങൾക്കും അനുസൃതമായിട്ടാണ് (cf. 1 കോറി 12:1-11). ഈ ദാനങ്ങളിൽ അപ്പസ്തോലൻമാർക്ക് അവിടുന്നു നല്കിയ പ്രസാദവരമാണ് മറ്റെല്ലാററിനെയുംകാൾ മുന്നിട്ടുനില്ക്കുന്നത്. കാരണം ഈ ആത്മാവ് പ്രത്യേക സിദ്ധിയുള്ളവരെപ്പോലും അപ്പസ്തോലൻമാരുടെ അധികാരത്തിനു വിധേയരാക്കുന്നു (cf. 1 കോറി 14). തൻെറ സാന്നിദ്ധ്യവും അംഗങ്ങൾ തമ്മിലുള്ള ആന്തരികബന്ധവുംമൂലം സഭാഗാത്രത്തെ സംയോജിപ്പിച്ച്, വിശ്വാസികളുടെ ഇടയിൽ സ്നേഹം ഉളവാക്കുന്നതും അതു വർദ്ധിപ്പിക്കുന്നതും ഈ ആത്മാവുതന്നെയാണ്. തത്ഫലമായി ഒരംഗം എന്തെങ്കിലും സഹിക്കുമ്പോൾ എല്ലാ അംഗങ്ങളും സഹിക്കുന്നു. ഒരംഗത്തിനു ബഹുമാനം ലഭിക്കുമ്പോൾ എല്ലാ അംഗങ്ങളും അതിൽ ഒരുമിച്ച് ആഹ്ളാദിക്കുന്നു (cf. 1കോറി 12:26). [60]

സഭയിൽ *ഏകത്വത്തിൻെറയും വൈവിധ്യത്തിൻെറയും ചലനാത്മകതത്ത്വം എപ്പോഴും ഒരേയൊരു ആത്മാവു തന്നെയാണ്. തിരുസഭയെക്കുറിച്ചുള്ള കോൺസ്ററിററ്യൂഷനിൽ* വീണ്ടും നാം ഇങ്ങനെ വായിക്കുന്നു:

www.malankaralibrary.com



''നാം ക്രിസ്തുവിൽ നിരന്തരം നവീകൃതരായിക്കൊണ്ടേയിരിക്കണം (cf. എഫേ 4:23). ഇതിനുവേണ്ടി അവിടുന്നു തന്റെ ആത്മാവിനെ നമുക്കു നല്കിയിരിക്കുന്നു. ഈ ആത്മാവുതന്നെയാണ് ശിരസ്സിലും അവയവങ്ങളിലും ഒന്നുപോലെ വ്യാപരിച്ചുകൊണ്ട് ശരീരത്തെ മുഴുവൻ ഉജ്ജീവിപ്പിക്കുകയും ഏകീഭവിപ്പിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നത്. സഭാപിതാക്കൻമാർ അവിടുത്തെ ഈ പ്രവൃത്തിയെ മനുഷ്യശരീരത്തിൽ ജീവൻ നല്കുന്ന ആത്മാവിന്റെ പ്രവർത്തനത്തോടു താരതമ്യപ്പെടുത്താൻ കാരണമിതാണ്''. [61]

സഭാകൂട്ടായ്മയ്ക്കനുയോജ്യമായ സജീവ (organic) സ്വഭാവത്തെപ്പററി മാത്രമല്ല പരിപൂർണ്ണ കൂട്ടായ്മയിലേക്കുള്ള അതിന്റെ വളർച്ചയുടെ ഭാവത്തെപ്പററിക്കൂടിയും മനസ്സിലാക്കാൻ സഹായിക്കുന്ന മററൊരു പ്രധാന ഭാഗത്ത് സൂനഹദോസ് ചൂണ്ടിക്കാണിക്കുന്നു: ''പരിശുദ്ധാത്മാവ് ഒരാലയത്തിൽ എന്നതുപോലെ തിരുസഭയിലും വിശ്വാസികളുടെ ഹൃദയങ്ങളിലും കുടികൊള്ളുന്നു (cf. 1 കോറി 3:16; 6:19). അവരിലൂടെ അവിടുന്നു പ്രാർത്ഥിക്കുകയും അവർ ദൈവത്തിന്റെ ദത്തുപുത്രരെന്ന വസ്തുതയ്ക്ക് സാക്ഷ്യം വഹിക്കുകയും ചെയ്യുന്നു (cf. ഗലാ 4:6; റോമാ 8:15–16,26). സത്യത്തിന്റെ പൂർണ്ണതയിലേക്ക് സഭയെ ആനയിക്കുന്നതും അവിടുന്നുതന്നെയാണ് ( cf. യോഹ 16 : 13 ). ഈ ആത്മാവ് അവളെ ആത്മീയ ഐക്യത്തിലൂടെയും ശുശ്രൂഷിക്രമത്തിലൂടെയും ഏകീഭവിപ്പിക്കുന്നു. അവിടുന്നുതന്നെയാണ് സഭയിലെ വിവിധ പദവികളെ സംബന്ധിക്കുന്നതും സിദ്ധിപരവുമായ വിവിധ വരങ്ങൾ അവൾക്കു നല്കുന്നതും തന്റെ പ്രസാദവര ഫലങ്ങളാൽ അവളെ സമലങ്കരിക്കുന്നതും (cf. എഫേ 4:11–12; 1 കോറി 12:4; ഗലാ 5:22). സുവിശേഷത്തിന്റെ ശക്തിവിശേഷത്താൽ സഭയെ വളർത്തുന്നതും അവിടുന്നാണ്. സഭയെ അനുസ്യൂതം നവീകരിക്കുകയും പ്രിയ മണവാളനുമായുള്ള പൂർണ്ണമായ ഐക്യത്തിലേക്ക് അവളെ നയിക്കുകയും

www.malankaralibrary.com



ചെയ്യുന്നത് ഈ ആത്മാവുതന്നെ. ഈ ആത്മാവും മണവാട്ടിയായ സഭയും ഒരേ സ്വരത്തിൽ നാഥനായ ക്രിസ്തുവിനോടു ''വന്നാലും'' എന്ന് അഭ്യർത്ഥിക്കുകയാണ് (cf. വെളി 22:17)''.[62]

*അപ്പോൾ സഭാകൂട്ടായ്മ ഒരു ദാനമാണ്; പരിശുദ്ധാത്മാവിന്റെ മഹത്തായ ദാനം.* അല്മായവിശ്വാസികൾ കൃതജ്ഞതാപൂർവ്വം സ്വീകരിക്കുകയും അതേസമയം അങ്ങേയററം ചുമതലാബോധത്തോടെ പ്രവൃത്തിപഥത്തിലേക്ക് കൊണ്ടുവരികയും ചെയ്യേണ്ട ദാനം. അല്മായവിശ്വാസികൾ തങ്ങളുടെ വിവിധവും, അനുപൂരകവുമായ ശുശ്രൂഷകളും സിദ്ധികളുംകൊണ്ട് സേവിക്കുന്ന സഭയുടെ ജീവിതത്തിലും ദൗത്യത്തിലുമുള്ള അവരുടെ പങ്കാളിത്തത്തിലൂടെ ഇതു വ്യക്തമായി സാക്ഷാത്കരിക്കപ്പെടുന്നു.

ഒരു അല്മായവിശ്വാസിക്ക് ''കൂട്ടായ്മയിൽനിന്ന് വേറിട്ട് ഒററയ്ക്കു നില്ക്കാനാവില്ല. പ്രത്യുത, മററുള്ളവരുമായി നിരന്തരം ഇടപെടുകയും സജീവമായ സൗഹൃദബോധത്തോടെ, ഓരോ വ്യക്തിക്കും പൈതൃകമായി ലഭിച്ചിരിക്കുന്ന അമൂല്യസമ്പത്ത് ഫലമണിയിക്കുന്നതിന് തുല്യമായ മഹത്വവും പൊതുവായ പ്രതിബദ്ധതയും പുലർത്തുകയും വേണം. വിവിധ ശുശ്രൂഷകൾക്കും സേവനക്രമങ്ങൾക്കുമായി ജനങ്ങളെ ക്ഷണിച്ചുകൊണ്ട് കർത്താവിന്റെ ആത്മാവ് വിവിധങ്ങളായ വളരെയേറെ വരങ്ങൾ നല്കുന്നു. *മാഹാത്മ്യത്തിന്റെ ആധിക്യത്തിലല്ല*, സേവനത്തിനുള്ള സവിശേഷവും അനുപൂരകവുമായ കഴിവിലാണ് വ്യക്തികൾ തമ്മിലുള്ള വ്യത്യാസം അടങ്ങിയിരിക്കുന്നത് എന്ന് എല്ലാ ജനങ്ങളെയും സഭയിലുള്ള അവരുടെ ബന്ധത്തെ ആസ്പദമാക്കി അനുസ്മരിപ്പിച്ചുകൊണ്ടാണിത് ചെയ്യുന്നത്... അങ്ങനെ, അല്മായവിശ്വാസികളുടെ സിദ്ധികളും ശുശ്രൂഷകളും വിവിധതരം സേവനങ്ങളും കൂട്ടായ്മയിൽ, കൂട്ടായ്മയ്ക്കുവേണ്ടി നിലനില്

www.malankaralibrary.com



ക്കുന്നു എന്നു കാണാം. അവ എല്ലാവരുടെയും നൻമയ്ക്കായി അന്യോന്യപൂരകവും അജപാലകരുടെ ബുദ്ധിപൂർവ്വമായ മാർഗ്ഗനിർദ്ദേശത്തിന് വിധേയവും ആയ നിധികളാണ്''.[63]

## ശുശ്രൂഷകളും സിദ്ധികളും സഭയ്ക്ക് ആത്മാവിൻെറ ദാനങ്ങൾ

21. ക്രിസ്തുവിൻെറ മൗതികശരീരം പടുത്തുയർത്തുന്നതിനും ലോകത്തിൽ രക്ഷയുടെ ദൗത്യം നിർവഹിക്കുന്നതിനുമായി നല്കപ്പെടുന്ന പരിശുദ്ധാത്മാവിൻെറ ദാനങ്ങളാണ് ശുശ്രൂഷകളും സിദ്ധികളും എന്ന് വത്തിക്കാൻ സൂനഹദോസ് ചൂണ്ടിക്കാണിക്കുന്നു.[64] ജ്ഞാനസ്നാതരെല്ലാവരെയും വ്യക്തിപരമായ രീതിയിൽ സജീവമായും കൂട്ടുത്തരവാദിത്വപൂർവമായും വർത്തിക്കുവാൻ വിളിച്ചുകൊണ്ട്, അവരിൽ സഭയുടെ വിവിധ പദവികളെ സംബന്ധിക്കുന്നതും സിദ്ധിപരവുമായ ദാനങ്ങൾ വർഷിക്കുന്ന പരിശുദ്ധാത്മാവുതന്നെയാണ് വാസ്തവത്തിൽ സഭയെ നയിക്കുന്നതും നിയന്ത്രിക്കുന്നതും.

അല്മായവിശ്വാസികളോടും സഭയുടെ കൂട്ടായ്മാജീവിതത്തിൽ അവർക്കുള്ള പങ്കാളിത്തത്തോടും നേരിട്ടു ബന്ധമുള്ളതാകയാൽ ശുശ്രൂഷകളെയും സിദ്ധികളെയും പററി നമുക്കിനി ചിന്തിക്കാം.

## ശുശ്രൂഷകളും ഔദ്യോഗികചുമതലകളും ദൗത്യങ്ങളും

ഇക്കാലത്ത് സഭയിൽ നിലനില്ക്കുന്നതും പ്രവർത്തനനിരതവുമായ എല്ലാ ശുശ്രൂഷകളും അവയുടെ വിവിധരീതികളിൽപ്പോലും ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്ന നല്ലയിടയനായ (cf. യോഹ 10:11) യേശുക്രിസ്തുവിൻെറ തന്നെ ശുശ്രൂഷയിലുള്ള പങ്കുചേരലാണ്; എല്ലാവരുടെയും രക്ഷയ്ക്കുവേണ്ടി കലവറയില്ലാതെ, തന്നെത്തന്നെ സമർപ്പിക്കുന്ന വിനീത ദാസനാണ് അവിടുന്ന് (cf. മർക്കോ 10:45). അപ്പസ്തോലിക കാലങ്ങളിൽ സഭയുടെ ശുശ്രൂഷ

www.malankaralibrary.com



പരമായ സ്വഭാവത്തെപ്പററി പൗലോസ് അപ്പസ്തോലൻ വളരെ വ്യക്തമായി പറയുന്നുണ്ട്. കോറിന്തോസുകാർക്കുള്ള ഒന്നാം ലേഖനത്തിൽ അദ്ദേഹം ഇങ്ങനെ എഴുതുന്നു. ''ദൈവം സഭയിൽ ഒന്നാമത് അപ്പസ്തോലൻമാരെയും രണ്ടാമത് പ്രവാചകരെയും മൂന്നാമത് പ്രബോധകരെയും നിയമിച്ചിരിക്കുന്നു....'' (1 കോറി 12:28). എഫേസോസുകാർക്കുള്ള ലേഖനത്തിൽ നാം ഇങ്ങനെ വായിക്കുന്നു: ''നമുക്കോരോരുത്തർക്കും ക്രിസ്തുവിൻെറ ദാനത്തിനനുസൃതമായി കൃപ നല്കപ്പെട്ടിരിക്കുന്നു....ചിലർക്ക് അപ്പസ്തോലൻമാരും ചിലർക്ക് പ്രവാചകൻമാരും ചിലർക്ക് സുവിശേഷ പ്രഘോഷകൻമാരും ഇടയൻമാരും മററുചിലർക്ക് പ്രബോധകൻമാരും ആകാൻ അവൻ വരം നല്കി. ക്രിസ്തുവിൻെറ ശരീരം പടുത്തുയർത്തുന്നതിനുള്ള ശുശ്രൂഷ ചെയ്യാൻ വിശുദ്ധരെ സജ്ജമാക്കുന്നതിനുവേണ്ടിയാണിത്. വിശ്വാസത്തിൻെറ ഐക്യത്തിലും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ്ണജ്ഞാനത്തിലും എല്ലാവരും എത്തിച്ചേരുകയും ക്രിസ്തുവിൻെറ പരിപൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യരാവുകയും ചെയ്യുന്നതുവരെ ഇതു തുടരേണ്ടിയിരിക്കുന്നു'' (എഫേ 4:7; 11-13; cf. റോമാ 12:4-8). ഇവയും ഇതര പുതിയ നിയമഭാഗങ്ങളും ശുശ്രൂഷകളുടെയും അതുപോലെ ദാനങ്ങളുടെയും സഭാപരമായ ജോലികളുടെയും വൈവിധ്യത്തെ സൂചിപ്പിക്കുന്നു.

## തിരുപ്പട്ടത്തിൻേറതായ ശുശ്രൂഷകൾ

22. സഭയിൽ *പൗരോഹിത്യ ശുശ്രൂഷകൾക്ക്* അതായത് *തിരുപ്പട്ടം എന്ന കൂദാശയുടേതായ* ശുശ്രൂഷകൾക്ക് പ്രഥമസ്ഥാനമുണ്ട്. വാസ്തവത്തിൽ, എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ (cf. മത്താ 28:19) എന്ന അനുശാസനത്തോടെ കർത്താവായ യേശു അപ്പസ്തോലൻമാരെ, പുതിയ നിയമജനത്തിൻെറ വിത്തും ഹയരാർക്കിയുടെ തുടക്കവുമായ[65] അപ്പസ്തോലൻമാരെ, പുരോഹിതജനതയെ രൂപവത്കരിക്കാനും ഭരിക്കാനും ആയി, തിരഞ്ഞെടുത്തു നിയോ

www.malankaralibrary.com



ഗിച്ചു. അപ്പസ്തോലൻമാർക്കുണ്ടായിരുന്നതും തന്റെ ജനത്തിന്റെ അജപാലകർക്ക് യേശുനാഥൻ തുടർന്നു നല്കുന്നതുമായ ദൗത്യം ഒരു യഥാർത്ഥ സേവനമാണ്; വി. ഗ്രന്ഥത്തിൽ "diakonia" (സേവനം അഥവാ ശുശ്രൂഷ) എന്ന് എടുത്തുപറയുന്ന യഥാർത്ഥസേവനം. അതിനുള്ള പരിശുദ്ധാത്മാവിന്റെ സിദ്ധി ഉത്ഥിതനായ യേശുക്രിസ്തുവിൽനിന്നും തുടർന്നുള്ള ഇടമുറിയാത്ത അപ്പസ്തോലനിരയിൽനിന്നും തിരുപ്പട്ടം എന്ന കൂദാശവഴി പൗരോഹിത്യശുശ്രൂഷകർക്കു ലഭിക്കുന്നു. *ശിരസ്സായ ക്രിസ്തുവാകുന്ന ആളിൽ* (in persona Christi)[66] പ്രവർത്തിച്ചുകൊണ്ട് സഭയെ സേവിക്കാനും സുവിശേഷത്തിലൂടെയും കൂദാശകളിലൂടെയും സഭാംഗങ്ങളെ പരിശുദ്ധാത്മാവിൽ ഒന്നിച്ചു ചേർക്കാനും ഉള്ള അധികാരവും പാവനമായ ശക്തിയും അവർക്കു ക്രിസ്തുവിൽനിന്നു ലഭിക്കുന്നു.

പൗരോഹിത്യ ശുശ്രൂഷാദൗത്യം അതു സ്വീകരിക്കുന്നവർക്കുമാത്രമല്ല, സഭയ്ക്കാകമാനമുള്ള ഒരു കൃപാവരം ആണ്. മാമ്മോദീസായും സ്ഥൈര്യലേപനവുംവഴി എല്ലാ അല്മായവിശ്വാസികൾക്കും നല്കപ്പെടുന്ന പങ്കാളിത്തത്തിൽനിന്ന് അളവിൽ മാത്രമല്ല, സാരാംശത്തിലും വിഭിന്നമായ, യേശുക്രിസ്തുവിന്റെ പൗരോഹിത്യത്തിലുള്ള പങ്കാളിത്തത്തെ ഈ ശുശ്രൂഷകർ വെളിപ്പെടുത്തുകയും നിറവേററുകയും ചെയ്യുന്നു. മറിച്ച്, രണ്ടാം വത്തിക്കാൻ സൂനഹദോസ് അനുസ്മരിക്കുന്നതുപോലെ ശുശ്രൂഷാ പൗരോഹിത്യത്തിന്റെ ലക്ഷ്യം സാരാംശത്തിൽ എല്ലാ വിശ്വാസികൾക്കുമുള്ള രാജകീയപൗരോഹിത്യമാണ്. ഇതിനായിട്ടത്രേ ശുശ്രൂഷാപൗരോഹിത്യം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്.[67]

ഇക്കാരണത്താൽ സഭയിലെ കൂട്ടായ്മ വളർത്താനും ഉറപ്പാക്കാനും വേണ്ടി പ്രത്യേകിച്ച് ശുശ്രൂഷകളുടെ വൈവിധ്യവും അനുപൂരകത്വവുമുള്ള സ്ഥലങ്ങളിൽ, അജപാലകർ തങ്ങളുടെ ശുശ്രൂഷാദൗത്യം, അടിസ്ഥാനപരമായി ദൈവജനത്തിനു മുഴുവനുമുള്ള (cf. ഹെബ്രാ 5:1)

www.malankaralibrary.com



സേവനമാണെന്ന് എപ്പോഴും അംഗീകരിക്കേണ്ടതാണ്. അല്മായവിശ്വാസികളാകട്ടെ, സഭാദൗത്യത്തിലുള്ള തങ്ങളുടെ പങ്കാളിത്തത്തിന് ശുശ്രൂഷാ പൗരോഹിത്യം തികച്ചും ആവശ്യമാണെന്ന് അംഗീകരിക്കേണ്ടതാണ്.[68]

## അല്മായരുടെ ശുശ്രൂഷകളും ഔദ്യോഗികചുമതലകളും ദൗത്യങ്ങളും

23. ലോകത്തിൽ സഭയുടെ രക്ഷാകരദൗത്യം നിറവേറുന്നത് കൗദാശികപൗരോഹിത്യം സ്വീകരിച്ച ശുശ്രൂഷകർ വഴിമാത്രമല്ല, എല്ലാ അല്മായവിശ്വാസികൾവഴിയുമാണ്. ജ്ഞാനസ്നാവസ്ഥയും തങ്ങളുടെ പ്രത്യേകവിളിയുംവഴി ഓരോ വ്യക്തിക്കും അനുയോജ്യമായ അളവിൽ അല്മായവിശ്വാസികൾ ക്രിസ്തുവിന്റെ പൗരോഹിത്യ-പ്രവാചക-രാജകീയ ദൗത്യത്തിൽ പങ്കുകാരാകുന്നു.

അതുകൊണ്ട്, *ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകളിലും* വളരെപ്പേരെ സംബന്ധിച്ചിടത്തോളം *വിവാഹം എന്ന കൂദാശയിലും അടിസ്ഥിതമായ* അല്മായവിശ്വാസികളുടെ ശുശ്രൂഷകളും ഔദ്യോഗികചുമതലകളും ദൗത്യങ്ങളും അജപാലകർ ആദരിക്കുകയും വളർത്തുകയും വേണം.

പൗരോഹിത്യ ശുശ്രൂഷയുടേതായ ചില ഔദ്യോഗികചുമതലകളും സ്ഥാനങ്ങളും, സാർവത്രിക നിയമത്തിന്റെ മാനദണ്ഡമനുസരിച്ച് അടിയന്തരമായ ആവശ്യം നേരിടുമ്പോൾ, അജപാലകർക്ക് അല്മായരെ ഭരമേല്പിക്കാവുന്നതാണ്. എന്നാൽ അവ തിരുപ്പട്ടം സ്വീകരിച്ചവർക്കുമാത്രമായി നീക്കിവച്ചിട്ടുള്ളവയാകരുത്. കാനൻ നിയമസംഹിത ഇങ്ങനെ പറയുന്നു: ''സഭയിൽ അത്യാവശ്യം നേരിടുമ്പോഴും പുരോഹിതൻമാർ ഇല്ലാതെവരുമ്പോഴും പട്ടം സ്വീകരിച്ച വായനക്കാരോ (lectors) ബലിശുശ്രൂഷകരോ (acolytes) അല്ലെങ്കിൽപ്പോലും അല്മായർക്ക് ചില ഔദ്യോഗിക ചുമതലകൾ നിർവഹിക്കാനാകും. ഉദാഹരണമായി വചനശുശ്രൂഷ നടത്തുക, ആരാധനക്രമപ്രാർത്ഥ

www.malankaralibrary.com



നകൾക്ക് നേതൃത്വം നല്കുക, ജ്ഞാനസ്നാനം നല്കുക, ദിവ്യകാരുണ്യം നല്കുക എന്നീ ജോലികൾക്ക് സഭാനിയമത്തിന്റെ നിർദ്ദേശങ്ങളനുസരിച്ച് അല്മായരുടെ സേവനം നേടാവുന്നതാണ്''. [69] എന്നിരുന്നാലും *അത്തരം സേവനങ്ങൾ അല്മായരെ അജപാലകരാക്കി മാറ്റുന്നില്ല*. അനുഷ്ഠിക്കുന്ന ജോലിയുടെ പേരിൽ ഒരാൾ വൈദികശുശ്രൂഷി ആകുന്നില്ല. പിന്നെയോ, പൗരോഹിത്യകൂദാശവഴിയാണ്. പൗരോഹിത്യകൂദാശ മാത്രമേ ഇടയനും ശിരസ്സുമായ ക്രിസ്തുവിന്റെ ദൗത്യത്തിലും നിത്യമായ പൗരോഹിത്യത്തിലും ഒരു പ്രത്യേകപങ്കാളിത്തം പുരോഹിതശുശ്രൂഷകനു നല്കുന്നുള്ളു.[70] അല്മായർ വൈദികർക്കു പകരം അനുഷ്ഠിക്കുന്ന പൗരോഹിത്യചുമതലകളുടെ നിയമസാധുത അജപാലകരിൽനിന്നും അതുപോലെ സഭാധികാരികളുടെ നിയന്ത്രണത്തിലുള്ള അതിന്റെ അനുഷ്ഠാനത്തിൽനിന്നും ഔപചാരികമായും നേരിട്ടും കൈവരുന്നതാണ്. [71]

ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ പങ്കിനെയും കർത്തവ്യത്തെയും ശുശ്രൂഷകളെയും സംബന്ധിച്ച് ഈയിടെ ചേർന്ന മെത്രാൻമാരുടെ സിനഡ് വിശാലവും അർത്ഥവത്തുമായ ഒരവലോകനം നടത്തുകയുണ്ടായി. പ്രേഷിതപ്രവർത്തനം, സുവിശേഷപ്രഘോഷണം, ഭൗതികകാര്യങ്ങളുടെ വിശുദ്ധീകരണവും ക്രൈസ്തവീകരണവും, അതുപോലെതന്നെ അടിയന്തര സന്ദർഭങ്ങളിലും രൂക്ഷമായ ആവശ്യങ്ങളിലും സേവനം അനുഷ്ഠിക്കാനുള്ള ഉദാരമനഃസ്ഥിതി എന്നിവയിൽ സ്ത്രീപുരുഷൻമാരായ അല്മായവിശ്വാസികളുടെ സംഭാവനയെ പിതാക്കൻമാർ വളരെ ശ്ലാഘിച്ചിട്ടുണ്ട്. [72]

സൂനഹദോസ് പരിപോഷിപ്പിച്ച ആരാധനക്രമനവീകരണത്തെത്തുടർന്ന് ആരാധനക്രമ സമ്മേളനത്തിലും അതിന്റെ തയ്യാറെടുപ്പിലും അല്മായർ നിർവഹിക്കുന്ന കർത്തവ്യങ്ങളെക്കുറിച്ച് കൂടുതൽ സജീവമായ അവബോധം അവർക്കു സിദ്ധിച്ചിട്ടുണ്ട്. അവ അനുഷ്ഠിക്കാൻ കൂടു

www.malankaralibrary.com



തൽ സന്നദ്ധത കൈവന്നിട്ടുമുണ്ട്. ആരാധനക്രമാഘോഷം വാസ്തവത്തിൽ വൈദികരുടേതു മാത്രമല്ല, സമൂഹം മുഴുവ ന്റേതുമായ ഒരു പാവനകർമ്മമാണ്. അതുകൊണ്ട് തിരുപ്പ ട്ടമേററവർക്ക് യോജിക്കാത്ത കർത്തവ്യങ്ങൾ അല്മായർ നിർ വഹിക്കുക സ്വാഭാവികമാണല്ലോ.[73] ഇപ്രകാരം അല്മായ രുടെ ആരാധനക്രമാനുഷ്ഠാനത്തിലുള്ള ഫലപ്രദമായ പ ങ്കാളിത്തത്തിൽനിന്ന് ദൈവവചന പ്രഘോഷണത്തിലേക്കും അജപാലനശുശ്രൂഷയിലേക്കും ഉള്ള ഒരു സ്വാഭാവിക പ രിവർത്തനം ഉണ്ടായിട്ടുണ്ട്.[74]

എന്നിരിക്കിലും ഇതേ സിനഡു സമ്മേളനത്തിൽത്തന്നെ ഭാവാത്മകമായ ഈ വസ്തുതകളോടൊപ്പം ചില കാര്യ ങ്ങളിൽ വിമർശനാത്മകമായ പ്രസ്താവങ്ങളും മുഴങ്ങി ക്കേട്ടു. ഉദാഹരണമായി 'ശുശ്രൂഷ' (ministry) എന്ന പദം ഒട്ടും വിവേചനമില്ലാതെ പ്രയോഗിച്ചതും പൊതു പൗരോ ഹിത്യത്തെ ശുശ്രൂഷാ പൗരോഹിത്യവുമായി കൂട്ടിക്കുഴച്ച തും അവയെ തുല്യമായിക്കണ്ടതും സഭാപരമായ നിയമങ്ങ ളും വ്യവസ്ഥകളും പാലിക്കാതിരുന്നതും അധികാരം 'നല്കൽ' (supply) എന്ന ആശയം ഇഷ്ടാനുസൃതം വ്യാ ഖ്യാനിച്ചതും അല്മായരെ 'വൈദികരായി' കാണാനുള്ള (clericalization) പ്രവണത പുലർത്തിയതും പൗരോഹിത്യാ ധിഷ്ഠിതമായ ശുശ്രൂഷയ്ക്ക് സമാന്തരമായി സഭാപരമാ യ ഒരു ഘടന സൃഷ്ടിച്ചെടുക്കാനുള്ള സാഹസം കാണി ച്ചതും വിമർശനത്തിനു വിഷയമായി.

ഇത്തരം വിപത്തുകൾ അതിജീവിക്കുന്നതിനുവേണ്ടി ജ്ഞാനസ്നാതർ പങ്കുചേരുന്ന *സഭാ കൂട്ടായ്മയുടെ ഔ ന്നത്യവും* പൗരോഹിത്യാധിഷ്ഠിതമായ അജപാലനശുശ്രൂ ഷയുടെ സാരാംശത്തിലുള്ള വ്യത്യാസവും കൂടുതൽ വ്യക്ത മായും അസന്ദിഗ്ദ്ധമായും പ്രതിപാദിക്കണമെന്ന് സിന ഡുപിതാക്കൾ നിഷ്കർഷിക്കുകയുണ്ടായി.[75] ഇങ്ങനെ ചെയ്യുന്നത് ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകളിൽ അധിഷ്ഠിതമായ ഇതര സഭാശുശ്രൂഷകൾ,

www.malankaralibrary.com



കർത്തവ്യങ്ങളം, ദൗത്യങ്ങളം എന്നിവയെ മാനിച്ചുകൊണ്ടു വേണമെന്നും അവർ നിഷ്കർഷിച്ചു.

അല്മായവിശ്വാസികളുടെ വിവിധ ശുശ്രൂഷകളും ഔദ്യോഗികജോലികളും ദൗത്യങ്ങളും അംഗീകരിക്കുകയും അവ അവരെ ഭരമേല്പിക്കുകയും ചെയ്യുമ്പോഴം, അവ വേരൂന്നിയിരിക്കുന്ന ജ്ഞാനസ്നാനത്തിൻെറ അടിസ്ഥാനത്തിൽ അങ്ങനെ ചെയ്യുവാൻ അജപാലകർ അങ്ങേയററം ശ്രദ്ധിക്കേണ്ടത് പ്രഥമതഃ ആവശ്യമാണ്. മേന്മയേറിയ അജപാലനാസൂത്രണംകൊണ്ട് പരിഹാരമാർഗ്ഗങ്ങളം കണ്ടെത്താമെന്നിരിക്കെ കല്പിതവും സാങ്കല്പികവുമായ അടിയന്തരസാഹചര്യത്തിൻെറയോ അത്യാവശ്യംനിമിത്തമുള്ള അധികാരം നല്കലിൻെറയോ പേരിൽ എളുപ്പമായതെങ്കിലും ആക്ഷേപാർഹമായ മാർഗ്ഗമവലംബിക്കുന്നതിനെതിരേ അജപാലകന്മാർ ജാഗ്രത പുലർത്തേണ്ടതാണ്.

വിശ്വാസവിനിമയത്തിലും സഭയുടെ അജപാലനഘടനയിലും അല്മായവിശ്വാസികഠക്ക് ന്യായമായി നിർവഹിക്കാവുന്ന വിവിധ ശുശ്രൂഷകളും ഔദ്യോഗികജോലികളും ദൗത്യങ്ങളും തിരുപ്പട്ടമേററവരുടേതിൽനിന്നു വ്യതിരിക്തവും *അല്മായവിളിക്കനുസൃതവും ആയ പ്രത്യേകവിധത്തിൽ* അനുഷ്ഠിക്കപ്പെടേണ്ടതാണ്. സഭാജീവിതത്തിലും സുവിശേഷപ്രഘോഷണ ദൗത്യത്തിലും അല്മായരുടെ വൈവിധ്യമാർന്ന സഹകരണത്തെ പ്രചോദിപ്പിക്കുന്ന ''സുവിശേഷപ്രഘോഷണം'' (Evangelii Nuntiandi) എന്ന അപ്പസ്തോലികാഹ്വാനത്തിൽ അനുസ്മരിക്കുന്നതുപോലെ ''അവരുടെ സുവിശേഷപ്രഘോഷണമണ്ഡലം വിസ്തൃതവും സങ്കീർണ്ണവുമായ ലോകമാണ്; രാഷ്ട്രീയം, സമൂഹം, സമ്പദ്വ്യവസ്ഥ, അതുപോലെതന്നെ സംസ്കാരം, ശാസ്ത്രങ്ങളം, കലകഠം, അന്താരാഷ്ട്രജീവിതം, സമ്പർക്കമാധ്യമങ്ങളം എന്നിവയുടെ ലോകമാണത്. മാത്രമല്ല, മനുഷ്യസ്നേഹം, കുടുംബം, കുട്ടികളുടെയും കൗമാരപ്രായത്തിലുള്ളവരുടെയും വിദ്യാഭ്യാസം, തൊഴിൽ, സഹനം, എന്നി

www.malankaralibrary.com



ങ്ങനെ സുവിശേഷപ്രഘോഷണത്തോടു നേരിട്ടു ബന്ധമുള്ള ഇതര യാഥാർത്ഥ്യങ്ങളും നിറഞ്ഞതാണ് സുവിശേഷപ്രഘോഷണമണ്ഡലം. മേല്പറഞ്ഞ കാര്യങ്ങളിൽ പൂർണ്ണമായി വ്യാപരിക്കുന്ന സുവിശേഷചൈതന്യ പ്രചോദിതരായ അല്മായർ എത്ര കൂടുതലുണ്ടോ അത്രയധികമായി ഈ യാഥാർത്ഥ്യങ്ങൾ ദൈവരാജ്യത്തിൻെറയും തന്മൂലം യേശുക്രിസ്തുവിലുള്ള രക്ഷയുടെയും ശുശ്രൂഷയ്ക്ക് പ്രയോജകീഭവിക്കുന്നു. ഈ ശുശ്രൂഷയിൽ അവർ തങ്ങളുടെ മാനുഷികാന്തസ്സത്തയെ ഒരു തരത്തിലും നഷ്ടപ്പെടുത്തുകയോ, ബലികഴിക്കുകയോ ചെയ്യുന്നില്ല; പ്രത്യുത പലപ്പോഴും അവഗണിക്കപ്പെടാറുള്ള മനുഷ്യജീവിതത്തിൻെറ പ്രകൃത്യതീതമായ തലത്തിലേക്ക് വിരൽ ചൂണ്ടുകയാണ്. ഈ അല്മായരാകട്ടെ, തങ്ങൾ ഏർപ്പെട്ടിരിക്കുന്ന ലൗകികസംരംഭങ്ങളെ പോഷിപ്പിക്കാൻ പ്രാപ്തരും തങ്ങളുടെ ക്രിസ്തീയശക്തികളെ പൂർണ്ണമായി വിനിയോഗിക്കേണ്ടവരാണെന്ന അവബോധമുള്ളവരുമാണ്.[76]

*വായനക്കാരൻെറയും സഹായകൻെറയും പട്ടങ്ങളെ*ക്കുറിച്ച് (Lectorate, Acolytate) സിനഡുപിതാക്കന്മാർ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി. പൗരോഹിത്യത്തിലേക്കുള്ള പാതയിലെ ആദ്ധ്യാത്മിക കല്പടവുകളായി ഇവ പണ്ടു ലത്തീൻ സഭയിൽ നിലനിന്നിരുന്നു. എന്നാൽ പോപ്പ് ആറാമൻെറ "ചില ശുശ്രൂഷകൾ" (Ministeria Quaedam) (1972 ഓഗ. 15) എന്ന തിരുവെഴുത്ത് (Motu Proprio) വഴി അത്തരം ശുശ്രൂഷകൾക്ക് അസ്തിത്വവും സ്ഥിരതയും കൈവന്നു, അവ പുരുഷന്മാർക്കു മാത്രമായിട്ടാണെങ്കിലും അല്മായവിശ്വാസികൾക്കു നല്കപ്പെടാൻ സാധ്യതയുള്ളതായി പരിഗണിക്കപ്പെട്ടു. കാനൻ നിയമത്തിൻെറ പുതിയ സംഹിതയിലും ഇതേകാര്യം പറയുന്നുണ്ട്.[77] ഇപ്പോൾ പ്രാദേശികസഭകളിൽ നിലനില്ക്കുന്ന ആചാരങ്ങൾ സ്മരിച്ചുകൊണ്ട് സർവ്വോപരി, ഓരോ ശുശ്രൂഷയ്ക്കുമായി നിയോഗിക്കപ്പെടുന്നവരെ തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾ മനസ്സിൽവച്ചുകൊണ്ട് *"ചില ശുശ്രൂഷകൾ"*

www.malankaralibrary.com



(Ministeria Quaedam) എന്ന തിരുവെഴുത്തിനെപ്പററി പുനർവിചിന്തനം ചെയ്യണമെന്ന ആഗ്രഹം സിനഡുപിതാക്കന്മാർ പ്രകടിപ്പിച്ചു''.[78]

പിതാക്കന്മാരുടെ ഈ ആഗ്രഹത്തോടു പ്രതികരിക്കാൻ ഒരു കമ്മീഷൻ നിയമിതമായി. അല്മായരെ ഇന്നു ഭരമേല്പിക്കുന്ന ശുശ്രൂഷകളുടെ അധികമായ വർദ്ധനയോടു ബന്ധപ്പെട്ട ദൈവശാസ്ത്രപരവും ആരാധനക്രമപരവും നൈയാമികവും അജപാലനപരവുമായ വിവിധ കാര്യങ്ങളെപ്പററി സവിശേഷമായി ആഴത്തിൽ പഠിക്കാനത്രേ ഈ കമ്മീഷൻ.

കമ്മീഷൻെറ നിഗമനങ്ങരം കാത്തിരിക്കവേതന്നെ അല്മായവിശ്വാസികളെ ഭരമേല്പിക്കുന്ന കൂടുതൽ ചിട്ടയുള്ളതും ഫലപ്രദവുമായ ശുശ്രൂഷകളുടെ സഭാപരമായ പരിശീലനം കൈവരിക്കാനാകും. പക്ഷേ അതിനായി എല്ലാ പ്രാദേശികസഭകളും മേൽ സൂചിപ്പിച്ച ദൈവശാസ്ത്രപരമായ തത്ത്വങ്ങരം ആത്മാർത്ഥമായി ആദരിക്കണം. പ്രത്യേകിച്ച് പൊതുപൗരോഹിത്യവും ശുശ്രൂഷാപൗരോഹിത്യവും തമ്മിലുള്ള അന്തരത്തെയും, കൗദാശികപൗരോഹിത്യത്തിൻെറ ശുശ്രൂഷകളും, ജ്ഞാനസ്നാനം, സ്ഥൈര്യലേപനം എന്നീ കൂദാശകളിൽ നിന്നുളവാകുന്ന ശുശ്രൂഷകളും തമ്മിലുള്ള അന്തരത്തെയും സംബന്ധിച്ച ദൈവശാസ്ത്രതത്ത്വങ്ങരം കണക്കിലെടുക്കേണ്ടതാണ്.

## സിദ്ധികൾ (Charisms)

24. പരിശുദ്ധാത്മാവ് സഭാകൂട്ടായ്മയിൽ വിവിധങ്ങളായ ശുശ്രൂഷകരം നല്കുന്നതോടൊപ്പം സിദ്ധികളെന്നു വിളിക്കപ്പെടുന്ന കൃപാവരത്തിൻെറ പ്രചോദനങ്ങളാലോ പ്രത്യേകദാനങ്ങളാലോ അതിനെ കൂടുതൽ സമ്പന്നമാക്കുന്നു. സിദ്ധികളെ സമൃദ്ധമായി ചൊരിയുന്ന ആത്മാവിൻെറ പരമമായ സ്വാതന്ത്ര്യത്തിൻെറ പ്രകാശനമായും ചരിത്രത്തിൽ സഭയുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങളോ

www.malankaralibrary.com



ടുള്ള പ്രത്യുത്തരമായും ഈ സിദ്ധികൾക്ക് വൈവിധ്യമാർന്ന രൂപങ്ങൾ കൈവരിക്കാനാവും. പുതിയ നിയമത്തിൽ ഇത്തരം ദാനങ്ങളെപ്പറ്റി വിവരിക്കുകയും അവയെ തരംതിരിക്കുകയും ചെയ്യുന്നതുതന്നെ അവയുടെ സമ്പന്നമായ വൈവിധ്യത്തിൻെറ സൂചനയാണ്. ''ഓരോരുത്തരിലും ആത്മാവ് വെളിപ്പെടുന്നത് പൊതുനൻമയ്ക്കുവേണ്ടിയാണ്. ഒരേ ആത്മാവുതന്നെ ഒരാൾക്കു വിവേകത്തിൻെറ വചനവും മറെറാരാൾക്ക് ജ്ഞാനത്തിൻെറ വചനവും നല്കുന്നു. ഒരേ ആത്മാവുതന്നെ ഒരുവനു വിശ്വാസവും വേറൊരുവന് രോഗശാന്തിയ്ക്കുള്ള വരവും നല്കുന്നു. ഒരുവന് അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ ശക്തിയും മറെറാരുവനു പ്രവചിക്കാൻ വരവും വേറൊരുവന് ആത്മാക്കളെ വിവേചിച്ചറിയാൻ കഴിവും വേറൊരുവനു ഭാഷാവരവും വേറൊരുവനു വ്യാഖ്യാനിക്കാനുള്ള വരവും അതേ ആത്മാവു തന്നെ നല്കുന്നു''; (1 കോറി 12:7-10 cf. 1 കോറി 12:4-6; 28-31; റോമാ 12:6-8; 1 പത്രോ 4:10-11).

സവിശേഷവും മഹനീയവുമായാലും അഥവാ സാധാരണവും ലളിതവുമായാലും ഈ വരങ്ങൾ *പരിശുദ്ധാത്മാവിൻെറ കൃപാവരങ്ങളാണ്. അവയ്ക്കു സഭാകൂട്ടായ്മയുടെ നന്മയുമായി പ്രത്യക്ഷമോ പരോക്ഷമോ ആയ ബന്ധമുണ്ട്.* സഭാകൂട്ടായ്മയാകട്ടെ, മാനവക്ഷേമത്തിനും ലോകാവശ്യങ്ങൾക്കും ആയി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നുതാനും.

ഇക്കാലത്തുപോലും സ്ത്രീ പുരുഷന്മാരായ വിശ്വാസികളുടെയിടയിൽ വിവിധങ്ങളായ സിദ്ധികളുടെ ഫലപ്രദമായ പ്രകാശനത്തിന് ഒരു കുറവും കാണുന്നില്ല. വ്യക്തികളെന്നനിലയിൽ ഒരു പ്രത്യേക ആദ്ധ്യാത്മിക ബന്ധത്തിൻെറ ഉറവിടവുമാണ് ഈ സിദ്ധികൾ.

അല്മായവിശ്വാസികളുടെ പ്രേഷിതത്വത്തെ പരാമർശിക്കവേ, രണ്ടാം വത്തിക്കാൻ സൂനഹദോസ് പറയുന്നു:

www.malankaralibrary.com



''തിരുക്കർമ്മങ്ങളും കൂദാശകളും വഴി ദൈവജനത്തെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവ് ഈ പ്രേഷിതവൃത്തിക്കാവശ്യമുള്ള പ്രത്യേകവരങ്ങറം നല്കുന്നു (cf. 1 കോറി 12:7). അവിടുന്നു തിരുമനസ്സാകുന്നതുപോലെയാണ് ഓരോരുത്തർക്കും ഈ ദാനം നല്കുന്നത് (cf. 1 കോറി 12:11). ഓരോരുത്തരും തങ്ങറംക്കു ലഭിച്ച ദാനത്തിൻെറ തോതനുസരിച്ച് അത് മററുള്ളവർക്കു പകർന്നു കൊടുക്കേണ്ടതാണ്. അങ്ങനെ 'വിവിധ ദൈവദാനങ്ങളുടെ വിശ്വസ്തകാര്യസ്ഥൻമാരായി' (1 പത്രോ 4: 10) മുഴുവൻ ശരീരത്തെയും സ്നേഹത്തിൽ പണിതുയർത്തേണ്ടിയിരിക്കുന്നു. (cf. എഫേ 4:16)''.[79]

ഈ ദാനത്തിൻെറ ദൈവികസ്രോതസ്സ് അംഗീകരിച്ചുകൊണ്ട് കൗൺസിൽ അനുസ്മരിക്കുന്നു:[80] ആത്മാവിൻെറ ദാനങ്ങറം സ്വീകരിച്ചിരിക്കുന്നവർ അവ സഭ മുഴുവൻെറയും വളർച്ചയ്ക്കുവേണ്ടി വിനിയോഗിക്കേണ്ടിയിരിക്കുന്നു.

വരങ്ങറം സ്വീകരിക്കുന്നവരും സഭമുഴുവനും, അവ *കൃതജ്ഞതാപൂർവ്വം സ്വീകരിക്കേണ്ടതാണ്.* വാസ്തവത്തിൽ, അവ ക്രിസ്തുശരീരം മുഴുവൻെറയും വിശുദ്ധിക്കും പ്രേഷിതത്വത്തിൻെറ ഊർജ്ജസ്വലതയ്ക്കും വേണ്ടിയുള്ള കൃപാവരത്തിൻെറ സമ്പന്നസ്രോതസ്സാണ്. പക്ഷേ, അവ യഥാർത്ഥത്തിൽ ആത്മാവിൽനിന്നുതന്നെ പുറപ്പെടുന്നവയും ആത്മാവിൻെറ ആധികാരികമായ പ്രേരണകറംക്കനുസൃതമായി ഉപയോഗിക്കപ്പെടുന്നവയുമായിരിക്കണം. *ഈയർത്ഥത്തിൽ സിദ്ധികറം വിവേചിച്ചറിയേണ്ടത്* എപ്പോഴും ആവശ്യമാണ്. സിനഡു പിതാക്കൻമാർ ഇക്കാര്യം ഇങ്ങനെ ചൂണ്ടിക്കാട്ടുന്നു: തനിക്കിഷ്ടമുള്ളിടത്ത് വ്യാപരിക്കുന്ന പരിശുദ്ധാത്മാവിൻെറ പ്രവർത്തനം എപ്പോഴും അത്ര എളുപ്പത്തിൽ വിവേചിച്ചറിയാവുന്നതോ സ്വീകരിക്കാവുന്നതോ അല്ല. എല്ലാ ക്രൈസ്തവരിലും ദൈവം പ്രവർത്തിക്കുന്നു എന്നു നമുക്കറിയാം. വ്യക്തികറംക്കും ക്രൈസ്തവസമൂഹം മുഴുവനും

www.malankaralibrary.com



വേണ്ടി നിർഗ്ഗളിക്കുന്ന വരങ്ങളുടെ നൻമകളെപ്പററി നമുക്കവബോധമുണ്ട്. എന്നിരുന്നാലും പാപത്തിൻെറ ശക്തിയെപ്പററിയും അതിനു വിശ്വാസികളുടെയും സമൂഹത്തിൻെറയും ജീവിതത്തെ അലങ്കോലപ്പെടുത്താനുള്ള കഴിവിനെപ്പററിയും നമുക്കറിയാം. [81]

ഇക്കാരണത്താൽ ഒരുവരത്തിൻെറയും പേരിൽ ആർക്കും സഭയുടെ അജപാലകരോടുള്ള വിധേയത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനോ അവരുടെ നിർദ്ദേശങ്ങൾ തേടാതിരിക്കാനോ സ്വാതന്ത്ര്യം ലഭിക്കുന്നില്ല. കൗൺസിൽ വ്യക്തമായിപ്പറയുന്നു: ''അപ്രകാരമുള്ള വരങ്ങളുടെ യാഥാർത്ഥ്യത്തെപ്പററിയും അതുപയോഗിക്കേണ്ട രീതിയെപ്പററിയുമുള്ള തീരുമാനം സഭയിൽ നായകന്മാരായി നിശ്ചയിക്കപ്പെട്ടിട്ടുള്ളവർക്ക് വിട്ടുകൊടുക്കേണ്ടതാണ്. ഇവരോ എന്നാൽ, പരിശുദ്ധാത്മാവിൻെറ പ്രേരണകളെ നിഷ്കാസനംചെയ്യുകയല്ല, നേരേമറിച്ച്, എല്ലാക്കാര്യങ്ങളും പരിശോധിച്ചറിഞ്ഞ് നല്ലവയെ പരിരക്ഷിക്കുകയാണ് വേണ്ടത് ( cf. 1 തെസ 5 : 12; 19 – 21 )''. [82] അങ്ങനെ എല്ലാ വരങ്ങളും പൊതുനന്മയ്ക്കായി അവയുടെ വൈവിധ്യത്തിലും അനുപൂരകത്വത്തിലും ഒന്നിച്ചു പ്രവർത്തിക്കുന്നു. [83]

## സഭാജീവിതത്തിൽ അല്മായവിശ്വാസികളുടെ ഭാഗഭാഗിത്വം

തങ്ങളുടെ കർത്തവ്യങ്ങളുടെയും സിദ്ധികളുടെയും അനുഷ്ഠാനത്തിലൂടെ മാത്രമല്ല, സഭാജീവിതത്തിൽ അല്മായവിശ്വാസികൾക്ക് പങ്കാളിത്തം മററുവിധത്തിലും ഉണ്ട്. ''പരിശുദ്ധവും സാർവ്വത്രികവും ശ്ലൈഹികവും ആയ ക്രിസ്തുവിൻെറ സഭ'' യഥാർത്ഥത്തിൽ സന്നിഹിതവും പ്രവർത്തനനിരതവുമായ രൂപതയിൽ പ്രാദേശികസഭാജീവിതത്തിലും ദൗത്യത്തിലും ആണ് അല്മായരുടെ പങ്കാളിത്തം പ്രഥമത: വെളിപ്പെടുന്നത്. [84]

www.malankaralibrary.com



## പ്രാദേശികസഭകളും സാർവത്രികസഭയും

സഭാജീവിതത്തിൽ അല്മായവിശ്വാസികൾക്ക് വേണ്ടത്ര പങ്കാളിത്തം ഉണ്ടാകുന്നതിന് *പ്രാദേശികസഭയ്ക്ക് സാർവത്രികസഭയോടുള്ള പ്രാരംഭബന്ധത്തെപ്പറ്റി* വ്യക്തവും കൃത്യവുമായ കാഴ്ചപ്പാട് ഉണ്ടാകേണ്ടത് തികച്ചും ആവശ്യമാണ്. സാർവത്രികസഭയുടെ ഒരു ശകലമല്ല പ്രാദേശികസഭ. അതുപോലെ പ്രാദേശികസഭകളുടെ കേവലമായ ഒന്നുചേരലല്ല സാർവത്രികസഭ. അവയെ ഓരോന്നിനെയും കൂട്ടിബന്ധിപ്പിക്കുന്ന യഥാർത്ഥവും അനുപേക്ഷണീയവും സുസ്ഥിരവുമായ ഒരു ബന്ധമുണ്ട്. അതുകൊണ്ടാണ് സാർവത്രികസഭ പ്രാദേശികസഭകളിൽ സ്ഥിതിചെയ്യുന്നതും, അവയിലൂടെ പ്രകാശിതമാകുന്നതും. ഇക്കാരണത്താൽ, സാർവത്രികസഭയുടെ മാതൃകയിൽ രൂപപ്പെടുത്തിയതാണ് പ്രാദേശികസഭ എന്ന് സൂനഹദോസു ചൂണ്ടിക്കാണിക്കുന്നു: ''പ്രാദേശികസഭകളിലും പ്രാദേശികസഭകളിൽനിന്നുമാണ് ഏകവും അതുല്യവും ആയ കത്തോലിക്കാസഭ രൂപം പ്രാപിക്കുന്നത്.''[86]

പ്രാദേശികസഭയോടുള്ള തങ്ങളുടെ ആത്മബന്ധം സജീവമായി പ്രകടിപ്പിച്ചുജീവിക്കാൻ സൂനഹദോസ് അല്മായവിശ്വാസികളെ ശക്തമായി പ്രോൽസാഹിപ്പിക്കുന്നു, അതേസമയം എന്നാളും വളർന്നുവരുന്ന സാർവത്രികാരൂപി (catholic spirit) അവർ സ്വന്തമാക്കുകയും വേണം. അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ ഇങ്ങനെ പറയുന്നു. ''സ്വന്തരൂപതയോട് അല്മായർ സ്നേഹം പുലർത്തണം. രൂപതയുടെ ചെറിയൊരുഭാഗം മാത്രമാണ് ഇടവക. മെത്രാൻ ആവശ്യപ്പെടുമ്പോഴെല്ലാം രൂപതാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ അവർ സദാ സന്നദ്ധരാകണം. പട്ടണങ്ങളുടെയും ഗ്രാമങ്ങളുടെയും ആവശ്യങ്ങൾ നിർവ്വഹിക്കപ്പെടേണ്ടിയിരിക്കുന്നു. അതുകൊണ്ട് അല്മായർ തങ്ങളുടെ പ്രവർത്തനം ഇടവകയുടെയോ രൂപതയുടെയോ പരിധികളിൽ

www.malankaralibrary.com



ഒതുക്കിനിർത്തരുത്, മറിച്ച് മററിടവകകളിലേക്കും രൂപതകളിലേക്കും ദേശീയവും അന്തർദേശീയവുമായ തലങ്ങളിലേക്കും വ്യാപിപ്പിക്കാൻ ശ്രമിക്കണം. കാരണം ഇന്നു വളരെയധികം ജനങ്ങൾ കുടിയേറിത്താമസിക്കുകയും അവരുടെ പരസ്പരബന്ധം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. സമ്പർക്കസാധ്യതകൾ വർദ്ധിച്ചുവർദ്ധിച്ച് മനുഷ്യസമൂഹത്തിലെ ഒരു ഭാഗത്തിനും ഒററപ്പെട്ടുകഴിയാൻ സാധ്യമല്ലാത്ത സ്ഥിതിവിശേഷം സംജാതമായിരിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്ന ദൈവജനത്തിന്റെ ആവശ്യങ്ങളിൽ അവർ ശ്രദ്ധയുള്ളവരായിരിക്കണം. [86]

ഒരു ആവശ്യം എന്ന നിലയിൽ യഥാസമയത്ത് *രൂപതാ പാസ്ററൽ കൗൺസിലുകൾ* ആരംഭിക്കുന്നതിനെ അടുത്ത കാലത്തുചേർന്ന സിനഡ് പ്രോത്സാഹിപ്പിക്കുന്നുണ്ട്. വാസ്തവത്തിൽ ഇത്തരം ഘടന രൂപതാതലത്തിൽ സഹകരണത്തിനും ആശയവിനിമയത്തിനും വിവേചിച്ചറിയലിനും ഉള്ള പ്രധാനോപാധിതന്നെയാകാം.

വിശാലവും സുനിശ്ചിതവുമായ അർത്ഥത്തിൽ നോക്കുമ്പോൾ, അല്മായപങ്കാളിത്തത്തിന് ഈ കൗൺസിലുകളിൽ വളരെ സ്വാധീനം ചെലുത്താനാകുമെന്ന് കാണാം. ചർച്ച വ്യാപകമാക്കാനുപകരിക്കുന്ന ആശയങ്ങൾ പ്രദാനം ചെയ്യാനും സഹവർത്തിത്വം വിശദമാക്കാനും ചില സന്ദർഭങ്ങളിൽ തീരുമാനമെടുക്കാനും അല്മായപങ്കാളിത്തം സഹായിക്കുന്നു. [87]

*രൂപതാസിനഡുകളിലും പ്രാദേശികകൗൺസിലുകളിലും* അവ പ്രവിശ്യാതലത്തിലുള്ളതോ പൂർണ്ണമായതോ ആയാലും, അല്മായപങ്കാളിത്തം ഉണ്ടായിരിക്കണമെന്ന് കാനൻ നിയമസംഹിത വിവക്ഷിക്കുന്നു. [88] സഭാകൂട്ടായ്മയ്ക്ക് ഈ സംഘടനകൾ സഹായകമായിത്തീരുന്നു. പ്രാദേശികസഭയ്ക്ക് അതിന്റെതന്നെ സാഹചര്യങ്ങളിലും സഭാപ്രവിശ്യയുടെ ഇതര പ്രാദേശികസഭകളോടോ മൈത്രാ

www.malankaralibrary.com



ന്മാരുടെ കോൺഫറൻസിനോടോ ഉള്ള ബന്ധത്തിലും അതിൻെറ ദൗത്യം നിറവേററാൻ ഈ ഘടനകഠം ഉപകരിക്കുന്നു.

ദേശീയതലത്തിലോ പ്രാദേശികതലത്തിലോ അല്മായ സ്ത്രീ പുരുഷന്മാരുടെ ആലോചനയും സഹവർത്തിത്വവും വളർത്തിയെടുക്കാൻ ഏററവും ഉതകുന്ന മാർഗ്ഗമേതെന്ന് മെത്രാന്മാരുടെ കോൺഫറൻസുകഠം വിലയിരുത്തേണ്ടതുണ്ട്. അങ്ങനെ തങ്ങഠം എല്ലാവരും നേരിടുന്ന പ്രശ്നങ്ങഠം നന്നായി പര്യാലോചിക്കാനും മുഴുവൻ സഭയുടെയും മെച്ചപ്പെട്ട കൂട്ടായ്മ പ്രകടമാക്കാനും അവർക്കു കഴിയും.[89]

## ഇടവക

26. സദാ സാർവ്വത്രികമാനമുള്ള സഭാസമൂഹത്തിൻെറ പ്രഥമവും ദൃശ്യവുമായ അനുഭവം ഏററവും കൂടുതലായി പ്രകടിതമാകുന്നത് *ഇടവകയിലാണ്*. അവിടെയാണ് സഭ പ്രാദേശികമായി കാണപ്പെടുന്നത്. ഒരർത്ഥത്തിൽ *തൻെറ പുത്രീപുത്രൻമാരുടെ ഭവനങ്ങളിൽ സഭ കുടികൊള്ളുന്നതാണ് ഇടവക.*[90]

വിശ്വാസത്തിൻെറ വെളിച്ചത്തിൽ എല്ലാവരും ഇടവകയുടെ യഥാർത്ഥ പൊരുഠം വീണ്ടും കണ്ടെത്തേണ്ടത് ആവശ്യമാണ്. ഈ ഇടവകയിലാണ് സഭാ''രഹസ്യം'' സന്നിഹിതമായിരിക്കുന്നതും പ്രവർത്തിക്കുന്നതും. ഒരുവേള ആളും അർത്ഥവും കുറഞ്ഞേക്കാം. അല്ലെങ്കിൽ, വിശാലമായ അതിർത്തികഠംക്കുള്ളിൽ ചിതറിക്കിടന്നേക്കാം. അതുമല്ലെങ്കിൽ, ആഠംത്തിരക്കിലും അലങ്കോലത്തിലും ആധുനിക പ്രദേശങ്ങളിൽപ്പെട്ട് എന്നും കണ്ണിൽപ്പെടാതെ കിടന്നേക്കാം. അങ്ങനെയുള്ള ഇടവക, പ്രധാനമായും ഒരു ഘടനയോ പ്രദേശമോ കെട്ടിടമോ അല്ല; പ്രത്യുത ''ദൈവത്തിൻെറ കുടുംബം; ഐക്യപ്പെടുത്തുന്ന അരൂപി ഉജ്ജ്വലിക്കുന്ന ഒരു കൂട്ടായ്മ''[91] ആണത്. നമ്മെ സ്വാഗതം ചെയ്യുന്ന വീടും

www.malankaralibrary.com



കുടുംബവുമാണത്.[92] ''വിശ്വാസികളുടെ ഒരു സമൂഹം''[93] ലളിതമായിപ്പറഞ്ഞാൽ ഇടവക ദൈവശാസ്ത്രപരമായ യാഥാർത്ഥ്യത്തിൽ പടുത്തുയർത്തപ്പെട്ടതാണ്. കാരണം, അത് *ഒരു ദിവ്യകാരുണ്യ സമൂഹം*[94] ആണ്. അതായത് ദിവ്യബലി ആഘോഷത്തിനു തികച്ചും അനുയോജ്യമായ ഒരു സമൂഹം. ഈ സമൂഹത്തെ പടുത്തുയർത്തുന്നതിനും സഭ മുഴുവനോടുമുള്ള പൂർണ്ണമായ കൂട്ടായ്മയുമായി കൗദാശിക ബന്ധം സ്ഥാപിക്കുന്നതിനുമുള്ള സജീവസ്രോതസ്സാണ് ദിവ്യകാരുണ്യം. ഒരു വിശ്വാസസമൂഹവും ഒരു ജീവസ്സുററ സമൂഹ (organic community)വുമാണ് എന്ന വസ്തുതയിലത്രേ മേല്പറഞ്ഞ അനുയോജ്യത വേരൂന്നിനില്ക്കുന്നത്. അങ്ങനെയുള്ള ഇടവകസമൂഹം പൗരോഹിത്യ ശുശ്രൂഷകരും ഇതര ക്രൈസ്തവരും ചേർന്നതാണ്. രൂപതാധ്യക്ഷനെ[95] പ്രതിനിധീകരിക്കുന്ന ഇടവകവികാരി പ്രാദേശിക സഭ മുഴുവനുമായുള്ള ഹയരാർക്കിപരമായ ബന്ധം കുറിക്കുന്നു.

ഇക്കാലത്ത് സഭയുടെ കർത്തവ്യം വളരെ വലുതാകയാൽ അതിന്റെ നിർവഹണം ഇടവകയ്ക്കുമാത്രമായി ഏല്പിക്കപ്പെടേണ്ടതല്ല. അക്കാരണത്താൽ, നിശ്ചിത അതിർത്തിക്കുള്ളിലെ[96] ഇടവകക്കാർ തമ്മിൽ സഹകരിച്ചു പെരുമാറേണ്ട വിധങ്ങൾ കാനൻ നിയമം വ്യക്തമാക്കുന്നു. കൂടാതെ, ക്രൈസ്തവവിശ്വാസികളുടെ വിവിധ ഗ്രൂപ്പുകളെ മാത്രമല്ല തന്റെ സാധാരണ അജപാലനാധികാരത്തിൽ പെടാത്ത അക്രൈസ്തവരെപ്പോലും മെത്രാൻ ശ്രദ്ധിക്കേണ്ടതാണെന്ന് ശിപാർശ ചെയ്യുന്നു.[97] സഭയ്ക്കു സന്നിഹിതയായി പ്രവർത്തിക്കാവുന്ന മററു പല മണ്ഡലങ്ങളും സംഘടനകളും ഉണ്ട്. ദൈവത്തിന്റെ വചനവും സുവിശേഷത്തിന്റെ കൃപാവരവും നിറവേററാനും ഇന്നത്തെ ജനങ്ങളുടെ വിവിധ സാഹചര്യങ്ങളോട് അവയെ അനുരൂപപ്പെടുത്താനും മേല്പറഞ്ഞവയെല്ലാം ആവശ്യമാണ്. ഇതുപോലെതന്നെ സംസ്കാരം, സമൂഹം, വിദ്യാഭ്യാസം തൊഴിലുകൾ മുതലായ

www.malankaralibrary.com



വയിൽ വിശ്വാസം പ്രചരിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളും സാഹചര്യങ്ങളുമുണ്ട്. എന്നാൽ ഒരു ഇടവക, ഇവയുടെയൊക്കെ കേന്ദ്രവും ഉറവിടവും ആയിരിക്കുക സാധ്യമല്ല. എന്നിരുന്നാലും ഇടവകയെ സംബന്ധിച്ചിടത്തോളം നവീനവും ശുഭോദർക്കവുമായ ഒരു കാലയളവാണിത്. തൻെറ ഭരണാരംഭകാലത്ത് പോപ്പ് ആറാമൻ റോമിലെ വൈദികരോടായി ഇങ്ങനെ പറഞ്ഞു: ''ഇടവക എന്ന പുരാതനവും പൂജ്യവുമായ സംവിധാനത്തിന് ഏറെ ആനുകാലിക പ്രാധാന്യമുള്ള അനുപേക്ഷണീയ ദൗത്യമുണ്ടെന്നും നാം ഉറച്ചു വിശ്വസിക്കുന്നു: അതായത്, ക്രൈസ്തവജനതയുടെ അടിസ്ഥാന സമൂഹം രൂപവത്കരിക്കുക, പരിചിതമായ ആരാധനക്രമ ജീവിതശൈലിയിൽ ജനത്തെ പ്രവേശിപ്പിക്കുകയും അവരെ ഒന്നിച്ചുകൂട്ടുകയും ചെയ്യുക, ജനത്തിൻെറ വിശ്വാസം പരിരക്ഷിക്കുകയും നവീകരിക്കുകയും ചെയ്യുക, ക്രിസ്തുവിൻെറ രക്ഷാകര സന്ദേശം പഠിപ്പിക്കാനുള്ള വിദ്യാലയമായിത്തീരുക, നൻമയുടെയും സാഹോദര്യത്തിൻെറയും പ്രവൃത്തികളാകുന്ന വിനീതസ്നേഹം പരിശീലിച്ച് ഐക്യദാർഢ്യം പുലർത്തുക[88] എന്നിവ''.

പല ഇടവകകളുടെയും ഇന്നത്തെ അവസ്ഥയിലേക്ക് സിനഡുപിതാക്കൻമാർ അതീവശ്രദ്ധ ചെലുത്തുകയും അവയുടെ *നവീകരണത്തിനായി കഠിനമായി യത്നിക്കണമെന്ന്* ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. ''നഗരവത്കൃതപ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടതായാലും മിഷൻ പ്രദേശങ്ങളിലുള്ളതായാലും പല ഇടവകകൾക്കും തങ്ങളുടെ ദൗത്യം ഫലപ്രദമായി നിറവേററാൻ കഴിയുന്നില്ല. കാരണങ്ങൾ പലതാണ്: അവയ്ക്കുള്ള ഭൗതികവിഭവശേഷിയുടെയോ വൈദികരുടെയോ (പട്ടമേററവരുടെയോ) അഭാവം, ഭൂമിശാസ്ത്രപരമായ അതിവിസ്തൃതി, ചില ക്രൈസ്തവരുടെ പ്രത്യേകസാഹചര്യങ്ങൾ (ഉദാഹരണമായി നാടുകടത്തപ്പെട്ടവരോ കുടിയേറിയവരോ ആയ ക്രൈസ്തവർ) എന്നിവ. ഇത്തരത്തിലുള്ള ഇടവകകൾ യഥാർത്ഥ ക്രൈസ്തവസമൂഹങ്ങളായിത്തീരാൻവേണ്ടി തദ്ദേശീയ സഭാധി

www.malankaralibrary.com



കാരികരം താഴെപ്പറയുന്ന കാര്യങ്ങരം വളർത്തിയെടുക്കണം:

(a) കാനൻ നിയമം അനുവദിക്കുന്ന സ്വാതന്ത്ര്യം പരമാവധി സ്വീകരിച്ചുകൊണ്ട് ഇടവകസംവിധാനങ്ങരം അനുരൂപപ്പെടുത്തണം, പ്രത്യേകിച്ച് അജപാലനച്ചുമതലകളിൽ അല്മായർക്ക് പങ്കാളിത്തം നല്കുന്ന കാര്യത്തിൽ.

(b) ദൈവവചനം പരസ്പരം പകർന്നുകൊടുക്കുന്ന പരസ്പര സ്നേഹത്തിലും സേവനത്തിലും ദൈവവചനം പ്രാവർത്തികമാക്കി ജീവിക്കുന്ന വിശ്വാസികളുടെ ''സജീവകൂട്ടായ്മയെന്നറിയപ്പെടുന്ന ചെറുതും ''അടിസ്ഥാനപരവുമായ സമൂഹങ്ങരം, വളർത്തിയെടുക്കണം. ഈ സമൂഹങ്ങളാകട്ടെ, തങ്ങളുടെ അജപാലകരോടുള്ള കൂട്ടായ്മയിൽ സഭൈക്യത്തിൻെറ യഥാർത്ഥ സാക്ഷികളും സുവിശേഷപ്രഘോഷണത്തിൻെറ കേന്ദ്രങ്ങളുമാണ്''. [99] ഇടവകകളുടെ നവീകരണത്തിനും അവയുടെ ഫലപ്രദമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും വേണ്ടി, ഒരേ പ്രദേശത്തുള്ള വിവിധ ഇടവകകളിൽ, സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽപ്പോലും വിവിധതരത്തിലുള്ള സഹകരണം പ്രോൽസാഹിപ്പിക്കേണ്ടതാണ്.

## ഇടവകയിലെ അപ്പസ്തോലികപ്രതിബദ്ധത

27. ഇടവകജീവിതത്തിൽ അല്മായ വിശ്വാസികളുടെ കൂട്ടായ്മയേയും പങ്കാളിത്തത്തെയുംപററി കൂടുതൽ സൂക്ഷ്മമായി പരിശോധിക്കേണ്ടിയിരിക്കുന്നു. ഇത്തരുണത്തിൽ, സൂനഹദോസിൻെറ അർത്ഥസമ്പുഷ്ടവും ആവേശഭരിതവും നിശിതവുമായ ഒരു ഖണ്ഡികയിലേക്ക് എല്ലാ അല്മായ സ്ത്രീ പുരുഷൻമാരും കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടിയിരിക്കുന്നു: ''ഇടയൻമാരുടെ പ്രേഷിതപ്രവർത്തനം പൂർണ്ണമായി ഫലമണിയിക്കാൻ അല്മായരുടെ പ്രവർത്തനവുംകൂടി വേണം. അത്രയ്ക്ക് അവശ്യഘടകമായിട്ടുണ്ട് സഭാസമൂഹങ്ങളിൽ അവരുടെ പ്രവർത്തനം''. [100]

www.malankaralibrary.com



വാസ്തവത്തിൽ, ഇത് ''കൂട്ടായ്മയുടെ സഭാവിജ്ഞാനീയ''ത്തിൻെറ വെളിച്ചത്തിൽ പ്രകടമായും വ്യാഖ്യാനിക്കേണ്ട സവിശേഷപ്രാധാന്യമുളള ഒരു പ്രസ്താവം ആണ്. ശുശ്രൂഷകളും സിദ്ധികളും വിവിധങ്ങളും അനുപൂരകങ്ങളുമാകയാൽ ഓരോന്നും അതിൻേറതായ രീതിയിൽ സഭയുടെ വളർച്ചയ്ക്ക് ആവശ്യമാണ്.

ഇടവകയിലെ പ്രേഷിതത്വത്തോടുളള തങ്ങളുടെ പ്രതിബദ്ധതയുടെ പ്രത്യേക പ്രാധാന്യത്തെപ്പററി അല്മായവിശ്വാസികൾക്ക് അഭൂതപൂർവമായ അവബോധം ഉണ്ടാകേണ്ടതാണ്. സൂനഹദോസ് വീണ്ടും ആധികാരികമായി ഇങ്ങനെ പറയുന്നു: ''സംഘടിതമായ പ്രേഷിതപ്രവർത്തനത്തിൻെറ ഉത്തമോദാഹരണമാണ് ഇടവക. ഒട്ടേറെ മാനുഷികവൈവിധ്യങ്ങളെ ഒരിടവക സ്വപരിധിക്കുളളിൽ കൂട്ടിയിണക്കുകയും സഭയുടെ സാർവത്രികത്വത്തിലേക്കു കൊണ്ടുവരികയും ചെയ്യുന്നു. ഇടവകയിലെ വൈദികരോട് യോജിച്ചുപ്രവർത്തിക്കാൻ അല്മായർ ശീലിക്കണം. വ്യക്തിപരവും ലോകം മുഴുവനെയും ബാധിക്കുന്നതുമായ പ്രശ്നങ്ങൾ അവർ സഭാസമൂഹത്തിൽ കൊണ്ടുവന്നു ചർച്ചചെയ്യുകയും പരിഹാരം കണ്ടെത്താൻ ഒത്തൊരുമിച്ചു ശ്രമിക്കുകയും വേണം. ഇടവകയുടെ പ്രേഷിതപ്രവർത്തന സംരംഭങ്ങളെയെല്ലാം തങ്ങളാലാവുംവിധം അവർ സഹായിക്കണം''. [101]

അജപാലന പ്രശ്നങ്ങൾ ''കൂട്ടായ ചർച്ചവഴി'' പരിശോധിക്കണമെന്നും പരിഹരിക്കണമെന്നുമുളള സൂനഹദോസിൻെറ പരാമർശം അർത്ഥസമ്പുഷ്ടമാണ്. ''ഇടവകയിലെ പാസ്ററൽ കൗൺസിലുകളെക്കുറിച്ച് സിനഡുപിതാക്കന്മാർ ന്യായമായി നിഷ്കർഷിച്ചു പറഞ്ഞിട്ടുണ്ട്. [102]

ഇന്നത്തെ സാഹചര്യങ്ങളിൽ അല്മായവിശ്വാസികൾക്ക് കർമ്മശേഷി വളരെ കൂടുതൽ ഉണ്ട്. അതുകൊണ്ടുതന്നെ അവരുടെ ഇടവകകളിൽ, അവിശ്വാസികളിലും

www.malankaralibrary.com



വിശ്വാസം കൈവെടിയുകയോ ക്രൈസ്തവജീവിതത്തിനു മാന്ദ്യം നേരിടുകയോ ചെയ്ത വിശ്വാസികളിൽത്തന്നെയും പ്രേഷിതാവേശം പുനരുജ്ജീവിപ്പിക്കാൻ വേണ്ടി ആധികാരികമായ സഭാകൂട്ടായ്മയുടെ വളർച്ചയ്ക്കായി വളരെയധികം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

മനുഷ്യരാശിയോടുള്ള അയൽബന്ധത്തിൽ സ്ഥാപിതയായ സഭയാണ് ഇടവക. അങ്ങനെയെങ്കിൽ, മനുഷ്യസമൂഹത്തിന്റെ ആഴത്തിലേക്കിറങ്ങിച്ചെല്ലുകയും അതിന്റെ അഭിലാഷങ്ങളോടും നാടകീയമായ അനുഭവങ്ങളോടും അവഗാഢം ബന്ധപ്പെടുകയും ചെയ്യുകവഴി ഇടവക ജീവിക്കുകയും കർമ്മനിരതമാവുകയും ചെയ്യും. പലപ്പോഴും സാമൂഹികപശ്ചാത്തലം, പ്രത്യേകിച്ച് ചില രാജ്യങ്ങളിലും ചുററുപാടുകളിലും, ശിഥിലീകരണഘടകങ്ങളാലും മനുഷ്യത്വരാഹിത്യത്താലും അസ്വസ്ഥമാണ്. മനുഷ്യവ്യക്തി ഒന്നുമല്ലാതായിത്തീരുകയോ ലക്ഷ്യബോധമില്ലാത്തവനായിത്തീരുകയോ ചെയ്യുന്നു. എങ്കിലും വ്യക്തിബന്ധങ്ങളും പരസ്പരൗത്സുക്യവും വളർത്താനും അനുഭവിക്കാനുമുള്ള അഭിവാഞ്ഛ മനുഷ്യഹൃദയങ്ങളിൽ നിലനില്ക്കുന്നു. അത്തരം അഭിവാഞ്ഛയ്ക്കുള്ള പ്രത്യുത്തരം ഇടവകയിൽനിന്നുണ്ടാകും. അല്പമായ പങ്കാളിത്തത്തോടെ ഇടവക അതിന്റെ അടിസ്ഥാനവിളിയും, ദൗത്യവും മുറുകെപ്പിടിക്കുമ്പോഴും, അതായത് കൂട്ടായ്മയിലേക്കുള്ള ഏവരുടെയും വിളിയുടെ ''അടയാളവും'' ''ഉപകരണ''വുമായി വിശ്വാസികളെ വിളിച്ചുകൂട്ടാൻ ലോകത്തിൽ ഒരു ''വേദി''യായിത്തീരുമ്പോഴും, ഒററവാക്കിൽപ്പറഞ്ഞാൽ ഇത് എല്ലാവർക്കും ശുശ്രൂഷ ചെയ്യുന്ന ഒരു വേദിയായിത്തീരുമ്പോഴും, അഥവാ ജോൺ ഇരുപത്തിമൂന്നാമൻ പാപ്പായുടെ ശൈലിയിൽ പറഞ്ഞാൽ എല്ലാവർക്കും ദാഹശമനത്തിനുള്ള ഒരു ഗ്രാമനിർഝരി ആയിത്തീരുമ്പോഴും എല്ലാവരെയും സ്വാഗതം ചെയ്യുന്ന ഒരു ഭവനമാകും.

www.malankaralibrary.com



## സഭാജീവിതത്തിലെ പങ്കാളിത്തരീതികൾ

28. വൈദികരോടും സന്യാസിനീസന്യാസികളോടു മൊത്ത് അല്മായവിശ്വാസികൾ ഏകദൈവജനവും ക്രിസ്തുശരീരവും ആയിത്തീരുന്നു.

സഭയുടെ "അംഗങ്ങൾ" ആയിരിക്കുന്നതുകൊണ്ട് ഓരോ ക്രൈസ്തവനും "അനുപമനും ആവർത്തിക്കപ്പെടാത്തവനുമായ വ്യക്തിയാണ്" എന്ന വസ്തുതയ്ക്ക് കോട്ടം സംഭവിക്കുന്നില്ല. നേരേമറിച്ച് സഭയുടെ അംഗം എന്ന ബന്ധം ആ അതുല്യവും ആവർത്തിക്കാനാവാത്തതുമായ അവസ്ഥയെപ്പററിയുള്ള അവബോധം ഉറപ്പാക്കുകയും ഊട്ടിവളർത്തുകയും ചെയ്യുന്നു. ഇതേ ഗുണങ്ങൾ തന്നെ മുഴുവൻ സഭയുടെയും സമ്പന്നതയ്ക്കും വൈവിധ്യത്തിനുമുള്ള സ്രോതസ്സാകുമ്പോഴാണ് ഇതു സംഭവിക്കുന്നത്. അതുകൊണ്ട് ദൈവം ഓരോ വ്യക്തിയേയും യേശുക്രിസ്തുവിൽ വ്യക്തിപരമായി പേരു ചൊല്ലിവിളിക്കുന്നു. ഈ അർത്ഥത്തിൽ, "നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ" എന്ന സഭ മുഴുവനോടുമുള്ള നാഥന്റെ വാക്കുകൾ ഓരോ അംഗത്തിനും പ്രത്യേകമായി നല്കപ്പെടുന്ന വ്യക്തിപരമായ വിളിയാണ്.

ഓരോ അംഗത്തിനുമുള്ള ഈ അതുല്യവും ആവർത്തിക്കാനാവാത്തതുമായ സ്വഭാവം മൂലം അതായത്, വ്യക്തി എന്ന നിലയിൽ ഓരോ ആളിന്റെയും അനന്യതയും പ്രവർത്തനങ്ങളും മൂലം, ഓരോ വ്യക്തിയും സഭാസമൂഹത്തിന്റെ വളർച്ചയ്ക്കായുള്ള സേവനത്തിനു നിയുക്തനാണ്. അതോടൊപ്പംതന്നെ, ഓരോരുത്തരും സഭ മുഴുവന്റെയും പൊതുസമ്പന്നത പ്രത്യേകമാംവിധം സ്വീകരിക്കുകയും അതിൽ പങ്കുചേരുകയും ചെയ്യുന്നു. ഇതാണ് വിശ്വാസ പ്രമാണത്തിൽ നാം പ്രഖ്യാപിക്കുന്ന "പുണ്യവാൻമാരുടെ ഐക്യം". *എല്ലാവരുടെയും നൻമ ഓരോരുത്തരുടെയും നൻമയായിത്തീരുന്നു; ഓരോരുത്തരുടെയും നൻമ എല്ലാവരുടെയും നൻമയായിത്തീരുന്നു.*

www.malankaralibrary.com



മഹാനായ വി. ഗ്രിഗറി ഇങ്ങനെ എഴുതുന്നു: ''തിരുസഭയിൽ എല്ലാവരെയും ഓരോരുത്തരും പരിപോഷിപ്പിക്കുന്നു, ഓരോരുത്തരെയും എല്ലാവരും പരിപോഷിപ്പിക്കുന്നു''.[103]

## പങ്കാളിത്തത്തിന്റെ വ്യക്തിപരമായ രീതികൾ

സർവ്വോപരി, ഓരോ അല്മായവിശ്വാസിയും താൻ *''സഭയുടെ അംഗ''മാണെന്ന പൂർണ്ണ അവബോധം സദാ പുലർത്തേണ്ടതാണ്.* അതോടൊപ്പം തന്നെ, മററാരാലും നിർവഹിക്കാനാവാത്തതും പൊതുനൻമയ്ക്കുവേണ്ടി നിറവേററേണ്ടതുമായ അനുപമമായ കർത്തവ്യം ഓരോ അല്മായവിശ്വാസിയേയും ഭരമേല്പിച്ചിരിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ, *ഓരോ വ്യക്തിയും അവശ്യം അനുവർത്തിക്കേണ്ട പ്രേഷിതത്വത്തെപ്പററി* സൂനഹദോസ് നിഷ്കർഷിക്കുന്നത് തികച്ചും അർത്ഥവത്താണെന്നു കാണാം: ''യഥാർത്ഥ ക്രിസ്തീയജീവിതത്തിൽ നിന്നുദ്ഭവിക്കുന്ന വ്യക്തിപരമായ പ്രേഷിതത്വമാണ് (cf. യോഹ 4:11) അല്മായ പ്രേഷിതത്വത്തിനെല്ലാം ആരംഭവും വ്യവസ്ഥയും. സംഘടിതമായ പ്രേഷിതപ്രവർത്തനത്തിനും ഉറവിടം ഇതുതന്നെ. ഇതിനു പകരംനില്ക്കുവാൻ മററൊന്നുമില്ല. ഇത്തരം പ്രേഷിതപ്രവൃത്തി എപ്പോഴും എവിടെയും ഫലപ്രദമാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഇതുമാത്രമേ സമുചിതവും സുസാധ്യവുമാകൂ. സാഹചര്യങ്ങളെന്തൊക്കെയായാലും എല്ലാ അല്മായരും ഇതിനുവേണ്ടി വിളിക്കപ്പെട്ടവരാണ്. സംഘടനാപ്രവർത്തനങ്ങൾ സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ ആയാൽപോലും അതിന് അവർക്ക് കടമയുണ്ട്.[104]

വ്യക്തിയുടെ പ്രേഷിതത്വാനുഭവത്തിൽ ഓരോ അല്മായവിശ്വാസിയും പ്രേഷിതയത്നം തീവ്രമാക്കുന്നതിലൂടെ മഹത്തായ നൻമകൾ കണ്ടെത്തും. പ്രേഷിതത്വത്തിന്റെ അത്തരമൊരു വൈയക്തികശൈലി സുവിശേഷപ്രചരണം *കൂടുതൽ വ്യാപകമാക്കുന്നതിന്* ഏറെ സഹായി

www.malankaralibrary.com



ക്കുന്നു. അല്മായവിശ്വാസികൾ ഓരോരുത്തരുടെയും അനുദിന ജീവിതം ഏതെല്ലാം ഇടങ്ങളിലാണോ അവിടങ്ങളിലെല്ലാം കടന്നുചെല്ലാൻ തീർച്ചയായും സുവിശേഷത്തിനു സാധിക്കും. മാത്രമല്ല, വ്യക്തിയുടെ ജീവിതവും വിശ്വാസവും ഒന്നായതുകൊണ്ട് സുവിശേഷപ്രചരണം അനുസ്യൂതമായിരിക്കുകയും ചെയ്യും. അതുപോലെതന്നെ സുവിശേഷപ്രചരണം തീക്ഷ്ണതരവുമായിരിക്കും. കാരണം, ജീവിതത്തിന്റെ നിസ്തുലമായ അവസ്ഥകൾ, ജോലി, വിഷമതകൾ, സഹോദരീസഹോദരൻമാരുടെ പ്രതീക്ഷകൾ എന്നിവയിൽ പങ്കുചേരുന്നതുവഴി, അല്മായവിശ്വാസികൾക്ക് അയൽക്കാരുടെയും സുഹൃത്തുക്കളുടെയും സഹപ്രവർത്തകരുടെയും ഹൃദയങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ കഴിയും; മനുഷ്യാസ്തിത്വത്തെ സംബന്ധിച്ച പൂർണ്ണമായ അർത്ഥത്തിന്റെ തുലാസിലേക്ക് അതായത്, ദൈവവും എല്ലാ മനുഷ്യരുമായുള്ള കൂട്ടായ്മയിലേക്ക് അവരെ നയിക്കാനും കഴിയും.

## പങ്കാളിത്തത്തിന്റെ സംഘാതരൂപങ്ങൾ

29. വ്യക്തികളുടെ പ്രവർത്തനങ്ങളിലൂടെ സഭയിൽ ഇപ്പോൾ തന്നെ നിലവിലുള്ളതും സജീവവുമായ സഭാകൂട്ടായ്മ പ്രത്യേകവിധം പൂവണിയുന്നത് അല്മായവിശ്വാസികൾ സംഘാതമായി പ്രവർത്തിക്കുമ്പോഴാണ് അതായത്, സഭാജീവിതത്തിലും സഭാദൗത്യത്തിലും ഉത്തരവാദിത്വപൂർവം പങ്കുകൊള്ളുന്നതിനിടയിൽ മററുള്ളവരുമൊത്തു പ്രവർത്തിക്കുമ്പോഴാണ്.

ഈയടുത്തകാലത്ത് അല്മായവിശ്വാസികളുടെ സംഘടിത പ്രവർത്തനപ്രവണത പ്രത്യേകവൈവിധ്യവും ശക്തിയും സമാർജ്ജിച്ചിട്ടുണ്ട്. വിവിധ അല്മായ സംഘടനകൾ സഭാചരിത്രത്തിൽ എല്ലായ്പോഴും ഉണ്ടായിട്ടുണ്ട്. ഇന്നത്തെ സൗഭ്രാതൃ സംഘങ്ങൾ (confraternities), മൂന്നാം സഭകൾ, സൊഡാലിററി തുടങ്ങിയവ ഇതാണു സാക്ഷ്യപ്പെടുത്തുന്നത്. ആധുനികകാലത്ത് അങ്ങനെയുള്ള അല്

www.malankaralibrary.com



മായ സംഘടനകൾക്ക് പ്രത്യേക ഉണർവ് കൈവന്നിരിക്കുകയാണ്. തൽഫലമായി അനേകം സംഘാതരൂപങ്ങൾ —അസോസിയേഷനുകളും, ഗ്രൂപ്പുകളും സമൂഹങ്ങളും, പ്രസ്ഥാനങ്ങളും—ഉടലെടുക്കുകയും വ്യാപിക്കുകയും ചെയ്തിട്ടുണ്ട്. അല്മായരുടെ *സംഘാതപ്രവർത്തനങ്ങളുടെ ഒരു പുതിയ യുഗം* എന്നുതന്നെ നമുക്ക് ഇതിനെ വിളിക്കാം. വാസ്തവത്തിൽ, ''പരമ്പരാഗത സംഘടനകളോടൊപ്പംതന്നെയും ചിലപ്പോൾ അവയിൽ വേരൂന്നിയും പ്രസ്ഥാനങ്ങളും പുതിയ സൊഡാലിററികളും പ്രത്യേകസ്വഭാവത്തോടും ലക്ഷ്യത്തോടും കൂടി ഉടലെടുക്കുകയുണ്ടായി. പരിശുദ്ധാത്മാവ് സഭാസമൂഹത്തിൽ പരിപോഷിപ്പിക്കുന്ന സ്രോതസ്സുകളുടെ സമ്പന്നതയും വൈവിധ്യവും വളരെ വലുതാണ്. അതുപോലെതന്നെ മഹത്തരമാണ് ഏതു സംരംഭത്തിനും ആരംഭംകുറിക്കാനുള്ള അല്മായജനത്തിന്റെ കഴിവും ഉദാരതയും''. [106]

പലപ്പോഴും ഇത്തരം അല്മായ ഗ്രൂപ്പുകൾ അവയുടെ വിവിധഭാവങ്ങൾ, ബാഹ്യഘടന, പ്രവർത്തനശൈലി, പരിശീലനരീതി, പ്രവർത്തനരംഗം എന്നിങ്ങനെയുള്ള പല കാര്യങ്ങളിലും വളരെ വൈവിധ്യമുള്ളതാണെന്നു കാണാം. പക്ഷേ, അവയുടെ പൊതുലക്ഷ്യം വച്ചുനോക്കുമ്പോൾ അവയെല്ലാം ഒന്നുചേർന്ന് സർവസ്പർശിയും ഗാഢവുമായ ഒരു സമന്വയത്തിൽ എത്തുന്നതായിക്കാണാം. അതായത്, മനുഷ്യരാശിക്ക് പ്രത്യാശയുടെയും സമൂഹത്തിനു നവീകരണത്തിന്റെയും ഉറവിടമായ ക്രിസ്തുവിന്റെ സുവിശേഷപ്രചരണത്തിനായുള്ള സഭയുടെ ദൗത്യത്തിന്റെ ഉത്തരവാദിത്വപൂർണ്ണമായ പങ്കാളിത്തത്തിൽ.

ആദ്ധ്യാത്മികവും പ്രേഷിതവുമായ ലക്ഷ്യങ്ങളുള്ള അല്മായവിശ്വാസികളുടെ സംഘടന രൂപീകൃതമാകുന്നത് പല സ്രോതസ്സുകളിൽനിന്നാണ്. ഇത് വ്യത്യസ്തങ്ങളായ ആവശ്യങ്ങൾക്ക് ഉപകരിക്കുകയും ചെയ്യുന്നു. വാസ്തവത്തിൽ ഇവയുടെ രൂപീകരണം അതിൽത്തന്നെ വ്യക്തി

www.malankaralibrary.com



യുടെ സാമൂഹികസ്വഭാവത്തെ വെളിപ്പെടുത്തുന്നതാണ്, അക്കാരണത്താൽ ജോലി കൂടുതൽ വിശാലവും തീക്ഷ്ണവുമായ ഫലമുളവാക്കുന്നു. ഏകനായ ഒരു വ്യക്തി എന്നതിനെക്കാരം സാമൂഹികജീവിയായ ഒരു വ്യക്തിയെന്നനിലയിൽ ചെയ്യുന്ന പ്രവർത്തനങ്ങരംക്ക് ''സാംസ്കാരിക''മായ പ്രയോജനം കൈവരുന്നു. അതായത്, ഒരു ഗ്രൂപ്പിലെയോ സമൂഹത്തിലെയോ സംഘടനയിലെയോ പ്രസ്ഥാനത്തിലെയോ അംഗമെന്നനിലയിൽ പ്രവർത്തിക്കുമ്പോരം, അത്തരം പ്രവർത്തനം ചുററുപാടുകളുടെയും സമൂഹത്തിന്റെയും രൂപാന്തരീകരണത്തിനുള്ള ഉറവിടവും പ്രചോദനവുമായി ഭവിക്കുന്നു. അതുപോലെ ബന്ധപ്പെട്ട മററു രൂപാന്തരീകരണങ്ങളുടെയും ഫലവും അടയാളവുമായിരിക്കും. ഇന്നു ലോകത്തിന്റെ പല ഭാഗത്തും നിലവിലുള്ള വൈവിധ്യമാർന്നതും ഒററപ്പെട്ടതുമായ സമൂഹങ്ങളുടെ പശ്ചാത്തലത്തിലും ഏറെ സങ്കീർണ്ണവും വിഷമകരവുമായിത്തീർന്ന പ്രശ്നങ്ങളുടെ വെളിച്ചത്തിലും ഇക്കാര്യം പ്രത്യേകം വാസ്തവമാണെന്നു പറയേണ്ടതില്ലല്ലോ. എന്നു മാത്രമല്ല; മതനിരപേക്ഷ ലോകത്തിൽ സുവിശേഷപ്രോക്തങ്ങളായ കാര്യങ്ങളോടു വിശ്വസ്തതയും സഭാദൗത്യത്തോടും പ്രേഷിതവേലയോടും പ്രതിബദ്ധതയുമുള്ള ക്രൈസ്തവജീവിതം നയിക്കുന്നതിന് പലവിധ പ്രേഷിത സംഘടനകരം വിലയേറിയ സഹായമായി ഭവിക്കുന്നു.

ഇതിലുപരി, അല്മായവിശ്വാസികരം സംഘടനകരം രൂപീകരിക്കുന്നതിനെ ന്യായീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനുള്ള കാരണം *സഭാവിജ്ഞാനീയത്തെ ആധാരമാക്കിയുള്ള* ദൈവശാസ്ത്രത്തിൽ കണ്ടെത്താം. രണ്ടാം വത്തിക്കാൻ സൂനഹദോസ് അല്മായരുടെ സംഘാത പ്രേഷിതപ്രവർത്തനങ്ങളെ പരാമർശിച്ചുകൊണ്ട് അത് ''ക്രിസ്തുവിന്റെ സഭയുടെ ഐക്യത്തിന്റെയും കൂട്ടായ്മയുടെയും അടയാളമാണ്'' എന്ന് വ്യക്തമായി അംഗീകരിക്കുന്നുണ്ടല്ലോ.

www.malankaralibrary.com



വിവിധ ഗ്രൂപ്പുകളുടെയും ക്രൈസ്തവസമൂഹത്തിന്റെ വിശാലപശ്ചാത്തലത്തിന്റെയും ആഭ്യന്തരവും ബാഹ്യവുമായ കാര്യങ്ങളിൽ ''കൂട്ടായ്മ''യോടു ബന്ധപ്പെട്ട നിലയിൽ ''പ്രകടമാക്കേണ്ട അടയാള''മാണിത്. നേരത്തെ സൂചിപ്പിച്ചതുപോലെ, സഭാവിജ്ഞാനീയത്തിൽ അധിഷ്ഠിതമായ ഈ കാരണം, അല്മായർക്ക് സംഘടിപ്പിക്കാനുള്ള ''അവകാശത്തെയും സഭയിൽ ഉടലെടുക്കുന്ന ഇത്തരം ഗ്രൂപ്പുകളുടെ ആധികാരികത വിവേചിച്ചറിയാനുള്ള'' മാനദണ്ഡങ്ങളുടെ ആവശ്യകതയേയും വ്യക്തമാക്കുന്നു.

അല്മായർക്ക് സഭയിലുള്ള സംഘടനാസ്വാതന്ത്ര്യം ആദ്യംതന്നെ അംഗീകരിക്കേണ്ടതാണ്. അധികാരികളുടെ ഔദാര്യത്തിന്റെ ഫലമല്ല യഥാർത്ഥവും സമുചിതവുമായ ഈ സംഘടനാസ്വാതന്ത്ര്യം. പ്രത്യുത സഭാകൂട്ടായ്മയിലും ദൗത്യത്തിലും സജീവമായി സഹകരിക്കാൻ അല്മായരോട് ആവശ്യപ്പെടുന്ന മാമ്മോദീസാ എന്ന കൂദാശയാണ് ഈ സ്വാതന്ത്ര്യത്തിന്റെ ഉറവിടം. ഇക്കാര്യത്തിൽ സൂനഹദോസ് പറയുന്നത് സുവ്യക്തമാണ്: ''സഭാധികാരികളോടു വേണ്ടത്ര ബന്ധപ്പെട്ടുനിന്നുകൊണ്ട് സംഘടനകൾ സ്ഥാപിച്ചു നടത്താനും നിലവിലുള്ള സംഘടനകളിൽ അംഗങ്ങളാകാനും അല്മായർക്ക് അവകാശമുണ്ട്''.[107] അടുത്തകാലത്ത് പ്രസിദ്ധീകരിച്ച കാനൻ നിയമസംഹിതയിൽനിന്നുള്ള ഉദ്ധരണിയും ഇതുതന്നെ സ്ഥിരീകരിച്ചുകൊണ്ടു പറയുന്നു: ''ജീവകാരുണ്യപരവും മതപരവുമായ കാര്യങ്ങൾക്കുവേണ്ടിയോ ലോകത്തിൽ ക്രൈസ്തവവിളി വളർത്താനോ സംഘടനകൾ സ്ഥാപിക്കാനും അവ നിയന്ത്രിക്കാനുമുള്ള സ്വാതന്ത്ര്യം ക്രൈസ്തവ വിശ്വാസികൾക്കുണ്ട്; ഈ പൊതുലക്ഷ്യം സാധിക്കാൻവേണ്ടി സമ്മേളനങ്ങൾ ചേരാനും അവർക്ക് സ്വാതന്ത്ര്യമുണ്ട്''.[108]

സഭാധികാരികൾ സംരക്ഷിക്കുന്നതും അംഗീകരിക്കുന്നതുമായ ഒരു സ്വാതന്ത്ര്യമായിരിക്കണമത്. എപ്പോഴും സഭാകൂട്ടായ്മയിൽമാത്രം അനുവർത്തിക്കപ്പെടേണ്ടതുമാണ്. തൽഫലമായി, സംഘടനകൾ രൂപീകരിക്കാനുള്ള അല്മാ

www.malankaralibrary.com



യരുടെ അവകാശം സഭയുടെ കൂട്ടായ്മജീവിതത്തോടും ദൗത്യത്തോടും അവശ്യം ബന്ധപ്പെട്ടതാണ്.

## അല്മായ സംഘടനകളുടെ "സഭാത്മകതയുടെ മാനദണ്ഡങ്ങൾ"

30. അല്മായ സംഘടനകളെ *വിവേചിച്ചറിയുന്നതിനും അംഗീകരിക്കുന്നതിനുമുള്ള മാനദണ്ഡങ്ങളുടെ* ആവശ്യകത മനസ്സിലാക്കേണ്ടത് എപ്പോഴും സഭാകൂട്ടായ്മയുടെയും ദൗത്യത്തിന്റെയും കാഴ്ചപ്പാടിലൂടെയായിരിക്കണം. അല്ലാതെ സംഘടിക്കുന്നതിനുള്ള അവരുടെ സ്വാതന്ത്ര്യത്തെ എതിർത്തുകൊണ്ടായിരിക്കരുത്. മേല്പറഞ്ഞ മാനദണ്ഡങ്ങളെ ''സഭാത്മകതയുടെ മാനദണ്ഡങ്ങൾ'' (Criteria of ecclesiality) എന്നുവിളിക്കുന്നു.

സഭയിൽ അല്മായവിശ്വാസികളുടെ സംഘടനയെ വിലയിരുത്തുന്നതിന് സഹായകമായ അടിസ്ഥാന മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്;

—*ഓരോ ക്രൈസ്തവന്റെയും വിശുദ്ധിയിലേക്കുള്ള വിളിക്ക് നല്കപ്പെടുന്ന പ്രാമുഖ്യം:* ഇതു പ്രകാശിതമാകുന്നത് പരിശുദ്ധാത്മാവ് വിശ്വാസിയിൽ ചൊരിയുന്ന കൃപാവരത്തിന്റെ ഫലങ്ങളിലും [109] ''ക്രിസ്തീയ ജീവിതത്തിന്റെ തികവിലേക്കും ഉപവിയുടെ പൂർണ്ണതയിലേക്കുമുള്ള വളർച്ചയിലുമാണ്''.[110]

ഈ അർത്ഥത്തിൻ, നിലവിലുള്ള ഏതൊരു അല്മായ സംഘടനയും എപ്പോഴും സഭയിൽ വിശുദ്ധിക്കുള്ള ഒരു ഉപാധിയാണ്. ''ഇത് സാധിക്കേണ്ടത് അതിലെ അംഗങ്ങളുടെ ദൈനംദിന ജീവിതവും വിശ്വാസവും തമ്മിൽ ഗാഢമായ ഐക്യം വളർത്തുകയും സമ്പുഷ്ടമാക്കുകയും ചെയ്യുന്നതിലൂടെയാണ്''.[111]

—സഭ വ്യാഖ്യാനിക്കുംവിധം സഭാപ്രബോധനങ്ങൾക്കു വിധേയരായി ക്രിസ്തുവിനെയും സഭയേയും മനുഷ്യരാശിയേയുംപററിയുള്ള സത്യം സ്വീകരിക്കുകയും പ്രഖ്യാപിക്കു

www.malankaralibrary.com



കയും ചെയ്തുകൊണ്ട് *കത്തോലിക്കാവിശ്വാസം പ്രഘോഷിക്കാനുള്ള ചുമതല.* ഇക്കാരണത്താൽ ഓരോ അല്മായ സംഘടനയും വിശ്വാസം പ്രഖ്യാപിക്കാനും അതിന്റെ പൂർണ്ണതയിൽ പഠിപ്പിക്കാനുമുള്ള ഒരു വേദിയായിരിക്കണം.

—മാർപാപ്പയോട് പുത്രസഹജമായ ബന്ധത്തിലുള്ള ദൃഢവും ആധികാരികവുമായ കൂട്ടായ്മയുടെ സാക്ഷ്യം. മാർപാപ്പ സാർവത്രിക സഭയുടെ ഐക്യത്തിന്റെ ശാശ്വതവും ദൃശ്യവുമായ കേന്ദ്രമാണെന്ന[112] വിശ്വാസത്തോടുകൂടിയുള്ള ബന്ധമാകണമിത്. പ്രാദേശികസഭയിലെ ഐക്യത്തിന്റെ ദൃശ്യതത്ത്വവും[113] അടിസ്ഥാനവുമായ മെത്രാനോടുള്ള ബന്ധത്തോടും സഭയിലെ എല്ലാ പ്രേഷിതപ്രവർത്തനങ്ങളോടുമുള്ള പരസ്പര ആദരവോടുംകൂടിയ സാക്ഷ്യമായിരിക്കണമിത്.[114]

മാർപാപ്പയോടും മെത്രാൻമാരോടുമുള്ള കൂട്ടായ്മ പ്രകടിപ്പിക്കേണ്ടത് അവരുടെ വിശ്വാസസംബന്ധമായ പ്രബോധനങ്ങളും അജപാലനാഭിമുഖ്യങ്ങളും സർവ്വാത്മനാ സ്വീകരിക്കാനുള്ള സന്നദ്ധതയോടെ വേണം. സഭയിലെ അല്മായസംഘടനകളുടെ ന്യായമായ ബഹുവിധരൂപങ്ങൾ അംഗീകരിക്കാനും അതോടൊപ്പം ഒന്നിച്ചു പ്രവർത്തിക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കാനും സഭാകൂട്ടായ്മ ആവശ്യപ്പെടുന്നുണ്ട്.

—*സഭയുടെ പ്രേഷിതലക്ഷ്യങ്ങളിലുള്ള പങ്കുചേരലും അവയോടുള്ള യോജിപ്പും.* സുവിശേഷം പ്രചരിപ്പിക്കുക; മനുഷ്യരെ വിശുദ്ധീകരിക്കുക; അവരിൽ ക്രൈസ്തവ മനസ്സാക്ഷി രൂപീകരിക്കുക; അതുവഴി സുവിശേഷചൈതന്യം വിവിധ സമൂഹങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും പ്രസരിപ്പിക്കുക''[115] എന്നിവയാണ് സഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ.

ഇങ്ങനെ നോക്കുമ്പോൾ, അല്മായരുടെ സംഘടനാപ്രവർത്തനങ്ങൾ ഓരോന്നിനും പ്രേഷിത തീക്ഷ്ണത ഉണ്ടാ

www.malankaralibrary.com



യിരിക്കേണ്ടതാണെന്നു കാണാം. ഈ പ്രേഷിത തീക്ഷ്ണത പുനർസുവിശേഷവത്കരണത്തിലുള്ള അവരുടെ പങ്കാളിത്തത്തെ കൂടുതൽ ഫലപ്രദമാക്കുന്നു.

*—മനുഷ്യസമൂഹത്തിൽ ഒരു സാന്നിദ്ധ്യത്തിനായുള്ള അർപ്പണം.* സഭയുടെ സാമൂഹ്യബോധത്തിന്റെ വെളിച്ചത്തിൽ ഈ സാന്നിദ്ധ്യം വ്യക്തിയുടെ സമ്പൂർണ്ണമാഹാത്മ്യത്തിന് ഉതകുന്നതാണ്.

അതുകൊണ്ട്, സമൂഹത്തിൽ കൂടുതൽ നീതിപൂർവകവും സ്നേഹപൂർവകവുമായ വ്യവസ്ഥിതി സുസ്ഥാപിതമാകാനുതകും വിധം അഖണ്ഡതയുടെയും പങ്കാളിത്തത്തിന്റെയും ഫലപ്രദമായ ചാലുകളായിത്തീരണം ഈ അല്മായ സംഘടനകൾ.

ഇവിടെ സൂചിപ്പിച്ച അടിസ്ഥാന മാനദണ്ഡങ്ങളുടെ സത്യാവസ്ഥ തെളിയിക്കപ്പെടുന്നത് വിവിധ ഗ്രൂപ്പുകളുടെ സംഘടനാജീവിതത്തിന്റെയും അവർ ചെയ്യുന്ന പ്രവൃത്തികളുടെയും യഥാർത്ഥ ഫലങ്ങളിലാണ്. ഉദാഹരണങ്ങൾ: പ്രാർത്ഥനയോടും ഏകാന്തധ്യാനത്തോടും ആരാധനക്രമപരവും കൗദാശികവുമായ ജീവിതത്തോടുമുള്ള നവീകൃതാഭിമുഖ്യം; ക്രൈസ്തവ വിവാഹത്തിലേക്കും ശുശ്രൂഷാപൗരോഹിത്യത്തിലേക്കും സമർപ്പണജീവിതത്തിലേക്കുമുള്ള വിളികൾക്ക് കൈവന്നിരിക്കുന്ന ഉണർവ്വ്; പ്രാദേശികവും അന്തർദേശീയവുമായ സഭാപ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള സന്നദ്ധത; മതബോധനത്തിനുള്ള അർപ്പണം; ക്രൈസ്തവരെ പഠിപ്പിക്കാനും രൂപപ്പെടുത്താനുമുള്ള കഴിവ്; സാമൂഹികജീവിതത്തിന്റെ വിവിധരംഗങ്ങളിൽ, ഉദാഹരണത്തിന്, പരസ്നേഹപരവും സാംസ്കാരികവും ആദ്ധ്യാത്മികവുമായുള്ള പ്രവർത്തനങ്ങൾക്കു രൂപവും ഉണർവും നല്കുന്നതിൽ ക്രൈസ്തവ സാന്നിദ്ധ്യം ഉളവാക്കാനുള്ള ആഗ്രഹം; എല്ലാവരോടുമുള്ള സ്നേഹത്തിൽ കൂടുതൽ ഉദാരതയിലേക്കു നയിക്കുന്ന നിസ്സംഗതയും സുവിശേഷപ്രോക്തമായ ദാരിദ്ര്യവും; ക്രൈസ്ത

www.malankaralibrary.com



വജീവിതത്തിലേക്കുള്ള മാനസാന്തരം അഥവാ മാമ്മോദീസായ്ക്കു ശേഷം വിശ്വാസത്തിൽനിന്ന് അകന്നുമാറിയവരുടെ സഭാകൂട്ടായ്മയിലേക്കുള്ള തിരിച്ചുവരവ്.

## അജപാലകർ കൂട്ടായ്മയ്ക്കുള്ള ശുശ്രൂഷയിൽ

31. അല്മായസംഘടനകൾ നിമിത്തമോ പുതിയ രീതികൾ ആവിഷ്കരിക്കുന്നതു മൂലമോ സ്വാഭാവികമായ വൈഷമ്യങ്ങൾ അജപാലകർക്ക് നേരിട്ടേക്കാം. പക്ഷേ, സഭയുടെ ക്ഷേമത്തെയും, അല്മായസംഘടനകളുടെ ക്ഷേമത്തെയും മുൻനിറുത്തി തങ്ങളുടെ അധികാരസിദ്ധമായ സേവനം അവർ ഉപേക്ഷിക്കരുത്. ഇങ്ങനെ നോക്കുമ്പോൾ അജപാലകർ അല്മായസംഘടനകളെ വിവേചിച്ചറിയുന്നതിനൊപ്പം അവയ്ക്ക് മാർഗ്ഗനിർദ്ദേശം നല്കുകയും സർവോപരി സഭാകൂട്ടായ്മയിലും ദൗത്യത്തിലും അല്മായസംഘടനകൾ അഭിവൃദ്ധി പ്രാപിക്കുംവിധം പ്രോൽസാഹിപ്പിക്കുകയും വേണം.

ദേശീയതലത്തിലും അന്തർദേശീയതലത്തിലും അഭിവൃദ്ധിപ്പെടാൻ ഉതകുംവിധം ചില പുതിയ സംഘടനകളും പ്രസ്ഥാനങ്ങളും സഭാധികാരികളിൽനിന്ന് ഔദ്യോഗിക അംഗീകാരവും വ്യക്തമായ സമ്മതവും നേടുന്നത് തികച്ചും ഉചിതമാണ്. ഇതേക്കുറിച്ച് സൂനഹദോസ് ഇങ്ങനെ പറഞ്ഞിട്ടുണ്ട്: ''ലക്ഷ്യങ്ങളും പ്രവർത്തനരീതികളും പലതായിരിക്കുന്നതുപോലെതന്നെ, അല്മായ പ്രേഷിതത്വത്തിന് ഹയരാർക്കിയോടുള്ള ബന്ധവും വിവിധങ്ങളാണ്... അല്മായരുടെ പ്രേഷിതപ്രവർത്തനങ്ങളെ, വിവിധരീതിയിലാണെങ്കിലും, സഭാധികാരികൾ വ്യക്തമായി അംഗീകരിക്കാറുണ്ട്. സഭയുടെ പൊതുനൻമയെപ്രതി ചില പ്രേഷിതസംഘടനകളും പ്രസ്ഥാനങ്ങളും തിരഞ്ഞെടുത്ത് അവർക്ക് പ്രത്യേക പ്രോൽസാഹനം നല്കാൻ സഭാധികാരികൾക്ക് കഴിയും. അവ ആദ്ധ്യാത്മികലക്ഷ്യങ്ങൾക്കായി നേരിട്ടു പ്രവർത്തിക്കുന്നവയായിരി

www.malankaralibrary.com



ക്കണം. ഇതുവഴി ഒരു പ്രത്യേക ചുമതലയാണ് അവർ ഭര മേല്ക്കുന്നത്''. [116]

ഹയരാർക്കിയോടു പ്രത്യേകബന്ധമുള്ള വിവിധ അല്മായ പ്രേഷിതപ്രവർത്തനങ്ങളിൽ *കത്തോലിക്കാപ്രവർത്തനത്തിന്റേതായ* വിവിധ സംഘടനകളെയും പ്രസ്ഥാനങ്ങളെയും സിനഡു പിതാക്കൻമാർ വേർതിരിച്ചു കാണുന്നു. ''തീർച്ചയായും, സുസ്ഥിരവും സജീവവുമായ ഈ രീതിയിൽ, പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിൻ കീഴിൽ അല്മായർക്ക് തങ്ങളുടെ മെത്രാൻമാരും വൈദികരുമായുള്ള കൂട്ടായ്മയിൽ *സ്വതന്ത്രരായി* വ്യാപരിക്കാം. അപ്രകാരം തങ്ങളുടെ വിളിക്കു ചേർന്നവിധം പ്രത്യേകരീതിയിൽ തങ്ങളുടെ വിശ്വസ്തതയാലും സൽപ്രവൃത്തികളാലും സേവനം ചെയ്യാൻ അല്മായർക്ക് കഴിയും. ക്രൈസ്തവസമൂഹം മുഴുവന്റെയും വളർച്ചയെ ത്വരിതപ്പെടുത്താനും അജപാലനപ്രവർത്തനങ്ങളെ പോഷിപ്പിക്കാനും ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും സുവിശേഷ ചൈതന്യം പകരാനും കഴിയുന്നു''.[117]

പരിശുദ്ധസിംഹാസനത്തിന്റെ ഔദ്യോഗികാംഗീകാരം ലഭിച്ചിട്ടുള്ള സംഘടനകളുടെ പേരുവിവരം തയ്യാറാക്കാനുള്ള ചുമതല അല്മായർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിനുണ്ട്. കൂടാതെ, ക്രൈസ്തവൈക്യം വളർത്താനുള്ള പൊന്തിഫിക്കൽ കൗൺസിലിനോട് സഹകരിച്ചുകൊണ്ട് അവർ, കത്തോലിക്കാ ഭൂരിപക്ഷമുള്ള എക്യൂമിനിക്കൽ സംഘടനകൾക്ക് ഇപ്രകാരം അംഗീകാരം നല്കുന്നതിനുള്ള അടിസ്ഥാന വ്യവസ്ഥകൾ എഴുതിയുണ്ടാക്കി. ചില സംഘടനകൾക്ക് അംഗീകാരം നല്കേണ്ടതില്ലെന്നും തീരുമാനിച്ചു. [118]

വിവിധ അല്മായസംഘടനകളുടെ ഇടയിൽ സുദൃഢമായ ബന്ധവും പരസ്പരബഹുമാനവും സൗഹൃദവും സഹവർത്തിത്വവും പോഷിപ്പിക്കാനും വളർത്താനുമുള്ള കടമ അജപാലകരും അല്മായരുമായ നമുക്കേവർക്കുമുണ്ട്.

www.malankaralibrary.com



ഇപ്രകാരം മാത്രമേ, പൊതുഭവനം പടുത്തുയർത്തുന്നതിന് നാഥൻ നമുക്കു നല്കുന്ന ദാനങ്ങളുടെയും സിദ്ധികളുടെയും സമ്പന്നത പൂവണിയുകയുള്ളു. ''ഒരു പൊതുഭവനം സുദൃഢമായി പണിയുന്നതിന്, വിദ്വേഷത്തിന്റെയും സംഘർഷത്തിന്റെയും എല്ലാ ചിന്താഗതികളും മാററിവയ്ക്കണം. പരസ്പരം ഉള്ളഴിഞ്ഞ് ബഹുമാനിക്കുകയും സ്നേഹിക്കുകയും (cf. റോമാ 12:10), ക്ഷമയോടെയും ദീർഘവീക്ഷണത്തോടെയും ആവശ്യമുള്ളിടത്ത് ത്യാഗസന്നദ്ധതയോടെയും സഹവർത്തിത്വത്തിനു സന്നദ്ധരാവുകയും ചെയ്യേണ്ടത് ആവശ്യമാണ്''.[119]

ത്രിയേകദൈവത്തിന്റെ നിത്യവും നിസ്തുലവുമായ സ്നേഹത്തിന്റെ കൂട്ടായ്മയുടെ പ്രതിഫലനമായ സഭൈക്യമാകുന്ന മഹാദാനത്തെപ്രതി ദൈവത്തിനു കൃതജ്ഞതയർപ്പിക്കാൻ നമുക്ക് യേശുവിന്റെ വചനങ്ങൾ ഒരിക്കൽ കൂടി അനുസ്മരിക്കാം: ''ഞാൻ മുന്തിരിച്ചെടിയും നിങ്ങൾ ശാഖകളും ആണ്'' (യോഹ 15:5). ഈ ദാനത്തെക്കുറിച്ചുള്ള അവബോധത്തോടൊപ്പം ഇതിന്റെ വിനിയോഗത്തിൽ വലിയ *ഉത്തരവാദിത്വബോധവും* ഉണ്ടായിരിക്കണം. സുവിശേഷത്തിലെ താലന്തിന്റെ ഉപമയിലെന്നതുപോലെ സദാ വർദ്ധിച്ചുവരുന്ന കൂട്ടായ്മാജീവിതത്തിൽ ഈ ദാനം വിനിയോഗിക്കേണ്ടതാണ്.

കൂട്ടായ്മ എന്ന ദാനത്തെപ്രതി ഉത്തരവാദിത്വമുള്ളവർ ആകുക എന്നുവച്ചാൽ അതിനർത്ഥം ഒന്നാമതായി പ്രേഷിതത്വത്തിന്, ചുമതലയോടുകൂടിയ ക്രൈസ്തവജീവിതത്തിന് എതിരായി പ്രവർത്തിക്കുന്ന ഭിന്നതയുടേതും എതിർപ്പിന്റേതുമായ പ്രലോഭനത്തെ അതിജീവിക്കാൻ പ്രതിബദ്ധരാവുക എന്നർത്ഥം. ''ക്രിസ്തുവിന്റെ ശരീര''ത്തെ മുറിവേല്പിക്കുന്നവരെ ശകാരിച്ചുകൊണ്ടുള്ള വിശുദ്ധ പൗലോസിന്റെ വാക്കുകൾ ഇന്നും മുഴങ്ങുന്നു. ''ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോസിന്റേതാണ്. ഞാൻ കേപ്പായുടേതാണ്, ഞാൻ ക്രിസ്തുവിന്റേതാണ് എന്നിങ്ങനെ നിങ്ങളോരോരുത്തരും പറയുന്ന

www.malankaralibrary.com



തിനെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. ക്രിസ്തു വിഭജിക്കപ്പെട്ടിരിക്കുന്നുവോ?'' (1 കോറി 1:12—13). ഇല്ല. പിന്നെയോ അപ്പസ്തോലൻെറ വാക്കുകൾ പ്രേരകമായ ആഹ്വാനമായി മുഴങ്ങട്ടെ. ''സഹോദരരേ, നിങ്ങൾ എല്ലാവരും സ്വരച്ചേർച്ചയോടും ഐക്യത്തോടും ഏകമനസ്സോടും ഏകാഭിപ്രായത്തോടും കൂടെ വർത്തിക്കണമെന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു'' (1 കോറി 1:10). അങ്ങനെ സഭാകൂട്ടായ്മയുടെ ജീവിതം, എല്ലാവർക്കും ഒരടയാളവും എല്ലാ ആളുകളെയും ക്രിസ്തുവിലുള്ള വിശ്വാസത്തിലേക്ക് നയിക്കുന്ന പ്രേരകശക്തിയുമായിത്തീരും: ''അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലുമായിരിക്കുന്നതുപോലെ, അവരും നമ്മിലായിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചിരിക്കുന്നുവെന്ന് ലോകം അറിയുന്നതിനുവേണ്ടി'' (യോഹ 17:21). ഇപ്രകാരം കൂട്ടായ്മ ദൗത്യത്തിലേക്കു നയിക്കുന്നു. ദൗത്യമാകട്ടെ, കൂട്ടായ്മയിലേക്കും.

www.malankaralibrary.com

## അദ്ധ്യായം മൂന്ന്

# നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിന് നിങ്ങളെ ഞാൻ നിയോഗിച്ചിരിക്കുന്നു

*സഭയുടെ ദൗത്യത്തിൽ അല്മായ വിശ്വാസികൾക്കുള്ള കൂട്ടുത്തരവാദിത്വം*

### കൂട്ടായ്മയ്ക്കുള്ള ദൗത്യം

32. സുവിശേഷത്തിലെ മുന്തിരിച്ചെടിയുടെയും ശാഖയുടെയും ഉപമയിലേക്കുതന്നെ നമുക്കു തിരിയാം. ഫലദായകത്വത്തെയും ജീവിതത്തെയും പററിയുള്ള പരിചിന്തനത്തിന് അതു നേരിട്ടും സമുചിതമായും സഹായിക്കും. മുന്തിരിച്ചെടിയോട് ഒട്ടിച്ചേർക്കുകയും ജീവനിലേക്ക് കൊണ്ടുവരികയും ചെയ്യുന്നതുവഴി ശാഖകൾ ഫലമണിയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു: ''ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു'' (യോഹ 15:5). ഫലമണിയുക എന്നത് ക്രിസ്തുവിലുള്ള ജീവിതത്തിനും സഭയിലുള്ള ജീവിതത്തിനും അനുപേക്ഷണീയമാണ്. ഫലം പുറപ്പെടുവിക്കാത്തവൻ കൂട്ടായ്മയിൽ നിലനില്ക്കുന്നില്ല: ''എൻെറ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്ന് (എൻെറ പിതാവ്) നീക്കിക്കളയുന്നു'' (യോഹ 15:2).

ക്രൈസ്തവർ തമ്മിൽതമ്മിലുള്ള കൂട്ടായ്മ ഉളവാക്കുന്ന, യേശുവുമായുള്ള ഐക്യം ഫലം പുറപ്പെടുവിക്കുന്ന

www.malankaralibrary.com



തിനുള്ള അനുപേക്ഷണീയമായ വ്യവസ്ഥയാണ്: ''എന്നെക്കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല'' (യോഹ 15:5). മററുള്ളവരുമായുള്ള കൂട്ടായ്മയാണ് ശാഖകൾക്കു പുറപ്പെടുവിക്കാൻ കഴിയുന്ന ഏററവും ഉദാത്തമായ ഫലം: വാസ്തവത്തിൽ അത് ക്രിസ്തുവിൻെറയും അവിടുത്തെ ആത്മാവിൻെറയും ദാനമാണ്.

ഈ ഘട്ടത്തിൽ *കൂട്ടായ്മ കൂട്ടായ്മയെ ജനിപ്പിക്കുന്നു* എന്നു കാണാം. സാരാംശത്തിൽ ഇതിനെ *കൂട്ടായ്മയെ പ്രതിയുള്ള ഒരു ദൗത്യത്തോട്* ഉപമിക്കാം. യേശു ശിഷ്യരോട് പറയുന്നു: നിങ്ങൾ എന്നെ തിരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുകയാണ് ചെയ്തത്, *നിങ്ങൾ പോയി ഫലം പുറപ്പെടുവിക്കുന്നതിനും* നിങ്ങളുടെ ഫലം നിലനില്ക്കുന്നതിനുംവേണ്ടി ഞാൻ നിങ്ങളെ നിയോഗിച്ചിരിക്കുന്നു'' (യോഹ 15:16).

കൂട്ടായ്മയും ദൗത്യവും അന്യോന്യം ദൃഢമായി ബന്ധപ്പെട്ടതാണ്. അവ അന്യോന്യം ചുഴിഞ്ഞിറങ്ങുകയും അന്യോന്യം ഉൾക്കൊള്ളുകയും ചെയ്യുന്നു. കൂട്ടായ്മ പ്രേഷിതത്വത്തിൻെറ ഉറവിടവും ഫലവും ചൂണ്ടിക്കാണിക്കുന്നിടത്തോളവും കൂട്ടായ്മ പ്രേഷിതത്വത്തിന് ഉറവിടമാകുന്നിടത്തോളവും പ്രേഷിതത്വം കൂട്ടായ്മയിൽ നിറവേററപ്പെടുന്നിടത്തോളവുമാണ് ഇവ സംഭവിക്കുന്നത്. സഭയെ വിളിച്ചുകൂട്ടുന്നതും ഐക്യപ്പെടുത്തുന്നതും ''ഭൂമിയുടെ അതിർത്തികൾവരെ'' (അപ്പ 1:8) സുവിശേഷം പ്രസംഗിക്കാൻ സഭയെ നിയോഗിക്കുന്നതും എപ്പോഴും ഒരേ ദൈവാത്മാവു തന്നെയാണ്. ദാനമായി ലഭിക്കുന്ന കൂട്ടായ്മ എല്ലാ മനുഷ്യരെയും ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് സഭയ്ക്കറിയാം. പരിശുദ്ധാത്മാവിൽനിന്ന് ലഭിക്കുന്ന ദാനത്തിന് സഭ ഓരോ വ്യക്തിയോടും മനുഷ്യരാശി മുഴുവനോടുംതന്നെയും കടപ്പെട്ടിരിക്കുന്നു. അതേ പരിശുദ്ധാത്മാവുതന്നെയാണ് ആന്തരിക യോജിപ്പിനും ബാഹ്യവളർച്ചയ്ക്കും വേണ്ടി രഹസ്യാത്മകശക്തിയെന്നവ

www.malankaralibrary.com



ണ്ണം യേശുക്രിസ്തുവിൻെറ ഉപവിയെ വിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് വർഷിക്കുന്നത്. സഭയുടെ ദൗത്യം അവളുടെ സ്വന്തം പ്രകൃതത്തിൽനിന്നാണ് നിർഗ്ഗളിക്കുന്നത്. അങ്ങനെ ആയിരിക്കാനാണ്, ''മനുഷ്യരാശി മുഴുവൻെറയും ഐക്യത്തിൻെറ....അടയാളവും ഉപകരണവും'' 120 ആയിരിക്കാനാണ് ക്രിസ്തു തിരുമനസ്സായിരിക്കുന്നത്. മനുഷ്യനായി അവതരിച്ച ദൈവപുത്രൻ ലോകചരിത്രത്തിലേക്കു കൊണ്ടുവന്ന ''പുതിയ'' കൂട്ടായ്മ എല്ലാ മനുഷ്യരും അറിയാനും ജീവിക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ പ്രേഷിതദൗത്യം. ഇക്കാര്യത്തിൽ, അനുഗൃഹീതമായ അന്നത്തെ ലക്ഷ്യം വച്ചുകൊണ്ടുള്ള സഭയുടെ മുഴുവൻ ദൗത്യത്തെയും സാക്ഷ്യപ്പെടുത്തിക്കൊണ്ട് യോഹന്നാൻ സുവിശേഷകൻ അനിഷേധ്യമാംവിധം അതിനെ നിർവചിക്കുന്നു. ''ഞങ്ങൾ കാണുകയും കേൾക്കുകയും ചെയ്തത് നിങ്ങളെയും ഞങ്ങൾ അറിയിക്കുന്നു. ഞങ്ങളുമായി നിങ്ങൾക്കു കൂട്ടായ്മ ഉണ്ടാകേണ്ടതിനാണ് ഞങ്ങൾ ഇതു പ്രഘോഷിക്കുന്നത്. ഞങ്ങളുടെ കൂട്ടായ്മയാകട്ടെ പിതാവിനോടും അവിടത്തെ പുത്രനായ യേശുക്രിസ്തുവിനോടുമാണ്'' (1 യോഹ 1:3).

സഭാദൗത്യത്തിൻെറ കാര്യത്തിലാകട്ടെ, *ദൈവജനത്തിൻെറ മറ്റെല്ലാ അംഗങ്ങളുമായുള്ള കൂട്ടായ്മയിൽ ഉത്തരവാദിത്വത്തിൻെറ ഒരു വലിയ പങ്ക് കർത്താവ് അല്മായവിശ്വാസികളെ ഭരമേല്പിക്കുന്നുണ്ട്.* രണ്ടാം വത്തിക്കാൻ സൂനഹദോസ് പിതാക്കൻമാർ പൂർണ്ണമായി മനസ്സിലാക്കിയ ഈ വസ്തുത നവീകൃതമായ വ്യക്തതയോടും വർദ്ധമാനമായ ഊർജ്ജസ്വലതയോടുംകൂടി സിനഡിൻെറ എല്ലാ പ്രവർത്തനങ്ങളിലും ആവർത്തിക്കുകയുണ്ടായി: ''സഭ മുഴുവൻെറയും ക്ഷേമത്തിനായി അല്മായർ ചെയ്യുന്ന സേവനം എത്ര വലുതാണെന്ന് മെത്രാൻമാർക്കറിയാം. സഭയ്ക്ക് ലോകത്തിലുള്ള രക്ഷാകരദൗത്യംമുഴുവൻ സ്വന്തം തോളിൽ വഹിക്കാനല്ല ക്രിസ്തു തങ്ങളെ അഭിഷേ

www.malankaralibrary.com



കം ചെയ്തിരിക്കുന്നത് എന്ന പരമാർത്ഥവും മെത്രാൻമാർക്ക് അജ്ഞാതമല്ല. വിശ്വാസികളുടെ ഇടയനായിരിക്കുക, അവരുടെ സേവനങ്ങളും അവർക്കു ലഭിച്ചിട്ടുള്ള പ്രത്യേക ദാനങ്ങളും വിലമതിക്കുക, അതുവഴി ഓരോരുത്തരും താന്താങ്ങളുടെ ഉന്നതധർമ്മമനുസരിച്ച് പൊതുനൻമയ്ക്കായി ഏകോപിച്ചുപ്രവർത്തിക്കാൻ ഇടയാക്കുക എന്നിവയാണ് അവർ ചെയ്യുന്നത്''.[121]

## സുവിശേഷപ്രഘോഷണം

33. സഭാംഗങ്ങളായിരിക്കുകകൊണ്ട് സുവിശേഷം പ്രഘോഷിക്കാനുള്ള വിളിയും ദൗത്യവും അല്മായവിശ്വാസികൾക്കുണ്ട്: ക്രൈസ്തവമായ തുടക്കത്തിനുതകുന്ന കൂദാശകളാലും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാലും അവർ ഈ ജോലിക്ക് ഉതകുന്നവരായി തയ്യാറാക്കപ്പെടുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖയിൽ സുവ്യക്തവും സുപ്രധാനവുമായ ഒരു ഭാഗത്ത് ഇങ്ങനെ കാണുന്നു: ''ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും പ്രവാചകത്വത്തിലും രാജത്വത്തിലും പങ്കുകാരാണ് അല്മായർ. അതുകൊണ്ട് അവർക്ക് സഭയുടെ ജീവിതത്തിലും പ്രവർത്തനത്തിലും അവരുടേതായ പങ്ക് സജീവമായി നിർവഹിക്കാനുണ്ട്.... സ്വന്തസമൂഹത്തിലെ ആരാധനാജീവിതത്തിൽ സജീവമായി പങ്കെടുക്കുകവഴി പോഷണം ആർജ്ജിക്കുന്ന അവർ ആ സമൂഹത്തിന്റെ പ്രേഷിതപ്രവർത്തനങ്ങളിലും ഉത്സാഹപൂർവ്വം പങ്കെടുക്കുന്നു. ഒരു പക്ഷേ സഭയിൽനിന്ന് അകന്നുനില്ക്കുന്നവരെ അവർ സഭയിലേക്ക് നയിക്കുന്നു; ദൈവവചനം പകർന്നുകൊടുക്കുന്നതിൽ അവർ തീക്ഷ്ണതാപൂർവം സഹകരിക്കുന്നു; പ്രത്യേകിച്ച് മതബോധനംവഴി. ആത്മപാലനവും സഭാവസ്തുവകകളുടെ ഭരണവും സംബന്ധിച്ച കാര്യങ്ങൾ സ്വന്തകഴിവുകൾ ഉപയോഗിച്ച് അവർ കൂടുതൽ കാര്യക്ഷമമാക്കിത്തീർക്കുന്നു''.[122]

സഭയുടെ ദൗത്യം മുഴുവൻ കേന്ദ്രീകരിക്കുന്നതും പ്രക

www.malankaralibrary.com



ടമാക്കുന്നതും *സുവിശേഷവത്കരണമാണ്.* ചരിത്രത്തിന്റെ ഗതിവിഗതികളിലൂടെ യേശുക്രിസ്തുവിന്റെ കല്പനയ്ക്കും കൃപാവരത്തിനും വിധേയരായി സഭ മുന്നേറിയിരിക്കുന്നു: ''നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16:15). ''....കണ്ടാലും യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും'' (മത്താ 28:20). പോൾ ആറാമൻ എഴുതുന്നു: ''സഭയ്ക്ക് അനുയോജ്യമായ കൃപാവരവും വിളിയും സുവിശേഷവൽക്കരിക്കുക എന്നതുതന്നെ. ഇതാണ് സഭയുടെ ഏററവും മഹത്തായ ലക്ഷണം''.[123]

സുവിശേഷവൽക്കരണത്തിലൂടെ സഭ ഒരു *വിശ്വാസകൂട്ടായ്മയായി* പടുത്തുയർത്തപ്പെടുന്നു: കുറേക്കൂടി കൃത്യമായിപ്പറഞ്ഞാൽ കൂദാശകളിൽ *ആഘോഷിക്കപ്പെടുന്ന* ദൈവവചനത്തോടുള്ള പൂർണ്ണമായ വിധേയത്വത്തോടുകൂടിയ വിശ്വാസത്തെ *പ്രഖ്യാപിക്കുന്ന* ഒരു സമൂഹമാണിത്. ക്രിസ്തീയ ധാർമ്മികാസ്തിത്വത്തിന്റെ തത്ത്വമായ ഉപവിയിലാണ് ദൈവവചനം *ജീവിക്കുന്നത്.* വാസ്തവത്തിൽ, മാനസാന്തരത്തെയും ജീവിതപരിവർത്തനത്തെയും ഉത്തേജിപ്പിക്കുന്നതാണ് ''സദ്‌വാർത്ത''. രക്ഷകനും കർത്താവുമായ യേശുക്രിസ്തുവിനോട് ഗാഢമായി യോജിപ്പിക്കുന്നതുമാണിത്. പരിശുദ്ധാത്മാവിലുള്ള ജീവന്റെ സാക്ഷാത്കാരത്തിനായി വ്യക്തിയെ ശക്തിപ്പെടുത്തുന്ന മാമ്മോദീസായും ദിവ്യകാരുണ്യവും സ്വീകരിക്കുന്നതിന് വ്യക്തിയെ യോഗ്യനാക്കുകയും ചെയ്യുന്നു.

''പോയി സുവിശേഷം പ്രസംഗിക്കുക'' എന്ന യേശുവിന്റെ കല്പന തീർച്ചയായും എപ്പോഴും അതിന്റെ സജീവമൂല്യവും സദാ നിർബന്ധിക്കുന്ന കടമയും നിലനിർത്തുന്നു. ലോകത്തിൽ മാത്രമല്ല, സഭയുടെ പല ഭാഗങ്ങളിലും *ഇന്ന് നിലയിലുള്ള സാഹചര്യം ക്രിസ്തുവിന്റെ വചനം* കൂടുതൽ സന്നദ്ധതയോടും *ഉദാരമായ വിധേയത്വത്തോടും*കൂടി *സ്വീകരിക്കുവാൻ നിർബന്ധിക്കു*

www.malankaralibrary.com



ന്നു. ഓരോ ശിഷ്യനും വ്യക്തിപരമായി പേരുചൊല്ലി വിളിക്കപ്പെട്ടിരിക്കുന്നു. ഒരു ശിഷ്യനും ഇതിനു പ്രത്യുത്തരം നല്കാതിരിക്കാനാവില്ല: ''സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം'' (1 കോറി 9:16).

## പുനർ സുവിശേഷവൽക്കരണത്തിനു സമയമായിരിക്കുന്നു

34. മതവും ക്രൈസ്തവജീവിതവും പണ്ടു തഴച്ചു വളർന്നിരുന്നതും സ്വന്തമായി വളരാനും പ്രവർത്തിക്കുവാനും കഴിയുന്ന ഒരു വിശ്വാസസമൂഹത്തെ പരിപോഷിപ്പിക്കാൻ കഴിഞ്ഞിരുന്നതും ആയ മുഴുവൻ പ്രദേശങ്ങളും രാഷ്ട്രങ്ങളും ഇന്ന് ഒരു കടുത്ത പരീക്ഷണത്തെ നേരിടുകയാണ്; മാത്രമല്ല, മതത്തോട് നിരന്തരമായി വളരുന്ന നിസ്സംഗതയും മതനിരപേക്ഷതയും നിരീശ്വരത്വവുംമൂലം ചില രാജ്യങ്ങൾ ഒരു സമൂലപരിവർത്തനത്തിന് വിധേയമാവുന്നു എന്നുതന്നെ പറയാം. ഒന്നാംലോകം എന്നു വിളിക്കപ്പെടുന്ന പ്രദേശങ്ങളിലും രാഷ്ട്രങ്ങളിലും ഇതു പ്രത്യേകം പ്രസക്തമാണ്. അവിടങ്ങളിൽ സാമ്പത്തികക്ഷേമവും ഉപഭോക്തൃവാദവും ദാരിദ്ര്യത്തോടും ദുരിതത്തോടും കെട്ടുപിണഞ്ഞു കിടക്കുന്നു എങ്കിൽപ്പോലും ''ദൈവം ഇല്ല'' എന്ന മട്ടിലുള്ള ജീവിതത്തിന് ആവേശം പകരുകയും അതുനിലനിറുത്തുകയുംചെയ്യുന്നു. ജീവിതത്തിലെ വളരെ ഗൗരവമുള്ള പ്രശ്നങ്ങൾക്കുമുൻപിൽ മതനിസ്സംഗതയും അർത്ഥശൂന്യമായ മതാനുഷ്ഠാനവും പ്രഖ്യാപിത നിരീശ്വരത്വത്തെപ്പോലെതന്നെ മനക്ളേശത്തിനും പ്രതിസന്ധിക്കും കാരണമാകുന്നു. ചിലപ്പോൾ ക്രൈസ്തവവിശ്വാസംതന്നെയും അതിന്റെ ബാഹ്യപാരമ്പര്യങ്ങളെയും ആചാരങ്ങളെയും മുറുകെപ്പിടിക്കവേ, ജീവിതത്തിലെ സുപ്രധാനസംഭവങ്ങളായ ജനനം, സഹനം, മരണം, എന്നിങ്ങനെയുള്ള കാര്യങ്ങളോടു ബന്ധമില്ലാത്തതുപോലെ കാണുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ, അവയോടു ശരിയായി പ്രതികരിച്ചില്ലെങ്കിൽ അവ ഉളവാക്കുന്ന പ്രശ്നങ്ങളും പ്രയാസമേറിയ കീറാമുട്ടികളും

www.malankaralibrary.com



ഇന്നത്തെ ആളുകളെ സഹിക്കാനാവാത്ത നിരാശതയിലേക്കു തള്ളിവിടും. അല്ലെങ്കിൽ ഇത്തരം ജീവിതപ്രശ്നങ്ങളിൽ അന്തർഭവിച്ചിരിക്കുന്ന യഥാർത്ഥ മാനവികമാനങ്ങളെ നിഷ്കാസനം ചെയ്യാൻ പ്രലോഭിതരാക്കും.

നേരേമറിച്ച് മററു ചില രാഷ്ട്രങ്ങളിലും പ്രദേശങ്ങളിലും ഭക്തിയുടെ പല സജീവപാരമ്പര്യങ്ങളും ജനപ്രീതിയാർജ്ജിച്ച ക്രൈസ്തവമതാനുഷ്ഠാനങ്ങളും ഇപ്പോഴും പരിരക്ഷിക്കപ്പെടുന്നുണ്ട്. പക്ഷേ, ധാർമ്മികവും ആദ്ധ്യാത്മികവുമായ ഈ പൈതൃകമാകട്ടെ, മതനിരപേക്ഷതയും വിഭാഗീയ ചിന്തകളുടെ ആധിക്യവും വിഭാഗീയചിന്തകളുടെ ആധിപത്യവും ഉൾപ്പെടെയുള്ള വൈവിധ്യമാർന്ന പ്രക്രിയയുടെ സമ്മർദ്ദത്താൽ ചിന്നിച്ചിതറുന്നമട്ടിലാണിന്ന്. ഒരു പുനർസുവിശേഷവൽക്കരണത്തിനുമാത്രമേ, വ്യക്തവും അഗാധവുമായ വിശ്വാസത്തിൻെറ വളർച്ച ഉറപ്പു വരുത്താനും ഇത്തരം പാരമ്പര്യങ്ങളെ യഥാർത്ഥ സ്വാതന്ത്ര്യത്തിനുള്ള ശക്തിയായി മാററാനും സാധിക്കുകയുള്ളു.

ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും ക്രൈസ്തവസമൂഹത്തിൻെറ ഒരു പുതുക്കിപ്പണിയൽ ആവശ്യമാണെന്നുള്ളത് തീർച്ചയാണ്. ഇതു സാധിക്കാൻ ആദ്യമായി ചെയ്യേണ്ടത് ഇത്തരം പ്രദേശങ്ങളിലും രാഷ്ട്രങ്ങളിലുമുള്ള സഭാസമൂഹത്തിൻെറതന്നെ ഒരു ക്രൈസ്തവഘടന പുനർജീവിപ്പിക്കുകയാണ്.

ഇത്തരുണത്തിൽ ക്രിസ്തുവിൻെറ പ്രവാചകദൗത്യത്തിൽ പങ്കുകാരാകയാൽ അല്മായവിശ്വാസികരം സഭയുടെ ഈ ജോലിയിൽ തികച്ചും ഭാഗഭാക്കുകളാണ്. അവരുടെ പ്രത്യേക ചുമതലയാകട്ടെ, ഓരോ വ്യക്തിയുടെയും സമൂഹത്തിൻെറയും ജീവിതത്തിലെ പ്രതീക്ഷകളോടും പ്രശ്നങ്ങളോടുമുള്ള ഒരേയൊരു ഫലപ്രദമായ പ്രതികരണം ക്രൈസ്തവ വിശ്വാസത്തിൻേറതാണെന്ന് സാക്ഷ്യപ്പെടുത്തുകയാണ്. എല്ലാവരും ഈ വസ്തുത മനസ്സിലാക്കുകയും വ്യത്യസ്തതോതിൽ അവതരിപ്പിക്കുകയും ചെയ്യുന്നുണ്ട്.

www.malankaralibrary.com



ഇതു സാധ്യമാകാൻ അല്മായർ തങ്ങളുടെ ജീവിതവും സുവിശേഷവും തമ്മിലുള്ള അകലച്ചയെ അതിജീവിക്കാൻ പഠിക്കേണ്ടിയിരിക്കുന്നു. മാത്രമല്ല, അവർ കുടുംബത്തിലും, തൊഴിൽ രംഗത്തും സമൂഹത്തിലുമുള്ള തങ്ങളുടെ ദൈനംദിനപ്രവർത്തനങ്ങളിൽ സുവിശേഷത്തിന്റെ ശക്തിയും പ്രചോദനവും പൂർണ്ണമായി ഉൾക്കൊണ്ട് സമഗ്രമായ ജീവിതവീക്ഷണം പാലിക്കേണ്ടിയിരിക്കുന്നു.

എന്റെ അജപാലന ശുശ്രൂഷയുടെ ആരംഭത്തിൽ ഞാൻ പറഞ്ഞ വികാരതീക്ഷ്ണമായ വാക്കുകൾതന്നെ ഇന്നത്തെ ജനങ്ങളോട് ഞാൻ ഒരിക്കൽ കൂടി ആവർത്തിക്കുന്നു. ''*ഭയപ്പെടേണ്ടാ, തുറക്കുവിൻ, ക്രിസ്തുവിനായി വാതിലുകൾ മലർക്കെ തുറക്കുവിൻ*! രാഷ്ട്രങ്ങളുടെ നിരോധനങ്ങളെയും രാഷ്ട്രീയ സാമ്പത്തിക വ്യവസ്ഥിതികളെയും അതുപോലെതന്നെ സംസ്കാരത്തിന്റെയും നാഗരികതയുടെയും വികസനത്തിന്റെയും വിശാലമേഖലകളെയും അവിടുത്തെ രക്ഷാകരശക്തിയ്ക്കു മുൻപിൽ തുറന്നുവയ്ക്കുവിൻ. ഭയപ്പെടേണ്ടാ! 'ഓരോ വ്യക്തിയുടെയും ഉള്ളിലെന്താണെന്ന് ക്രിസ്തു അറിയുന്നു. അവൻമാത്രം അറിയുന്നു. തങ്ങളുടെ ഉള്ളിൽ, ഹൃദയത്തിന്റെയും ആത്മാവിന്റെയും അഗാധമായ ഉള്ളറകളിൽ, പേറുന്നതെന്തെന്ന് ഇന്നു പലപ്പോഴും മനുഷ്യർക്കറിഞ്ഞുകൂടാ. ഭൂമിയിൽ ജീവിതത്തിന്റെ അർത്ഥമെന്തെന്ന് പലപ്പോഴും മനുഷ്യർക്കു നിശ്ചയമില്ല. സംശയഗ്രസ്തരായി അവർ നിരാശയിലേക്കു നയിക്കപ്പെടുന്നു. അതിനാൽ വിനയപൂർവം പ്രത്യാശയോടെ ഞാൻ യാചിക്കുകയാണ്, നിങ്ങളിലെ വ്യക്തിയോടു സംസാരിക്കുവാൻ ക്രിസ്തുവിനെ അനുവദിക്കുവിൻ. അവനുമാത്രമേ ജീവന്റെ വചനങ്ങൾ, അതേ നിത്യജീവന്റെ വചനങ്ങൾ ഉള്ളു''.[124]

ക്രിസ്തുവിനായി വാതിലുകൾ മലർക്കെ തുറക്കുന്നതും മനുഷ്യരാശിയിലേക്ക് അവിടുത്തെ സ്വീകരിക്കുന്നതും വ്യക്തികൾക്കു ഭീഷണിയല്ല. യഥാർത്ഥത്തിൽ

www.malankaralibrary.com



മനുഷ്യവ്യക്തിയുടെ ഉന്നതമൂല്യത്തിലേക്കും സമ്പൂർണ്ണ സത്യത്തിലേക്കും എത്തിച്ചേരാനുള്ള ഏകമാർഗ്ഗമാണിത്.

സുവിശേഷത്തെയും തങ്ങളുടെ അനുദിനജീവിത ചുമതലകളെയും തിളക്കമാർന്നതും വിശ്വാസ്യവുമായ സാക്ഷ്യമാക്കേണ്ടതെങ്ങനെയാണെന്ന് അല്മായവിശ്വാസികൾ മനസ്സിലാക്കുമ്പോഴാണ് ഈ സജീവസമന്വയം സാധ്യമാകുന്നത്. അവിടെ ഭയമല്ല, സ്നേഹപൂർവമായ ക്രിസ്താന്വേഷണവും ക്രിസ്തുവിലുള്ള ആശ്രയവുമാണ് ഒരു വ്യക്തി എങ്ങനെ ജീവിക്കണമെന്നും വളരണമെന്നും നിശ്ചയിക്കുന്ന ഘടകങ്ങൾ. കൂടുതൽ മനുഷ്യമഹനീയതയ്ക്കൊത്തവിധം ജീവിക്കാനുള്ള നൂതനസരണികളിലേക്ക് ഇവ നയിക്കുകയും ചെയ്യും

*ദൈവം മനുഷ്യരാശിയെ സ്നേഹിക്കുന്നു!* ഏററവും ലളിതമെങ്കിലും ഗംഭീരമായ പ്രഖ്യാപനം മനുഷ്യരാശിക്കു പകർന്നുകൊടുക്കാൻ സഭ കടപ്പെട്ടിരിക്കുന്നു. ഓരോ ക്രൈസ്തവൻെറയും ജീവിതത്തിലുംവാക്കുകളിലും ഈ പ്രഖ്യാപനം മാറെറാലിക്കൊള്ളണം. ദൈവം നിങ്ങളെ സ്നേഹിക്കുന്നു, ക്രിസ്തു നിങ്ങൾക്കുവേണ്ടി വന്നു. ''വഴിയും സത്യവും ജീവനു''മായ (യോഹ 14:6) ക്രിസ്തു നിങ്ങൾക്കുവേണ്ടിയാണ്.

വ്യക്തികളെമാത്രം ഉദ്ദേശിച്ചുള്ളതല്ല ഈ പുനർസുവിശേഷവൽക്കരണം. പിന്നെയോ വിവിധ സാഹചര്യങ്ങളിൽ, ചുററുപാടുകളിൽ, സംസ്കാരങ്ങളിൽ വസിക്കുന്ന ജനതകളുടെ എല്ലാ വിഭാഗങ്ങളെയുംകൂടി ഉദ്ദേശിച്ചുള്ളതാണ്. ഇതിൻെറ ലക്ഷ്യമാകട്ടെ, പക്വതയാർന്ന സഭാസമൂഹങ്ങളെ വാർത്തെടുക്കുകയാണ്. അങ്ങനെയുള്ള സമൂഹങ്ങളിൽ വിശ്വാസം പ്രസരിക്കും; ക്രിസ്തുവിനോടും അവിടുത്തെ സുവിശേഷത്തോടുമുള്ള ഉററബന്ധത്തിൻെറ അടിസ്ഥാനപരമായ അർത്ഥം നിറവേററുകയും ചെയ്യും. ക്രിസ്തുവുമായുള്ള സമാഗമത്തിൻെറയും കൗദാശികകൂട്ടായ്മയുടെയും, സ്നേഹത്തിലും ശു

www.malankaralibrary.com



ശ്രൂഷയിലുമുള്ള, ജീവിതത്തിന്റെയും അർത്ഥം ഇവിടെ സാക്ഷാൽക്കരിക്കപ്പെടുന്നു.

ഇത്തരം സഭാസമൂഹങ്ങൾ രൂപവത്കരിക്കുന്നതിൽ അല്മായർക്ക് തങ്ങളുടെ പങ്ക് നിർവഹിക്കാനുണ്ട്. സമൂഹത്തിന്റെ ജീവിതത്തിൽ സജീവമായി ഉത്തരവാദിത്വത്തോടെ പങ്കെടുക്കുന്നതുകൊണ്ട് അതായത്, അവർക്കു മാത്രം നല്കാൻകഴിയുന്ന സാക്ഷ്യം നല്കുന്നതുകൊണ്ടുമാത്രം ആയില്ല. പ്രത്യുത വിശ്വാസവെളിച്ചം കിട്ടാത്തവരും മാമ്മോദീസായിൽ ലഭിച്ച വിശ്വാസത്തിനൊത്ത് ജീവിക്കാത്തവരുമായ അനവധി ആളുകളുടെ കാര്യത്തിലുള്ള പ്രേഷിതതീക്ഷ്ണതയും പ്രവർത്തനവും കൂടി ആവശ്യമാണ്.

വരും തലമുറയുടെ കാര്യത്തിൽ, അല്മായവിശ്വാസികൾക്ക് വിലയേറിയ സംഭാവനകൾ നല്കാനുണ്ട്, പ്രത്യേകിച്ചും *ചിട്ടയാർന്ന മതബോധനത്തിൽ*. ''സഭാ സമൂഹങ്ങളെ ചൈതന്യവത്താക്കുന്നതിൽ മതാദ്ധ്യാപകർക്ക് സുപ്രധാനമായ ഒരു കർത്തവ്യമുണ്ട്[125] എന്ന് അവരുടെ പ്രവർത്തനങ്ങൾ അംഗീകരിച്ചുകൊണ്ട് സിനഡു പിതാക്കന്മാർ സസന്തോഷം പ്രഖ്യാപിക്കുന്നു. ക്രൈസ്തവ മാതാപിതാക്കന്മാരാണ് മക്കളുടെ പ്രഥമവും പകരമില്ലാത്തതുമായ മതബോധകർ എന്നകാര്യം പറയേണ്ടതില്ലല്ലോ. ആ കടമ നിറവേററാനുള്ള കൃപാവരം വിവാഹം എന്ന കൂദാശവഴി അവർക്കു ലഭിക്കുന്നു. അതോടൊപ്പംതന്നെ ക്രൈസ്തവ ജീവിതത്തിലും വിശ്വാസത്തിലും, അധിഷ്ഠിതമായ പരിരക്ഷയും വിദ്യാഭ്യാസവും ശിക്ഷണവും മാമ്മോദീസാ സ്വീകരിച്ച ഓരോ വ്യക്തിയുടെയും ''അവകാശം'' ആണെന്നകാര്യം നാം വിസ്മരിക്കരുത്.

**ലോകമെങ്ങും പോകുവിൻ**

35. പുനർസുവിശേഷവൽക്കരണത്തിന്റെ ഇന്നത്തെ ആവശ്യകത മനസ്സിലാക്കുകയും ചൂണ്ടിക്കാണിക്കുകയും ചെ

www.malankaralibrary.com



യ്യുന്ന സഭയ്ക്ക് *സുവിശേഷം എത്തിക്കുക* എന്ന *നിതാന്തദൌത്യത്തിൽനിന്നു പിൻമാറാൻ സാധ്യമല്ല.* ക്രിസ്തുവിനെപ്പററി ഇനിയും കേട്ടിട്ടില്ലാത്ത സ്ത്രീ പുരുഷൻമാരായ ലക്ഷോപലക്ഷം ആളുകളുടെ അടുത്തേക്ക് സുവിശേഷം എത്തിക്കേണ്ടതുണ്ട്. ക്രിസ്തു പ്രത്യേകമായി സഭയെ ഭരമേല്പിച്ചതും ഓരോ ദിവസവും ഭരമേല്പിക്കുന്നതുമായ പ്രേഷിതജോലി ഇതാണ്.

എപ്പോഴും ഇത്തരം ചുററുപാടുകളിൽ ജീവിക്കുന്ന അല്മായവിശ്വാസികളുടെ പ്രവർത്തനം ഇക്കാലത്ത് വളരെ ആവശ്യകവും അമൂല്യവുമാണ്. ''ലോകമെങ്ങും പോകുവിൻ'' എന്ന നാഥൻെറ കല്പനയ്ക്ക് അല്മായർ ഉദാരമായ പ്രത്യുത്തരം നല്കുന്നുണ്ട്. ചിരപരിചിതമായ ചുററുപാടുകളും, ജോലിയും, നാടും ഒരു പക്ഷേ രാജ്യവും ഒരു നിശ്ചിതകാലത്തേക്കെങ്കിലും, വിട്ടുപേക്ഷിച്ച് മിഷൻ രംഗങ്ങളിലേക്കു പോകാൻ അവർ സന്നദ്ധരാകുന്നു. ദമ്പതികരംപോലും മിഷൻപ്രദേശങ്ങളിൽ തങ്ങളുടെ വിലയേറിയ സാന്നിദ്ധ്യവും ക്രിസ്തുവിനോടും സഭയോടുമുള്ള സ്നേഹവായ്പും പ്രകടിപ്പിച്ചുകൊണ്ട്, അകവീലായേയും പ്രഷില്ലയേയും (cf. അപ്പ 18; റോമാ 16:3ff) പോലെ പ്രീതികരമായ സാക്ഷ്യം നല്കുന്നുണ്ട്. സഭ സ്ഥാപിതമായിട്ടില്ലാത്ത രാജ്യങ്ങളിലും ചുററുപാടുകളിലും പല കാരണങ്ങളുടെ പേരിൽ ജീവിക്കേണ്ടിവരുന്നവർപോലും യഥാർത്ഥ പ്രേഷിതസാന്നിധ്യം കാഴ്ചവയ്ക്കുകയും വിശ്വാസത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുന്നുണ്ട്.

ഇക്കാലത്ത് സഭയിൽ പ്രേഷിതൗൽസുക്യം വളരെ ഗൗരവപൂർവ്വവും വ്യാപകവുമായ തോതിൽ എത്തിച്ചേർന്നിരിക്കുന്നു. സഭയിലെ എല്ലാ അംഗങ്ങളും വ്യക്തികളും സമൂഹങ്ങളും യഥാർത്ഥത്തിൽ ഏകീകൃതമായി യത്നിച്ചാൽ മാത്രമേ കൂടുതൽ ഫലപ്രദമായ പ്രതികരണം കൈവരുമെന്ന് പ്രത്യാശിക്കാനാവൂ.

www.malankaralibrary.com



രണ്ടാം വത്തിക്കാൻ സൂനഹദോസ് പ്രാദേശികസഭകളോടുള്ള ആഹ്വാനത്തിൽ പ്രാദേശികസഭകളുടെ എല്ലാ മൂല്യങ്ങളും നിലനിർത്തിയിട്ടുണ്ട്. ഇക്കാലത്ത് കൂടുതൽ വ്യാപകവും നിർണ്ണായകവുമായ ഒരു സ്വീകരണം ആവശ്യപ്പെടുന്നതുമാണ് ഈ ആഹ്വാനം. ''പ്രാദേശികസഭകൾ ആവുന്നിടത്തോളം സാർവ്വത്രികസഭയെ പ്രതിനിധാനം ചെയ്യുവാൻ കടപ്പെട്ടിരിക്കുന്നതുകൊണ്ട് ക്രിസ്തുവിൽ വിശ്വസിക്കാത്തവരുടെ പക്കലേക്ക് തങ്ങൾ അയയ്ക്കപ്പെട്ടിരിക്കുന്നു എന്ന് അവർ പൂർണ്ണമായി മനസ്സിലാക്കണം''. [126]

സുവിശേഷവൽക്കരണ യത്നത്തിൽ സഭ ഇന്നു ബഹുദൂരം *മുന്നോട്ടു കുതിക്കേണ്ടിയിരിക്കുന്നു*, പ്രേഷിത മുന്നേററത്തിന്റെ *ചരിത്രത്തിലെ ഒരു പുതിയ കാലഘട്ട*ത്തിലേക്ക് പ്രവേശിക്കുകയും വേണം. ദൂരം ഒരു പ്രശ്നമല്ലാതിരിക്കുന്ന ഇക്കാലത്ത് ലോകം കൂടുതൽ കൂടുതൽ ചെറുതായി മാറുന്നു. ആ നിലയ്ക്ക് സഭാസമൂഹം അതിന്റെ അംഗങ്ങൾക്കിടയിലുള്ള ബന്ധം സുദൃഢമാക്കേണ്ടിയിരിക്കുന്നു. ഒരു സമൂഹമെന്നനിലയിൽ സർഗ്ഗശക്തികളും വിഭവശേഷിയും കൈമാറിക്കൊണ്ട് സുവിശേഷം പ്രസംഗിക്കുകയും പ്രാവർത്തികമാക്കുകയും അതുല്യവും സാർവ്വത്രികവുമായ ദൗത്യത്തോടുപ്രതിബദ്ധത പാലിക്കുകയും വേണം. ''പുതിയ സഭകൾക്ക് പഴയ സഭകളുടെ ശക്തി ആവശ്യമുണ്ട്. പഴയ സഭകൾക്ക് പുതിയ സഭയുടെ സാക്ഷ്യവും ആവേശവും ആവശ്യമുണ്ട്. അങ്ങനെ വൈയക്തികസഭകൾ ഇതരസഭകളുടെ സമ്പന്നത സ്വീകരിക്കട്ടെ''.[127]

പ്രാദേശികവൈദികരുടെ മാത്രമല്ല, പക്വതയാർന്നവരും ഉത്തരവാദിത്വമുള്ളവരുമായ അല്മായ വിശ്വാസികളുടെയും രൂപവത്കരണമായിരിക്കണം സഭകൾ സ്ഥാപിക്കുമ്പോൾ[128] അനുപേക്ഷണീയവും അനിഷേധ്യവുമായ ഘടകമായിരിക്കേണ്ടതെന്ന് പുതിയ സഭകൾ കണ്ടെത്തുന്നു. ഇപ്രകാരം സുവിശേഷവെളിച്ചം സ്വീകരിച്ച ആ സമൂഹംത

www.malankaralibrary.com



ന്നെ ലോകത്തിൽ പുതിയ മേച്ചിൽപ്പുറങ്ങൾ തേടിപ്പോകുന്നു. അങ്ങനെ ആ സമൂഹവും ക്രിസ്തുവിന്റെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കുകയും സുവിശേഷം പ്രഘോഷിക്കുക എന്ന ദൗത്യത്തോടു പ്രതികരിക്കുകയും ചെയ്യും.

അല്മായ വിശ്വാസികൾ ജീവിക്കുന്ന സാഹചര്യങ്ങളിൽ തങ്ങളുടെ മാതൃകയും പ്രവർത്തനങ്ങളുംവഴി വിവിധ മതാനുയായികളുമായി ഉണ്ടായിരിക്കേണ്ട ദൃഢബന്ധം വളർത്തിയെടുക്കാൻ അവർക്ക് കഴിയുമെന്ന് സിനഡു പിതാക്കൻമാർ ചൂണ്ടിക്കാണിക്കുന്നുണ്ട്: ''ലോകത്തെമ്പാടും വിവിധ മതങ്ങളുടെ ഇടയിലാണ് സഭ ഇന്നു ജീവിക്കുന്നത്. ഇതരമതസ്ഥരുടെയിടയിൽ വസിക്കുന്ന വിശ്വാസികൾ ഏവരും, പ്രത്യേകിച്ച് അല്മായ വിശ്വാസികൾ, സ്വന്തം പ്രദേശമായാലും കുടിയേറിപ്പാർത്ത പ്രദേശമായാലും കർത്താവിന്റെയും അവന്റെ സഭയുടെയും അടയാളമായി ഭവിക്കേണ്ടതാണ്. ഓരോ സ്ഥലത്തിന്റെയും യഥാർത്ഥ ജീവിതസാഹചര്യങ്ങൾക്ക് അനുരൂപമായ വിധത്തിലായിരിക്കണമിത്. മതങ്ങൾ തമ്മിലുള്ള സംവാദത്തിന് സുപ്രധാനമായ പങ്കുണ്ട്. കാരണം, അതു സ്നേഹത്തിലേക്കും പരസ്പര ബഹുമാനത്തിലേക്കും നയിക്കുന്നു. വിവിധ മതാനുയായികളുടെ ഇടയിലുള്ള മുൻവിധികൾ മാററിക്കളയുകയോ കുറഞ്ഞപക്ഷം കുറയ്ക്കുകയോ എങ്കിലും ചെയ്യുന്നു. ജനതകൾ തമ്മിലുള്ള ഐക്യവും സൗഹൃദവും അഭിവൃദ്ധിപ്പെടുത്തുന്നു''.[129]

ലോകത്തെ സുവിശേഷവത്കരിക്കാൻ ആദ്യമായി വേണ്ടത് *അതിനു മനസ്സുള്ള ആളുകൾ തന്നെയാണ്*. ദൈവവിളികളുടെ ഉദ്ഭവവും വളർച്ചയും പ്രോൽസാഹിപ്പിക്കേണ്ട ചുമതലയെപ്പററി ക്രൈസ്തവകുടുംബത്തിൽതുടങ്ങി ഓരോരുത്തരും അവബോധമുള്ളവരായിരിക്കണം. മിഷൻ പ്രവർത്തനത്തെ പ്രത്യേകലക്ഷ്യമാക്കിക്കൊണ്ടുള്ള വൈദിക സന്യാസ അല്മായ ദൈവവിളികൾ പ്രോത്സാഹിപ്പിക്കണം.

www.malankaralibrary.com



മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി ഉചിതമായ എല്ലാ ഉപാധികളും കൈക്കൊള്ളേണ്ടതാണ്. എന്നാൽ കർത്താവായ യേശുവിന്റെ വാക്കുകളനുസരിച്ച് പ്രാർത്ഥന എന്ന പ്രത്യേകാനുകൂല്യമായ ഉപാധി നാം കൈവെടിയരുത്. ''വിളവധികം; വേലക്കാരോ ചുരുക്കം. അതിനാൽ തന്റെ വിളഭൂമിയിലേക്ക് വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോടു പ്രാർത്ഥിക്കുവിൻ'' (മത്താ 9:37_38).

## സുവിശേഷ ജീവിതം: വ്യക്തിയേയും സമൂഹത്തെയും സേവിക്കുന്നത്

36. പരിശുദ്ധാത്മാവിന്റെ ശക്തിയിൽ സുവിശേഷം സ്വീകരിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നതിലൂടെ സഭ ഒരേസമയം ''സുവിശേഷവത്കരിക്കുന്നതും സുവിശേഷവത്കൃതവുമായ'' സമൂഹമായിത്തീരുന്നു. ഇക്കാരണത്താൽത്തന്നെ സഭ *എല്ലാവരുടെയും ശുശ്രൂഷകയായിരിക്കുന്നു.* അവളിലൂടെ വ്യക്തിക്കും സമൂഹത്തിനും സേവനം അനുഷ്ഠിക്കാനുള്ള ദൗത്യത്തിൽ അല്മായർ പങ്കുചേരുന്നു. സഭയുടെ പരമമായ ലക്ഷ്യം ദൈവരാജ്യമാണെന്നതിന് സംശയമില്ല. ''ഭൂമിയിൽ അതിന്റെ വിത്തും ആരംഭവും സഭയാണ്''.[130] അതിനാൽ പിതാവിന്റെ മഹത്വീകരണത്തിനുവേണ്ടി മുഴുവനായി സമർപ്പിക്കപ്പെട്ടവളാണവൾ. ദൈവരാജ്യമാകട്ടെ, എല്ലാ ജനങ്ങൾക്കും സമ്പൂർണ്ണരക്ഷയുടെയും സമ്പൂർണ്ണവിമോചനത്തിന്റെയും ഉറവിടമാണ്; ഇക്കാര്യം അനുസ്മരിച്ചുകൊണ്ട് ജനതയുടെ ചരിത്രവുമായി യഥാർത്ഥത്തിൽ സുദൃഢം ബന്ധപ്പെട്ട് സഭ ചരിക്കുകയും ജീവിക്കുകയും ചെയ്യുന്നു.

യേശുക്രിസ്തുവിൽ പ്രകാശിക്കുന്ന ദൈവരഹസ്യം ലോകത്തിനു പ്രകാശമാക്കിക്കൊടുക്കാനുള്ള ചുമതല ഏറ്റെടുത്തുകൊണ്ട് സഭ അതുപോലെ വ്യക്തികളിൽ പരസ്പരം അസ്തിത്വബോധം ഉളവാക്കുന്നു. ഓരോ വ്യക്തിയുടെയും അസ്തിത്വത്തിന്റെ അർത്ഥം സഭ അവന് അനുഭവ

www.malankaralibrary.com



വേദ്യമാക്കിക്കൊടുക്കുന്നു. അവനെപ്പററിയും അവൻെറ അന്ത്യഭാഗധേയത്തെപ്പററിയും ഉള്ള മുഴുവൻ സത്യവും സഭ തുറന്നുകാട്ടുന്നു.[131] ഇങ്ങനെ നോക്കുമ്പോഠം, സുവിശേഷവത്കരിക്കുക എന്ന സഭയുടെ ദൗത്യമനുസരിച്ച് അവഠം മനുഷ്യരാശിയെ മുഴുവൻ സേവിക്കാനായി വിളിക്കപ്പെട്ടിരിക്കുന്നു. അത്തരം സേവനം വേരൂന്നിയിരിക്കുന്നത് പ്രഥമമായി ''തൻെറ മനുഷ്യാവതാരത്തിൽ ദൈവസുതൻ ഒരുതരത്തിൽ എല്ലാ മനുഷ്യരോടും സ്വയം ഐക്യപ്പെടുത്തിയിരിക്കുന്നു''[132] എന്ന അസാധാരണവും അഗാധവുമായ ഒരു യാഥാർത്ഥ്യത്തിലാണ്.

ഇക്കാരണത്താൽ, ''തൻെറ ദൗത്യം നിറവേററാൻ സഭ ആദ്യമായി അവലംബിക്കേണ്ടത് വ്യക്തിയേയാണ്. സഭയുടെ *പ്രാഥമികവും അടിസ്ഥാനപരവുമായ പാതയാണ് വ്യക്തി*: ക്രിസ്തുതന്നെ വെട്ടിത്തുറന്ന പാത, മനുഷ്യാവതാരത്തിൻെറയും പരിത്രാണത്തിൻെറയും രഹസ്യത്തിലേക്ക് സുനിശ്ചിതമായി നയിക്കുന്ന പാത''.[133]

ഇതേ മനോവികാരങ്ങഠംതന്നെ രണ്ടാംവത്തിക്കാൻ സൂനഹദോസ് പ്രത്യേക സ്ഫുടതയോടും ശക്തിയോടുംകൂടി അതിൻെറ പ്രമാണരേഖകളിൽ ആവർത്തിച്ചു പ്രകടമാക്കി. 'സഭ ആധുനിക ലോകത്തിൽ' എന്ന പ്രമാണരേഖയുടെ ഒരു ഭാഗത്ത് പ്രത്യേകം പ്രബുദ്ധമായ രീതിയിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: ''തൻെറ പ്രത്യേക ലക്ഷ്യമായ മനുഷ്യരക്ഷ മുന്നിൽവച്ചുകൊണ്ട് സഭ, ദൈവികജീവൻ മനുഷ്യർക്കു പകർന്നുകൊടുക്കുകമാത്രമല്ല ചെയ്യുന്നത്, പ്രത്യുത ആ ദിവ്യജീവപ്രകാശം ഒരുവിധത്തിൽ ലോകം മുഴുവൻമേലും പ്രതിബിംബിപ്പിക്കുകകൂടി ചെയ്യുന്നുണ്ട്. മനുഷ്യൻെറ വ്യക്തിമാഹാത്മ്യത്തെ പവിത്രീകരിച്ചുയർത്തിയും മനുഷ്യജീവിതത്തിൻെറ സാമൂഹ്യവശത്തെ ശക്തിപ്പെടുത്തിയും മനുഷ്യൻെറ അനുദിനവ്യാപാരങ്ങഠംക്ക് ആഴമായ അർത്ഥവും പ്രാധാന്യവും നല്കി അവയെ പുഷ്ടിപ്പെടുത്തിയുമാണ് സഭ തൻെറ പ്രത്യേകമായ ഈ ധർമ്മം നിർവ്വഹിക്കു

www.malankaralibrary.com



ന്നത്. അപ്രകാരം തന്റെ അംഗങ്ങളായ ഓരോ കവ്യതിയിലൂടെയും തന്റെ സമൂഹം മുഴുവനിലൂടെയും മനുഷ്യ മഹാകുടുംബത്തെയും അതിന്റെ ചരിത്രത്തെയും കൂടുതൽ മാനുഷികമാക്കാനുതകുന്ന സംഭാവനകൾ നല്കാൻ തനിക്കു സാധിക്കുമെന്ന് സഭ വിശ്വസിക്കുന്നു''.[134]

മനുഷ്യകുടുംബത്തിന് സംഭാവന ചെയ്യാനുള്ള ഈ സംരംഭത്തിൽ—അത് സഭ മുഴുവന്റെയും ഉത്തരവാദിത്വമാണല്ലോ—അല്മായവിശ്വാസികൾക്ക് ഒരു പ്രത്യേക പങ്കുണ്ട്. അവർക്ക് അനുയോജ്യവും അവർക്കുമാത്രം കഴിയുന്നതുമായ വിധം ഭൗതികമായ വ്യവസ്ഥിതിയിൽ ക്രൈസ്തവചൈതന്യം പകർന്നുകൊടുക്കാൻ അവരുടെ ''ലൗകികമായ സ്വഭാവം'' അവരെ ചുമതലപ്പെടുത്തുന്നുണ്ട്.

## വ്യക്തിമാഹാത്മ്യത്തിന്റെ പരിപോഷണം

37. *ഓരോ മനുഷ്യവ്യക്തിയുടെയും അലംഘനീയമായ മാഹാത്മ്യം വീണ്ടും കണ്ടെത്തുകയും വീണ്ടും കണ്ടെത്താൻ മററുള്ളവരെ സഹായിക്കുകയും* ആണ് സഭയും സഭയിലെ അല്മായവിശ്വാസികളും മനുഷ്യസമൂഹത്തിനു നല്കേണ്ട സേവനം. സഭ നിർവഹിക്കുന്ന കേന്ദ്രീകൃതവും ഏകീകൃതവുമായ സേവനമാണിത്.

ഭൂമിയിലെ ജീവജാലങ്ങളിൽ *പുരുഷനോ സ്ത്രീയോ മാത്രമാണ് ഒരു ''വ്യക്തി''യായിട്ടുള്ളത്*; പ്രജ്ഞയും സ്വാതന്ത്ര്യവും ഉള്ള ജീവി. ഇക്കാരണത്താൽ ഭൂമിയിലുള്ള എല്ലാത്തിന്റെയും ''കേന്ദ്രവും പാരമ്യവും'' തീർച്ചയായും മനുഷ്യൻതന്നെ.[135]

ഒരു മനുഷ്യന്റെ *ഏററവും അമൂല്യമായ കൈമുതൽ* അവന്റെ വ്യക്തിപരമായ മാഹാത്മ്യമാണ്. തൽഫലമായി ഒരാളുടെ മൂല്യംതന്നെ മുഴുവൻഭൗതികലോകത്തെയും അതിശയിക്കുന്നു. ''ഒരുവൻ ലോകം മുഴുവൻ നേടിയാലും തന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ, അതുകൊണ്ട് അവന് എന്തു പ്രയോജനം?'' (മർക്കോ 8:36) എ

www.malankaralibrary.com



ന്ന യേശുവിൻെറ വാക്കുകൾ വ്യക്തിയെപ്പററി പ്രബുദ്ധവും ആവേശകരവുമായ ഒരു പ്രസ്താവമാണ്. ഒരു വ്യക്തിക്ക് എന്ത് ''ഉണ്ട്'' എന്നതിലല്ല അവൻെറ മൂല്യം അടങ്ങിയിരിക്കുന്നത്. പ്രത്യുത, ലോകം മുഴുവൻ സ്വന്തമായാൽപ്പോലും, അവൻ എന്ത് ''ആയിരിക്കുന്നു'' എന്നതിനെ ആശ്രയിച്ചാണിത്. ലോകത്തിലുള്ള വസ്തുക്കളെ മനുഷ്യൻെറ നൻമയോട് തുലനം ചെയ്യാനാവില്ല. ആ നൻമയാകട്ടെ ഓരോ മനുഷ്യവ്യക്തിയുമാണ്.

വ്യക്തിയുടെ ഉദ്ഭവവും ഭാഗധേയവും പരിഗണിക്കുമ്പോൾ അവൻെറ മഹനീയത അതിൻെറ മുഴുവൻ തേജസ്സിൽ പ്രകാശിതമാകുന്നു. ദൈവത്തിൻെറ സാദൃശ്യത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ടവനും, ക്രിസ്തുവിൻെറ അമൂല്യരക്തത്താൻ രക്ഷിക്കപ്പെട്ടവനുമായ മനുഷ്യൻ, ''ദൈവപുത്രനിൽ ശിശു''വും ദൈവാത്മാവിൻെറ സജീവാലയവും ആയിരിക്കാൻ വിളിക്കപ്പെട്ടവനാണ്. ദൈവവുമായുള്ള പരിശുദ്ധകൂട്ടായ്മയുടെ നിത്യമായ ജീവിതത്തിന് ഉദ്ദേശിക്കപ്പെട്ടവനുമാണ്. അക്കാരണത്താൽ മനുഷ്യജീവിയുടെ വ്യക്തിപരമായ മാഹാത്മ്യത്തിൻെറ ഓരോ ലംഘനവും പ്രതികാരത്തിനായി ദൈവത്തോടു മുറവിളികൂട്ടും. മാത്രമല്ല, വ്യക്തിയുടെ സ്രഷ്ടാവിനെതിരായ വ്യക്തിയുടെ ഒരു അതിക്രമമാണത്.

വ്യക്തിപരമായ മാഹാത്മ്യം നിമിത്തം മനുഷ്യജീവി വ്യക്തിയെന്ന നിലയിൽ എപ്പോഴും ഒരു മൂല്യമാണ്. അതിനാൽ ഒരു വ്യക്തിയെന്ന നിലയിൽ വേണം അവനോടു പെരുമാറാനും അവനെ പരിഗണിക്കാനും. നേരേമറിച്ച് ഒരു വസ്തുവോ ഉപാധിയോ സാധനമോ ആയി ഉപയോഗിക്കപ്പെടേണ്ടവനല്ല.

*എല്ലാ ജനതകളുടെയുമിടയിലുള്ള സമത്വത്തിൻെറ ആധാരം ഈ വ്യക്തിമാഹാത്മ്യമാണ്.* അതുകൊണ്ട്, എല്ലാത്തരം വിവേചനങ്ങളും തികച്ചും അസ്വീകാര്യമാണ്, പ്രത്യേകിച്ച് നിർഭാഗ്യവശാൽ മാനവകുടുംബ

www.malankaralibrary.com



ത്തെ തുടർന്നും വിഭജിക്കുകയും തരംതാഴ്ത്തുകയും ചെയ്യുന്നവയും, വർഗ്ഗത്തെയും സമ്പത്തിനെയും ആസ്പദമാക്കി ഉള്ളവമുതൽ സമൂഹത്തെയും സംസ്കാരത്തെയും ആധാരമാക്കിയുള്ളവയുംവരെ. രാഷ്ട്രീയം ഭൂമിശാസ്ത്രം മുതലായവയെ ആസ്പദമാക്കിയുള്ള വിവേചനങ്ങളും ഇതിൽ പെടുന്നു. ഓരോ വിവേചനവും ഒട്ടും പൊറുക്കാനാവാത്ത അനീതിയാണ്. സാമൂഹികമൽസരത്തിൽ അതുണ്ടാക്കുന്ന പിരിമുറുക്കങ്ങളും സംഘർഷങ്ങളും മുൻനിറുത്തി മാത്രമല്ല, വ്യക്തിയുടെ മാഹാത്മ്യത്തിൽ അതുളവാക്കുന്ന അപമാനത്താലുമാണിത്. അനീതിക്കു വിധേയനാകുന്ന ആളിന്റെ മഹനീയതയ്ക്ക് മാത്രമല്ല, അനീതി പ്രവർത്തിക്കുന്ന ആളിന്റെ മഹനീയതയ്ക്കും അത് കൂടുതൽ അപമാനകരമാണ്.

എല്ലാ ആളുകളുടെയും ഇടയിലുള്ള സമത്വത്തിന് വ്യക്തിപരമായ മാഹാത്മ്യം അടിസ്ഥാനം എന്നതുപോലെതന്നെ എല്ലാ ആളുകളുടെയും *ഇടയിലുള്ള പങ്കാളിത്തത്തിനും ഐക്യദാർഢ്യത്തിനും അത് അടിസ്ഥാനമാണ്.* അന്യോന്യമുള്ള സംവാദവും കൂട്ടായ്മയും ആത്യന്തികമായി വേരൂന്നിയിരിക്കുന്നത് ആളുകൾക്ക് എന്ത് ''ഉണ്ട്'' എന്നതിനെക്കാൾ അവർ എന്ത് ''ആകുന്നു'' എന്നതിലാണ്.

വ്യക്തിയുടെ മാഹാത്മ്യമാണ് *ഓരോ മനുഷ്യന്റെയും* നശിപ്പിക്കാനാവാത്ത സമ്പത്ത്. ഓരോ വ്യക്തിയുടെയും *അതുല്യതയും അനാവർത്തനക്ഷമതയുമാണ്* ഈ പ്രസ്താവത്തിന് ശക്തി നല്കുന്നത്. ഇതിൽനിന്ന് ഇങ്ങനെ അനുമാനിക്കാം. ആൾക്കൂട്ടം, സ്ഥാപനങ്ങൾ, സംവിധാനങ്ങൾ, വ്യവസ്ഥിതികൾ ഇവനിമിത്തം തികച്ചും അറിയപ്പെടാനാവാത്തവനായിത്തീരുന്ന വ്യക്തിയെ തകർക്കാനും ഇല്ലായ്മ ചെയ്യാനും ശ്രമിക്കുന്ന ഒന്നിനും വ്യക്തിയെ തരംതാഴ്ത്താനാവില്ല. വ്യക്തിയെന്ന നിലയിൽ ഒരുവൻ ഒരു നമ്പറോ ചങ്ങലയിലെ വെറുമൊരു കണ്ണിയോ, ഏതെങ്കിലും വ്യവസ്ഥിതിയിലെ വ്യക്തിത്വ

www.malankaralibrary.com



മില്ലാത്ത ഒരു ഘടകമോ മാത്രമല്ല, ഓരോ മനുഷ്യവ്യക്തിയുടെയും മൂല്യത്തിൻെറ ഏററവും സമഗ്രവും ഉൽകൃഷ്ടവും ആയ സ്ഥിരീകരണം സാധിച്ചത് ദൈവപുത്രൻ ഒരു സ്ത്രീയുടെ ഉദരത്തിൽ മനുഷ്യനായിത്തീർന്നതിലൂടെയാണ്. ഇക്കാര്യം ഓരോ ക്രിസ്മസും നമ്മെ നിരന്തരം അനുസ്മരിപ്പിക്കുന്നു.[136]

## ജീവിക്കാനുള്ള അലംഘനീയാവകാശം മാനിക്കുക

38. ഫലത്തിൽ ഓരോ മനുഷ്യൻെറയും വ്യക്തിപരമായ മാഹാത്മ്യം അംഗീകരിക്കുക എന്നുവച്ചാൽ, *മനുഷ്യവ്യക്തിയുടെ അവകാശങ്ങളെ ആദരിക്കുകയും പരിരക്ഷിക്കുകയും വളർത്തുകയും ചെയ്യുക* എന്നർത്ഥം. ജന്മസിദ്ധവും സാർവലൗകികവും അലംഘനീയവുമായ അവകാശങ്ങളുടെ പ്രശ്നമാണിത്. ഒരു വ്യക്തിക്കോ സമൂഹത്തിനോ അധികാരത്തിനോ രാഷ്ട്രത്തിനോ അവയെ മാററാൻ പാടുള്ളതല്ലല്ലോ. ഇല്ലായ്മ ചെയ്യുന്ന കാര്യം പറയുകയേ വേണ്ടാ. കാരണം അത്തരം അവകാശങ്ങളുടെ ഉറവിടം ദൈവംതന്നെയാണ്.

ദൈവത്തിൻെറ പരമമായ അലംഘനീയതയുടെ പ്രതിഫലനമായ വ്യക്തിയുടെ അലംഘനീയത പ്രഥമവും അടിസ്ഥാനപരവുമായി വെളിപ്പെടുന്നത് *മനുഷ്യജീവൻെറ അലംഘനീയതയിലാണ്. ജീവനു വേണ്ടിയുള്ള അവകാശം* ഏററവും അടിസ്ഥാനപരവും മൗലികവും മററെല്ലാ അവകാശങ്ങളുടെയും വ്യവസ്ഥയുമാണ്. ഈ അവകാശം അങ്ങേയററം നിശ്ചയദാർഢ്യത്തോടെ പരിരക്ഷിക്കപ്പെടുന്നില്ലെങ്കിൽ മനുഷ്യാവകാശങ്ങൾക്ക് (ഉദാഹരണത്തിന് ആരോഗ്യം, പാർപ്പിടം, തൊഴിൽ, കുടുംബം, സംസ്കാരം എന്നിവ) വേണ്ടിയുള്ള ന്യായമായ പൊതുമുറവിളി അർത്ഥശൂന്യവും മിഥ്യയുമായി കലാശിക്കുന്നു.

www.malankaralibrary.com



വ്യക്തികളും അധികാരികളും ജീവനുവേണ്ടിയുള്ള മനുഷ്യാവകാശത്തെ പല പ്രകാരത്തിൽ ധ്വംസിച്ചപ്പോഴും സഭ തന്റെ വീക്ഷണത്തിൽ ഒരിക്കലും വിട്ടുവീഴ്ച കാണിച്ചിട്ടില്ല. മനുഷ്യജീവൻ ഉളവാകുന്നതുമുതൽ സ്വാഭാവിക മരണംവരെ *വളർച്ചയുടെ ഓരോ ഘട്ടത്തിലും* മനുഷ്യന്റെ അത്തരം അവകാശങ്ങൾ പരിരക്ഷിക്കപ്പെടേണ്ടതുതന്നെയാണ്. ആരോഗ്യത്തിലും അനാരോഗ്യത്തിലും, ശാരീരിക അംഗവൈകല്യത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും ഇതിനു മാററമില്ലതന്നെ. രണ്ടാം വത്തിക്കാൻ സൂനഹദോസ് ഇക്കാര്യംതന്നെ പ്രഖ്യാപിക്കുന്നു ''മനുഷ്യജീവിതത്തിനു തുരങ്കംവയ്ക്കുന്ന എന്തും നിന്ദ്യമായി പരിഗണിക്കപ്പെടണം. ഏതുതരത്തിലുള്ള കൊലപാതകവും വർഗ്ഗവിച്ഛേദം, ഗർഭച്ഛിദ്രം, കാരുണ്യവധം, മനഃപൂർവ്വമായ ആത്മഹത്യ എന്നിവയും ഇക്കൂട്ടത്തിൽ പെടുന്നു. മനുഷ്യവ്യക്തിത്വത്തിന്റെ പൂർണ്ണതയെ നിഹനിക്കുന്ന അംഗവിച്ഛേദം, ശരീരത്തിലോ മനസ്സിലോ ഏല്പിക്കുന്ന ദാരുണമായ വേദനകൾ, മനസ്സിനെ അടിച്ചമർത്താനുള്ള ശ്രമങ്ങൾ തുടങ്ങിയവയും ഇതിൽപ്പെട്ടതാണ്. മനുഷ്യ മാഹാത്മ്യത്തെ മുറിപ്പെടുത്തുന്ന തെററുകൾ വേറെയുമുണ്ട്. മനുഷ്യോചിതമല്ലാത്ത ജീവിതസാഹചര്യങ്ങൾ, അന്യായമായ ജയിൽശിക്ഷകൾ, നാടുകടത്തൽ, അടിമത്തം, വേശ്യാവൃത്തി, സ്ത്രീകളെയും കുഞ്ഞുങ്ങളെയും വിൽക്കൽ തുടങ്ങിയവയാണ് അവ. മനുഷ്യരെ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും ഉള്ള വ്യക്തികളായി പരിഗണിക്കാതെ ലാഭത്തിനുവേണ്ടിയുള്ള വെറും ഉപകരണങ്ങളായിക്കരുതി മനുഷ്യോചിതമല്ലാത്ത തൊഴിൽസാഹചര്യങ്ങളിലേക്ക് വലിച്ചെറിയുന്നതും ഇങ്ങനെയുള്ള മററു കാര്യങ്ങളും തീർച്ചയായും കുററകരമാണ്. മനുഷ്യസമൂഹത്തെ വിഷലിപ്തമാക്കുന്ന ഈ തിൻമകൾ അവ സഹിക്കുന്നവർക്ക് എന്നതിനെക്കാൾ അവയുടെ കർത്താക്കൾക്കാണ് കൂടുതൽ വിനാശകരം. കൂടാതെ, അവ സ്രഷ്ടാവിനോടു കാണിക്കുന്ന പരമനിന്ദയുമാണ്''. [137]

www.malankaralibrary.com



ഓരോ മനുഷ്യജീവിയുടെയും വ്യക്തിമാഹാത്മ്യ, അംഗീകരിക്കുവാനും ജീവനുവേണ്ടിയുള്ള അവകാശം സംരക്ഷിക്കുവാനും എല്ലാവർക്കും ദൗത്യവും ചുമതലയും തീർച്ചയായും ഉണ്ടെങ്കിലും ചില അല്മായവിശ്വാസികൾക്ക് ഇക്കാര്യത്തിൽ പ്രത്യേകചുമതലയുണ്ട്: ഉദാഹരണമായി, *മാതാപിതാക്കൻമാർ, അധ്യാപകർ, ആരോഗ്യപ്രവർത്തകർ, സാമ്പത്തിക രാഷ്ട്രീയശക്തികളുടെ കടിഞ്ഞാൺ പേറുന്നവർ* മുതലായവർ.

സ്നേഹത്തോടും ഉദാരതയോടുംകൂടി എല്ലാ മനുഷ്യരെയും പ്രത്യേകിച്ച് ദുർബലരും രോഗികളുമായവരെ കൈക്കൊള്ളുന്ന കാര്യത്തിൽ സഭ ഇന്ന് തന്റെ മൗലികമായ ദൗത്യം നിറവേററുന്നു. ഒരു തരം മൃത്യുസംസ്കാരം (culture of death) ലോകത്തെ കീഴടക്കാൻ വെമ്പുന്ന ഇക്കാലത്ത് ഈ ദൗത്യം കൂടുതൽ ആവശ്യകമായിത്തീർന്നിരിക്കുന്നു. വാസ്തവത്തിൽ ''ദൗർബല്യത്തിലും സഹനത്തിലുംപോലും മനുഷ്യജീവൻ, ദൈവികനൻമയുടെ വിസ്മയകരമായ ദാനമാണെന്ന് സഭാകുടുംബം വിശ്വസിക്കുന്നു. ലോകത്തിനുമേൽ നിഴൽവീശുന്ന അശുഭവിശ്വാസത്തിനും സ്വാർത്ഥതയ്ക്കും എതിരേ സഭ ജീവനുവേണ്ടി നിലകൊള്ളുന്നു. ഓരോ മനുഷ്യജീവനിലും ക്രിസ്തുതന്നെയായ (cf. 2 കോറി 1:19; വെളി 3:14) 'അതെ'യുടെ 'ആമേൻ' എന്ന പ്രത്യുത്തരത്തിന്റെ തേജസ്സ് സഭ കാണുന്നു. ലോകത്തെ അസഹ്യപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്യുന്ന 'അല്ല' എന്ന നിഷേധത്തിന് സഭ സജീവമായ 'അതെ' എന്ന മറുപടി നല്കുന്നു. അങ്ങനെ ജീവനെതിരേ ഗൂഢാലോചന നടത്തുന്നവരിൽനിന്നു മനുഷ്യവ്യക്തിയേയും ലോകത്തെയും പരിരക്ഷിക്കുന്നു''.[138] അല്മായവിശ്വാസികളുടെ വിളിയും ജീവിതവൃത്തിയും ജീവനെ കൈക്കൊള്ളാൻ അവരെ പ്രത്യക്ഷമായി ചുമതലപ്പെടുത്തുന്നു. തൻമൂലം മനുഷ്യജീവനോടുള്ള സഭയുടെ ''അതെ'' എന്ന ഈ നിലപാടിനെ സമൂർത്തവും ഫലപ്രദവുമാക്കേണ്ടത് അല്മായ വിശ്വാസികളുടെ ഉത്തരവാദിത്വമാണ്.

www.malankaralibrary.com



ജീവശാസ്ത്രത്തിൻെറയും വൈദ്യശാസ്ത്രത്തിൻെറയും ബൃഹത്തായ വളർച്ച സാങ്കേതികവിദ്യയുടെ അദ്ഭുതകരമായ ശക്തിയോടു ചേർന്ന് മനുഷ്യജീവൻെറ അതിർവരമ്പുകളിൽതന്നെ ഇന്ന് പുതിയ ഉത്തരവാദിത്വങ്ങളോടുകൂടിയ സാധ്യതകൾ അവതരിപ്പിക്കുന്നു. വാസ്തവത്തിൽ മനുഷ്യജീവൻെറമേൽ, അതിൻെറ ആരംഭത്തിലും വളർച്ചയുടെ ആദ്യഘട്ടങ്ങളിലും, ''നിരീക്ഷണ''ത്തിനു മാത്രമല്ല, ''നിയന്ത്രണത്തിനും'' മനുഷ്യവംശം ഇന്ന് കഴിവുററതാണ്.

ജനനത്തെയും മനുഷ്യജീവൻെറ വളർച്ചയുടെ ആദ്യഘട്ടങ്ങളെയും നിയന്ത്രിക്കുന്ന പ്രക്രിയയുടെമേൽ കുതിച്ചുമുന്നേറുന്ന സാങ്കേതികവിദ്യയുടെ ആധിപത്യം വ്യാപകവും ആഴമേറിയതുമായിത്തീരുകയാണ്. ഈ മുന്നേററത്തിനു മുൻപിൽ അതിനെതിരേ മുഖംതിരിക്കാനോ കണ്ടില്ലെന്നു നടിക്കാനോ മനുഷ്യരാശിയുടെ ധാർമ്മിക മനസ്സാക്ഷിക്കു കഴിയുകയില്ല. ചരിത്രത്തിലോ ഈ മണ്ഡലത്തിലോ അഭൂതപൂർവമാംവിധം *മോചനത്തിനുള്ള ഒരേയൊരു ഉറച്ച അടിസ്ഥാനം വിജ്ഞാനം ആണെന്ന്* ഇക്കാലത്ത് വ്യക്തമാകുന്നുണ്ടല്ലോ. ശാസ്ത്രീയ ഗവേഷണത്തിലും അതിൻെറ വിനിയോഗത്തിലും വ്യാപൃതരായിരിക്കുന്നവർ എപ്പോഴും ബുദ്ധിയോടും സ്നേഹത്തോടും കൂടി പ്രവർത്തിക്കേണ്ടിയിരിക്കുന്നു; അതായത്, ജീവൻെറ ആദ്യനിമിഷംമുതൽ ഓരോ മനുഷ്യജീവിയുടെയും അലംഘനീയമായ വ്യക്തിത്വമഹനീയതയെ ആദരിക്കുകയും പൂജിക്കുകപോലും ചെയ്യേണ്ടതാണ്. ശാസ്ത്രവും സാങ്കേതികവിദ്യയും അനുവദനീയമായ മാർഗ്ഗത്തിലൂടെ ജീവൻ പരിരക്ഷിക്കുകയും ആരംഭത്തിൽത്തന്നെ അസുഖം ഭേദമാക്കുകയും ചെയ്യുമ്പോഴേ ഇതു സാധ്യമാകൂ. മറിച്ച് ഗവേഷണത്തിൻെറ ഔന്നത്യത്തിനുവേണ്ടിയാണെങ്കിൽപ്പോലും വ്യക്തിയുടെ ജനിതകപൈതൃകത്തെയോ (genetic patrimony) ഉദ്പാദനശക്തിയേയോ

www.malankaralibrary.com



നിരർത്ഥകമാക്കുന്ന ശസ്ത്രക്രിയകൾക്ക് സന്നദ്ധമായി കൂടാ.[139]

ശാസ്ത്രത്തിൻെറയും അതുപോലെ വൈദ്യശാസ്ത്രത്തിൻെറയും സമൂഹത്തിൻെറയും നിയമനിർമ്മാണത്തിൻെറയും സാമ്പത്തികരംഗങ്ങളുടെയും വിവിധതലങ്ങളിലും വിവിധ കഴിവുകളിലും ഉത്തരവാദിത്വമുള്ള അല്മായവിശ്വാസികൾ ജൈവസാന്മാർഗ്ഗികത (bioethics)യുടെ *പുതിയ പ്രശ്നങ്ങൾ ഉയർത്തുന്ന ''വെല്ലുവിളി'' സധൈര്യം ഏറെറടുക്കുകതന്നെ വേണം.* സിനഡു പിതാക്കന്മാർ ഇങ്ങനെ പറയുന്നു. ''ശാസ്ത്രത്തിൻെറയും സാങ്കേതികവിദ്യയുടെയും യജമാനന്മാർ എന്ന നിലയിലാണ് ക്രൈസ്തവർ തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടത്, മറിച്ച് അവയുടെ അടിമകളായിത്തീരരുത്. മനുഷ്യൻെറ മൗലികാവകാശങ്ങളെ മാത്രമല്ല, ജൈവികസത്തയെത്തന്നെ അപകടപ്പെടുത്തുന്ന ബൃഹത്തായ നവീനസാങ്കേതികശക്തി ധാർമ്മികവെല്ലുവിളികൾ ഉയർത്തുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ സാർവത്രികസഭയുടെ സഹായത്തോടെ അല്മായക്രൈസ്തവർ ആധികാരികമനുഷ്യത്വത്തിൻെറ തത്ത്വങ്ങളിലേക്ക് സംസ്കാരത്തെ തിരിച്ചുകൊണ്ടുവരാനുള്ള യജ്ഞം ഏറെറടുക്കണം. ഇത് സർവപ്രധാനമാണ്. അതോടൊപ്പം സാരാംശത്തിൽത്തന്നെ മനുഷ്യജീവിയുടെ അവകാശങ്ങളുടെ പരിരക്ഷയ്ക്കും അഭിവൃദ്ധിക്കും ഊർജ്ജസ്വലവും സുനിശ്ചിതവുമായ അടിസ്ഥാനം നല്കുകയും വേണം. മേല്പറഞ്ഞ സാരാംശംതന്നെയാണ് സുവിശേഷപ്രഘോഷണം ഏവർക്കും വെളിവാക്കിത്തരുന്നതും.[140]

അധികാരത്തിൻെറയും സാങ്കേതികവിദ്യയുടെയും കേന്ദ്രീകരണം എന്ന പ്രതിഭാസത്തിൻെറ മധ്യേ ഓരോരുത്തരും അങ്ങേയററം ജാഗരൂകരാകേണ്ടതാണ്. വാസ്തവത്തിൽ അത്തരം കേന്ദ്രീകരണത്തിന് ജീവശാസ്ത്രപരമായ സത്തയെ മാത്രമല്ല, മനുഷ്യമനസ്സാക്ഷികളുടെ അന്തസ്സത്തയേയും

www.malankaralibrary.com



ജീവിതശൈലികളെയും സ്വേച്ഛാനുസൃതം കൈകാര്യം ചെയ്യുന്നതിനുള്ള പ്രവണതയുണ്ട്. അങ്ങനെ എല്ലാ ജനതകളുടെയും അവസ്ഥ വിവേചനവും അകററിനിർത്തലും കൊണ്ട് വഷളാക്കിത്തീർക്കുകയും ചെയ്യുന്നു.

## കർത്താവിൻെറ നാമം വിളിച്ചപേക്ഷിക്കാനുള്ള സ്വാതന്ത്ര്യം

മനുഷ്യാവകാശങ്ങളുടെ പരിരക്ഷണവും പോഷണവും ഉൾക്കൊള്ളുന്ന വ്യക്തിമാഹാത്മ്യത്തോടുള്ള ആദരവ്, വ്യക്തിയുടെ മതാത്മകസ്വഭാവത്തെ അംഗീകരിക്കാനുള്ള ആവശ്യകത സൂചിപ്പിക്കുന്നു. ''വിശ്വാസസംബന്ധമായ കാര്യങ്ങളുടെ'' വെറുമൊരുആവശ്യകത മാത്രമല്ലിത്. മനുഷ്യവ്യക്തിയുടെ അസ്തിത്വത്തോട്അനിവാര്യമാം വിധം ബന്ധപ്പെട്ടിരിക്കുന്ന ആവശ്യകതയാണിത്. വാസ്തവത്തിൽ, വ്യക്തിക്കു ദൈവത്തോടുള്ള ബന്ധം വ്യക്തിയുടെ ''അസ്തിത്വ''ത്തിൻെറയും ''സത്ത''യുടെയും നിർണ്ണായക ഘടകമാണ്. ദൈവത്തിലാണു നാം, ''ജീവിക്കുന്നതും ചരിക്കുന്നതും നിലനില്ക്കുന്നതും'' (അപ്പ 17:28). ഈ സത്യം എല്ലാവരും അംഗീകരിക്കുന്നില്ലെങ്കിലും ഇതിൽ ബോധ്യമുള്ള വളരെപ്പേർ അവരുടെ വിശ്വാസത്തെപ്രതിയും ആ വിശ്വാസത്തിൽനിന്നു നിർഗ്ഗളിക്കുന്ന വ്യക്തിപരവും സമഷ്ടിപരവുമായ ജീവിതതിരഞ്ഞെടുപ്പിനെപ്രതിയും ആദരവർഹിക്കുന്നുണ്ട്.ഇതാണ് *മനസ്സാക്ഷിസ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും*. ഇതിൻെറ ഫലവത്തായ അംഗീകാരം, വ്യക്തിയുടെയും സമൂഹത്തിൻെറയും നൻമ ഉറപ്പാക്കാൻ ആഗ്രഹിക്കുന്ന ഓരോ ജനതയുടെയും ഉന്നതനൻമകളിലൊന്നും ഗൗരവതരമായ കടമകളിലൊന്നുമാണ്. മതസ്വാതന്ത്ര്യം ഓരോ വ്യക്തിയുടെയും മാഹാത്മ്യത്തിൻെറ അനിവാര്യ വ്യവസ്ഥയാണ്. ഇത് മനുഷ്യാവകാശങ്ങളുടെ സംവിധാനത്തിൻെറ മൂലക്കല്ലാണ്; ഇക്കാരണത്താൽ, വ്യക്തികളുടെയും മുഴുവൻ സമൂഹത്തിൻെറയും ഇതുപോലെതന്നെ, വ്യക്തിയുടെ വൈയക്തിക സാക്ഷാൽക്കാരത്തിൻെറയും നൻമയുടെ മാററംചെയ്യാനാവാത്ത ഘടകമായിരിക്കുന്നു.

www.malankaralibrary.com



സ്വന്തം മതം പ്രഖ്യാപിക്കാനും അനുവർത്തിക്കാനുമുള്ള വ്യക്തിയുടെയും സമൂഹങ്ങളുടെയും സ്വാതന്ത്ര്യം സമാധാനപരമായ മനുഷ്യസഹവർത്തിത്വത്തിന്റെ അനുപേക്ഷണീയമായ ഘടകമാണ്... ആദ്ധ്യാത്മിക മേഖലയോട് അവഗാഢം ബന്ധപ്പെട്ടിരിക്കുന്നിടത്തോളം മതസ്വാതന്ത്ര്യത്തിനായുള്ള പൗരാവകാശവും സാമൂഹികാവകാശവും മററു മൗലികാവകാശങ്ങളുടെ ഉരകല്ലാണ്; ഒരുവിധത്തിൽ അവയുടെ അളവുകോലുതന്നെയും''. [141]

ഈ അവകാശം ലഭിക്കാത്തവരും തങ്ങളുടെ വിശ്വാസപ്രഖ്യാപനംമൂലം ബുദ്ധിമുട്ടുകളും പീഡനങ്ങളും മാററിനിർത്തലുകളും ദുരിതങ്ങളും പലപ്പോഴും മരണംതന്നെയും അനുഭവിക്കേണ്ടിവന്നവരുമായ അനേകം സഹോദരീസഹോദരൻമാരെ സിനഡു മറന്നില്ല. അവരിൽ ഭൂരിപക്ഷവും ക്രൈസ്തവ അല്മായവിശ്വാസികളായ സഹോദരരാണ്. സുവിശേഷ പ്രഘോഷണവും സഹനത്തിന്റെയും രക്തസാക്ഷിത്വത്തിന്റെയും ജീവിതത്തിലൂടെ നല്കുന്ന ക്രൈസ്തവ സാക്ഷ്യവുമാണ് ക്രിസ്തുശിഷ്യൻമാരുടെ പ്രേഷിത ജീവിതത്തെ തികവുററതാക്കുന്നത്. സ്വന്തം ജീവൻ ബലികഴിച്ചും കർത്താവായ യേശുവിനെ സ്നേഹിക്കുന്നതാണല്ലോ, സഭയെ കെട്ടിപ്പടുക്കുന്നതിൽ അനിതരസാധാരണമായ ഫലദായകത്വത്തിന്റെ ഉറവിടം. അങ്ങനെ വി. ആഗസ്തിനോസ് പറയുംപോലെ രഹസ്യാത്മകമായ മുന്തിരിച്ചെടി വിശ്വാസത്തിലുള്ള അതിന്റെ ആത്മാർത്ഥതയ്ക്ക് സാക്ഷ്യം നല്കുന്നു: ''പക്ഷേ, ആ മുന്തിരിച്ചെടി, അനേകം പ്രവാചകരും കർത്താവുതന്നെയും മുൻകൂട്ടിപ്പറയുന്നതുപോലെ, ഫലസമ്പൂർണ്ണമായ ശാഖകൾ ലോകത്തിൽ പടർത്തുന്നു. രക്തസാക്ഷികളുടെ രക്തംകൊണ്ട് സേചനം നടത്തുന്നതിനനുസൃതം അതു കൂടുതൽ ഫലമണിയുന്നു''. [142]

ഈ മാതൃകയേയും ദാനത്തെയും പ്രതി മുഴുവൻസഭയും അഗാധമായ കൃതജ്ഞതയുള്ളവളാണ്. വിശുദ്ധവും പ്രേഷിതാത്മകവുമായ ഒരു ജീവിതാന്വേഷണത്തിന്റെ നവീകരണത്തിന് ഈ സഭാമക്കൾ കാരണഭൂതരാകുന്നു. ''സ്വാത

www.malankaralibrary.com



ന്ത്ര്യം പരിമിതമായിരുന്നിട്ടും ശ്ലൈഹിക സിംഹാസന ത്തോട് വിശ്വസ്തമായി ഐക്യപ്പെട്ട്, പുരോഹിത ശുശ്രൂ ഷകരുടെ അഭാവത്തിൽപ്പോലും വിശ്വാസത്തിന് അക്ഷീ ണം സാക്ഷ്യം വഹിച്ച അല്മായർക്ക് നന്ദി പറയേണ്ടത് തങ്ങളുടെ പ്രത്യേക കടമയാണെന്ന് സിനഡുപിതാക്കൻമാർ കരുതി. ഈ അല്മായർ സർവവും, ജീവൻപോലും പണ യംവയ്ക്കാൻ സന്നദ്ധരാണ്. ഇപ്രകാരം അല്മായവിശ്വാ സികരം അനുപേക്ഷണീയ സമ്പന്നതയ്ക്ക് സാക്ഷ്യം വ ഹിക്കുന്നു: ദൈവത്തിന്റെ സഭ ദൈവകൃപയിൽനിന്നു ജനിക്കുന്നു. ഇത് ഏററവും ശ്രേഷ്ഠമായി പ്രകടിപ്പിക്കുന്ന ത് രക്തസാക്ഷിത്വത്തിലൂടെയാണ്''. [143]

വ്യക്തിമാഹാത്മ്യത്തെ മാനിക്കുന്നതിനെയും മനു ഷ്യാവകാശങ്ങരം അംഗീകരിക്കുന്നതിനെയുംകുറിച്ച് ഇതുവ രെ പറഞ്ഞതെല്ലാം ഓരോ ക്രൈസ്തവനെയും ഓരോ വ്യ ക്തിയേയും സംബന്ധിക്കുന്ന ചുമതലയാണ്. അത്തരമൊ രു പ്രശ്നത്തിന് ഇന്ന് ഒരു *വിശ്വവ്യാപ്തിയുണ്ടെന്നുള്ള ത്* നാം ഉടനടി അംഗീകരിക്കണം. വാസ്തവത്തിൽ തങ്ങളുടെ അടിസ്ഥാനാവകാശങ്ങരം ക്രൂരമാംവിധം നിഷേധിക്കപ്പെ ടുന്ന എല്ലാ ഗ്രൂപ്പുകളെയും എല്ലാ ജനതകളെയും ഇന്നു ബാ ധിക്കുന്ന പ്രശ്നമാണിത്. വിവിധ ''ലോകങ്ങളിൽ'' നില നില്ക്കുന്ന അസമമായ വികസനത്തെ അടുത്ത കാലത്ത് പ്രസിദ്ധീകരിച്ച *സാമൂഹിക ഔത്സുക്യം* എന്ന ചാക്രി ക ലേഖനത്തിൽ പ്രത്യേകമായിത്തന്നെ തള്ളിപ്പറഞ്ഞിട്ടുണ്ട്.

വ്യക്തിപരമായ ധാർമ്മികതയ്ക്കതീതമാണ് മനുഷ്യ വ്യക്തിയോടുള്ള ആദരവ്. ഇത് സമൂഹത്തിന്റെ സംവി ധാനത്തിന്റെതന്നെ അവശ്യഘടകമായ അടിസ്ഥാന മാന ദണ്ഡമാണ്. കാരണം, സമൂഹം മുഴുവൻതന്നെയും ലക്ഷ്യം വയ്ക്കുന്നത് മനുഷ്യവ്യക്തിയിലേക്കാണല്ലോ.

*വ്യക്തിക്കു സേവനം ചെയ്യുക* എന്ന ഉത്തരവാദിത്വ ത്തോടു ദൃഢബന്ധമുള്ളതാണ് സമൂഹത്തിന് സേവനം ചെയ്യുക എന്ന ഉത്തരവാദിത്വം. എന്തെന്നാൽ ഭൗതിക വ്യവ സ്ഥിതിയെ ക്രിസ്തീയമായി ചൈതന്യവത്താക്കുക എന്ന

www.malankaralibrary.com



പൊതുദൗത്യത്തിലേക്ക് വിളിക്കപ്പെട്ടിരിക്കുന്നു എന്നുള്ളത് അല്മായ വിശ്വാസികൾക്കുള്ള ഉചിതവും പ്രത്യേകവുമായ ദൗത്യമാണ്.

## കുടുംബം: സമൂഹത്തോടുള്ള കടമ ആരംഭിക്കുന്നിടം

40. മനുഷ്യവ്യക്തിക്ക് ജന്മനാതന്നെ ഒരു സാമൂഹികമാനമുണ്ട്. അത് അവനെ അവന്റെ ഉള്ളിന്റെ ഉള്ളിൽനിന്ന് മറ്റുള്ളവരോടുള്ള *കൂട്ടായ്മയിലേക്കും* മറ്റുള്ളവർക്കായുള്ള *ആത്മദാനത്തിലേക്കും* വിളിക്കുന്നു. ''പൈതൃകവാത്സല്യത്തോടെ ഓരോ മനുഷ്യനെയും പരിപാലിക്കുന്ന ദൈവത്തിന്റെ തിരുവിഷ്ടം മനുഷ്യരെല്ലാവരും ഒരേകുടുംബാംഗങ്ങളെപ്പോലെ സാഹോദര്യത്തിന്റെ ചൈതന്യത്തിൽ വർത്തിക്കണമെന്നതാണ്''.[144] അങ്ങനെ വ്യക്തിയുടെ *സാമൂഹികസ്വഭാവത്തിന്റെ* അടയാളവും ഫലവും എന്നവിധം *സമൂഹം* അതിന്റെ മുഴുവൻ സത്യവും *വ്യക്തികളുടെ സമൂഹം* ആയി വെളിപ്പെടുത്തുന്നു.

ഇതിന്റെ ഫലമോ, വ്യക്തിയും സമൂഹവും തമ്മിലുള്ള പരസ്പരാശ്രയത്വവും പരസ്പര വിനിമയവും. വ്യക്തിക്ക് അനുകൂലമായി അനുഷ്ഠിക്കപ്പെടുന്നതൊക്കെ സമൂഹത്തിനുവേണ്ടി അനുഷ്ഠിക്കപ്പെടുന്നതെന്തും വ്യക്തിയുടെ ഗുണത്തിനുകൂടി ഉതകും എന്നതാണ്. ഇക്കാരണത്താൽ, ഭൗതിക സംവിധാനത്തിലുള്ള പ്രേഷിതത്വത്തിൽ അല്മായരുടെ കടമ വീക്ഷിക്കപ്പെടേണ്ടത് വ്യക്തിയുടെ അതുല്യതയും അനാവർത്തനക്ഷമതയും ആസ്പദമാക്കിയുള്ള വ്യക്തി സേവനത്തിന്റെ പൊരുളിനെയും അതുപോലെതന്നെ അതിൽനിന്നു വേർതിരിക്കാനാവാത്ത പൊതുജനസേവനത്തിന്റെ പൊരുളിനെയും ആശ്രയിച്ചാണ്.

വ്യക്തിയുടെ സാമൂഹികമാനത്തിന്റെ പ്രഥമവും അടിസ്ഥാനപരവുമായ പ്രകാശനമാണ്, *വിവാഹിതരായ ദമ്പതികളും കുടുംബവും*. ''എന്നാൽ ഏകാകിയായിട്ടല്ല,

www.malankaralibrary.com



ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ആദിയിൽ ''സ്ത്രീയും പുരുഷനുമായി അവിടുന്ന് അവരെ സൃഷ്ടിച്ചു '' (ഉൽപ 1:27). പുരുഷൻെറയും സ്ത്രീയുടെയും പങ്കാളിത്തം വ്യക്തികൾ തമ്മിലുള്ള കൂട്ടായ്മക്ക് പ്രാഥമികരൂപം നല്കുന്നു''. 145 വിവാഹിതരായ ദമ്പതികൾക്ക് സമഗ്രമായ മഹനീയതയും കുടുംബത്തിന് കെട്ടുറപ്പും പുനസ്ഥാപിക്കുന്നതിൽ യേശു ഉൽസുകനാണ് (മത്താ 19:3_9). ക്രിസ്തുവിൻെറയും സഭയുടെയും രഹസ്യവും വിവാഹവും തമ്മിലുള്ള ഗാഢമായ ബന്ധം വി. പൗലോസ് ചൂണ്ടിക്കാണിക്കുന്നു (cf. എഫേ 5:22_6:4; കൊളോ 3:18_21; 1 പത്രോ 3:1__7).

*അല്മായവിശ്വാസികൾക്കു സമൂഹത്തോടുള്ള കടമ ആരംഭിക്കുന്നത് പ്രധാനമായും* വിവാഹത്തിലും കുടുംബത്തിലുമാണ്. സമൂഹത്തിൻെറയും സഭയുടെതന്നെയും വികസനത്തിൽ കുടുംബത്തിനുള്ള അനുപമവും അനാവർത്തനക്ഷമവുമായ മൂല്യത്തെപ്പററി ബോദ്ധ്യമുണ്ടെങ്കിലേ ആ കടമ വേണ്ടവിധം നിറവേററാൻ സാധിക്കുകയുള്ളു.

സമൂഹത്തിൻെറ അടിസ്ഥാനകോശമാണ് കുടുംബം. ഇത് ജീവിതത്തിൻെറയും സ്നേഹത്തിൻെറയും പിള്ളത്തൊട്ടിലാണ്; വ്യക്തി ''ജനിക്കുകയും'' ''വളരുകയും'' ചെയ്യുന്നിടം. അതുകൊണ്ട് കുടുംബം എന്ന ഈ സമൂഹത്തോട് പ്രഥമമായൊരു താത്പര്യം വേണ്ടതാണ്. പ്രത്യേകിച്ചും മനുഷ്യൻെറ അഹന്ത, ജനനവിരുദ്ധയജ്ഞം, സ്വേച്ഛാധിപത്യരാഷ്ട്രീയം, ദാരിദ്ര്യം, ഭൗതികവും സാംസ്കാരികവും ധാർമ്മികവുമായ ക്ലേശം എന്നിവയുടെ സാഹചര്യങ്ങൾ ജീവൻെറ ഉറവകൾതന്നെ വററിക്കുമെന്ന ഭീഷണി ഉയർത്തുന്ന കാലങ്ങളിൽ ഈ താത്പര്യം അത്യന്താപേക്ഷിതമാണ്. പ്രത്യയശാസ്ത്രങ്ങളും വിവിധ വ്യവസ്ഥിതികളും പലതരത്തിലുള്ള ഉദാസീനതയോടും നിസ്സംഗതയോടും കൂടി കുടുംബത്തിൻെറ ചുമതലയിൽപ്പെട്ട വിദ്യാഭ്യാസം കൈയടക്കാൻ ശ്രമിക്കുന്നതുകൊണ്ടു പ്രത്യേകിച്ചും.

www.malankaralibrary.com



ഇതിന്റെയെല്ലാം മദ്ധ്യേ, വിപുലവും വിശാലവും ചിട്ടയുള്ളതുമായ പ്രയത്നം അനുപേക്ഷണീയമായിത്തീരുന്നു. ഈ ജോലി സംസ്കാരത്താലും സാമ്പത്തികവും നിയമനിർമ്മാണപരവുമായ ഉപാധികളാലും പരിരക്ഷിക്കപ്പെടണം. ഇത് വ്യക്തിക്കും സമൂഹത്തിനുംവേണ്ടിയുള്ള ''മനുഷ്യത്വവത്കരണ'' പ്രക്രിയയുടെ പ്രഥമ വേദിയായി കുടുംബത്തെ സംരക്ഷിക്കണം.

സർവ്വോപരി, ഒരു പ്രഥമ സാമൂഹിക കേന്ദ്രം എന്ന നിലയിലുള്ള കുടുംബത്തിന്റെ തനിമയെപ്പററിയും സമൂഹത്തിൽ അതിന്റെ അടിസ്ഥാനപങ്കിനെപ്പററിയും ഉള്ള അവബോധം കുടുംബത്തിനുണ്ടാക്കേണ്ടത് അല്മായവിശ്വാസികളുടെ പ്രേഷിതത്വത്തിൽപ്പെട്ട കടമയാണ്. അങ്ങനെ, സാമൂഹികജീവിതത്തിൽ ഉചിതമായ പങ്കാളിത്തത്തിനും വളർച്ചയ്ക്കുംവേണ്ടിയുള്ള സജീവവും ഉത്തരവാദിത്വപൂർണ്ണവും ആയ വേദിയായിത്തീരുന്നു കുടുബം. ഇപ്രകാരം, കുടുംബത്തെ രക്ഷിക്കുന്നതോടൊപ്പം സമൂഹത്തെത്തന്നെ രക്ഷിക്കാനുതകുന്ന അവകാശങ്ങളോടുള്ള ആദരവ് കുടുംബത്തിന് പൊതു അധികാരികളിൽനിന്നുതുടങ്ങി എല്ലാവരിൽനിന്നും ആവശ്യപ്പെടാം; ആവശ്യപ്പെടണം.

*കുടുംബം ഒരു കൂട്ടായ്മ* (Familiaris Consortio) എന്ന ശ്ലൈഹികാഹ്വാനത്തിൽ സമൂഹത്തിന്റെ വികസനത്തിലുള്ള പങ്കാളിത്തത്തെപ്പററി എഴുതപ്പെട്ട എല്ലാക്കാര്യങ്ങളും, 1980_ൽ മെത്രാൻമാരുടെ സിനഡിന്റെ താത്പര്യപ്രകാരം 'കുടുംബാവകാശപ്രമാണ'ത്തിൽ പരിശുദ്ധസിംഹാസനം വ്യവസ്ഥചെയ്ത എല്ലാക്കാര്യങ്ങളും, അല്മായവിശ്വാസികളായ അംഗങ്ങളെല്ലാവർക്കുംവേണ്ടി സമ്പൂർണ്ണവും സംയോജിതവുമായ ഒരു കർമ്മപരിപാടി ആവിഷ്കരിക്കുന്നു. കടുംബത്തിന്റെ ആവശ്യങ്ങളിലും മൂല്യങ്ങളിലും തത്പരരും വിവിധ നിലകളിൽ പ്രവർത്തിക്കുന്നവരുമായ അല്മായരെ ഉദ്ദേശിച്ചാണ് ഈ കർമ്മപരിപാടി. അത്തരമൊരു പരിപാടി കൂടുതൽ സമയോചിതമായും സുനിശ്ചിതമായും നടപ്പിലാക്കണം. കാരണം, കുടുംബത്തിന്റെ സ്ഥി

www.malankaralibrary.com



രതയ്ക്കും ഫലദായകത്വത്തിനും എതിരായുള്ള ഭീഷണി ഗുരുതരമാവുകയാണ്. കൂടാതെ കുടുംബത്തിൻെറ മൂല്യം കുറയ്ക്കാനും അതിൻെറ സാമൂഹികമൂല്യം ലഘുവാക്കാനുമുള്ള ശ്രമം കൂടുതൽ നിർബന്ധിതവും സംയോജിതവുമായിത്തീരുന്നു.

തങ്ങളുടെ കുടുംബങ്ങളുടെ മാനുഷികസ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നതാണ് ജനതകളുടെ സംസ്കാരങ്ങളും പരസ്പരാശ്രയത്വവും എന്ന് അനുഭവം തെളിയിക്കുന്നു. ഇക്കാരണത്താൽ കുടുംബത്തിനായുള്ള പ്രേഷിതയജ്ഞം നിരുപമമായ സാമൂഹികമൂല്യം കൈവരിക്കുന്നു. ''ഭാവിയിലേക്കുള്ള പാത കുടുംബത്തിലൂടെയാണ് കടന്നുപോകുന്നത്''[147] എന്ന് അറിയാവുന്ന സഭയ്ക്ക് ഇക്കാര്യത്തിൽ അഗാധമായ ബോധ്യമുണ്ട്.

## സ്നേഹം: ഐക്യദാർഢ്യത്തിൻെറ ആത്മാവും പോഷണവും

സമൂഹത്തിനുള്ള സേവനം വിവിധരീതികളിൽ വെളിപ്പെടുത്തപ്പെടുകയും നിറവേററപ്പെടുകയും ചെയ്യുന്നു. സ്വയംപ്രേരിതവും അനൗപചാരികവുമായവമുതൽ കൂടുതൽ വ്യവസ്ഥാപിതമായവവരെ, വ്യക്തികൾക്കുള്ള സഹായംമുതൽ ഗ്രൂപ്പുകൾക്കോ സമൂഹങ്ങൾക്കോ ഉള്ള സഹായംവരെ.

പരസ്നേഹപരമായ സേവനത്തിനായി മുഴുവൻ സഭയും നേരിട്ടു വിളിക്കപ്പെട്ടിരിക്കുന്നു—''ആദിമദശയിൽ സഭ ദിവ്യഭോജനത്തോട് പരിശുദ്ധമായ സ്നേഹവിരുന്നും സംയോജിപ്പിച്ചിരുന്നു. സ്നേഹബന്ധത്താൽ താൻമുഴുവൻ, ക്രിസ്തുവിൽ ഒന്നാണെന്ന് അതുവഴി സഭ വ്യക്തമാക്കി. അതുപോലെ സ്നേഹമാണ് എക്കാലത്തും സഭയുടെ പ്രത്യേക ലക്ഷണം. മററു മനുഷ്യരുടെ നല്ല പ്രവർത്തനങ്ങളിൽ സഭ സന്തോഷിക്കുന്നു. പരസ്നേഹപ്രവർത്തനങ്ങൾ അവളുടെ സ്വന്തവും അന്യാധീനപ്പെടുത്താനാവാത്തതുമായ അവകാശവും കടമയുമാണെന്ന് അവകാശപ്പെടു

www.malankaralibrary.com



ന്നു. ഇക്കാരണത്താലാണ് അഗതികളോടും രോഗികളോടുമുള്ള അനുകമ്പയും പരസ്നേഹപ്രവർത്തനങ്ങളും മനുഷ്യന്റെ വിവിധാവശ്യങ്ങൾ സാധിക്കാനുള്ള പരസ്പരസഹായവും സഭ വളരെയേറെ വിലമതിക്കുന്നത്''.[148] പരമ്പരാഗതമായ ആദ്ധ്യാത്മികവും ഭൗതികവുമായ കാരുണ്യപ്രവർത്തനങ്ങളിലൂടെ, സമകാലികരൂപങ്ങളിലൂടെ *അയൽക്കാരോടുള്ള സ്നേഹം* ഏററവും ക്ഷിപ്രവും സാധാരണവും സ്വാഭാവികവുമായ മാർഗ്ഗങ്ങളെ കുറിക്കുന്നു. ഈ മാർഗ്ഗങ്ങൾ ഭൗതികവ്യവസ്ഥിതിയിൽ ക്രൈസ്തവചൈതന്യം നിറയ്ക്കുന്നതിന് ഹേതുവാകുന്നു. അതാണല്ലോ അല്മായവിശ്വാസികളുടെ സവിശേഷമായ ചുമതല.

അയൽക്കാരോടുള്ള സ്നേഹംവഴി അല്മായവിശ്വാസികൾ ക്രിസ്തുവിന്റെ രാജത്വത്തിലുള്ള പങ്കാളിത്തം, അതായത് ''ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാൻ'' (മർക്കോ 10:45) വന്ന മനുഷ്യപുത്രന്റെ ശക്തിയിലുള്ള പങ്കാളിത്തം, അനുഷ്ഠിക്കുകയും വെളിവാക്കുകയും ചെയ്യുന്നു. അത്തരം ഒരു രാജത്വം അവർ ഏററവും ലളിതവും പക്ഷേ, ഉൽകൃഷ്ടവുമായ വിധം പ്രാവർത്തികമാക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇത് എക്കാലത്തും ഏവർക്കും സാധ്യമാണ്: കാരണം (cf. 1 കോറി 13:13) മാനവജാതിയുടെ നന്മക്കായി പരിശുദ്ധാത്മാവു നല്കുന്ന പരമോന്നതമായ ദാനമാണ്, പരസ്നേഹം. വാസ്തവത്തിൽ, *മനുഷ്യജീവിയുടെ സമ്പൂർണ്ണാവശ്യങ്ങളെ കണക്കിലെടുക്കുന്ന ഐക്യദാർഢ്യപ്രവർത്തനങ്ങൾക്ക് പരസ്നേഹം ജീവൻ നല്കുകയും ചെയ്യുന്നു.*

വ്യക്തികൾ മാത്രമല്ല, ഗ്രൂപ്പുകളും സമൂഹങ്ങളും സംയുക്തമായി നിറവേററുന്ന അതേ പരസ്നേഹം ഇന്ന് ആവശ്യകമാണ്; എന്നും ആവശ്യമായിരിക്കുകയും ചെയ്യും. അതിനു പകരമായി, യാതൊന്നുമില്ല, ആരുംതന്നെയില്ല. സ്ഥാപനങ്ങളുടെ ആധിക്യം ഇതിനു പകരം നില്ക്കുന്നില്ല. മുഴുവൻ ജനതതിയുടെയും ആവശ്യങ്ങളോട്– ഇന്നു മി

www.malankaralibrary.com



ക്കപ്പോഴും ഗൗരവമേറിയതും വ്യാപകവുമായ ആവശ്യങ്ങളോട് — പ്രതികരിക്കാൻ നിർബന്ധിതമായ പൊതു സംരംഭങ്ങളും പര്യാപ്തമല്ല. വൈരുദ്ധ്യമെന്നു പറയട്ടെ, സ്ഥാപനങ്ങൾ അവയുടെ ഘടനയിൽ കൂടുതൽ സങ്കീർണ്ണമാവുകയും പ്രാപ്യമായ എല്ലാ മണ്ഡലങ്ങളും കൈകാര്യം ചെയ്യാമെന്ന് ഭാവിക്കുകയും ചെയ്യുമ്പോൾ അത്തരം സ്നേഹം കൂടുതൽ ആവശ്യമായി തീരുകയുമാണ് ചെയ്യുന്നത്. അവസാനം അത്തരം പദ്ധതികളുടെ പ്രയോജനം നഷ്ടപ്പെടുന്നു. കാരണങ്ങൾ ആർക്കെന്നില്ലാത്ത പ്രവർത്തനം, അതിരുകടന്ന ഉദ്യോഗസ്ഥ ഭരണം, അന്യായമായ സ്വകാര്യതാത്പര്യങ്ങൾ, കടമയിൽനിന്ന് വ്യതിചലിച്ചുകൊണ്ടുള്ള എല്ലാം നിസ്സാരമെന്ന സാമാന്യഭാവം എന്നിവയാണ്.

ഇത്തരുണത്തിൽ, ബഹുമുഖ സേവനങ്ങളിലും പ്രവർത്തനങ്ങളിലും വ്യാപൃതമായ സ്വമനസ്സാലെയുള്ള പലതരം സംരംഭങ്ങൾ ആവിർഭവിക്കുകയും വ്യാപിക്കുകയും ചെയ്യുന്നു. പ്രത്യേകിച്ച് സംഘടിതസമൂഹങ്ങളിൽ. നിഷ്പക്ഷമായ ആ സേവനം യഥാർത്ഥത്തിൽ എല്ലാവരുടെയും പ്രത്യേകിച്ച് ഏററവും ദരിദ്രരുടെയും സാമൂഹിക സംഘടനകളാലും സമൂഹത്താൽ തന്നെയും വിസ്മൃതരായവരുടെയും നന്മയ്ക്കായി നല്കപ്പെട്ടിരുന്നെങ്കിൽ, അല്മായർക്ക് മുഖ്യപങ്കുള്ള പ്രേഷിതപ്രവർത്തനത്തിൻെറ പ്രധാനമായൊരു പ്രകാശനമായി കരുതാമായിരുന്നു.

## പൊതുജീവിതം; എല്ലാവർക്കും വേണ്ടി എല്ലാവരാലും

42. വ്യക്തിയെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്ന ഉപവിയെ *നീതിയിൽ* നിന്നു വേർതിരിക്കാനാവില്ല. ഓരോന്നും അതിൻേറതായ രീതിയിൽ വ്യക്തിയുടെ അവകാശങ്ങളുടെ സമ്പൂർണ്ണവും ഫലപ്രദവുമായ അംഗീകാരം പ്രതീക്ഷിക്കുന്നു. അതിനുവേണ്ടിയാണല്ലോ എല്ലാ സംവിധാനങ്ങളോടും പ്രസ്ഥാനങ്ങളോടുംകൂടി സമൂഹത്തെ ചിട്ടപ്പെടുത്തിയെടുത്തിരിക്കുന്നത്.[149]

www.malankaralibrary.com



ഭൗതിക വ്യവസ്ഥിതിയുടെ ക്രൈസ്തവചൈതന്യവത്കരണം എന്ന തങ്ങളുടെ ചുമതല നിറവേററാൻവേണ്ടി വ്യക്തികളെയും സമൂഹത്തെയും സേവിക്കുന്നുവെന്ന അർത്ഥത്തിൽ, അല്മായവിശ്വാസികൾ ഒരിക്കലും *പൊതു ജീവിതത്തിലുള്ള തങ്ങളുടെ പങ്കാളിത്തം കൈവെടിയരുത്*. അതായത് ജീവസംബന്ധിയും സ്ഥാപനപരവുമായ *പൊതു നൻമയെ* പോഷിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ള പലവിധ സാമ്പത്തികവും സാമൂഹികവും നിയമനിർമ്മാണപരവും ഭരണപരവും സാംസ്കാരികവുമായ മണ്ഡലങ്ങളിൽ ഉള്ള ഭാഗഭാഗിത്വമാണത്. വിവിധങ്ങളും അനുപൂരകങ്ങളും ആയ രീതികളിലും തലങ്ങളിലും ജോലികളിലും ചുമതലകളിലും ആണെങ്കിൽപ്പോലും ഓരോ വ്യക്തിക്കും പൊതുജീവിതത്തിൽ പങ്കെടുക്കാൻ അവകാശവും കടമയും ഉണ്ടെന്ന് സിനഡുപിതാക്കൻമാർ ആവർത്തിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഗവൺമെൻറിലെയും പാർലമെൻറിലെയും വ്യക്തികൾക്കും ഭരണകർത്താക്കൾക്കും അഥവാ രാഷ്ട്രീയ പാർട്ടികൾക്കും എതിരേയുള്ള തൻകാര്യവ്യഗ്രത, അധികാരപൂജ, അഹന്ത, അഴിമതി എന്നീ ആരോപണങ്ങളും അതുപോലെ രാഷ്ട്രീയത്തിൽ പങ്കെടുക്കുന്നത് തികച്ചും ധാർമ്മികവിപത്താണെന്നുള്ള പൊതു അഭിപ്രായവും ക്രൈസ്തവരുടെ ഭാഗത്തുനിന്നുള്ള സംശയസ്ഥിതിയേയൊ, പൊതുജീവിതത്തിൽനിന്നുള്ള ഒഴിഞ്ഞുമാററത്തെയൊ ഒട്ടുംതന്നെ ന്യായീകരിക്കുന്നില്ല.

നേരേമറിച്ച് രണ്ടാംവത്തിക്കാൻ കൗൺസിലിൻെറ വാക്കുകൾ പ്രത്യേകം ശ്രദ്ധേയമാണ്: ''മനുഷ്യരുടെ ക്ഷേമത്തെപ്രതി, രാജ്യസേവനത്തിനായി സ്വയം അർപ്പണം ചെയ്തിരിക്കുകയും ഭരണഭാരം പേറുകയും ചെയ്യുന്നവരുടെ പ്രവർത്തനങ്ങളെ തിരുസഭ ശ്ലാഘിക്കുകയും വിലമതിക്കുകയും ചെയ്യുന്നു''.[150]

വ്യക്തിക്കും സമൂഹത്തിനുംവേണ്ടിയുള്ള ഒരു പൊതുജീവിതത്തിൻെറ *അടിസ്ഥാനനിലവാരം* കണ്ടെത്തുന്നത്

www.malankaralibrary.com



*പൊതുനൻമയ്ക്കായുള്ള* പ്രവർത്തനത്തിലാണ്: *ഓരോ വ്യക്തിയുടെയും വ്യക്തിസാകല്യത്തിൻെറയും* നൻമ, വ്യക്തികളുടെയും ഗ്രൂപ്പുകളുടെയും സ്വാതന്ത്ര്യവും ഉത്തരവാദിത്വപൂർണ്ണവുമായ സ്വീകരണത്തിന് അനുയോജ്യമാം വിധം ആളുകൾക്ക് ഉറപ്പായി നല്കപ്പെടുന്ന നൻമ. 'സഭ ആധുനികലോകത്തിൽ' എന്ന പ്രമാണരേഖയിൽ നാം ഇങ്ങനെ വായിക്കുന്നു. ''പൗരസമൂഹം നിലകൊള്ളുന്നത് പൊതുക്ഷേമത്തിനു വേണ്ടിയാണെന്നുവരുന്നു. ഈ പൊതുക്ഷേമത്തിലാണ് അതിൻെറ നീതീകരണവും അർത്ഥവും സമ്പൂർണ്ണമായി കുടികൊള്ളുക. അതിൻെറ ആന്തരികമായ നിയമസാധുത്വത്തിൻെറ ഉറവിടവും മറ്റൊന്നല്ല. എന്തിന്, പൊതുക്ഷേമം എന്നു പറയുന്നതുതന്നെ വ്യക്തികൾക്കും കുടുംബങ്ങൾക്കും സംഘടനകൾക്കും കൂടുതൽ സുഗമമായ വിധത്തിൽ താന്താങ്ങളുടെ പൂർണ്ണത കൈവരിക്കാൻപോരുന്ന സാമൂഹിക ജീവിതപരിതസ്ഥിതികളുടെ ആകെത്തുകയാണ്''.[151]

മാത്രമല്ല, വ്യക്തിക്കും സമൂഹത്തിനുംവേണ്ടിയുള്ള പൊതുജീവിതത്തിൻെറ നിരന്തരമായ പ്രവർത്തനശൈലി നാം കാണുന്നത് *നീതിയുടെ പരിരക്ഷയിലും അഭിവൃദ്ധിയിലും* ആണ്. ഇതൊരു ''സുകൃതം' ആണെന്നു പറയാം. ഇതു മനസ്സിലാക്കാൻ വിദ്യാഭ്യാസവും അതുപോലെ ധാർമ്മികശക്തിയും ആവശ്യമാണ്. ധാർമ്മികശക്തിയാണ് ഓരോ മനുഷ്യജീവിയുടെയും/ വ്യക്തിപരമായ മാഹാത്മ്യത്തിലധിഷ്ഠിതമായ അവകാശങ്ങളും കടമകളും വളർത്താനുള്ള ചുമതല നിലനിർത്തുന്നത്.

രാഷ്ട്രീയാധികാരത്തിൻെറ വിനിയോഗത്തിൽ *സേവനചൈതന്യം* അടിസ്ഥാനഘടകമാണ്. ഈ സേവനചൈതന്യം വേണ്ടത്രയോഗ്യതയും കഴിവും ചേർന്നതായിത്തീരുമ്പോൾ പൊതുജീവിതരംഗത്തുള്ള ആളുകളുടെ പ്രവർത്തനത്തെ അത് ''സദ്ഗുണപരവും'' ''വിമർശനാതീതവുമാ'' ക്കിത്തീർക്കുന്നു. ഇത്തരമൊരു പ്രവർത്തനമാണ് മററുള്ള

www.malankaralibrary.com



വർ ന്യായമായും പ്രതീക്ഷിക്കുന്നത്. ഇതു സാധിക്കുന്നതിന് ദൃഢനിശ്ചയവും താഴെപ്പറയുന്ന പ്രലോഭനങ്ങളെ, അതിജീവിക്കാനുള്ള ഒരു തികഞ്ഞ പോരാട്ടവും ആവശ്യമാണ് — അവിശ്വസ്തതയും കപടതയും അവലംബിക്കുക, സ്ഥാപിത താത്പര്യങ്ങളെപ്രതി ഏതാനും ചിലർക്കുവേണ്ടി പൊതുമുതൽ നഷ്ടപ്പെടുത്തുക, വളഞ്ഞ വഴികളിലൂടെയും അന്യായ മാർഗ്ഗങ്ങളിലൂടെയും എന്തുവിലകൊടുത്തും അധികാരം പിടിച്ചുപററുകയും നിലനിർത്തുകയും വർദ്ധിപ്പിക്കുകയും ചെയ്യുക എന്നിവയെ.

പൊതുജീവിതത്തിൻെറ ചുമതലയുള്ള അല്മായവിശ്വാസികൾ യഥോചിതം ഗ്രഹിച്ച ഭൗമികയാഥാർത്ഥ്യങ്ങളുടെ സ്വതന്ത്രമായ നിലനില്പിനെ തീർച്ചയായും ആദരിക്കേണ്ടതാണ്. ''സഭ ആധുനിക ലോകത്തിൽ'' എന്ന പ്രമാണരേഖയിൽ നാം ഇങ്ങനെ കാണുന്നു. ''വിഭിന്നസ്വഭാവമുള്ള ജനവ്യൂഹങ്ങൾ ഉൾക്കൊള്ളുന്ന രാഷ്ട്രങ്ങളിൽ സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെപ്പററി അവികലമായ ധാരണ ഉണ്ടായിരിക്കേണ്ടതാണ്. അതുപോലെതന്നെ, ക്രൈസ്തവർ വ്യക്തിഗതമായോ, സംഘാതമായോ പൗരന്മാർ എന്നനിലയിലും സ്വന്തം ഉത്തരവാദിത്വത്തിലും ക്രിസ്തീയമനസ്സാക്ഷിയനുസരിച്ച് ഏറെറടുക്കുന്ന ദൗത്യങ്ങൾ, തിരുസഭയുടെ നാമത്തിൽ ക്രൈസ്തവർ ഇടയൻമാരോടു യോജിച്ചുകൊണ്ട് നിർവഹിക്കുന്ന പ്രവർത്തനങ്ങളിൽനിന്ന് എങ്ങനെ വ്യത്യസ്തമായിരിക്കുന്നുവെന്നുള്ള വ്യക്തമായ ധാരണ ഉണ്ടായിരിക്കണം. തിരുസഭയുടെ പ്രത്യേക ധർമ്മവും അധികാരവും നിമിത്തം രാഷ്ട്രത്തോട് അവർ ഒരു തരത്തിലും താദാത്മ്യം പ്രാപിക്കുന്നില്ല. മനുഷ്യവ്യക്തിയുടെ അതിസ്വാഭാവികമായ പ്രകൃതിയുടെ സംരക്ഷകയും ദൃശ്യചിഹ്നവുമാണവൾ''.[152] അതേസമയം സ്വാതന്ത്ര്യം, നീതി, ഐക്യദാർഢ്യം, പൊതുനൻമയ്ക്കായുള്ള വിശ്വസ്തവും നിസ്വാർത്ഥവുമായ സമർപ്പണം, ലളിതജീവിതശൈലി, പാവങ്ങളോടും ഒന്നുമല്ലാത്തവ

www.malankaralibrary.com



രോടുമുള്ള മുൻഗണനാസ്നേഹം എന്നിങ്ങനെ രാഷ്ട്രീയ പ്രവർത്തനത്തോടുതന്നെ അവഗാഢം ബന്ധപ്പെട്ടമാനുഷികവും സുവിശേഷപരവുമായ മൂല്യങ്ങൾക്ക് അല്മായപ്രേഷിതർ സാക്ഷ്യം വഹിക്കണം. ഇതിന്ന് അടിയന്തർമായ ചുമതലയായിത്തീർന്നിരിക്കുന്നു. ഇതിനുവേണ്ടി അല്മായ വിശ്വാസികൾ എപ്പോഴും സഭയുടെ സാമൂഹികപ്രബോധനത്തിൽനിന്ന് ചൈതന്യമുൾക്കൊള്ളുകയും സഭാജീവിതത്തിൽ യഥാർത്ഥ പങ്കാളികളാകാൻ ഉൽസുകരാകുകയും ചെയ്യണം. ഇതിൽ സമീപസ്ഥമായ ക്രിസ്തീയസമൂഹത്തിന്റെയും അവരുടെ ഇടയൻമാരുടെയും പിന്തുണയും സഹായവും അവർക്കു ലഭിക്കുകയും ചെയ്യും.[163]

യഥാർത്ഥ മാനവികവികസനം ലക്ഷ്യമാക്കുന്ന പൊതുജീവിതം കൈവരിക്കാനുള്ള മാർഗ്ഗവും രീതിയും *ഐക്യദാർഢ്യമാണ്*. വ്യക്തികളായ പൗരൻമാർമുതൽ പലതരം ഗ്രൂപ്പുകൾവരെയും, തൊഴിലാളിസംഘടനകൾമുതൽ രാഷ്ട്രീയപാർട്ടികൾവരെയുമുള്ള പൊതുജീവിതത്തിൽ, ഏവരും സജീവമായി ഉത്തരവാദിത്വത്തോടെ *പങ്കെടുക്കണമെന്നത്* ഇതിനോടു ബന്ധപ്പെട്ടതാണ്. നാം എല്ലാവരും, നമ്മിൽ ഓരോരുത്തരും പൊതുജീവിതത്തിന്റെ ലക്ഷ്യവും അതോടൊപ്പം അതിന്റെ പ്രമുഖപങ്കാളികളും ആണ്. ഈ പശ്ചാത്തലത്തിൽ ''സാമൂഹിക ഔത്സുക്യം'' എന്ന ചാക്രികലേഖനത്തിൽ ഞാൻ എഴുതിയതുപോലെ ഐക്യദാർഢ്യം ''അടുത്തും അകലെയുമുള്ള അനേകം ആളുകളുടെ ദുരിതങ്ങൾമൂലം നമുക്കുണ്ടാകുന്ന വെറും സഹതാപമോ ദുഃഖമോ അല്ല, പിന്നെയോ *പൊതുനൻമയ്ക്കുവേണ്ടി* നമ്മെത്തന്നെ സമർപ്പിക്കാനുള്ള *അചഞ്ചലവും സുസ്ഥിരവുമായ നിശ്ചയദാർഢ്യമാണ്*. അതായത്, *എല്ലാവർക്കും എല്ലാവരോടും ഉത്തരവാദിത്വം ഉള്ളതിനാൽ* എല്ലാവരുടെയും അതെസമയം ഓരോരുത്തരുടെയും, നൻമയ്ക്കുവേണ്ടി നമ്മെത്തന്നെ സമർപ്പിക്കാനുള്ള നിശ്ചയദാർഢ്യം''.[164]

ഓരോ രാഷ്ട്രമെന്നോ രാഷ്ട്രങ്ങളുടെ ഓരോ ചേരി

www.malankaralibrary.com



യെന്നോ ഉള്ള പരിഗണനയ്ക്കതീതമായി അനുയോജ്യമാം വിധം ഭൂഖണ്ഡങ്ങളായോ ലോകത്തെ ഒന്നായിത്തന്നെയോ കരുതേണ്ടത് ഇന്ന് രാഷ്ട്രീയ അഖണ്ഡതയ്ക്ക് ആവശ്യമാണ്.

ഉറപ്പുള്ള രാഷ്ട്രീയപ്രവർത്തനത്തിന്റെ പരിണത ഫലം *സമാധാനമാണ്*. അങ്ങനെയുള്ള രാഷ്ട്രീയപ്രവർത്തനമാണ് ഏവരും ആഗ്രഹിക്കുന്നത്. പക്ഷേ, അത് എപ്പോഴും പിന്നോക്കം നില്ക്കുന്നതേ ഉള്ളൂ. സമാധാനത്തെ നിഷേധിക്കുന്നതോ ഒത്തുതീർപ്പുകൾക്കു വിധേയമാക്കുന്നതോ ആയ സാഹചര്യങ്ങളിൽ, ഉദാഹരണത്തിന്, അക്രമവും യുദ്ധവും, പീഡനവും, ഭീകരവാഴ്ചയും തടങ്കൽപ്പാളയങ്ങളും, പൊതുജീവിതത്തിന്റെ സൈനികവൽക്കരണവും ആയുധമൽസരവും, അണ്വായുധഭീഷണിയും ഉള്ളപ്പോൾ, അലംഭാവമോ, നിഷ്ക്രിയത്വമോ, അന്യതാഭാവമോ കൈക്കൊള്ളാൻ അല്പമായവിശ്വാസികൾക്ക് സാധിക്കുന്നതല്ല. പ്രത്യുത, ''സമാധാനത്തിന്റെ രാജാവും''(ഏശ 9:6) ''നമ്മുടെ സമാധാന'' (എഫേ 2:14) വും ആയ ക്രിസ്തുവിന്റെ ശിഷ്യർ എന്ന നിലയിൽ ''സമാധാനസ്ഥാപകർ'' (മത്താ 5:9). എന്ന ദൗത്യം ''ഹൃദയ''പരിവർത്തനത്തിലൂടെയും നീതിയിലൂടെയും പരസ്നേഹത്തിലൂടെയും ഏറ്റെടുക്കേണ്ടതാണ്. ഇവയെല്ലാമാണെല്ലോ സമാധാനത്തിന്റെ അനിഷേധ്യമായ അടിസ്ഥാനം.[155]

പ്രത്യേക സംഘടനകളിലോ ദേശീയമോ അന്തർദേശീയമോ ആയ സ്ഥാപനങ്ങളിലോ സേവനംചെയ്തുകൊണ്ട്, യഥാർത്ഥത്തിൽ സമാധാനംതേടുന്ന എല്ലാവരുമായി സഹകരിച്ചുകൊണ്ട് അല്മായവിശ്വാസികൾ അഹന്തയുടെയും വിദ്വേഷത്തിന്റെയും പ്രതികാരത്തിന്റെയും ശത്രുതയുടെയും വാഴ്ചയ്ക്ക് അന്ത്യം കുറിക്കുന്ന വിശാലമായ വിദ്യാഭ്യാസരീതി വളർത്തിയെടുക്കണം. അതുവഴി എല്ലാതലങ്ങളിലും ഐക്യദാർഢ്യത്തിന്റെ സംസ്കാരം വളർത്തിയെടുക്കുകയും ചെയ്യണം. അത്തരം ഐക്യദാർഢ്യം, വാസ്തവത്തിൽ ''*സമാധാനത്തിലേക്കും അതേസമയം വികസനത്തി*

www.malankaralibrary.com



*ലേക്കും നയിക്കുന്ന പാതയാണ്''.*[166] ഈ വീക്ഷണത്തെ ആസ്പദമാക്കി സിനഡു പിതാക്കൻമാർ, എല്ലാത്തരം അക്രമവും അസ്വീകാര്യമായി തള്ളിക്കളയാനും പരസ്പര ആശയ വിനിമയത്തിൻെറയും സമാധാനത്തിൻെറയും മനോഭാവം വളർത്തിയെടുക്കാനും നീതിയുക്തമായ അന്താരാഷ്ട്രീയ സാമൂഹ്യവ്യവസ്ഥിതി സംസ്ഥാപിക്കാൻവേണ്ടി സ്വയം സമർപ്പിക്കാനും അല്മായവിശ്വാസികളോട് ആഹ്വാനം ചെയ്യുന്നു.[157]

## സാമൂഹികം-സാമ്പത്തിക ജീവിതത്തിൻെറ കേന്ദ്രമായി വ്യക്തിയെ പ്രതിഷ്ഠിക്കൽ

43. അല്മായ വിശ്വാസികളുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ട സാമൂഹിക സേവനത്തിൻെറ സാരാംശം ജോലിയുടെ സംവിധാനത്തിൽ അധിഷ്ഠിതമായ *സാമൂഹിക-സാമ്പത്തിക പ്രശ്നത്തിൽ* കണ്ടെത്താം.

വികസനം എന്ന വിഷയത്തോടു ബന്ധപ്പെട്ട ഇന്നത്തെ പ്രശ്നങ്ങളുടെ ഗൗരവാവസ്ഥ അടുത്ത കാലത്തു പുറപ്പെടുവിച്ച ''സാമൂഹിക ഔത്സുക്യം'' എന്ന ചാക്രിക ലേഖനത്തിൽ അനുസ്മരിക്കുകയും സഭയുടെ സാമൂഹിക സിദ്ധാന്തത്തിന് അനുയോജ്യമായ പോംവഴി നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതിൻെറ ഉള്ളടക്കം ഏവരുടെയും പ്രത്യേകിച്ച് അല്മായവിശ്വാസികളുടെ, ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ തീവ്രമായി ആഗ്രഹിക്കുന്നു.

സഭയുടെ സാമൂഹികപ്രബോധനത്തിൻെറ അടിസ്ഥാനം *സാധന സാമഗ്രികൾ സാർവത്രിക ഉപയോഗ*ത്തിനുവേണ്ടിയുള്ളതാണ് എന്നതത്രേ. ദൈവിക പദ്ധതിയനുസരിച്ച് ഭൂമിയിലെ വസ്തുവകകൾ എല്ലാ മനുഷ്യർക്കും അതേസമയം ഓരോ വ്യക്തിക്കും യഥാർത്ഥ മനുഷ്യജീവിതത്തിൻെറ വികസനത്തിനുവേണ്ടി നല്കപ്പെട്ടിട്ടുള്ളതാണ്. *സ്വകാര്യസ്വത്തും* ഈ ലക്ഷ്യസാക്ഷാത്കാരത്തിന് ഉദ്ദേശിക്കപ്പെട്ടതാണ്. അതുകൊണ്ട് സ്വകാര്യസ്വത്തിന്

www.malankaralibrary.com



*സ്വതവേതന്നെ ഒരു സാമൂഹിക ധർമ്മം* ഉണ്ട്. മനുഷ്യന്റെ, സ്ത്രീയുടെയും പുരുഷന്റെയും, *ജോലി* വ്യക്തമായിപ്പറഞ്ഞാൽ, സാമ്പത്തിക ജീവിത വികസനത്തിനുള്ള സർവസാധാരണവും ഏററവും സമീപസ്ഥവുമായ ഉപകരണമാണ്. ഒരേസമയം ഓരോ വ്യക്തിക്കും അവകാശവും കടമയും നല്കുന്ന ഉപകരണം.

അല്മായവിശ്വാസികളുടെ ദൗത്യത്തെപ്പററി പറയുമ്പോൾ, ഇതെല്ലാം ഒരിക്കൽക്കൂടി മനസ്സിൽ പ്രത്യേകമായി ഓടിയെത്തുന്നു. അവരുടെ സാന്നിദ്ധ്യത്തിന്റെയും പ്രവർത്തനത്തിന്റെയും ഉദ്ദേശ്യത്തിനും മാനദണ്ഡത്തിനും രണ്ടാം വത്തിക്കാൻ സൂനഹദോസ് പൊതുവായ രൂപരേഖ നല്കുന്നു: ''വ്യക്തി മാഹാത്മ്യം, മനുഷ്യന്റെ സമഗ്രമായ വിളി, സമൂഹം മുഴുവന്റെയും ക്ഷേമം എന്നിവ സാമൂഹിക സാമ്പത്തിക ജീവിതത്തിലും സമാദരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതാണ്. കാരണം മനുഷ്യനാണ് സാമൂഹ്യ സാമ്പത്തിക ജീവിതത്തിന്റെ വിധാതാവും കേന്ദ്രബിന്ദുവും ലക്ഷ്യവും''.[158]

മിതവ്യയം, ജോലി എന്നിവയുടെ മണ്ഡലത്തിൽ രൂപാന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത്, അവ ഉത്കണ്ഠയ്ക്കു കാരണമായിത്തീരുമ്പോൾ, വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ എന്ന ഗൗരവമേറിയ പ്രശ്നത്തിന് പരിഹാരം കണ്ടുപിടിക്കുന്നതിന് മുന്നണിയിൽനിന്നു പ്രവർത്തിക്കേണ്ട ചുമതല അല്മായവിശ്വാസികൾക്കുണ്ട്. ശരിയായ ലക്ഷ്യമില്ലാത്ത തൊഴിൽവ്യവസ്ഥിതികളിൽ നിന്നുണ്ടാകുന്ന നിരവധി അനീതികൾക്കെതിരേ അവസരോചിതമായ വിജയം നേടാൻ അടരാടേണ്ട ചുമതലയും അവർക്കുണ്ട്. പങ്കുചേരാനുള്ള അവകാശത്തിന്റെയും അതുല്യതയുടെയും പേരിൽ ആദരിക്കപ്പെടുന്ന വ്യക്തികളുടെ കൂട്ടമായി തൊഴിൽരംഗത്തെ കാണേണ്ട ചുമതലയും അവർക്കുണ്ട്. പൊതുജോലിയിൽ പങ്കാളിത്തമുള്ളവരുടെ ഐക്യദാർഢ്യം പോഷിപ്പിക്കാനും അവർക്കു കടമയുണ്ട്. കൂടാതെ പുതിയ വ്യവസായസംരംഭങ്ങളിൽ ഏർപ്പെടുകയും

www.malankaralibrary.com



വാണിജ്യം, ധനകാര്യം, ഭൗതിക വിദ്യയുടെ കൈമാററം എന്നിവയുടെ സമ്പ്രദായങ്ങൾ പുനർവീക്ഷണം ചെയ്യുകയും വേണം.

ആ ലക്ഷ്യത്തിനുവേണ്ടി, തൊഴിൽ വൈദഗ്ദ്ധ്യത്തോടും മാനുഷിക സത്യസന്ധതയോടും ക്രൈസ്തവാരൂപിയോടുംകൂടി സൂനഹദോസ് വ്യക്തമായി ചൂണ്ടിക്കാണിക്കുന്നതുപോലെ തങ്ങളുടെ വിശുദ്ധീകരണത്തിനുള്ള പ്രത്യേക മാർഗ്ഗമായും അല്മായർ തങ്ങളുടെ ജോലി നിർവ്വഹിക്കണം.[159] ''മനുഷ്യൻ സാമാന്യമായി തൻെറ ജോലിവഴി തന്നെയും തൻെറ കുടുംബത്തെയും പുലർത്തുന്നു, സ്വന്തം സഹോദരങ്ങളോടു ബന്ധപ്പെടുന്നു, അവർക്കു സേവനം അനുഷ്ഠിക്കുന്നു. യഥാർത്ഥസാഹോദര്യം പ്രാവർത്തികമാക്കുകയും ദൈവികസൃഷ്ടികർമ്മത്തെ പൂർണമാക്കുന്നതിൻ സഹകരിക്കുകയും ചെയ്യുന്നു; തന്നെയുമല്ല, അദ്ധ്വാനം ദൈവത്തിനു സമർപ്പിക്കുന്നതുമൂലം യേശുക്രിസ്തുവിൻെറ രക്ഷാകർമ്മത്തിൽ മനുഷ്യൻ സജീവമായി ഭാഗഭാക്കാകുന്നുവെന്നുമാണ് നാം വിശ്വസിക്കുന്നത്. നസറത്തിൽവച്ച് ദിവ്യനാഥൻ സ്വന്തം കരങ്ങൾകൊണ്ട് പണിയെടുത്ത് ജീവിക്കാൻ തിരുവുള്ളമായതിനാൽ ജോലിയെ അവിടുന്നു ഒരു മഹനീയ പദവിയിലേക്ക് ഉയർത്തിയിട്ടുമുണ്ടല്ലോ''.[160]

ഇന്ന്, എന്നത്തെക്കാൾ നിശിതമായ രീതിയിൽ *പൊതുവേ പറയപ്പെടുന്ന പരിസ്ഥിതിപ്രശ്നം* സാമൂഹിക സാമ്പത്തികജീവിതത്തോടും തൊഴിലിനോടും അനുബന്ധിച്ച് തലപൊക്കുന്നു. സൃഷ്ട ലോകത്തെ'' കീഴടക്കാനും'' ലോകമാകുന്ന ''തോട്ടത്തിൽ കൃഷി ചെയ്യാനും'' ഉള്ള കർത്തവ്യം തീർച്ചയായും മനുഷ്യവംശത്തിന് ദൈവത്തിൽനിന്നു തന്നെ ലഭിച്ചതാണ്. പക്ഷേ മനുഷ്യർക്ക് ലഭിച്ച ദൈവിക പ്രതിച്ഛായയോട് ആദരവു പുലർത്തികൊണ്ടുവേണം ഈ കർത്തവ്യം നിറവേററുവാൻ. അതുകൊണ്ട് ദൈവം തന്നതും തന്നുകൊണ്ടിരിക്കുന്നതുമായ ദാനങ്ങൾക്ക് ചേർന്ന

www.malankaralibrary.com



ഉത്തരവാദിത്വത്തോടെ, ബുദ്ധിയോടും സ്നേഹത്തോടും കൂടി ഈ കർത്തവ്യം അനുഷ്ഠിക്കണം. വരുംതലമുറയ്ക്കു കൈമാറേണ്ട, സാധിക്കുമെങ്കിൽ മെച്ചപ്പെട്ട അവസ്ഥയിൽ കൈമാറേണ്ട ഒരു ദാനം മനുഷ്യരാശിക്കുണ്ട്; ഈ വരുംതലമുറകളും കർത്താവിന്റെ ദാനങ്ങൾ സ്വീകരിക്കുന്നവരാണ്. ''സ്രഷ്ടാവ് പ്രപഞ്ചവസ്തുക്കളിൻമേൽ മനുഷ്യനു നല്കിയ അധീശത്വം അതിർവരമ്പുകളില്ലാത്തതല്ല; അതുകൊണ്ട്, അവയെ യഥേഷ്ടം ഉപയോഗിക്കാനോ, ദുരുപയോഗിക്കാനോ, കൈമാററം ചെയ്യാനോ ഉള്ള ഒരു സ്വാതന്ത്ര്യം അവനുണ്ടെന്നു പറഞ്ഞുകൂടാ. ആദിയിൽ സ്രഷ്ടാവുതന്നെ പ്രതീകാത്മകമായി ''വൃക്ഷത്തിന്റെ ഫലം തിന്നുന്നതിനെ'' (cf. ഉൽപ 2:16–17) വിലക്കിയത് പ്രകൃതിയെ സംബന്ധിച്ചിടത്തോളം നാം ജീവശാസ്ത്രപരമായ നിയമങ്ങൾക്കുമാത്രമല്ല, ധാർമ്മിക നിയമങ്ങൾക്കുകൂടി വിധേയരാണ് എന്നു വ്യക്തമാക്കാനാണ്. ഈ നിയമങ്ങളെ ശിക്ഷാഭീതിയില്ലാതെ നമുക്കു ലംഘിക്കാനാവില്ല. വികസനത്തെപ്പററിയുള്ള യഥാർത്ഥ സങ്കല്പത്തിന് പ്രകൃതി മൂലകങ്ങളുടെ ഉപയോഗം, വിഭവങ്ങളുടെ പുനരുദ്ധാരണം, കരുതലില്ലാത്ത വ്യവസായവത്കരണംകൊണ്ടുണ്ടാകുന്ന ഭവിഷ്യത്തുകൾ എന്നിവയെ നമുക്ക് അവഗണിക്കാനാവില്ല. ഇവ മൂന്നും വികസനത്തിന്റെ ധാർമ്മികതലത്തെ സംബന്ധിച്ച് നമ്മുടെ മനഃസാക്ഷിയെ തട്ടിയുണർത്തുന്ന പരിചിന്തനങ്ങളാണ്.[161]

## സംസ്കാരത്തിന്റെയും മനുഷ്യസംസ്കാരങ്ങളുടെയും സുവിശേഷവത്കരണം

44. സംസ്കാരത്തിനു *രൂപം നല്കുകയും അതു കൈമാറുകയും ചെയ്യുന്നതി*ലൂടെയാണ് വ്യക്തിക്കും മനുഷ്യസമൂഹത്തിനുംവേണ്ടിയുള്ള സേവനം പ്രകടമാവുകയും നിറവേറുകയും ചെയ്യുന്നത്. പ്രത്യേകിച്ച് ഇക്കാലത്ത് മനുഷ്യകുടുംബമായി ഒന്നിച്ചു താമസിക്കുന്നതിന്റെയും സാമൂഹികപരിണാമത്തിന്റെയും ഗൗരവമേറിയ കർത്തവ്യങ്ങളിൽ

www.malankaralibrary.com



ഒന്നാണിത്. സൂനഹദോസിന്റെ വെളിച്ചത്തിൽ, ''സംസ്കാരം'' കൊണ്ടു നാം ഉദ്ദേശിക്കുന്നത്, മനുഷ്യന്റെ മാനസികവും ശാരീരികവുമായ വിവിധ കഴിവുകളെ സംസ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്യുന്ന എല്ലാത്തിനെയുമാകുന്നു. അറിവും അദ്ധ്വാനവുംവഴി ഈ ലോകത്തെ കീഴടക്കാൻ മനുഷ്യൻ പരിശ്രമിക്കുന്നു, ആചാരങ്ങളുടെയും നിയമങ്ങളുടെയും പുരോഗതിയിലൂടെ കുടുംബത്തിലും രാഷ്ട്രം മുഴുവനിലും ഈ ജീവിതം കൂടുതൽ മാനുഷികമാക്കിത്തീർക്കുന്നു, അവസാനമായി പലരുടെ, അല്ല, മനുഷ്യവർഗ്ഗം മുഴുവന്റെതന്നെ, പുരോഗതിയെ സഹായിക്കാൻവേണ്ടി കാലത്തിന്റെ പോക്കിനനുസരിച്ച് മനുഷ്യൻ സ്വപ്രവർത്തനങ്ങളിൽ അവന്റെ മഹത്തായ ആദ്ധ്യാത്മികാനുഭവങ്ങളും അഭിനിവേശങ്ങളും പ്രകടിപ്പിക്കുകയും മററുള്ളവരെ അറിയിക്കുകയും ചെയ്യുന്നു''.[162] ഈ അർത്ഥത്തിൽ സംസ്കാരം എല്ലാ ജനങ്ങളുടെയും പൊതുനൻമയുടെയും അതിന്റെ മഹനീയതയുടെയും സ്വാതന്ത്ര്യത്തിന്റെയും സർഗ്ഗശക്തിയുടെയും പ്രകാശനമായും ചരിത്രത്തിന്റെ ഗതിയിലുള്ള അതിന്റെ സാക്ഷ്യമായും കണക്കാക്കപ്പെടണം. പ്രത്യേകമായി സംസ്കാരത്തിനുള്ളിൽനിന്നും സംസ്കാരത്തിലൂടെയും മാത്രമേ ക്രൈസ്തവവിശ്വാസം ചരിത്രത്തിന്റെ ഭാഗവും ചരിത്രകർത്താവും ആയിത്തീരുന്നുള്ളു.

ക്രൈസ്തവവിശ്വാസത്തിൽനിന്നു മാത്രമല്ല, മാനുഷികമൂല്യങ്ങളിൽനിന്നുപോലും വേർതിരിഞ്ഞ് സംസ്കാരം വളരുന്ന സാഹചര്യങ്ങളിൽ സംസ്കാരത്തെപ്രതി സവിശേഷമായ താത്പര്യം പ്രകടിപ്പിക്കേണ്ടത് അജപാലനപരമായ ഒരു അടിയന്തിരാവശ്യമാണെന്ന് സഭയ്ക്കു പൂർണ്ണബോദ്ധ്യമുണ്ട്. സത്യത്തിന്റെയും ക്ഷേമത്തിന്റെയും അടിയന്തരപ്രശ്നങ്ങൾ മനുഷ്യഹൃദയങ്ങളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു. അവയ്ക്ക് മതിയായ പ്രത്യുത്തരം നല്കാൻ ശാസ്ത്രവും സാങ്കേതികവിദ്യയും അശക്തങ്ങളായിരിക്കുന്ന സാഹചര്യങ്ങളിൽ സഭ പ്രത്യേകിച്ചും ബോധവതിയാണ്. ഇക്കാരണത്താൽ വിശേഷസാംസ്കാരികമണ്ഡലങ്ങളിൽ,

www.malankaralibrary.com



അതായത്, വിദ്യാലയങ്ങളും സർവകലാശാലകളും ഉൾപ്പെടുന്ന വിദ്യാഭ്യാസമേഖല, ശാസ്ത്രീയ സാങ്കേതിക വിദ്യകളുടെ ഗവേഷണമേഖല, കലാപരമായ സർഗ്ഗവാസനയുടെയും മാനവികവിഷയങ്ങളുടെയും മേഖല, എന്നിവിടങ്ങളിൽ, ധീരതയുടെയും ബൗദ്ധികസർഗ്ഗശക്തിയുടെയും ദൃശ്യചിഹ്നങ്ങളായി വ്യാപരിക്കാൻ അല്മായവിശ്വാസികളെ സഭ ആഹ്വാനം ചെയ്യുന്നു, അവരുടെ സാന്നിദ്ധ്യം നിലവിലുള്ള സംസ്കാരത്തെ ഗണ്യമായി വിഷമിപ്പിക്കുന്ന ഘട്ടങ്ങളിൽനിന്ന് കഴിയുംവിധം സംശുദ്ധമാക്കാനും സംസ്കാരത്തിന് അംഗീകാരം കരഗതമാക്കാനും ഉപകരിക്കുക മാത്രമല്ല, സുവിശേഷത്തിൽനിന്നും ക്രൈസ്തവ വിശ്വാസത്തിൽനിന്നും ഉദ്ഭൂതമാകുന്ന സമ്പന്നതയിലൂടെ സംസ്കാരത്തെ ഉത്കൃഷ്ടമാക്കുകയും ചെയ്യുന്നു. സുവിശേഷവും സംസ്കാരവും തമ്മിലുള്ള ബന്ധത്തെപ്പററി രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ വിപുലമായ കാഴ്ചപ്പാട് സുസ്ഥിരമായ ഒരു ചരിത്രവസ്തുതയെ കുറിക്കുകയും സവിശേഷവും അടിയന്തരവുമായ സ്വഭാവമുള്ള ഒരു പ്രാവർത്തികാശയമായിത്തീരുകയുംചെയ്യുന്നു. ഒരു അജപാലനചുമതലയായി സഭയ്ക്കു മുഴുവനും, പ്രത്യേകമായി അല്മായ വിശ്വാസികൾക്കും നല്കപ്പെടുന്ന ഒരു വെല്ലുവിളിയോടു കൂടിയ കർമ്മപരിപാടിയാണിത്. "ക്രിസ്തുവിൻെറ സുവിശേഷസന്ദേശം അധഃപതിച്ച മനുഷ്യൻെറ ജീവിതവും സംസ്കാരവും നിരന്തരം നവീകരിക്കുന്നു. സദാപി ഭീതിപ്പെടുത്തുന്ന പാപപ്രലോഭനത്തിൽനിന്നുള്ള തെററുകളെയും തിൻമകളെയും നിരോധിക്കുകയും അകററിക്കളയുകയും ചെയ്യുന്നു. അതു ജനങ്ങളുടെ ധാർമ്മികബോധത്തെ അനുസ്യൂതം ശുദ്ധീകരിച്ചുയർത്തുന്നു ... അങ്ങനെ സഭ തൻെറ ധർമ്മനിർവഹണത്തിൽത്തന്നെ മാനുഷികവും രാഷ്ട്രീയവുമായ സംസ്കാരത്തെ ഉത്തേജിപ്പിക്കുകയും സമ്പന്നമാക്കുകയും ചെയ്യുന്നു. തിരുക്കർമ്മാനുഷ്ഠാനം ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളുംവഴി സഭ മനുഷ്യരെ ആന്തരികസ്വാതന്ത്ര്യത്തിലേക്കു നയിക്കുന്നു.[164]

www.malankaralibrary.com



പോപ്പ് ആറാമന്റെ *സുവിശേഷപ്രഘോഷണം* (Evangelii Nuntiandi) എന്ന അപ്പസ്തോലികാഹ്വാനത്തിന്റെ അർത്ഥവത്തായ ചില പ്രസക്തഭാഗങ്ങൾ ഇവിടെ സ്മരണീയമാണ്. ''താൻ പ്രഘോഷിക്കുന്ന സന്ദേശത്തിന്റെ ദൈവികശക്തിയിലൂടെമാത്രം മാനസാന്തരപ്പെടുത്താൻ ശ്രമിക്കുമ്പോഴാണ് സഭ സുവിശേഷവത്കരണം നടത്തുന്നത് (cf. റോമാ 1:16; 1കോറി 1:18;2:4). ഈ മാനസാന്തരം വിവക്ഷിക്കപ്പെട്ടിരിക്കുന്നത് ജനങ്ങളുടെ വ്യക്തിഗതവും സംഘാതാത്മകവുമായ മനസാക്ഷികളിലും അവർ ഏർപ്പെടുന്ന പ്രവർത്തനങ്ങളിലും അവരുടേതായ ജീവിതസാഹചര്യങ്ങളിലുമാണ്. മാനവികതയുടെ മേഖലകളെല്ലാം രൂപാന്തരപ്പെടുന്നു. ഭൂമിശാസ്ത്രപരമായ വിശാലമേഖലകളിൽ കൂടുതൽ കൂടുതൽ ജനങ്ങളോട് സുവിശേഷമറിയിക്കുക എന്നതു മാത്രമല്ല, സഭയുടെ പ്രശ്നം. പിന്നെയോ സുവിശേഷത്തിന്റെ ശക്തിവഴി, ഒരു വെല്ലുവിളി എന്നവണ്ണം ദൈവവചനത്തിനും രക്ഷാപദ്ധതിക്കും നിരക്കാത്ത മാനുഷിക വിധിതീർപ്പുകളുടെ മാനദണ്ഡങ്ങളെയും ചിന്താശൈലികളെയും സർഗ്ഗപ്രേരണയുടെ ഉറവിടങ്ങളെയും ജീവിതമാതൃകകളെയും സ്വാധീനിക്കുക എന്നതും സഭയുടെ പ്രശ്നമാണ്. താഴെപ്പറയുന്ന വാക്കുകളിൽ ഇവ വെളിപ്പെടുത്താം: മനുഷ്യരാശിയുടെ സംസ്കാരത്തെയും മാനവകുടുംബത്തിന്റെ സംസ്കാരങ്ങളെയും സുവിശേഷവത്കരിക്കുകയാണ് പ്രധാനം...സുവിശേഷവും സംസ്കാരവും തമ്മിലുള്ള ഭിന്നതയാണ് ഇക്കാലത്തെയും കഴിഞ്ഞകാലങ്ങളിലെയും ഗുരുതരമായ പ്രതിസന്ധി എന്നു നിസ്സംശയം പറയാം. അതുകൊണ്ട് സംസ്കാരത്തിന്റെ, കുറെക്കൂടി കൃത്യമായിപ്പറഞ്ഞാൽ സംസ്കാരങ്ങളുടെ പൂർണ്ണമായ സുവിശേഷവത്കരണം ഉറപ്പുവരുത്താനുള്ള എല്ലാശ്രമവും കൈക്കൊള്ളണം''.[165]

ഇന്നു സംസ്കാരത്തിനു രൂപംകൊടുക്കാനും അതു കൈമാറാനും നമുക്കവകാശപ്പെട്ട വഴി *സാമൂഹിക സമ്പർക്ക മാധ്യമങ്ങളാണ്*.[166] സമ്പർക്കമാധ്യമങ്ങൾ സഭാദൗത്യത്തിൽ

www.malankaralibrary.com



പുതിയൊരു മേഖലയാണ്. കാരണം, അത് നവീനവും ത്വരിതവുമായ വികസനം പ്രാപിച്ചുകൊണ്ടിരിക്കുന്നു. മനോഭാവങ്ങളും ആചാരങ്ങളും രൂപപ്പെടുത്തുന്നതിൽ അതിന് വിപുലവും വിശ്വവ്യാപകവുമായ സ്വാധീനം ഉണ്ട്. ഈ രംഗത്ത് ഔദ്യോഗികമായി പ്രവർത്തിക്കുന്ന അല്മായവിശ്വാസികൾക്ക് പ്രത്യേകമായ ഉത്തരവാദിത്വമുണ്ട്. ഈ ഉത്തരവാദിത്വം അവർ നിർവഹിക്കേണ്ടത് വ്യക്ത്യവകാശങ്ങളിലൂടെയും സാമൂഹികസംരംഭങ്ങളിലൂടെയും സ്ഥാപനങ്ങളിലൂടെയുമാണ്. ഇതിൽ എല്ലാ മൂല്യങ്ങളുടെയും അംഗീകാരവും ബുദ്ധിപരവും അജപാലനപരവുമായ കൂടുതൽ വിഭവസന്നാഹത്തോടെയുള്ള സംരക്ഷണവും ആവശ്യകമാണ്.

ആശയവിനിമയ രംഗത്ത് വിദഗ്ദ്ധരായവർ ഈ ഉപാധികൾ ഉപയോഗിക്കുന്നതും പൊതുജനങ്ങൾ സ്വീകരിക്കുന്നതും വിമർശനാത്മകമായ അർത്ഥത്തിൽ ബോധവത്കരണം ആവശ്യമാക്കുന്നുണ്ട്. അതിന് ഉത്തേജനം ആയി സത്യത്തോടുള്ള ആവേശവും സ്വാതന്ത്ര്യസംരക്ഷണജോലിയും വ്യക്തിമാഹാത്മ്യത്തോടുള്ള ബഹുമാനവും ജനതകളുടെ ആധികാരികസാംസ്കാരികോന്നമനവും ഉണ്ട്. ഇതു സാധിക്കുന്നത് എല്ലാത്തരം കുത്തകസമ്പ്രദായവും കൗശലോപായവും സധൈര്യം ഉപേക്ഷിക്കുന്നതിലൂടെയാണ്.

എന്നിരുന്നാലും, അല്മായവിശ്വാസികളുടെ അജപാലനപരമായ ഉത്തരവാദിത്വം പരിരക്ഷണ പ്രവർത്തനങ്ങളിൽമാത്രം ഒതുങ്ങുന്നില്ല. വിനിമയലോകത്തുള്ള ഓരോരുത്തരിലേക്കും അതു കടന്നുചെല്ലുന്നു. പ്രസ്, സിനിമ, റേഡിയോ, ടെലിവിഷൻ, തിയേററർ എന്നിവയിലെ പ്രവർത്തകരെയും അതു ബാധിക്കുന്നു. അവരും രക്ഷ നല്കുന്ന സുവിശേഷം പ്രഘോഷിക്കുവാൻ വിളിക്കപ്പെട്ടവരാണ്.

www.malankaralibrary.com

അദ്ധ്യായം നാല്

# കർത്താവിന്റെ മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ

*ദൈവത്തിന്റെ വൈവിധ്യമാർന്ന കൃപാവരത്തിന്റെ നല്ല കാര്യസ്ഥൻമാർ*

## വിളികളുടെ വൈവിധ്യം

45. സുവിശേഷത്തിലെ ഉപമയനുസരിച്ച് വീട്ടുടമസ്ഥൻ തന്റെ മുന്തിരിത്തോട്ടത്തിലേക്ക് വേലക്കാരെ ദിവസത്തിന്റ പല മണിക്കൂറുകളിൽ വിളിക്കുന്നു. ചിലരെ അതിരാവിലെ, മററു ചിലരെ രാവിലെ ഒൻപതുമണിക്ക്, ഇനിയും ചിലരെ ഉച്ചയോടെ, പിന്നെ മൂന്നുമണിക്ക്, ഒടുവിൽ അഞ്ചുമണിക്കും (cf. മത്താ 20:1ff). ഈ സുവിശേഷ വചനങ്ങളെ പരാമർശിച്ചുകൊണ്ട് മഹാനായ വി. ഗ്രിഗറി വിളിയുടെ പല സന്ദർഭങ്ങളും ജീവിതത്തിലെ *വ്യത്യസ്തഘട്ടങ്ങളും തമ്മിൽ* സാദൃശ്യം കണ്ടെത്തുന്നു. അദ്ദേഹം ഇങ്ങനെ എഴുതുന്നു. ‘‘പല മണിക്കൂറുകളെ ഒരു വ്യക്തിയുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളോടു സാദൃശ്യപ്പെടുത്താൻ കഴിയും. നമ്മുടെ സദൃശകല്പനയനുസരിച്ച് നിശ്ചയമായും പ്രഭാതം ശൈശവത്തെയാണ് കുറിക്കുന്നത്. മൂന്നാംമണിക്കൂർ കൗമാരഘട്ടം. സൂര്യൻ ആകാശത്ത് ഉയർച്ചയിലേക്ക് നീങ്ങുന്ന സമയം, അതായത് ഈ ഘട്ടത്തിൽ ഒരു വ്യക്തി ശക്തിയിൽ വളരുന്നു. ആറാംമണിക്കൂറാകട്ടെ പ്രായപൂർത്തിയെ കുറിക്കുന്നു. സൂര്യൻ ഇപ്പോഴും ഉച്ച

www.malankaralibrary.com



സ്ഥായിയിൽ ചരിക്കുന്നു. അതായത് ഈ സമയത്ത് ശക്തി പൂർണതയിലെത്തുന്നു എന്നു വ്യക്തം. വാർദ്ധക്യം ഒൻപതാംമണിക്കൂറിനെ കുറിക്കുന്നു. കാരണം ആകാശത്തിൻെറ ഉച്ചിയിൽനിന്നു സൂര്യൻ താഴോട്ടു ചരിക്കുന്നു. അതായത് യുവസഹജമായ ജീവശക്തി ക്ഷയിക്കാൻ തുടങ്ങുന്നു. പതിനൊന്നാംമണിക്കൂർ വയോധികരെ സൂചിപ്പിക്കുന്നു. വേലക്കാരെയാവട്ടെ, പല സമയത്തായി വിളിച്ച് മുന്തിരിത്തോട്ടത്തിലേക്ക് അയയ്ക്കുന്നു. അതായത് ഒരാൾ ശൈശവത്തിലും മറ്റൊരാൾ കൗമാരത്തിലും ഇതരൻ പ്രായപൂർത്തിയിലും അപരൻ വാർദ്ധക്യത്തിലും വിശുദ്ധ ജീവിതത്തിലേക്കു നയിക്കപ്പെടുന്നു''.[167]

മഹാനായ വി. ഗ്രിഗരിയുടെ നിരീക്ഷണങ്ങളെ സവിശേഷമാംവിധം വൈവിധ്യമാർന്ന രീതികളിൽ ജീവിതത്തിൽ സഭ 'സന്നിഹിത'യാകുന്നതിനോട് ബന്ധപ്പെടുത്തി പറയാം. ഓരോരുത്തരും, എല്ലാവരും അവരുടെ വിളികളുടെയും സാഹചര്യങ്ങളുടെയും ശുശ്രൂഷകളുടെയും വൈവിധ്യമനുസരിച്ച് ദൈവരാജ്യത്തിൻെറ വരവിനുവേണ്ടി ജോലിചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഈ വൈവിധ്യം പ്രായത്തോടുമാത്രം ബന്ധപ്പെട്ടതല്ല, പിന്നയോ, ലിംഗവ്യത്യാസം, സ്വാഭാവിക ദാനങ്ങളുടെ അന്തരം, അതുപോലെതന്നെ ഉദ്യോഗങ്ങൾ, വ്യക്തിയുടെ ജീവിതത്തെ ബാധിക്കുന്ന അവസ്ഥകൾ, എന്നിവയേയും കുറിക്കുന്നു. സഭാ സമ്പന്നതയെ കൂടുതൽ സജീവവും സമൂർത്തവും ആക്കുന്നതാണീ വൈവിധ്യം.

## യുവജനങ്ങൾ സഭയുടെ പ്രതീക്ഷ

46 യുവജനങ്ങൾക്കു *പ്രത്യേക ശ്രദ്ധ നല്കാൻ സിനഡ് ആഗ്രഹിച്ചു.* അത് ന്യായവുമാണ്. പല രാജ്യങ്ങളിലും അവരാണ് ജനസംഖ്യയിൽ പകുതിയും. ആ രാജ്യങ്ങളിൽ വസിക്കുന്ന ദൈവജനത്തിൻെറ പകുതിയും

www.malankaralibrary.com



പലപ്പോഴും അവർ തന്നെയാണ്. ഇങ്ങനെ നോക്കുമ്പോരം തന്നെ യുവജനം സവിശേഷമായൊരു ശക്തിയും *സഭയുടെ ഭാവിക്കൊരു വലിയ വെല്ലുവിളിയുമാണെന്നു* കാണാം. വാസ്തവത്തിൽ, യുവജനങ്ങളിൽ സഭ ഭാവിയിലേക്കുള്ള പാതയാണു കാണുന്നത്. അവരിൽ സഭ തന്നെത്തന്നെ പ്രതിഫലിച്ചു കാണുന്നു. അതിൽ ക്രിസ്തുവിൻെറ അരൂപിയുടെ ഫലമായി താൻ നിരന്തരം ആനന്ദിക്കുന്നു. ആ യൗവനസൗഭാഗ്യം സഭ അവരിൽ ദർശിക്കുന്നു. ഈ അർത്ഥത്തിൽ, സഭ യുവജനത്തെ ''സഭയുടെ പ്രതീക്ഷ'' എന്നു നിർവചിക്കുന്നു.[168]

1985 മാർച്ച് 31-ാം തീയതി ലോകത്തിലെ യുവതീയുവാക്കന്മാർക്കായി എഴുതിയ കത്തിൽ ഇങ്ങനെ പ്രതിപാദിക്കുന്നു. യുവജനങ്ങളിൽ, നിങ്ങളെല്ലാവരിലും, ഓരോരുത്തരിലും, പ്രത്യേകവിധം *തന്നെത്തന്നെ ദർശിച്ചു-കൊണ്ട്* സഭ പ്രതീക്ഷയർപ്പിക്കുന്നു. ആദിമുതൽ ഇപ്രകാരം ആയിരുന്നു. വി. യോഹന്നാൻെറ *ഒന്നാം ലേഖനത്തിൽ* ഇതിനു പ്രത്യേകം തെളിവുകരം കാണാം. '*യുവാക്കന്മാരേ,* ഞാൻ നിങ്ങരംക്കെഴുതുന്നു, *ദുഷ്ടനെ നിങ്ങരം ജയിച്ചിരിക്കുന്നു.* കുഞ്ഞുങ്ങളേ, ഞാൻ നിങ്ങരംക്കെഴുതുന്നു, *പിതാവിനെ നിങ്ങരം അറിയുന്നു.* യുവാക്കന്മാരേ, ഞാൻ നിങ്ങരംക്കെഴുതുന്നു, നിങ്ങരം *ശക്തന്മാരാണ്*, ദൈവത്തിൻെറ *വചനം നിങ്ങളിൽ വസിക്കുന്നു.* (1 യോഹ 2:13 ff) ... നമ്മുടെ തലമുറയിൽ ക്രിസ്തുവിനുശേഷമുള്ള രണ്ടാം സഹസ്രാബ്ദത്തിൻെറ അന്ത്യത്തിൽ, സഭയും തന്നെത്തന്നെ യുവജനങ്ങളിൽ ദർശിക്കുന്നു''.[169]

സഭയുടെ അജപാലനപരിഗണനയുടെ വിഷയമായി മാത്രം യുവജനത്തെ കരുതരുത്. വാസ്തവത്തിൽ അവർ *സുവിശേഷവൽക്കരണത്തിലെ നടുനായകന്മാരും സമൂഹനവീകരണത്തിൻെറ പങ്കാളികളും*[170] ആണ്. യുവജനങ്ങരം സഭയെപ്രതി കർമ്മോൽസുകരായിരിക്കണം. അങ്ങ

www.malankaralibrary.com



നെ ആയിരിക്കാൻ അവരെ പ്രോത്സാഹിപ്പിക്കയും വേണം. ''തന്നെത്തന്നെ'' *കണ്ടെത്തുകയും* സ്വന്തം ''ജീവിത തിരഞ്ഞെടുപ്പ്'' നടത്തുകയും ചെയ്യുന്ന കാലഘട്ടമാണു യൗവനം. ''ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും'' (ലൂക്കാ 2:62) മുന്നേറേണ്ട വളർച്ചയുടെ സമയമാണിത്.

സിനഡുപിതാക്കൻമാർ ഇങ്ങനെ പരാമർശിക്കുന്നു ''യുവജനത്തിന്റെ വികാരവിക്ഷുബ്ധത നീതിമൂല്യങ്ങളെയും അക്രമരാഹിത്യത്തെയും സമാധാനത്തെയുംപററിയുള്ള അവരുടെ വീക്ഷണത്തെ ആഴമായി ബാധിക്കുന്നു. കൂട്ടായ്മയിലേക്കും സൗഹൃദത്തിലേക്കും ഐക്യദാർഢ്യത്തിലേക്കും അവരുടെ ഹൃദയങ്ങൾക്ക് തുറവിയുണ്ട്. ജീവിതത്തിന്റെ മേൻമ നിശ്ചയിക്കുന്ന കാരണങ്ങൾ അവരെ ആവേശംകൊള്ളിക്കുന്നു. പ്രകൃതിസംരക്ഷണത്തിനുള്ള വ്യഗ്രതയും. പക്ഷേ, ലോകത്തിന്റെ ആകുലതകളും വഞ്ചനകളും, വേദനയും ഭയവും, അതുപോലെ സ്വന്തം ജീവിതാവസ്ഥ നേരിടുന്ന പ്രലോഭനങ്ങളും അവരെ അലട്ടുന്നു''.[171]

സുവിശേഷത്തിൽ ക്രിസ്തു യുവാവിനോടു പ്രദർശിപ്പിക്കുന്ന അതേ സവിശേഷസ്നേഹം വീണ്ടും ഉജ്ജ്വലിപ്പിക്കാൻ സഭ ശ്രമിക്കേണ്ടതാണ്; ''യേശു സ്നേഹപൂർവം അവനെ കടാക്ഷിച്ചു'' (മർക്കോ 10:21).ഇക്കാരണത്താൽ യുവജനങ്ങളുടെ ഹൃദയത്തിൽ വേരുറച്ച ഉൽക്കർഷേച്ഛയ്ക്കുള്ള അനുപമവും തൃപ്തികരവുമായ പ്രതികരണമായി യേശുക്രിസ്തുവിനെയും അവിടുത്തെ സുവിശേഷത്തെയും പ്രഘോഷിക്കുന്നതിൽ സഭ മടുപ്പുകാണിക്കുന്നില്ല. ശിഷ്യത്വത്തിലേക്കുള്ള ക്രിസ്തുവിന്റെ ശക്തവും ഉദാത്തവും വൈയക്തികവുമായ വിളിയിൽ (''വന്ന് എന്നെ അനുഗമിക്കുക'' മർക്കോ 10:21) ഇതു വ്യക്തമാണ്. യേശുവിന് തന്റെ പിതാവിനോടുള്ള പുത്രസഹജമായ സ്നേഹത്തിലും മനുഷ്യരാശിയുടെ രക്ഷയ്ക്കുവേണ്ടിയുള്ള അവിടുത്തെ ദൗത്യത്തിലും പങ്കുചേരാനുള്ള വിളിയാണത്.

www.malankaralibrary.com



*സഭയ്ക്ക് യുവജനങ്ങളോട് ഏറെ സംസാരിക്കാനു ണ്ട്. യുവജനങ്ങൾക്ക് സഭയുമായി ഏറെ പങ്കുവെയ്ക്കാ നുണ്ട്.* വലിയ സൗഹൃദത്തിൽ സുവ്യക്തതയോടും ധൈര്യ ത്തോടുംകൂടി നടത്തുന്ന ഈ സംഭാഷണം തലമുറകൾ തമ്മി ലുള്ള സന്ധിക്കലിനും ആശയവിനിമയത്തിനും അനുകൂല മായ വേദിയൊരുക്കും. ഇതു സഭയ്ക്കും പൗരസമൂഹത്തി നും സമ്പന്നതയുടെയും യുവത്വത്തിന്റെയും ഒരു സ്രോത സ്സായിരിക്കുകയും ചെയ്യും. സൂനഹദോസ് യുവജനങ്ങ ളോടുള്ള സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു; ''പ്രതീക്ഷയോ ടും സ്നേഹത്തോടുംകൂടി സഭ നിങ്ങളെ നോക്കുന്നു... അ വൾ ലോകത്തിന്റെ യഥാർത്ഥ യുവത്വം ആണ്. സഭയെ നോക്കൂ, അവളുടെ മുഖത്ത് ക്രിസ്തുവിനെ ദർശിക്കാം''.[172]

## കുട്ടികളും സ്വർഗ്ഗരാജ്യവും

47 കുട്ടികൾ തീർച്ചയായും കർത്താവായ യേശുവിന്റെ വാത്സല്യത്തിന്റെയും ഉദാരമായ സ്നേഹത്തിന്റെയും വി ഷയങ്ങളാണ്. അവരെ അവിടുന്ന് അനുഗ്രഹിച്ചു, മാത്രമല്ല, അവർക്ക് അവിടുന്ന് സ്വർഗ്ഗരാജ്യം വാഗ്ദാനം ചെയ്തു. (cf. മത്താ:19;13_15: മർക്കോ 10:14). ദൈവരാജ്യത്തിൽ കുട്ടി കൾക്കുള്ള സജീവപങ്കിനെപ്പററി ക്രിസ്തു പുകഴ്ത്തിപ്പറ ഞ്ഞു. ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന്റെയും കർത്താ വിലുള്ള സമ്പൂർണ്ണ ആത്മവിശ്വാസത്തിന്റെയും യുക്ത്യ നുസൃതം ജീവിക്കുന്നതിന്റെയും ധാർമ്മികവും ആദ്ധ്യാ ത്മികവുമായ വ്യവസ്ഥകളുടെ ഉദാത്തമായ പ്രതിച്ഛായ യും വാചാലമായ പ്രതീകവും ആണ് കുട്ടികൾ. ''സത്യ മായി ഞാൻ നിങ്ങളോടു പറയുന്നു: ''നിങ്ങൾ മാനസാന്ത രപ്പെട്ട് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗ്ഗരാ ജ്യത്തിൽ പ്രവേശിക്കുകയില്ല. ഈ ശിശുവിനെപ്പോലെ സ്വയം ചെറുതാകുന്നവനാണ് സ്വർഗ്ഗരാജ്യത്തിലെ ഏററ വും വലിയവൻ'' (മത്താ 18:3_5; cf. ലൂക്കാ 9:48).

സഭയുടെ പ്രേഷിത ഫലസമ്പൂർത്തിയുടെ ജീവദായക മായ അടിസ്ഥാനം മാനുഷികമായ ഉപാധികളിലോ യോഗ്യ

www.malankaralibrary.com



തകളിലോ അല്ല; പ്രത്യുത തികച്ചും സൗജന്യമായ ദാനത്തി ലാണെന്ന് കുട്ടികൾ നിരന്തരം നമ്മെ അനുസ്മരിപ്പിക്കുന്നു. പല കുട്ടികളുടെയും നിഷ്കളങ്കവും കൃപാവരപൂർണ്ണവു മായ ജീവിതവും അവരിൽ അന്യായമായി അടിച്ചേല്പിക്ക പ്പെടുന്ന ക്ളേശവും സഹനവും ക്രിസ്തുവിന്റെ കുരിശി ന്റെ യോഗ്യതയാൽ, അവർക്കും സഭ മുഴുവനും ആദ്ധ്യാ ത്മിക സമ്പന്നതയുടെ ഉറവിടമാണ്. ഈ വസ്തുതയെ ക്കുറിച്ച് ഓരോരുത്തരും കൂടുതലായി അവബോധമുള്ളവ രും അതിന്റെ പേരിൽ നന്ദിയുള്ളവരും ആകേണ്ടതാണ്.

മാത്രമല്ല, സഭയെ കെട്ടിപ്പടുക്കാനും സമൂഹത്തെ കൂടു തൽ മനുഷ്യത്വമുള്ളവരായി മാററാനുംവേണ്ട വിലയേറിയ സാധ്യതകൾ ഉൾക്കൊള്ളുന്നതാണ് ശൈശവം, ബാല്യം എ ന്നീ ജീവിതകാലഘട്ടങ്ങൾ എന്ന കാര്യം നാം അംഗീകരിക്കേ ണ്ടതുണ്ട്. ''ഗാർഹികസഭ''യാകുന്ന കുടുംബത്തിൽ പു ത്രന്മാരുടെയും പുത്രികളുടെയും ഉപകാരപ്രദവും സത്ഗാ ത്മകവുമായ സാന്നിദ്ധ്യത്തെപ്പററി സൂനഹദോസ് പല പ്രാവശ്യം പരാമർശിക്കുന്നുണ്ട്: ''കുടുംബത്തിലെ സജീ വ അംഗങ്ങൾ എന്ന നിലയിൽ മക്കൾ സ്വർഗ്ഗീയമായ രീതി യിൽ മാതാപിതാക്കളുടെ വിശുദ്ധീകരണത്തിന് സഹായി ക്കും''. [173] പ്രാദേശിക സഭയോടും സാർവത്രികസഭയോടും കുട്ടികൾക്കുള്ള ബന്ധത്തെപ്പററി തിരുസഭയും കൗൺ സിലിന്റെ ഈ വാക്കുകൾ ആവർത്തിക്കണം. 15-ാം നൂററാ ണ്ടിലെ വലിയ ദൈവശാസ്ത്ര വിശാരദനും വിദ്യാഭ്യാസ വിചക്ഷണനുമായ ജോൺ ഗെർസൻ ഇക്കാര്യം ഊന്നിപ്പറ ഞ്ഞു: ''കുട്ടികളും യുവജനങ്ങളും സഭയിൽ ഒരുതരത്തി ലും അവഗണിക്കാനാവാത്ത ഭാഗമാണ്''. [174]

## വൃദ്ധജനവും വിജ്ഞാനം എന്ന ദാനവും

48. സർഗ്ഗശേഷിയററവരെന്നു പലപ്പോഴും അന്യായമായി ചിത്രീകരിക്കപ്പെടുന്ന, വഹിക്കാനാവാത്തഭാരമായി പരോക് ഷമായിട്ടാണെങ്കിലും കരുതപ്പെടുന്ന ആ വൃദ്ധജനങ്ങളോട്

www.malankaralibrary.com



ഞാൻ ഇനി സംസാരിക്കട്ടെ. പ്രേഷിത പ്രവർത്തനത്തിലും മിഷനറി ജീവിതത്തിലും ഉള്ള തങ്ങളുടെ ദൗത്യം തുടർന്നും അനുഷ്ഠിക്കാൻ സഭ അവരെ ക്ഷണിക്കുന്നുവെന്നും അക്കാര്യം അവരിൽനിന്നു പ്രതീക്ഷിച്ചിരിക്കുവെന്നും അവരെ ഞാൻ അനുസ്മരിപ്പിക്കുന്നു. അവർക്കിതൊരു സാധ്യത മാത്രമല്ല, പ്രായാധിക്യം സവിശേഷവും അടിസ്ഥാനപരവുമായ അവസരങ്ങൾ ലഭ്യമാക്കുന്ന ഈ പ്രായത്തിൽ അവർക്കിതൊരു കടമ കൂടിയാണ്.

വിജ്ഞാനത്തിലും ദൈവഭയത്തിലും സമ്പന്നരായവരുടെ പ്രതീകമായി വൃദ്ധജനങ്ങളെ അവതരിപ്പിക്കുന്നതിൽ വി. ഗ്രന്ഥം സന്തോഷം കണ്ടെത്തുന്നു (cf. പ്രഭാ. 25: 4–6). ഈ അർത്ഥത്തിൽ വൃദ്ധജനങ്ങളുടെ ''ദാനം'' അവർ സഭയിലും സമൂഹത്തിലും സവിശേഷമാംവിധം വിശ്വാസപാരമ്പര്യത്തിൻെറ സാക്ഷികളും (cf. സങ്കീ 44:2; പുറ 12:26–27) ജീവിതപാഠങ്ങളുടെ ആചാര്യന്മാരും (cf. പ്രഭാ 6:34; 8:11–12) ഉപവി പ്രവർത്തിക്കുന്നവരും ആയിരിക്കുന്നു എന്നതാണ്.

ലോകമെമ്പാടും പല രാജ്യങ്ങളിൽ ഇക്കാലത്തു വർദ്ധിച്ചുവരുന്ന വയോജനങ്ങളുടെ എണ്ണവും വിവിധ ഉദ്യോഗങ്ങളിൽനിന്നുള്ള ആളുകളുടെ ആസന്നമായ വിരമിക്കലും വൃദ്ധജനങ്ങൾക്ക് പ്രേഷിതപ്രവൃത്തിയിൽ ഒരു പുതിയ അവസരം പ്രദാനം ചെയ്യുന്നു. ഇനിയൊരിക്കലും തിരിച്ചു കിട്ടാനാകാത്ത ഭൂതകാലസുഖത്തെപ്പററിയുള്ള വിഷാദചിന്തകളിൽ അഭയം കണ്ടെത്തുകയോ ഒന്നിനുപുറകേ മറെറാന്നായി വരുന്ന പുതുമകളുടെ ലോകത്തിൽ അഭിമുഖീകരിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ മൂലം തങ്ങളുടെ ചുമതലകളിൽ നിന്ന് ഒളിച്ചോടുകയോ ചെയ്യാനുള്ള പ്രലോഭനത്തെ അതിജീവിക്കാനാവശ്യമായ ദൃഢനിശ്ചയം ഈ യത്നത്തിൽ അവർക്കാവശ്യമുണ്ട്. സഭയിലും സമൂഹത്തിലുമുള്ള ഒരുവൻെറ പങ്ക് ഒരു പ്രത്യേകപ്രായത്തിൽ അവസാനിക്കുന്നില്ലെന്നും ആ പ്രായത്തിൽ അതിനു പുതിയ രീതികൾ കണ്ടെത്തുകയാണു വേണ്ടതെന്നും ഉള്ള വ്യക്തമായ അറിവ് അ

www.malankaralibrary.com



വർക്ക് എപ്പോഴുമുണ്ടായിരിക്കണം. സങ്കീർത്തകൻ പറയുന്നതുപോലെ ''വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കും. അവർ എന്നെന്നും ഇല ചൂടി പുഷ്ടിയോടെ നില്ക്കും. കർത്താവു നീതിമാനാണെന്ന് അവർ അങ്ങനെ പ്രഘോഷിക്കുന്നു'' (സങ്കീ 92:15-16). വൃദ്ധജനങ്ങളുടെ ജൂബിലി ആഘോഷവേളയിൽ ഞാൻ പറഞ്ഞവയെല്ലാം ആവർത്തിക്കട്ടെ. വയോധികരായിത്തീരുക എന്നത് ഒരു പ്രത്യേക ആനുകൂല്യമാണ്. ഈ പ്രായത്തിലെത്തിച്ചേരാനുള്ള സൗഭാഗ്യം എല്ലാവർക്കും ഇല്ല എന്നതുകൊണ്ടു മാത്രമല്ല, പെസഹാരഹസ്യത്തെപ്പററി കൂടുതൽ അറിയാനും അതിൽ ആഴമായി ജീവിക്കാനും കഴിഞ്ഞുപോയകാലത്തെ നന്നായി വിലയിരുത്താനും സഭയിലെ ദൈവജനത്തിനു മുഴുവനും ഒരു മാതൃകയായിത്തീരാനും വേണ്ട യഥാർത്ഥാവസരങ്ങരം ഈ പ്രായം നല്കുന്നു എന്നതുകൊണ്ടുമാണ്. നിങ്ങരം സങ്കീർണ്ണസ്വഭാവമുള്ള പ്രശ്നങ്ങളാണ് നേരിടുന്നത്. ഉദാഹരണത്തിന്, നാരംക്കുനാരം ക്ഷയിച്ചുവരുന്ന ശക്തി, സാമൂഹികസംഘടനകളുടെ അപര്യാപ്തതകരം, വൈകിയെത്തുന്ന ഔദ്യോഗിക നിയമം, സ്വാർത്ഥതനിറഞ്ഞ സമൂഹത്തിന്റെ അനുകമ്പാരാഹിത്യം എന്നിവ. എങ്കിലും സഭാജീവിതത്തിൽ വിലയിടിഞ്ഞ വ്യക്തികളായോ, ദ്രുതഗതിയിൽ മുന്നേറുന്ന ലോകത്തിൽ നിഷ്ക്രിയവസ്തുക്കളായോ നിങ്ങരം നിങ്ങളെപ്പററി കരുതേണ്ടതില്ല, പ്രത്യുത മാനുഷികമായും ആദ്ധ്യാത്മികമായും ഫലപ്രദമായ ഒരു ജീവിതഘട്ടത്തിൽ എത്തിച്ചേർന്നവരാണ് നിങ്ങരം. നിങ്ങരംക്ക് ഇപ്പോഴും ഒരു ദൗത്യം നിറവേററാനുണ്ട്. സംഭാവന നല്കാനുണ്ട്. ദൈവികപദ്ധതിയനുസരിച്ച് അസ്തിത്വത്തിന്റെ ആരംഭം മുതൽ ജീവൻവെടിയുന്ന അവസാനനിമിഷംവരെ, ഓരോ മനുഷ്യവ്യക്തിക്കും അനുസ്യൂതമായ വളർച്ചയുടെ ഒരു ജീവിതമുണ്ട്''. 176

## സ്ത്രീകളും പുരുഷൻമാരും

49. രണ്ടു ലക്ഷ്യങ്ങരം മനസ്സിൽവച്ചുകൊണ്ട് സിനഡു

www.malankaralibrary.com



പിതാക്കൻമാർ സ്ത്രീകളുടെ പദവിയിലും പങ്കിലും പ്രത്യേകം ശ്രദ്ധചെലുത്തി; സഭാഭിവൃദ്ധിക്കും സമൂഹവികസനത്തിനും സ്ത്രീകളുടെ അനുപേക്ഷണീയമായ സംഭാവനകൾ അംഗീകരിക്കാനും, അതിനായി മററുള്ളവരെ ക്ഷണിക്കാനും, ജീവിതത്തിലും സഭാദൗത്യത്തിലും സ്ത്രീകളുടെ പങ്കാളിത്തത്തെപ്പററി കൂടുതൽ സവിശേഷമായ അപഗ്രഥനം നടത്താനും അവർ അഭിലഷിച്ചു.

സ്ത്രീകളുടെ യഥാർത്ഥ മാഹാത്മ്യത്തെക്കുറിച്ചുള്ള വർദ്ധിച്ച അവബോധവും പൊതുജീവിതത്തിലേക്കുള്ള അവരുടെ കടന്നുവരവും നമ്മുടെ കാലഘട്ടത്തിന്റെ അടയാളങ്ങളായി യോഹന്നാൻ 23-ാമൻ മാർപാപ്പാ ദർശിക്കയുണ്ടായി.[176] മാർപാപ്പായുടെ ഈ വീക്ഷണത്തെ പരാമർശിച്ചുകൊണ്ട്, സ്ത്രീകളായിരിക്കുന്നു എന്ന ഒററക്കാരണത്താൽത്തന്നെ വിവിധതരത്തിലുള്ള വിവേചനത്തിനും ഒഴിച്ചുനിർത്തലിനും വിധേയരായിക്കൊണ്ടിരിക്കുന്ന സ്ത്രീകളെ സ്മരിച്ചുകൊണ്ട്, സ്ത്രീകളുടെ *വ്യക്തിഗതമായ മാഹാത്മ്യവും* തത്ഫലമായി പുരുഷനോടുള്ള അവളുടെ തുല്യതയും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതിന്റെ അടിയന്തരാവശ്യവും സിനഡുപിതാക്കൻമാർ വീണ്ടും വീണ്ടും ഊന്നിപ്പറയുന്നു.

സഭയിലും സമൂഹത്തിലും സ്ത്രീകളുടെ അന്തസ്സ് വർദ്ധിപ്പിക്കേണ്ട ദൗത്യം ആർക്കെങ്കിലും ഉണ്ടെങ്കിൽ അതു സ്ത്രീകൾക്കുതന്നെയാണ്. ഈ ദൗത്യത്തിലെ പ്രമുഖവ്യക്തികളെന്ന നിലയിലുള്ള തങ്ങളുടെ ഉത്തരവാദിത്വം അവർ അംഗീകരിക്കണം. മനുഷ്യജീവിയെ വെറുമൊരു വസ്തുവായും ക്രയവിക്രയസാധനമായും സ്വാർത്ഥപൂരണത്തിനും വിഷയസുഖത്തിനുമുള്ള ഉപകരണമായും കാണുന്ന അന്യായവും നാശകരവുമായ മനോഭാവത്തെ തൂത്തെറിയാൻ ലോകത്തിന്റെ പല ഭാഗങ്ങളിലും പല സാഹചര്യങ്ങളിലും പലതും ചെയ്യാനുണ്ടിനിയും. അത്തരം മനോഭാവത്തിന് പ്രധാനമായും ഇരയാകുന്നത് ഏറിയകൂറും സ്ത്രീ

www.malankaralibrary.com



കരാംതന്നെ. സ്ത്രീകളുടെ വ്യക്തിപരമായ അന്തസ്സ് തുറന്ന് അംഗീകരിക്കുക എന്നതാണ് സഭാജീവിതത്തിലും സാമൂഹികജീവിതത്തിലും പൊതുജീവിതത്തിലും സ്ത്രീകളുടെ പങ്കാളിത്തം ഉയർത്താൻ ആവശ്യമായ ആദ്യനടപടി. സ്ത്രീകരം ഇരയായിത്തീരുന്ന പലതരത്തിലുള്ള വിവേചനത്തെ പരാമർശിച്ചു് *കുടുംബം ഒരു കൂട്ടായ്മ* എന്ന അപ്പസ്തോലികാഹ്വാനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങരംക്ക് കൂടുതൽ വ്യാപകവും സുനിശ്ചിതവുമായ പ്രതികരണം ഉണ്ടാകേണ്ടിയിരിക്കുന്നു. ''ഇത്തരം വിവേചനങ്ങളെ മുഴുവനായി അതിജീവിക്കാൻ തീവ്രവും ശക്തവുമായ പ്രതികരണം ഉണ്ടാകേണ്ടിയിരിക്കുന്നു. ഇത്തരം വിവേചനങ്ങളെ മുഴുവനായി അതിജീവിക്കാൻ അജപാലനനടപടികരം ഏവരും എടുത്തേ മതിയാവൂ. എങ്കിലേ എല്ലാ മനുഷ്യരിലും വിളങ്ങി പ്രകാശിക്കേണ്ട ദൈവച്ഛായ അന്യൂനമായി ആദരിക്കപ്പെടുകയുള്ളു''.[177] അതിന്റെ ചുവടുപിടിച്ചു സിനഡുപിതാക്കൻമാർ ഇങ്ങനെ പറഞ്ഞു: ''സ്ത്രീകരംക്കെതിരായുള്ള എല്ലാ വിവേചനങ്ങരംക്കും ദുരുപയോഗങ്ങരംക്കും എതിരേ, സഭ തന്റെ ദൗത്യത്തിന്റെ പ്രകാശനം എന്ന നിലയ്ക്ക് ഉറച്ച നിലപാടു സ്വീകരിക്കണം''.[178] വീണ്ടും തുടരുന്നു: ''മനുഷ്യവ്യക്തിയുടെ അവകാശങ്ങരം ഫലപ്രദമായി ആദരിച്ചുകൊണ്ടും സഭയുടെ പ്രബോധനങ്ങരം പ്രാവർത്തികമാക്കിക്കൊണ്ടും പൊതുജനമദ്ധ്യേ ഗുരുതരമായി വ്രണപ്പെട്ട സ്ത്രീമാഹാത്മ്യം വീണ്ടെടുക്കണം''.[179]

*സഭാജീവിതത്തിലും ദൗത്യത്തിലുമുള്ള സജീവവും ഉത്തരവാദിത്വപൂർവ്വവും ആയ പങ്കാളിത്ത*ത്തെപ്പററി പറയുമ്പോരം, രണ്ടാം വത്തിക്കാൻ സൂനഹദോസ് വ്യക്തമായി പറഞ്ഞിട്ടുള്ളതും നിർബന്ധിച്ചിട്ടുള്ളതുമായ കാര്യങ്ങരംക്ക് പ്രത്യേകമായ ഊന്നൽ നല്കേണ്ടതാണ്. ''സമൂഹത്തിന്റെ എല്ലാ തുറകളിലും സ്ത്രീകരം കൂടുതൽ സജീവമായി പ്രവർത്തിക്കുന്ന കാലമാണിത്. അതുകൊണ്ട് സഭയുടെ വിവിധപ്രേഷിതരംഗങ്ങളിലും അവർ

www.malankaralibrary.com



കൂടുതൽ വ്യാപകമായ തോതിൽ പങ്കെടുക്കുക എന്നത് അതിപ്രധാനമായൊരു സംഗതിയാണ്''.[180]

സ്ത്രീകൾക്ക് ലഭിച്ചിട്ടുള്ള ദാനങ്ങളും കർത്തവ്യങ്ങളും നിമിത്തം അവർക്ക് *അവരുടേതായ പ്രത്യേക വിളിയുണ്ടെന്ന* അവബോധം സൂനഹദോസിനുശേഷമുള്ള വർഷങ്ങളിൽ വർദ്ധിക്കുകയും രൂഢമൂലമാവുകയും ചെയ്തിട്ടുണ്ട്: മാത്രമല്ല, സുവിശേഷത്തിലും സഭാചരിത്രത്തിലും അതിനുള്ള അടിസ്ഥാനപരമായ പ്രചോദനം കണ്ടെത്തുകയും ചെയ്തു. വാസ്തവത്തിൽ വിശ്വാസിയെ സംബന്ധിച്ചിടത്തോളം സുവിശേഷം, അതായത് യേശുക്രിസ്തുവിന്റെ വചനവും മാതൃകയും ആവശ്യകവും നിർണ്ണായകവുമായ മാനദണ്ഡമായി നിലകൊള്ളുന്നു. ചരിത്രത്തിന്റെ മറ്റൊരു ഘട്ടത്തിലും ഈ വസ്തുത ഇത്രമാത്രം ഫലദായകവും നൂതനവുമായിരുന്നിട്ടില്ല.

പന്ത്രണ്ടു ശ്ലീഹന്മാരുടെ പ്രേഷിതപ്രവൃത്തിയിലേക്കോ തദ്വാരാ ശുശ്രൂഷാപൗരോഹിത്യത്തിലേക്കോ വിളിക്കപ്പെട്ടിരുന്നില്ലെങ്കിലും, പല സ്ത്രീകളും യേശുവിന്റെ ശുശ്രൂഷയിൽ അവിടുത്തെ അനുഗമിക്കുകയും അപ്പസ്തോലൻമാരെ സഹായിക്കുകയും (cf. ലൂക്കാ 8:2-3) കുരിശിൻ ചുവട്ടിൽ സന്നിഹിതരാവുകയും (cf. ലൂക്കാ 23:49) ക്രിസ്തുവിനെ സംസ്കരിക്കുന്നതിൽ സഹായിക്കുകയും (cf. ലൂക്കാ 23:55) ഉത്ഥാനത്തിന്റെ പുലരിയിൽ ഉയിർപ്പിന്റെ സന്ദേശം സ്വീകരിച്ചു കൈമാറുകയും (cf. ലൂക്കാ 24:1-10) പന്തക്കുസ്താ പ്രതീക്ഷിച്ച് ഊട്ടുശാലയിൽ അപ്പസ്തോലന്മാരോടൊപ്പം പ്രാർത്ഥിക്കുകയും (cf. അപ്പ 1:14) ചെയ്തിരുന്നു.

സുവിശേഷത്തിൽനിന്നു ലഭിക്കുന്ന തെളിവനുസരിച്ച് സഭ ആരംഭകാലത്ത് അന്നത്തെ സംസ്കാരത്തിൽനിന്നു വിഭിന്നമായി സുവിശേഷപ്രചരണത്തോടു ബന്ധപ്പെട്ട കർത്തവ്യങ്ങൾക്കായി സ്ത്രീകളെ വിളിക്കുകയുണ്ടായി. ആദിമ ക്രൈസ്തവസമൂഹത്തിനു പലതരം

www.malankaralibrary.com



സേവനം അനുഷ്ഠിച്ച വളരെയധികം സ്ത്രീകളെപ്പററി പൗലോസ് അപ്പസ്തോലൻ തൻെറ ലേഖനങ്ങളിൽ പേരെടുത്ത് പറയുന്നുണ്ട് (cf. റോമാ. 16:1—15; ഫിലി 4;2,_3, കൊളോ 4:15, കോറി 11:5, 1തിമോ 5:16). "അപ്പസ്തോലന്മാരുടെ സാക്ഷ്യം സഭയ്ക്ക് അടിസ്ഥാനം ഇട്ടുവെങ്കിൽ, സ്ത്രീകളുടെ സാക്ഷ്യം ക്രൈസ്തവസമൂഹങ്ങളുടെ വിശ്വാസപോഷണത്തിന് മഹത്തായ സംഭാവനകരം നല്കി'' എന്ന് പോറം ആറാമൻ പ്രസ്താവിക്കുന്നു. [181]

പല വിധത്തിലും വിവിധ പ്രാധാന്യത്തിലും ആണെങ്കിൽപ്പോലും പലപ്പോഴും സഭയിൽ നിർണ്ണായകപങ്കു വഹിക്കുകയും സഭയ്ക്കുവേണ്ടി കാര്യമായ മൂല്യങ്ങരം ഉരംക്കൊള്ളുന്ന കർത്തവ്യങ്ങരം അനുഷ്ഠിക്കുകയും ചെയ്ത സ്ത്രീകളെ സഭ അതിൻെറ ആദ്യഘട്ടത്തിലും തുടർന്നുള്ള വികസനത്തിലും അനുസ്മരിച്ചിട്ടുണ്ട്. ചരിത്രത്തിൽ മഹത്തായ പ്രവർത്തനങ്ങരം ഉണ്ടായിട്ടുണ്ടെങ്കിലും അവ പലപ്പോഴും എളിയവയും അജ്ഞാതങ്ങളുമാണ്. എന്നിരുന്നാലും അവ സഭയുടെ വളർച്ചയ്ക്കോ വിശുദ്ധിയ്ക്കോ നിർണ്ണായകമായ സംഭാവന ചെയ്തില്ലെന്നുവരുന്നില്ല. സ്ത്രീകളുടെ വ്യക്തിമാഹാത്മ്യത്തെയും വിളിയേയും കുറിച്ചുള്ള വർദ്ധമാനവും വ്യാപകവുമായ അവബോധത്തിൻെറ നടുവിൽ ഈ സേവനചരിത്രം കുറേക്കൂടി വിശാലവും തീക്ഷ്ണവും ആകാൻവേണ്ടി തുടരേണ്ടത് ആവശ്യമാണ്, പ്രത്യേകിച്ച്, പുനർസുവിശേഷവത്കരണത്തിൻെറയും സാമൂഹികബന്ധങ്ങളുടെ മാനവീകരണത്തിനുള്ള വലിയ ശ്രമത്തിൻെറയും അടിയന്തരസ്വഭാവത്തിൻെറയും വെളിച്ചത്തിൽ.

സുവിശേഷസന്ദേശവും സഭാചരിത്രവും പ്രതിഫലിപ്പിക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിൻെറ പ്രഖ്യാപനങ്ങരം കണക്കിലെടുത്തുകൊണ്ട് സിനഡുപിതാക്കൻമാർ മററു ചിലതിൻെറയും കൂട്ടത്തിൽ ഈ പ്രത്യേക 'ശിപാർ

www.malankaralibrary.com



ശയ്ക്ക്' രൂപം നല്കി: ''സഭാ ജീവിതത്തിനും ദൗത്യത്തിനും വേണ്ടി, സ്ത്രീ പുരുഷൻമാർ നല്കിയ എല്ലാ ദാനങ്ങളും സഭ അംഗീകരിക്കേണ്ടതും അതു പ്രാവർത്തികമാക്കേണ്ടതും ആവശ്യമാണ്''.[182] വീണ്ടും ''സഭയുടെ ദൗത്യം ഫലപ്രദമാക്കാൻ സ്ത്രീപുരുഷൻമാരുടെ എല്ലാ ദാനങ്ങളുടെയും പരിചയങ്ങളുടെയും കഴിവുകളുടെയും അംഗീകാരവും ഉപയോഗവും സഭ നേടണമെന്ന് ഈ സിനഡു പ്രഖ്യാപിക്കുന്നു'' (cf. വിശ്വാസ തിരുസംഘം, *ക്രൈസ്തവ സ്വാതന്ത്ര്യത്തെയും* വിവേചനത്തെയും കുറിച്ചുള്ള ഉദ്ബോധനം 72). [183]

## മാനവശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനങ്ങൾ

50. സഭയിലും സമൂഹത്തിലും സ്ത്രീയുടെ ന്യായമായ സാന്നിദ്ധ്യം ഉറപ്പാക്കുന്ന വസ്തുത, പുരുഷനോടുള്ള ബന്ധംവച്ചു നോക്കുമ്പോൾ അവളുടെ വ്യക്തിപരമായ മുഖമുദ്ര വ്യക്തമാക്കുന്ന പുരുഷത്വത്തിൻെറയും സ്ത്രീത്വത്തിൻെറയും മാനവശാസ്ത്രപരമായ അടിത്തറയിലേക്ക് ചുഴിഞ്ഞിറങ്ങുകയും കൃത്യമായി പരിഗണിക്കപ്പെടുകയും വേണം. അതായത് കൈക്കൊള്ളേണ്ട പദവികളെയും അനുഷ്ഠിക്കേണ്ട ധർമ്മങ്ങളെയുംപ്രതി മാത്രമല്ല, വ്യക്തി എന്ന നിലയിൽ അവളുടെ പ്രകൃതത്തെയും മൂല്യത്തെയും പററിയുള്ള വൈവിദ്ധ്യവും പരസ്പര പൂരകത്വവും ആണ് ഇതുകൊണ്ട് വിവക്ഷിക്കുന്നത്. ഈ ആവശ്യകത സിനഡു പിതാക്കൻമാരെ ആഴത്തിൽ ചിന്തിപ്പിച്ചിട്ടുണ്ട്. 'സ്ത്രീ പുരുഷൻമാരുടെ പ്രത്യേക മാഹാത്മ്യത്തെയും യഥാർത്ഥ പ്രാധാന്യത്തെയും കുറിച്ചുള്ള പ്രശ്നങ്ങൾക്ക് ഉത്തരം നല്കുന്ന മാനവശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനങ്ങൾ കണ്ടെത്താൻ ആഴമേറിയ പഠനം ആവശ്യമാണ്'' എന്ന് പ്രഖ്യാപിക്കുകയും ചെയ്തു.[184]

മാനവശാസ്ത്രപരവും ദൈവശാസ്ത്രപരവും ആയ അടിസ്ഥാനത്തിൽ സ്ത്രീത്വത്തെപ്പററി ചിന്തിക്കാൻ തയ്യാ

www.malankaralibrary.com



റായ സഭ, സ്ത്രീയുടെ അഭിവൃദ്ധിക്കുവേണ്ടി ഉടലെടുത്ത പലവിധ പ്രസ്ഥാനങ്ങളോട് കൈകോർത്തുനില്ക്കുകയും ഒരു വ്യക്തി എന്ന നിലയിൽ സ്ത്രീയെപ്പററി വളരെ അടിസ്ഥാനപരമായി ചിന്തിക്കുകവഴി സ്ത്രീക്ക് ഏററവും വിലയേറിയ സംഭാവനകൾ നല്കുകയും ചെയ്തിരിക്കുന്നു. തൻെറ ആഹ്വാനമനുസരിച്ച് തന്നെ അറിയുകയും ബഹുമാനിക്കുകയും തൻെറ പദ്ധതിയനുസരിച്ച് ജീവിക്കുകയും ചെയ്യാനുള്ള ആഹ്വാനം സ്വീകരിക്കാനായി സ്വന്തം ''ഛായ''യിൽ വ്യക്തിയെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ച (ഉൽപ 1:27) ദൈവത്തെ സഭ അനുസരിക്കേണ്ടതുണ്ട്. ''ആദിമുതൽ'' സ്ത്രീ പുരുഷൻമാരിൽ ഓരോ വ്യക്തിയിലും പ്രകൃതത്തിൽ, മൂല്യത്തിൽ, ഏററവും അഗാധമായ പ്രവൃത്തികളിൽ, മായാത്തവിധം മുദ്രണം ചെയ്യപ്പെട്ട ഒരു പദ്ധതിയാണിത്. ആ പദ്ധതിയുടെ ഉള്ളടക്കത്തിൻെറ സമ്പന്നത കണ്ടെത്താൻ ഏററവും വിജ്ഞാനപ്രദവും സ്നേഹപൂർവകവുമായ ആ പദ്ധതിയെക്കുറിച്ച് സമഗ്രമായ പര്യവേക്ഷണം നടത്തണം. രക്ഷാചരിത്രം മുഴുവനിലും ''ആദിമുതൽ'' ക്രമാനുഗതമായി പ്രകടമാവുകയും നിറവേറുകയും ചെയ്തതാണീ സമ്പന്നത. ''കാലസമ്പൂർണ്ണത''യിൽ ദൈവം തൻെറ പുത്രനെ അയച്ചു. അവൻ സ്ത്രീയിൽനിന്നു ജാതനായി (ഗലാ 4:4). അപ്പോൾ ഈ സമ്പന്നത പരിപൂർണ്ണതയിൽ എത്തി. ഈ ''സമ്പൂർണ്ണത'' ചരിത്രത്തിലൂടെ തുടരുന്നു, സ്ത്രീക്കുവേണ്ടിയുള്ള ദൈവികപദ്ധതി സഭയുടെ വിശ്വാസത്തിൻെറ പശ്ചാത്തലത്തിലും ഇന്നുള്ള അനവധി ക്രൈസ്തവവനിതകളുടെ ജീവിതത്തിൻെറ പശ്ചാത്തലത്തിലും ആണ് മനസ്സിലാക്കുന്നതും, മനസ്സിലാക്കേണ്ടതും. വിവിധ മാനവശാസ്ത്രങ്ങളിൽ നിന്നും സംസ്കാരങ്ങളിൽനിന്നും ലഭിക്കുന്ന സഹായം മറക്കാതെതന്നെ എന്നും നിലനില്ക്കുന്നതും അനുപേക്ഷണീയവും ചരിത്രഗതിയോടു ബന്ധപ്പെട്ടതുമായ സ്ത്രീസവിശേഷതകളുടെ മൂല്യങ്ങളും ആവശ്യകതകളും സ്വരൂപിക്കാനും വ്യക്തമാക്കാനും, ലഭ്യമായ വിവേചനബുദ്ധികൊ

www.malankaralibrary.com



ണ്ടു ഗവേഷകർക്കു കഴിയും. രണ്ടാം വത്തിക്കാൻ സൂനഹദോസ് നമ്മെ അനുസ്മരിപ്പിക്കുന്നു: ''എല്ലാ മാററങ്ങളുടെയും അടിയിൽ മാററമില്ലാത്ത പല യാഥാർത്ഥ്യങ്ങളും ഉണ്ട്; അവയുടെ ആത്യന്തികമായ അടിസ്ഥാനം ഇന്നലെയും ഇന്നും എന്നും ഒന്നുതന്നെയായിരിക്കുന്ന ക്രിസ്തു ആണ്'' (cf. ഹെബ്രാ 13:8). സ്ത്രീയുടെ മാഹാത്മ്യത്തെയും വിളിയെയും കുറിച്ചുള്ള അപ്പസ്തോലികലേഖനം, വ്യക്തി എന്ന നിലയിൽ സ്ത്രീക്കുള്ള മാനവശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനത്തിലേക്ക് ഏറെ ശ്രദ്ധതിരിക്കുന്നുണ്ട്. ബുധനാഴ്ചതോറുമുള്ള പൊതുകൂടിക്കാഴ്ചാവേളയിൽ ''ശരീരത്തിൻെറ ദൈവശാസ്ത്രത്തെ''പ്പററി ദീർഘകാലം നടത്തിയ മതബോധനപരമായ വിചിന്തനങ്ങൾ ആ പ്രമാണരേഖയിൽ കൈകാര്യം ചെയ്യുകയും വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പംതന്നെ *രക്ഷകൻെറ അമ്മ*[186] എന്ന ചാക്രികലേഖനത്തിൽ ചെയ്ത ഒരു വാഗ്ദാനം നിറവേററുകയും സിനഡുപിതാക്കൻമാരുടെ അഭ്യർത്ഥനയ്ക്കു പ്രത്യുത്തരം നല്കുകയും ചെയ്കയാണിവിടെ.

വിശുദ്ധഗ്രന്ഥപരവും ദൈവശാസ്ത്രപരവുമായ വിചിന്തനം എന്ന നിലയ്ക്കുള്ള 'സ്ത്രീത്വത്തിൻെറ മഹനീയത' എന്ന അപ്പസ്തോലിക ലേഖനത്തിൻെറ വായന, സ്ത്രീപുരുഷൻമാർക്കു പ്രചോദനകരമാണ്, പ്രത്യേകിച്ച് മാനവശാസ്ത്രങ്ങളെയും ദൈവശാസ്ത്ര വിഷയങ്ങളെയുംപററി പഠിക്കുന്നവർക്ക്. സ്ത്രീപുരുഷൻമാരുടെ വ്യക്തിമാഹാത്മ്യത്തെയും അവരുടെ പരസ്പര ബന്ധത്തെയും പററിയും സ്ത്രീത്വത്തിൻെറയും പുരുഷത്വത്തിൻെറയും പ്രത്യേകമൂല്യങ്ങളെയും ദാനങ്ങളെയുംപററിയുമുള്ള വിമർശനാത്മകമായ പഠനം തുടരട്ടെ. ഇത് സാമൂഹികജീവിതത്തിൻെറ മണ്ഡലത്തിൽ മാത്രമല്ല, ക്രൈസ്തവരും സഭാംഗങ്ങളും എന്നനിലയിലുള്ള എല്ലാ ജീവിതമണ്ഡലങ്ങളിലും വേണം. *സഭയിലും സമൂഹത്തിലും സ്ത്രീകൾക്കുള്ളതും സ്ത്രീകൾക്കുണ്ടായിരിക്കേണ്ടതുമായ ''സ്ഥാന''*ത്തെപ്പ

www.malankaralibrary.com



ററി പലപ്പോഴും കേരംക്കാറുള്ള ചോദ്യങ്ങരംക്ക് നല്കുന്ന ക്രൈസ്തവ പ്രത്യുത്തരത്തിന് വെളിച്ചവും മാർഗ്ഗനിർദ്ദേശവുമാകേണ്ടത് സ്ത്രീത്വത്തിൻെറ മാനവശാസ്ത്രപരവും ദൈവശാസ്ത്രപരവുമായ അടിസ്ഥാനത്തെപ്പററിയുള്ള വിചിന്തനമായിരിക്കണം.

സഭയ്ക്കു പ്രമാണമായ ക്രിസ്തുവിൻെറ വാക്കുകളിലോ വ്യക്തിയ്ക്ക് ക്രിസ്തുവിനോടുള്ള ബന്ധത്തിലോ ഒരു കാലത്തിലും ഒരു വിവേചനവും ഇല്ലെന്നു വളരെ വ്യക്തമാണ്. ക്രിസ്തുവിൽ ''സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല. നിങ്ങരം എല്ലാവരും യേശുക്രിസ്തുവിൽ ഒന്നാണ്'' (ഗലാ 3:28). വിശുദ്ധിയുടെയും കൃപാവരത്തിൻെറയുമായ സഭാജീവിതത്തിലുള്ള പങ്കാളിത്തത്തിൻെറ തലത്തിലും വ്യത്യാസമില്ല. പന്തക്കുസ്തയിൽ സാക്ഷാൽക്കരിക്കപ്പെട്ട ജോയേലിൻെറ പ്രവചനം അദ്ഭുതകരമായി സാക്ഷ്യപ്പെടുത്തുന്നതു പോലെതന്നെ; ''എല്ലാവരുടെയും മേൽ എൻെറ ആത്മാവിനെ ഞാൻ വർഷിക്കും. നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും'' (ജോയേൽ 3:1 cf. അപ്പ. 2:17ff). 'സ്ത്രീയുടെ മഹനീയതയും വിളിയും' എന്ന അപ്പസ്തോലിക ലേഖനത്തിൽ വായിക്കുംപോലെ, സ്ത്രീകളും പുരുഷന്മാരും പരിശുദ്ധാത്മാവിൽ ദൈവികസത്യവും സ്നേഹവും വർഷിക്കുന്നതു സ്വീകരിക്കാൻ തുല്യരീതിയിൽ കഴിവുള്ളവരാണ്. രക്ഷാകരവും വിശുദ്ധീകരണക്ഷമവുമായ ''സന്ദർശനങ്ങരം'' ഇരുവരും സ്വീകരിക്കുന്നു. [187]

## സഭയിലും ലോകത്തിലുമുള്ള ദൗത്യം

സഭയുടെ അപ്പസ്തോലിക ദൗത്യത്തിലുള്ള പങ്കാളിത്തത്തെപ്പററി പറയുമ്പോരം, ഒരു കാര്യം നിസ്സംശയം മനസ്സിലാകും. അതായത് മാമ്മോദീസാ, സ്ഥൈര്യലേപനം എന്നിവയിലൂടെ ഒരു സ്ത്രീ–പുരുഷനും അങ്ങനെതന്നെ — പുരോഹിതൻ, പ്രവാചകൻ, രാജാവ് എന്നീ യേശുക്രിസ്തു

www.malankaralibrary.com



വിൻെറ ത്രിവിധ ദൗത്യത്തിൽ പങ്കുകാരിയാവുകയും സഭയുടെ അടിസ്ഥാന പ്രേഷിതജോലി–*സുവിശേഷവത്കരണം*–നിർവ്വഹിക്കാനുള്ള കഴിവും ഉത്തരവാദിത്വവും ആർജ്ജിക്കുകയും ചെയ്യുന്നു. ഏതായാലും, ഈ പ്രേഷിതവൃത്തിയിൽ, ന്യായമായും തൻേറതായ "ദാനങ്ങൾ" പ്രാവർത്തികമാക്കാൻ സ്ത്രീ വിളിക്കപ്പെട്ടിരിക്കുന്നു. ആദ്യമായി, ജീവിതത്തിൽ വാക്കിലും സാക്ഷ്യത്തിലും അനുഷ്ഠിക്കേണ്ടതായ, വ്യക്തി എന്ന നിലയിലുള്ള മാഹാത്മ്യം എന്ന ദാനം; അടുത്തതായി സ്ത്രീ എന്ന നിലയിലുള്ള 'വിളി'യോടു ബന്ധപ്പെട്ട ദാനങ്ങൾ.

സഭാജീവിതത്തിലും ദൗത്യത്തിലും ഉള്ള പങ്കാളിത്തത്തിൽ സ്ത്രീക്ക് പൗരോഹിത്യകൂദാശ സ്വീകരിക്കാനാവില്ല; അതുകൊണ്ട് പൗരോഹിത്യശുശ്രൂഷയ്ക്കുചേർന്ന കർത്തവ്യങ്ങൾ നിറവേററാനാവില്ല; പൗരോഹിത്യ പ്രേഷിതത്വത്തിലേക്ക് പുരുഷൻമാരെ മാത്രം വിളിച്ച [188] ക്രിസ്തുവിൻെറ സമ്പൂർണ്ണസ്വതന്ത്രവും പൂജ്യവുമായ തിരുമനസ്സ് വെളിപ്പെടുത്തിയപ്രകാരം സഭയിൽ വേരുറച്ച ഒരു കീഴ്വഴക്കമാണിത്; മണവാളനായ ക്രിസ്തുവും മണവാട്ടിയായ സഭയും തമ്മിലുള്ള ഹൃദയൈക്യത്തിൽനിന്നു മനസ്സിലാക്കേണ്ട ഒരു കീഴ്വഴക്കം. [189] നാം ഇവിടെ *കർത്താവിൻെറ മേഖലയിലാണ്*; *മഹനീയതയുടെയോ വിശുദ്ധിയുടെയോ* മേഖലയിലല്ല. വാസ്തവത്തിൽ ഇക്കാര്യം നാം ഓർമ്മിക്കണം; "സഭയ്ക്ക് ഹൈരാർക്കിപരമായ ഒരു ഘടനയാണുള്ളതെങ്കിലും ക്രിസ്തുവിൻെറ അംഗങ്ങളുടെ വിശുദ്ധിയെ തികച്ചും ക്രമപ്പെടുത്തുന്നതാണ് ഈ ഘടന". [190]

ഏതായാലും പോൾ ആറാമൻ പറഞ്ഞിരിക്കുന്നതുപോലെ, നമ്മുടെ കർത്താവിൻെറ അനുഷ്ഠാനമോ സ്ത്രീകളോടുള്ള അവിടുത്തെ ആഹ്വാനമോ മാററാൻ നമുക്കാവില്ല; പക്ഷേ, ക്രൈസ്തവസമൂഹത്തിൻെറ ജീവിതത്തിലും സുവിശേഷവത്കരണ ദൗത്യത്തിലും സ്ത്രീകൾക്കുള്ള പ

www.malankaralibrary.com



ക്ക് അംഗീകരിക്കാനും അത് അഭിവൃദ്ധിപ്പെടുത്താനും നമുക്കു കഴിയും. 191

സർവ്വോപരി, സഭയിൽ സ്ത്രീയുടെ സജീവവും ഉത്തരവാദപൂർണ്ണവുമായ സാന്നിദ്ധ്യത്തെ *തത്വത്തിൽ അംഗീകരിക്കുകയും പ്രവൃത്തിയിൽ സാക്ഷാത്കരിക്കുകയും* വേണം. ഇത് അനുസ്മരിച്ചുകൊണ്ടാണ് അല്മായവിശ്വാസികളെ അഭിസംബോധനചെയ്തുകൊണ്ടുള്ള പശ്ചാത്തലത്തിൽ ''സ്ത്രീകളും പുരുഷന്മാരും'' എന്ന പദം മനഃപൂർവ്വം ആവർത്തിച്ചുപയോഗിക്കുന്നത് എന്നു മനസ്സിലാക്കണം. കൂടാതെ, സഭാജീവിതത്തിലും ദൗത്യത്തിലും സ്ത്രീകളുടെ പങ്കാളിത്തത്തിന് പരിഷ്കരിച്ച കാനൻ നിയമത്തിൽ നിരവധി വ്യവസ്ഥകൾ ഉണ്ട്. ആ വ്യവസ്ഥകൾ കൂടുതൽ സർവ്വസാധാരണമായി അറിയപ്പെടുകയും സംസ്കാരത്തിന്റെ വിവിധ വകുപ്പുകളും അജപാലന സാഹചര്യത്തിന്റെ ഔചിത്യവും അനുസരിച്ച് കൂടുതൽ സമയോചിതവും സുനിശ്ചിതവുമായി സാക്ഷാത്കരിക്കപ്പെടുകയും വേണം.

രൂപതാതലത്തിലും ഇടവകതലത്തിലും ഉള്ള പാസ്റ്ററൽ കൗൺസിലുകളിലും, രൂപതാ സിനഡ്, പ്രാദേശിക കൗൺസിൽ എന്നിവയിലും ഉള്ള സ്ത്രീകളുടെ പങ്കാളിത്തം ഉദാഹരണമായി ഓർമ്മയിലെത്തുന്നു. ഇതു സംബന്ധിച്ച് സിനഡ്പിതാക്കൻമാർ ഇങ്ങനെ എഴുതിയിട്ടുണ്ട്. ''വിവേചനം കൂടാതെ, സ്ത്രീകൾ സഭാജീവിതത്തിൽ പങ്കുകാർ ആവുകയും ആലോചനയിലും തീരുമാനമെടുക്കലിലും പങ്കെടുക്കുകയും വേണം''.192 തുടർന്നു പറയുന്നു, ''സഭാജീവിതത്തിൽ, വിശ്വാസ പ്രചാരണം, ഓരോരോ സേവനങ്ങൾ എന്നിവയിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന സ്ത്രീകൾ അജപാലന, പ്രേഷിത രേഖകൾ തയ്യാറാക്കുന്നതിൽ സഹകരിക്കുകയും, കുടുംബത്തിലും തൊഴിൽജീവിതത്തിലും പൗരസമൂഹത്തിലും സഭാപ്രേഷിതജോ

www.malankaralibrary.com



ലിയുടെ സഹകാരികളായി അംഗീകരിക്കപ്പെടുകനും വേണം''.[193]

സുവിശേഷവൽക്കരണത്തിൻെറയും മതബോധനത്തിൻെറയും കൂടുതൽ സവിശേഷമായ മണ്ഡലത്തിൽ, കുടുംബത്തിൽമാത്രമല്ല, വിവിധ വിദ്യാഭ്യാസ സാഹചര്യങ്ങളിലുംസുവിശേഷം പ്രചരിപ്പിക്കുന്നതിൽ സ്ത്രീകൾക്കുള്ള പ്രത്യേകജോലി, കൂടുതൽ ശക്തിയോടെ പോഷിപ്പിക്കേണ്ടിയിരിക്കുന്നു. വിശാലാർത്ഥത്തിൽ ഇത് ദൈവവചനം ആശ്ളേഷിക്കുന്ന എല്ലാക്കാര്യങ്ങളെയും അതിൻെറ ഗ്രഹണത്തെയും വിനിയോഗത്തെയും അതുപോലെതന്നെ അതിൻെറ പഠനം, ഗവേഷണം, ദൈവശാസ്ത്രാധ്യാപനം എന്നിവയേയും സംബന്ധിക്കുന്നതാകണം.

സുവിശേഷവത്കരിക്കാനുള്ള കടമ നിറവേററുമ്പോൾ സുവിശേഷവത്കരിക്കപ്പെടാനുള്ള തീക്ഷ്ണതരമായ ആവശ്യം സ്ത്രീ കൂടുതലായി അറിഞ്ഞിരിക്കണം. അങ്ങനെ, വിശ്വാസത്തിൻെറ വെളിച്ചത്തിൽ,(cf. എഫേ 1:18) സ്ത്രീക്ക് അവളുടെ ''മഹനീയത'', ''സ്വാതന്ത്ര്യം'', ''പുരോഗതി'' എന്നിവയുടെ നാട്യത്തിൽ യഥാർത്ഥമൂല്യങ്ങളെ എതിർക്കുന്ന എല്ലാററിൽനിന്നും വ്യക്തിയെന്ന നിലയിൽ സ്വന്തം മഹനീയതയോട് ശരിയായി പ്രതികരിക്കുന്നതെന്തെന്ന് തിരിച്ചറിയാൻ സാധിക്കും. ഈ കപടമൂല്യങ്ങളാണ് വ്യക്തിയുടെയും ചുററുപാടിൻെറയും സമൂഹത്തിൻെറയും സാൻമാർഗ്ഗികാധഃപതനത്തിനു കാരണം. ക്രിസ്തുവിൻെറയും സഭയുടെയും പ്രവാചകദൗത്യത്തിലുള്ള ക്രൈസ്തവ വനിതകളുടെ പങ്കാളിത്തംവഴി സാധ്യമാവുകയും ആവശ്യമായിത്തീരുകയും ചെയ്ത ഇങ്ങനെയുള്ള ''വിവേചിച്ചറിയൽ'' ചരിത്രത്തിലുടനീളം അടിയന്തര സ്വഭാവത്തോടെ തുടരുന്നു. പൗലോസ് അപ്പസ്തോലൻ പലപ്പോഴും പരാമർശിക്കുന്ന ഈ ''വിവേചിച്ചറിയൽ'' വിശ്വാസത്തിൻെറ വെളിച്ചത്തിൽ യാഥാർത്ഥ്യത്തെയും സംഭവങ്ങളെയും വിലയിരുത്തുകമാത്രമല്ല, പിന്നെയോ, സഭാജീവിത

www.malankaralibrary.com



ത്തിലും മാനവ സമൂഹത്തിലും അതു പ്രാവർത്തികമാക്കാനുള്ള ശരിയായ തീരുമാനവും കടമയും കൂടി ഉൾക്കൊള്ളുന്നു.

*സഭ ആധുനിക ലോകത്തിൽ* എന്ന കോൺസ്ററിറ്റ്യൂഷൻെറ രണ്ടാംഭാഗത്തു പരാമർശിക്കപ്പെടുന്നതും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നതും കാലക്രമത്തിൽ അന്തരം വരാത്തതുമായ ഇന്നത്തെ ലോകത്തിൻെറ പ്രശ്നങ്ങൾ, സ്ത്രീകളുടെ അതുല്യവും ആചാരാധിഷ്ഠിതവുമായ സംഭാവനകളോടുകൂടിയ അവരുടെ സാന്നിദ്ധ്യത്തിനും പ്രതിബദ്ധതയ്ക്കും സാക്ഷ്യം വഹിക്കണം.

പ്രത്യേകമായി, സ്ത്രീകളെ ഭരമേൽപ്പിച്ചിരിക്കുന്ന രണ്ടു വലിയ കർത്തവ്യങ്ങൾ ഏവരുടെയും ശ്രദ്ധയ്ക്കു വിഷയമാകേണ്ടതാണ്.

*ദാമ്പത്യജീവിതത്തിനും മാതൃത്വത്തിനും സമ്പൂർണ്ണ മഹനീയത നല്കണം* എന്നതാണ് ഒന്നാമത്തെ ചുമതല. ദാമ്പത്യജീവിതത്തിലും മാതൃത്വാനുഭവത്തിലും അന്തർഭവിച്ചിട്ടുള്ള മാനുഷികവും ക്രൈസ്തവികവുമായ മൂല്യങ്ങൾ കൂടുതൽ ആഴത്തിൽ മനസ്സിലാക്കാനും സമ്പന്നമായി സാക്ഷാൽക്കരിക്കാനും ആവശ്യമായ പുതിയ സാധ്യതകൾ ഇന്നു 'സ്ത്രീ'ക്ക് തുറന്നുകിട്ടിയിട്ടുണ്ട്. ഭർത്താവും പിതാവുമായ പുരുഷന് കുടുംബത്തിൽ മിക്കപ്പോഴും സന്നിഹിതനായിരിക്കാൻ കഴിയുകയില്ല. അതുപോലെതന്നെ പിതാവിൻേറതായ ചുമതലകൾ പൂർണ്ണമായി നിറവേററാനും കഴിയുകയില്ല. സ്ത്രീയുടെ ബുദ്ധിപൂർവവും സ്നേഹപൂർവവും സുനിശ്ചിതവുമായ ഇടപെടലുകൊണ്ട് ഇവയിൽ പുരുഷനെ സഹായിക്കാനാവും. അങ്ങനെ പുരുഷന് വ്യക്ത്യന്തരകൂട്ടായ്മയിൽ സുപ്രധാനവും നവീനവും ആയവിധം ഉൾച്ചേരാൻ സാധിക്കും.

സംസ്കാരത്തിൻെറ സാൻമാർഗ്ഗികമാനം, അതായത്, വ്യക്തിത്വത്തിനും വ്യക്തിപരവും സമൂഹപരവുമായ ജീവിതത്തിനും യോജിച്ച സംസ്കാരത്തിൻെറ മാനം,

www.malankaralibrary.com



ഉറപ്പുവരുത്താൻ സ്ത്രീകൾക്കുള്ള ചുമതലയാണ് രണ്ടാമത്തേത്. സംസ്കാരത്തിൻെറ സാൻമാർഗ്ഗികമാനത്തെ ക്രിസ്തുവിൻെറ രാജകീയദൗത്യത്തിലുള്ള പങ്കാളിത്തത്തോടു ബന്ധിപ്പിക്കാൻ രണ്ടാംവത്തിക്കാൻ സൂനഹദോസ് ശ്രമിക്കുന്നു. ''സാധാരണമായി പാപത്തിനു പ്രേരിപ്പിക്കുന്ന പ്രസ്ഥാനങ്ങൾക്കും സാഹചര്യങ്ങൾക്കും പരിഹാരമുണ്ടാക്കാൻ അല്മായർ സംഘടിതമായി പരിശ്രമിക്കട്ടെ. തൽഫലമായി ഇവയെല്ലാം പുണ്യാഭ്യസനത്തിനു വിഘ്നമാകാതെ നീതിയുടെ നിയമങ്ങൾക്കു യോജിച്ചതും അതിനു പ്രേരകവുമായിത്തീരും. അതുവഴി അല്മായർ മാനവസംസ്കാരത്തെയും പ്രവർത്തനങ്ങളെയും, ധാർമ്മിക മൂല്യങ്ങളാൽ പൂരിതമാക്കുകയാണു ചെയ്യുന്നത്''.[194]

രാഷ്ട്രീയസമൂഹങ്ങളുടെ ജീവിതത്തിലെ മാനുഷികമൂല്യങ്ങളുടെ വൈശിഷ്ട്യം കാത്തുസൂക്ഷിക്കുന്നതിനോടു ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ തികവോടും ഉത്തരവാദിത്വത്തോടുംകൂടി സ്ത്രീകൾ പങ്കെടുക്കുന്നതുകൊണ്ട്, സൂനഹദോസിൻെറ മേലുദ്ധരിച്ച വാക്കുകൾ സ്ത്രീകളുടെ പ്രേഷിതവൃത്തിയിലെ ഒരു പ്രധാന മണ്ഡലത്തിലേക്കാണ് വിരൽചൂണ്ടുന്നത്. സാമൂഹ്യ സാമ്പത്തികമാനംമുതൽ സാമൂഹ്യ രാഷ്ട്രീയമാനംവരെ ഉൾക്കൊള്ളുന്ന അത്തരം സമൂഹങ്ങളുടെ ജീവിതത്തിൻെറ എല്ലാ വശങ്ങളിലും സ്ത്രീയുടെ വ്യക്തിപരമായ മഹനീയതയും അവളുടെ പ്രത്യേകവിളിയും ആദരിക്കപ്പെടുകയും അഭിവൃദ്ധിപ്പെടുകയും വേണം. അതുപോലെതന്നെ, വ്യക്തിയേയും സമൂഹങ്ങളെയും സ്പർശിക്കുന്ന ജീവിത സാഹചര്യങ്ങളിൽമാത്രമല്ല, വൈയക്തികസ്വാതന്ത്ര്യത്തോടു ബന്ധപ്പെട്ടരീതികളിലും മാത്രമല്ല, പൗരനിയമം ഉറപ്പു നല്കുന്ന കാര്യങ്ങളിലും ഇത് അനുവർത്തിക്കപ്പെടണം.

''മനുഷ്യൻ ഏകാകിയായിരിക്കുന്നതു നന്നല്ല. അവനു ചേർന്ന ഇണയെ ഞാൻ നല്കും'' (ഉൽ 2:18). *സ്രഷ്ടാവായ ദൈവം മനുഷ്യജീവിയെ സ്ത്രീക്ക് ഏല്പിച്ചു*

www.malankaralibrary.com



*കൊടുത്തു.* തീർച്ചയായും ഓരോ മനുഷ്യജീവിയേയും മററൊരു മനുഷ്യജീവിയ്ക്ക് ഭരമേല്പിച്ചുകൊടുത്തിരിക്കുകയാണ്. എന്നാൽ മനുഷ്യജീവിയെ സവിശേഷമാം വിധം സ്ത്രീക്കു ഭരമേല്പിച്ചുകൊടുത്തിരിക്കുകയാണ്. കാരണം, മാതൃത്വത്തിന്റെ പ്രത്യേക അനുഭവത്താൽ മനുഷ്യവ്യക്തിയോടും ജീവിതത്തിന്റെ അടിസ്ഥാനമൂല്യം തുടങ്ങി വ്യക്തിയുടെ യഥാർത്ഥക്ഷേമം നേടിയെടുക്കുന്ന എല്ലാററിനോടും സ്ത്രീക്കു *സവിശേഷമായ ഒരു സംവേദനശക്തിയുണ്ട്.* ഈ മണ്ഡലത്തിൽ സ്ത്രീക്കുള്ള ഉത്തരവാദിത്വങ്ങളുടെ സാധ്യതകളും എത്ര വലുതാണ്! പ്രത്യേകിച്ച് ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വികസനം പലപ്പോഴും യഥാർത്ഥവിജ്ഞാനത്തിൽ പ്രചോദിതമാകാതെയും നിർണ്ണയിക്കപ്പെടാതെയുമിരിക്കുന്ന ഇക്കാലത്ത്, ശാസ്ത്ര സാങ്കേതിക വളർച്ച, മനുഷ്യജീവിതത്തെ മനുഷ്യത്വരഹിതമാക്കിയിരിക്കുന്ന ഈ വിപൽസന്ധിയിൽ കൂടുതൽ തീവ്രമായ സ്നേഹവും കൂടുതൽ ഉദാരമായ സ്വീകരണവും ആവശ്യകമായിരിക്കുകയാണ്.

സഭയുടെയും സമൂഹത്തിന്റെയും ജീവിതത്തിൽ, സ്ത്രീക്കുള്ള പങ്കാളിത്തം അവർക്കു ലഭിച്ച ദാനങ്ങൾ പങ്കിടുകവഴി, വ്യക്തിപരമായ സാക്ഷാൽക്കാരത്തിന് ആവശ്യകമായ ഒരു മാർഗ്ഗമായിത്തീരുന്നു. ഈ സാക്ഷാൽക്കാരം ഇന്നു പലരും ഊന്നിപ്പറയുന്നുണ്ട്. മാത്രമല്ല, സഭാസമൂഹത്തെ സമ്പന്നമാക്കാനും ദൈവജനത്തിന്റെ പ്രേഷിതവൃത്തിയിൽ ഉണർവുണ്ടാക്കാനും ഈ മൗലികസംഭാവന ആവശ്യമാണ്.

ഇങ്ങനെ നോക്കുമ്പോൾ, സ്ത്രീയുടെ സാന്നിദ്ധ്യത്തോടൊപ്പം പുരുഷന്റെ സാന്നിദ്ധ്യവും പരിഗണിക്കപ്പെടേണ്ടതാണ്.

## സ്ത്രീകളോടൊത്തുള്ള പുരുഷൻമാരുടെ സാന്നിദ്ധ്യവും സഹവർത്തിത്വവും

52. സ്ത്രീകളുടെ പദവിക്കും പങ്കിനും അമിതപ്രാധാന്യം

www.malankaralibrary.com



കല്പിച്ചാൽ *പുരുഷൻ* അസ്വീകാര്യമായ ഉപേക്ഷയ്ക്കു വിഷയമാകുമെന്ന ഭീതി സിനഡിൽ പലരും പ്രകടിപ്പിക്കുകയുണ്ടായി. വാസ്തവത്തിൽ സഭയിലെ ചില മണ്ഡലങ്ങളിൽ പുരുഷൻമാർ വേണ്ടത്ര സന്നിഹിതരാവുകയോ സഹകരിക്കുകയോ ചെയ്യുന്നില്ല എന്നതിൽ സഭ ഖേദിക്കേണ്ടിയിരിക്കുന്നു. അവരിൽ ചിലരാകട്ടെ, തങ്ങൾക്ക് സഭയിലുള്ള ഉത്തരവാദിത്വങ്ങൾ സ്ത്രീകൾക്കായി മാററിവച്ചുകൊണ്ട് അവയെ കൈവെടിയുന്നു. സഭയിലെ ആരാധനക്രമങ്ങളിലുള്ള പങ്കാളിത്തം, വിദ്യാഭ്യാസം, പ്രത്യേകിച്ച് സ്വന്തം മക്കളുടെയും ഇതര കുട്ടികളുടെയും മതബോധനം, മതപരവും സാംസ്കാരികവുമായ സമ്മേളനങ്ങളിലെ സാന്നിദ്ധ്യം, പരസ്നേഹപരവും പ്രേഷിതാത്മകവുമായ സഹവർത്തിത്വം ഇവയാണ് മേല്പറഞ്ഞതിൻെറ ഉദാഹരണങ്ങൾ.

അതുകൊണ്ടു പുരുഷൻമാരുടെയും സ്ത്രീകളുടെയും സംയുക്തസാന്നിദ്ധ്യം അജപാലകർ ഉറപ്പുവരുത്തണം. അങ്ങനെ സഭയുടെ രക്ഷാകരദൗത്യത്തിലുള്ള അല്മായരുടെ പങ്കാളിത്തം കൂടുതൽ സമ്പന്നമായും സമ്പൂർണ്ണമായും സന്തുലിതമായും പ്രാവർത്തികമാകും.

സ്ത്രീപുരുഷൻമാരുടെ സാന്നിദ്ധ്യവും സഹവർത്തിത്വവും ആവശ്യകമാക്കുകയും വിശദമാക്കുകയും ചെയ്യുന്നതിൻെറ അടിസ്ഥാനകാരണം, മുകളിൽ ഊന്നിപ്പറഞ്ഞതുപോലെ സഭയുടെ അജപാലനപ്രവർത്തനങ്ങൾക്ക് അത് കൂടുതൽ കാര്യക്ഷമതയും അർത്ഥവും നല്കുന്ന മുഖ്യഉറവിടമാണ് എന്നതുമാത്രമല്ല. മനുഷ്യജീവികളെന്ന നിലയിൽ സ്ത്രീയും പുരുഷനും ഒന്നിച്ചു ജീവിതം പങ്കിടുന്നത് സ്വാഭാവികമാണെന്ന സാമൂഹിക വസ്തുതപോലും തക്കതായ കാരണമല്ല, പ്രത്യുത മനുഷ്യജീവി ''ദ്വിത്വാത്മകമായ ഐക്യം'' ആയിരിക്കണമെന്ന് ''ആദിയിലേ'' തന്നെ നിശ്ചയിച്ച സ്രഷ്ടാവിൻെറ മൂലപദ്ധതിയാണ് അതിൻെറ അടിസ്ഥാനകാരണം. സ്ത്രീയും പുരുഷനും മററെല്ലാ സമൂഹങ്ങളുടെയും സ്രോതസ്സായ പ്രാഥമികവ്യക്തിസമൂഹമായിരിക്കണമെന്ന് സ്രഷ്ടാവ് തിരുമനസ്സായി. ത്രിത്വത്തിൽ

www.malankaralibrary.com



ഒന്നായിരിക്കുന്ന ദൈവത്തിന്റെ രഹസ്യാത്മകവും സ്നേഹാധിഷ്ഠിതവുമായ ജീവിതത്തെ നിർണ്ണയിക്കുന്ന വ്യക്ത്യന്തരസ്നേഹൈക്യത്തിന് അവർ അടയാളമായിരിക്കേണ്ടതിനാണിത്.

കൃത്യമായും ഇക്കാരണത്താൽ, സഭാജീവിതത്തിലും ദൗത്യത്തിലും സ്ത്രീപുരുഷൻമാരുടെ സംയോജിതവും ഇണങ്ങിച്ചേർന്നതുമായ സാന്നിദ്ധ്യം ഉറപ്പുവരുത്താനുള്ള ഏററവും സർവസാധാരണവും വ്യാപകവും അതേസമയം അടിസ്ഥാനപരവുമായ മാർഗ്ഗം ദമ്പതിമാർക്കും ക്രൈസ്തവ കുടുംബങ്ങൾക്കും ഉചിതമായ കർത്തവ്യങ്ങളുടെയും ചുമതലകളുടെയും സാക്ഷാത്കാരമാണ്. അതിനാൽ, ദാമ്പത്യപരവും മാതൃപിതൃസഹജവും പുത്രസഹജവും കുടുംബപരവുമായ ജീവിതത്തിന്റെയും സ്നേഹത്തിന്റെയും ബഹുമുഖമായ രീതികൾ അതിൽ കാണപ്പെടുകയും വിനിമയം ചെയ്യപ്പെടുകയും ചെയ്യുന്നു. *കുടുംബം ഒരു കൂട്ടായ്മ* എന്ന ആഹ്വാനത്തിൽ നാം ഇങ്ങനെ വായിക്കുന്നു; ''വിശ്വാസവും കൂദാശകളുംവഴി ബന്ധങ്ങളെ ക്രിസ്തു നവീകരിക്കുന്ന സമൂഹമാണ് ക്രൈസ്തവകുടുംബം. അതുകൊണ്ട്, സഭാദൗത്യത്തിൽ കുടുംബത്തിന്റെ പങ്കാളിത്തം *ഒരു സമൂഹത്തിന്റെ മാതൃകയിലാകണം.* ഭാര്യാഭർത്താക്കൻമാർചേർന്ന് ദമ്പതികളും, മാതാപിതാക്കൻമാരും മക്കളും ചേർന്ന് *കുടുംബവും* ആയിത്തീരുന്നു. അവർ സഭയുടെയും ലോകത്തിന്റെയും സേവനത്തിനായി ജീവിക്കണം. ദൈവരാജ്യത്തിന്റെ *ജീവിതാവസ്ഥ* വേർതിരിച്ചു കാണിക്കുകയും അതിനോടു ബന്ധപ്പെടുകയും ചെയ്യുന്ന അനുദിന യാഥാർത്ഥ്യങ്ങൾവഴി ക്രൈസ്തവകുടുംബചരിത്രത്തിൽ ദൈവരാജ്യം പണിതുയർത്തുന്നു. ***ഭാര്യാഭർത്താക്കൻമാർ തമ്മിലുള്ള സ്നേഹത്തിൽ***—സമ്പൂർണ്ണത, ഐക്യം, വിശ്വസ്തത, ഫലദായകത്വം എന്നീ ആവശ്യകതകളെയും മൂല്യങ്ങളെയും സമ്പന്നമായി പ്രകാശിപ്പിക്കുന്ന സ്നേഹം—ആണ് യേശുക്രിസ്തുവിന്റെയും അവിടുത്തെസഭയുടെയും പൗരോഹിത്യ, പ്രവാചക,രാജകീയ ദൗത്യത്തിലുള്ള

www.malankaralibrary.com



ക്രൈസ്തവകുടുംബത്തിന്റെ പങ്കാളിത്തം പ്രകടവും സാക്ഷാത്കൃതവും ആകുന്നത്''.[195]

ഇങ്ങനെ നോക്കുമ്പോൾ സ്ത്രീയും പുരുഷനും തമ്മിലുള്ള എല്ലാ ബന്ധങ്ങളെയും പ്രകാശിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യാൻ വിവാഹം എന്ന കൂദാശയ്ക്ക് സഭയിലും സമൂഹത്തിലും ഉണ്ടായിരിക്കേണ്ട പ്രസക്തി സിനഡുപിതാക്കൻമാർ അനുസ്മരിക്കുകയുണ്ടായി. ഇതു സംബന്ധമായി, ''സ്ത്രീപുരുഷൻമാരുടെ ബന്ധത്തിൽ അടങ്ങിയിരിക്കുന്ന പ്രത്യാശയുടെ സന്ദേശം ഓരോ ക്രൈസ്തവനും പ്രഖ്യാപിക്കാനും പ്രാവർത്തികമാക്കാനും വേണ്ട അടിയന്തരാവശ്യം'' അവർ എടുത്തുകാട്ടി. ദാമ്പത്യരൂപേണയുള്ള സ്ത്രീപുരുഷബന്ധം പവിത്രീകരിക്കുകയും ക്രിസ്തുവിനു സഭയോടുള്ള ബന്ധത്തിന്റെ അടയാളമാക്കുകയും ചെയ്യുന്ന വിവാഹം എന്ന കൂദാശ സഭാജീവിതത്തിനുവേണ്ട സുപ്രധാനമായൊരു പ്രബോധനം ഉൾക്കൊള്ളുന്നുണ്ട് —സഭയിലൂടെ ഇന്നത്തെ ലോകത്തിൽ ചെന്നെത്തേണ്ട ഒരു പ്രബോധനം; സ്ത്രീപുരുഷൻമാർ തമ്മിലുള്ള എല്ലാ ബന്ധങ്ങളും ഇതിന്റെ ചൈതന്യത്താൽ പൂരിതമായിരിക്കണം. ഇവിടെ കണ്ടെത്തുന്ന സമ്പന്നതയെ സഭ സമ്പൂർണ്ണമായി ആശ്രയിക്കണം''.[196] അതേ സഭാപിതാക്കൻമാർതന്നെ ന്യായമായി ഒരു കാര്യം എടുത്തുപറഞ്ഞു. ''കന്യകാത്വത്തോടുള്ള ബഹുമാനവും മാതൃത്വത്തോടുള്ള ആദരവും പുനഃസ്ഥാപിക്കപ്പെടണം''.[197] വീണ്ടും സഭാസമൂഹത്തിന്റെ സജീവസാഹചര്യങ്ങളിലും, അതിന്റെ അനുസ്യൂത വളർച്ചയ്ക്കുവേണ്ടിയുള്ള സേവനങ്ങളിലും വിവിധങ്ങളും അനുപൂരകങ്ങളുമായ വിളികളുടെ പുരോഗതിക്കുവേണ്ടി അവർ ആഹ്വാനം ചെയ്തു.

## രോഗികളും പീഡിതരും

53. ജനങ്ങൾ സന്തോഷത്തിലേക്കാണു വിളിക്കപ്പെട്ടിരിക്കുന്നത്. എന്നിരുന്നാലും ഓരോ ദിവസവും പലതരത്തിലുള്ള സഹനവും വേദനയും അവർ അനുഭവിക്കുന്നു. പല

www.malankaralibrary.com



തരം സഹനവും വേദനയും അനുഭവിക്കുന്ന സ്ത്രീപുരുഷ ന്മാരോടായി സിനഡുപിതാക്കന്മാർ അവസാന സന്ദേശത്തിൽ ഇങ്ങനെ പറഞ്ഞു: ''പരിത്യക്തരും ഉപഭോക്തൃ സമൂഹത്തിന്റെ അതിരുകളിലേക്കു തള്ളിനീക്കപ്പെട്ടവരുമാണ് നിങ്ങൾ; രോഗികളും അവശതയനുഭവിക്കുന്നവരും കുടിയേററക്കാരും തടവുകാരും അഭയാർത്ഥികളും തൊഴിൽരഹിതരും ഉപേക്ഷിക്കപ്പെട്ട കുട്ടികളും ഏകാന്തതയനുഭവിക്കുന്ന വൃദ്ധജനങ്ങളുമാണ് നിങ്ങൾ, യുദ്ധത്തിനും എല്ലാത്തരം അക്രമങ്ങൾക്കും ഇരയായവരാണു നിങ്ങൾ; നിങ്ങളുടെ സഹനത്തിൽ താൻ പങ്കുചേരുന്നുവെന്ന് സഭ നിങ്ങളെ അനുസ്മരിപ്പിക്കുന്നു. സഭ അതു കർത്താവിനു സമർപ്പിക്കുന്നു-അവിടുന്നാകട്ടെ അത് രക്ഷാകരമായ തന്റെ സഹനത്തോടു യോജിപ്പിക്കുന്നു. അവിടുത്തെ ഉയിർപ്പിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ജീവനിലേക്കു പ്രവേശിച്ചിരിക്കുന്നു. സ്നേഹമെന്തെന്ന് ലോകത്തെ പഠിപ്പിക്കാൻ നിങ്ങളെ ഞങ്ങൾക്കാവശ്യമുണ്ട്. സഭയിലും സമൂഹത്തിലും നിങ്ങൾക്കു ലഭിക്കേണ്ട ന്യായമായ സ്ഥാനം കണ്ടെത്താൻവേണ്ടി ഞങ്ങൾ കഴിവുള്ളതൊക്കെ ചെയ്യും''.[198]

മനുഷ്യദുരിതം എന്ന അനന്തമായ ലോകത്തിന്റെ സാഹചര്യത്തിൽ, പലവിധ രോഗങ്ങളാൽ ക്ലേശിക്കുന്നവരിലേക്ക് നമ്മുടെ ശ്രദ്ധ ഇപ്പോൾ തിരിക്കാം. മനുഷ്യസഹനത്തിന്റെ സർവ്വസാധാരണരൂപവും സന്തതസഹചാരിയുമാണു രോഗം.

കർത്താവിന്റെ ക്ഷണം ഓരോരുത്തർക്കും ഉള്ളതാണ്. *തന്റെ മുന്തിരിത്തോട്ടത്തിലേക്ക് ജോലിക്കാരായി അവിടുന്ന് രോഗികളെപ്പോലും അയയ്ക്കുന്നു.* ശരീരാവയവങ്ങളെ തളർത്തുന്നതും ആത്മശാന്തതയെ രൂപീകരിക്കുന്നതുമായ ഭാരം മുന്തിരിത്തോട്ടത്തിൽ ജോലി ചെയ്യുന്നതിൽനിന്ന് ആരെയും ഒഴിവാക്കുന്നില്ല. നേരെമറിച്ച് മാനുഷികവും ക്രൈസ്തവികവുമായ വിളിക്കൊത്തു ജീവിക്കാനും *നവീനവും വിലയേറിയതുമായവിധം* ദൈവരാജ്യത്തിന്റെ വളർ

www.malankaralibrary.com



ച്ചയിൽ പങ്കെടുക്കാനും രോഗികൾ വിളിക്കപ്പെട്ടിരിക്കുന്നു. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ അവരുടെ ജീവിതവീക്ഷണമായി ഭവിക്കട്ടെ. കൂടുതൽ നന്മയ്ക്ക്, അവരുടെ രോഗസാഹചര്യത്തിൽ കൃപാവരത്തിന്റെ അർത്ഥം കാണാൻ കഴിയുന്ന വെളിച്ചം ചൊരിയട്ടെ: ''സഭയാകുന്ന തന്റെ ശരീരത്തെ പ്രതി ക്രിസ്തുവിനു സഹിക്കേണ്ടിവന്ന പീഡകളുടെ കുറവ് എന്റെ ശരീരത്തിൽ ഞാൻ നികത്തുന്നു'' (കൊളോ. 1:24). ഈ ബോധ്യമുള്ളതിനാൽ അപ്പസ്തോലൻ ആഹ്ളാദഭരിതനാകുന്നു ''നിങ്ങളെ പ്രതിയുള്ള പീഡകളിൽ ഞാൻ സന്തോഷിക്കുന്നു'' (കൊളോ 1:24). ഇപ്രകാരം രോഗികളായ പലർക്കും ക്ലേശങ്ങൾക്കിടയിലും പരിശുദ്ധാത്മാവിനാൽ പ്രചോദിതമായ ആനന്ദവാഹകർ (1 തെസ 1:6) ആകാനും യേശുവിന്റെ ഉയിർപ്പിന്റെ സാക്ഷികളാകാനും കഴിയും. ശാരീരിക വൈകല്യമുള്ള ഒരു വ്യക്തി ഈ വികാരങ്ങൾ സിനഡ്ഹാളിൽ ഇങ്ങനെ പ്രകടമാക്കി. ''രോഗസാഹചര്യങ്ങളിലും, വേദനയിലും, വാർദ്ധക്യത്തിലും ജീവിക്കുന്ന ക്രൈസ്തവർ തങ്ങളുടെ സഹനം ക്രിസ്തുവിന്റെ പീഡകളോടുകൂടി ചേർക്കാൻ മാത്രമല്ല, നവീകരണത്തിന്റെ ശക്തിയും ഉത്ഥിതനായ ക്രിസ്തുവിന്റെ ആനന്ദവും ഇപ്പോൾ തങ്ങളിൽ സ്ഥിരീകരിക്കാനും മററുള്ളവരിലേക്കു പകരാനുംവേണ്ടി ദൈവം വിളിച്ചിരിക്കുന്നു എന്നു വ്യക്തമാക്കുക സുപ്രധാനമാണ്'' (cf. 2 കോറി 4:10-11; 1 പത്രോ 4:13; റോമാ 8:18 ff).[199]

സഭയുടെ ഭാഗത്താകട്ടെ നാം *രക്ഷാകരമായ സഹനം* (Salvifici Doloris) എന്ന അപ്പസ്തോലിക ലേഖനത്തിൽ പ്രതിപാദിക്കുന്നതുപോലെ, ''ക്രിസ്തുവിന്റെ കുരിശിൽ രക്ഷാരഹസ്യത്തിൽ ജന്മമെടുത്ത സഭ സഹനത്തിന്റെ പാതയിൽ മനുഷ്യനെ സവിശേഷമാംവിധം കണ്ടുമുട്ടാൻ ശ്രമിക്കേണ്ടതുണ്ട്. ഈ കൂടിക്കാഴ്ചയിൽ മനുഷ്യൻ സഭയ്ക്കു മാർഗ്ഗമായി ഭവിക്കുന്നു. ഇത് ഏററവും പ്രധാന പാതകളിലൊന്നാണുതാനും''.[200] ഇത്തരുണത്തിൽ *സഹിക്കുന്ന വ്യക്തി സഭയുടെ പാതയാണ്*. കാരണം, ആ വ്യ

www.malankaralibrary.com



ക്തി പ്രഥമതഃ നല്ല സമറായനായ ക്രിസ്തുവിന്റെ തന്നെ പാതയാണ്. ''കടന്നുപോകാത്ത'', ''അവനെ കണ്ടു മനസ്സലിഞ്ഞ, അവന്റെ അടത്തുചെന്ന്...അവന്റെ മുറിവുകരം വച്ചുകെട്ടിയ... അവനെ പരിചരിച്ച'' (ലൂക്കാ 10: 32-34) നല്ല സമരിയാക്കാരനായ ക്രിസ്തുവിന്റെ പാത.

നൂററാണ്ടുകളായി ക്രൈസ്തവസമൂഹം അതിന്റെ സൗഖ്യദായകമായ സ്നേഹവും, ക്രിസ്തുവിന്റെ സാന്ത്വനവും വെളിപ്പെടുത്തിയും പകർന്നുകൊടുത്തും, രോഗികളും വേദന അനുഭവിക്കുന്നവരുമായ അസംഖ്യം ആളുകളെ പരിചരിച്ചുകൊണ്ട് സുവിശേഷത്തിലെ നല്ല സമരിയാക്കാരന്റെ കഥ വീണ്ടും പ്രാവർത്തികമാക്കുകയാണ്. രോഗികളും വേദനയനുഭവിക്കുന്നവരുമായ ആളുകളുടെ പരിചരണം ഏറെറടുത്തവരുടെ അക്ഷീണമായ പ്രതിബദ്ധതയിലാണ് ഇതു സാധിക്കുന്നത്. ശാസ്ത്രത്തിന്റെയും വൈദ്യശാസ്ത്രവിദ്യകളുടെയും സംഭാവനകളും ആരോഗ്യ പ്രവർത്തകരുടെ വിദഗ്ധവും ഉദാരവുമായ സേവനവും ഇതിന്റെ പിന്നിലുണ്ട്. കത്തോലിക്കാ ആശുപത്രികളിലും ആരോഗ്യസംരക്ഷണകേന്ദ്രങ്ങളിലും സേവനം അനുഷ്ഠിക്കുന്ന അല്മായ സ്ത്രീ പുരുഷൻമാരുടെ എണ്ണം ഇന്നു വർദ്ധിച്ചിട്ടുണ്ട്. ചിലപ്പോരം ഇത്തരം സ്ഥാപനങ്ങളിലുള്ള അല്മായവിശ്വാസികളുടെ സാന്നിദ്ധ്യം സമ്പൂർണ്ണവും ഏകാഗ്രവുമായ ഒരു സമർപ്പണമാകുന്നു.

ഡോക്ടർമാർ, നഴ്സുമാർ, ഇതര ആരോഗ്യ പരിരക്ഷകർ, സന്നദ്ധശുശ്രൂഷകർ എന്നീ നിലകളിലുള്ള ഇത്തരം ആളുകരംക്കാണ് രോഗികളോടും വേദന അനുഭവിക്കുന്നവരോടും സ്നേഹം പ്രകടിപ്പിക്കുന്നതുവഴി യേശുക്രിസ്തുവിന്റെയും സഭയുടെയും സജീവ അടയാളമായി തങ്ങളുടെ ജീവിതവിളിയെ മാററുവാൻ കഴിയുന്നത്.

## നവീകൃതമായ അജപാലനപ്രവർത്തനം

54. ''ശരീരത്തിന്റെയും ആത്മാവിന്റെയും വൈദ്യ

www.malankaralibrary.com



നായ''[201] യേശുക്രിസ്തുവിൽനിന്ന് സഭയ്ക്കു ലഭിച്ച ഈ അമൂല്യ പൈതൃകം ഒരിക്കലും ഒളിമങ്ങരുത്. പ്രത്യുത, *രോഗികൾക്കും വേദന സഹിക്കുന്നവർക്കും വേണ്ടിയും, അവരോട് ചേർന്നുള്ള നവീനവും നിർണ്ണായകവുമായ അജപാലന പ്രവർത്തനം* എപ്പോഴും കൂടുതൽ വിലപ്പെട്ടതും സമ്പന്നവുമായി ഭവിക്കണം. രോഗത്തിലും, ദുരിതത്തിലും മധ്യേ, ജീവിതത്തിലുള്ള വിശ്വാസവും പിതാവെന്ന നിലയിലുള്ള അവിടുത്തെ സ്നേഹവും തീവ്രമായി പരീക്ഷിക്കപ്പെടുന്ന അവസരങ്ങളിൽ സാമീപ്യം കൊണ്ടും സാന്നിധ്യം കൊണ്ടും ശ്രവണംകൊണ്ടും സംഭാഷണം കൊണ്ടും പങ്കുവയ്ക്കൽ കൊണ്ടും അവരെ ആത്മാർത്ഥമായി സഹായിക്കാൻ ആതുര ശുശ്രൂഷാപ്രവർത്തനങ്ങൾ കഴിവുററതായിരിക്കണം.

സഭാ സമൂഹത്തിന്റെ എല്ലാ ഘടകങ്ങളെയും സഹകരിപ്പിച്ചു കൊണ്ടുള്ള നവീകൃതവും തീവ്രവും ആയ ഈ അജപാലനപ്രവർത്തനത്തിന്റെ അടിസ്ഥാനലക്ഷ്യങ്ങളിലൊന്ന് ആതുരരെയും അവശതയനുഭവിക്കുന്നവരെയും, സഹിക്കുന്നവരെയും സഭയുടെ സ്നേഹവും ശുശ്രൂഷയും *അർഹിക്കുന്നവരായിമാത്രം* കാണാതെ *സുവിശേഷവത്കരണത്തിലും രക്ഷാകർമ്മത്തിലും ഉത്തരവാദിത്വമുള്ള സജീവ പങ്കാളികളായി കാണുകയാണ്*. ഈ വീക്ഷണമനുസരിച്ച് സഭ ചെയ്യേണ്ടത് മനുഷ്യസഹനത്തെക്കുറിച്ചുള്ള അവബോധം നഷ്ടപ്പെട്ടതും ജീവിതത്തിന്റെ കടുത്തയാഥാർത്ഥ്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനുപോലും വിലക്കു കല്പിച്ചിട്ടുള്ളതുമായ ഒരു സമൂഹത്തിലും സംസ്കാരത്തിലും സുവിശേഷം വീണ്ടും മുഴങ്ങിക്കേൾക്കാൻ കളമൊരുക്കുകയാണ്. സഹനത്തിന് വ്യക്തിയേയും സമൂഹത്തെയും സംബന്ധിച്ചിടത്തോളം ഒരു ഭാവാത്മകമായ അർത്ഥംപോലുമുണ്ടെന്ന പ്രഖ്യാപനമാണ് ഈ സദ്വാർത്ത. കാരണം, ക്രിസ്തുവിന്റെ രക്ഷാകരമായ സഹനത്തിലും അവിടുത്തെ ഉയിർപ്പിന്റെ സന്തോഷത്തിലും പങ്കാളികളാകാനും അതുവഴി സഭയെ പണിതുയർത്താനും വിശുദ്ധീകരിക്കാനു

www.malankaralibrary.com



മുള്ള ശക്തിയായിത്തീരാനും ഓരോ വ്യക്തിയും വിളിക്കപ്പെട്ടിരിക്കുകയാണല്ലോ.

ഈ സദ്വാർത്തയുടെ പ്രഘോഷണം വിശ്വാസ്യത നേടുന്നത്, അതു വാക്കുകളിൽ മാത്രം പ്രകാശിക്കുമ്പോഴല്ല, പിന്നയോ ജീവിതസാക്ഷ്യത്തിൽ പ്രകടിപ്പിക്കുമ്പോഴാണ്. രോഗികളെയും, വികലാംഗരെയും, വേദന അനുഭവിക്കുന്നവരെയും സ്നേഹപൂർവ്വം പരിചരിക്കുന്നവരുടെ കാര്യത്തിൽ മാത്രമല്ല, സഭയ്ക്കുള്ളിലും സഭയ്ക്കുവേണ്ടിയും തങ്ങൾക്കുള്ള കർത്തവ്യത്തെയും സ്ഥാനത്തെയും പററി കൂടുതൽ കൂടുതൽ അവബോധവും ചുമതലാബോധവും ഉള്ള രോഗികളെ സംബന്ധിച്ച് തന്നെയും ഇതു വാസ്തവമാണ്.

മനുഷ്യവേദനയുടേതായ ഈ വിശാല ലോകത്തിൽ ''സ്നേഹസംസ്കാരം'' തഴച്ചു വളർന്നു ഫലമണിയുന്നതിനുവേണ്ടി *രക്ഷാകരമായ സഹനം* (Salvifici Doloris) എന്ന അപ്പസ്തോലികലേഖനം ആവർത്തിച്ചു വായിക്കാനും ധ്യാനിക്കാനും ഞാൻ ഏവരെയും ക്ഷണിക്കുന്നു. അതിൻെറ സമാപന ഭാഗത്തുനിന്നു വീണ്ടും ചില വരികൾ സന്തോഷപൂർവ്വം ഞാൻ ഉദ്ധരിക്കട്ടെ ''കാൽവരി മലയിലെ കുരിശിൻ ചുവട്ടിൽ, സഹിക്കുന്നവരായ ക്രിസ്തുവിശ്വാസികളേവരും, പ്രത്യേകിച്ച് ക്രൂശിതനായി ഉത്ഥാനം ചെയ്തവനെ പ്രതി സഹിക്കുന്നവർ ഏവരും അരൂപിയിൽ ഒത്തുചേരട്ടെ. അങ്ങനെ അവരുടെ സഹനങ്ങളുടെ സമർപ്പണം ഏവരും ഒന്നായിത്തീരണമെന്ന രക്ഷകൻെറ തന്നെ പ്രാർത്ഥന വേഗം ഫലമണിയുന്നതിന് ഇടയാകട്ടെ. കുരിശിൻ ചുവട്ടിൽ സന്മനസ്സുള്ള എല്ലാ മനുഷ്യരും ഒത്തുചേരട്ടെ. കാരണം, കുരിശിൽ കിടക്കുന്നത് ''മനുഷ്യരക്ഷകൻ' ആണ്; സങ്കടങ്ങളുടെ മനുഷ്യൻ, എക്കാലത്തുമുള്ള ജനങ്ങളുടെ ശാരീരികവും ധാർമ്മികവുമായ എല്ലാ വേദനകളും വഹിക്കുന്നവൻ, അവൻെറ സന്നിധാനത്തിൽ അവർ തങ്ങളുടെ സങ്കടത്തിന് രക്ഷാകരമായ അർത്ഥവും എല്ലാ

www.malankaralibrary.com



പ്രശ്നങ്ങൾക്കും യഥാർത്ഥമായ പ്രതിവിധികളും *സ്നേഹത്തിൽ* കണ്ടെത്തട്ടെ.

*കുരിശിൻ ചുവട്ടിൽ നിന്ന* ക്രിസ്തുവിൻെറ അമ്മയായ *മറിയത്തോടൊപ്പം* ഇന്നത്തെ മനുഷ്യൻെറ എല്ലാ കുരിശുകളോടും ചേർന്ന് ഞങ്ങൾ നില്ക്കുന്നു. *സഹിക്കുന്ന ഏവരോടും* ഞങ്ങളെ സഹായിക്കാൻ അഭ്യർത്ഥിക്കുന്നു. സഭയുടെയും മനുഷ്യരാശിയുടെയും *ശക്തി ഉസ്രോതസ്സായിരിക്കാൻ* ബലഹീനരായ നിങ്ങളോടുതന്നെ അഭ്യർത്ഥിക്കുന്നു. നമ്മുടെ കൺമുൻപിൽ ആധുനിക ലോകം കാണിച്ചുതരുന്ന നന്മതിന്മകളുടെ ശക്തികൾ തമ്മിലുള്ള ഭയജനകമായ പോരാട്ടത്തിൽ, ക്രിസ്തുവിൻെറ കുരിശിനോടു കൂട്ടിയോജിപ്പിച്ച് നിങ്ങളുടെ സഹനങ്ങൾ വിജയമകുടം അണിയട്ടെ''. [202]

## ജീവിതാവസ്ഥകളും വിളികളും

55. ദൈവജനത്തിൻെറ അംഗങ്ങളായ വൈദികരും സന്യസ്തരും, അല്മായവിശ്വാസികളും എല്ലാം മുന്തിരിത്തോട്ടത്തിലെ ജോലിക്കാരാണ്. ഒരേസമയം അവരെല്ലാവരും സഭാകൂട്ടായ്മയുടെയും, രക്ഷാകരദൗത്യ പങ്കാളിത്തത്തിൻെറയും ലക്ഷ്യവും വിഷയവുമാണ്. വിവിധവും അനുപൂരകവുമായ വരസിദ്ധിയും ശുശ്രൂഷയും ഉള്ള നാം ഓരോരുത്തരും കർത്താവിൻെറ ഒരേ മുന്തിരിത്തോട്ടത്തിലാണ് ജോലിചെയ്യുന്നത്.

ക്രൈസ്തവൻെറ ജോലി യഥാർത്ഥത്തിൽ *ചെയ്യുന്നതിനു* മുൻപുതന്നെ, ക്രിസ്ത്യാനിയായിരിക്കുന്നതുകൊണ്ടുമാത്രം, ഏവരും ക്രിസ്തുവാകുന്ന ഫലദായകമായ മുന്തിരിച്ചെടിയുടെ ശാഖകളാണ്. പരിശുദ്ധാരൂപിയുടെ ശക്തിയിൽ പണിയപ്പെട്ട കർത്താവിൻെറ ഏകശരീരത്തിലെ ,സജീവാവയങ്ങളാണ് എല്ലാവരും. ക്രൈസ്തവൻ ''ആയിരിക്കുക'' എന്നതിൻെറ പ്രാധാന്യം കൃപാവരജീവിതത്തിൽനിന്നോ പരിശുദ്ധസഭാമാതാവിൻെറ

www.malankaralibrary.com



അപ്പസ്തോലികവും പ്രേഷിതവുമായ ഫലദായകത്വ ത്തിന്റെ പ്രാഥമിക ഉറവിടമായ വിശുദ്ധിയിൽനിന്നോ മാത്രമല്ല, ആഗമിക്കുന്നത്. വൈദികർ, സന്യസ്തർ, സന്യ സ്തേതര സഭാംഗങ്ങൾ, അല്മായവിശ്വാസികൾ എന്നിവ രുടെ ജീവിതാന്തസ്സിൽ നിന്ന് കൂടിയുമാണിത് സാർത്ഥ കമാകുന്നത്.

സഭാ കൂട്ടായ്മയിൽ, ഒന്ന് മറ്റൊന്നിനു വേണ്ടിയെന്ന വണ്ണമുള്ള ജീവിതാവസ്ഥകൾ, പരസ്പരം ബന്ധിക്കപ്പെ ട്ടിരിക്കുന്നു. അവയ്ക്കെല്ലാം പൊതുവായി ആഗാധമായ ഒരു അടിസ്ഥാന തത്ത്വമുണ്ട്. *സ്നേഹത്തിന്റെ തിക വിൽ, വിശുദ്ധിയിലേക്കുള്ള സാർവത്രിക വിളിയും പൊതുവായി പങ്കുവയ്ക്കുന്ന ക്രൈസ്തവ മഹനീയത യും ജീവിതത്തിൽ കാണിച്ചു കൊടുക്കാനുള്ള മാതൃക എന്ന നിലയിലുള്ള തത്ത്വം. അവ പലതാണ്; എങ്കിലും പരസ്പര പൂരകങ്ങളാണ്.* ഓരോന്നിനും അടിസ്ഥാന പരവും തെററുപററാത്തതുമായ സ്വഭാവ വിശേഷമുണ്ട്. ഇത് ഒന്നിനെ മററുള്ളവയിൽനിന്നു വ്യത്യസ്തമാക്കുന്നു. അതേസമയം മറ്റൊന്നിന്റെ ശുശ്രൂഷയ്ക്കായി ഓരോന്നും നിയോഗിക്കപ്പെട്ടിരിക്കുന്നു. മറ്റൊന്നിനോടുള്ള ബന്ധ ത്തിലാണ് ഓരോന്നിനെയും കാണുന്നത്.

അപ്പോൾ *അല്മായ* ജീവിതാവസ്ഥയ്ക്ക് തനതായ സന്യസ്തേതര സ്വഭാവമുണ്ട്. ദൈവത്തിന്റെ രക്ഷാകര പദ്ധതിയിലെ ഭൗമികവും, ഭൗതികവുമായ വസ്തുവകക ളുടെ പ്രാധാന്യം വൈദികരുടെയും സന്യസ്തരുടെയും പ്ര യോജനാർത്ഥം അനുസ്മരിച്ചുകൊണ്ട് അവർ തങ്ങളുടേ തായ രീതിയിൽ സഭാശുശ്രൂഷ നിറവേററുന്നു. പകരം *ശുശ്രൂഷാ*പൗരോഹിത്യമാകട്ടെ, രക്ഷകനായ ക്രിസ്തു വിന്റെ കൗദാശിക സാന്നിദ്ധ്യത്തിന്റെ സുസ്ഥിരമായ ഉ റപ്പിന് പല സ്ഥലങ്ങളിലും കാലങ്ങളിലും സാക്ഷ്യം നല്കുന്നു. സമർപ്പണജീവിതാന്തസ്സ് സഭയുടെ യുഗാ ന്തോന്മുഖ സ്വഭാവത്തിനു സാക്ഷ്യം വഹിക്കുന്നു. അതാ

www.malankaralibrary.com



യത് ബ്രഹ്മചര്യം, ദാരിദ്ര്യം, അനുസരണം, എന്നീ വ്രതങ്ങളിലൂടെ ഇപ്പോഴംതന്നെ കുറെയൊക്കെ മുൻകൂട്ടി കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ദൈവരാജ്യത്തിനുവേണ്ടി യത്നിക്കുന്നു.

മററുള്ളവരോടുള്ള ബന്ധം പരിഗണിക്കുമ്പോഴം പൊതുവായോ, വ്യക്തിപരമായോ കണ്ടാലും എല്ലാ ജീവിതാവസ്ഥകളും, സഭയുടെ വളർച്ചയ്ക്കുതകുന്നതാണ്. പ്രകാശനത്തിൽ വ്യത്യസ്തങ്ങളാണെങ്കിലും അവ സഭയുടെ ''കൂട്ടായ്മാരഹസ്യ''ത്തോട് അവഗാഢം ഐക്യപ്പെട്ടതും അതിന്റെ പ്രത്യേകദൗത്യത്തിൽ ഊർജ്ജസ്വലമായി സംയോജിക്കപ്പെട്ടതുമാണ്.

ജീവിതാവസ്ഥകളുടെ വൈവിധ്യത്തിലും വിളികളുടെ വൈവിധ്യത്തിലും ഇതേ അനുപമമായ സഭാരഹസ്യം *യേശുക്രിസ്തു എന്ന രഹസ്യത്തിന്റെ അനന്തമായ സമ്പന്നതയെ*, വെളിപ്പെടുത്തുകയും നവമായി അനുഭവവേദ്യമാക്കുകയും ചെയ്യുന്നു. ആനന്ദപ്രദവും അദ്ഭുതകരവുമായ വിവിധ ഔഷധികളും ചെടികളും പൂക്കളും ഫലങ്ങളും നിറഞ്ഞ ഒരു ആരാമമായി സഭാപിതാക്കന്മാർ സഭയെ സസന്തോഷം വിശേഷിപ്പിക്കുന്നു. വി. അംബ്രോസ് ഇങ്ങനെ എഴുതുന്നു, ''ഒരു വയൽ ധാരാളം ഫലം പുറപ്പെടുവിക്കുന്നു. പക്ഷേ, ഫലങ്ങളും പുഷ്പങ്ങളും ധാരാളമായി ഉള്ള വയലാണ് കൂടുതൽ ശ്രേഷ്ഠം. ഇവ രണ്ടിന്റെയും കാര്യത്തിൽ തിരുസഭയുടെ വയൽ ഫലസമ്പന്നമാണ്. ഈ വയലിൽ വിടർന്നു വികസിക്കുന്ന കന്യകാത്വത്തിന്റെ അമൂല്യങ്ങളായ മുകുളങ്ങളുണ്ട്; താഴ്വരയിലെ വനംപോലെ വൈധവ്യം തലയുയർത്തി നില്ക്കുന്നു. മററു ചിലയിടങ്ങളിൽ, സഭ ആശീർവദിക്കുന്ന വിവാഹമെന്ന ധന്യമായ കൊയ്ത്തുകാലം വളരെയേറെ ഫലം നല്കിക്കൊണ്ട് ലോകമാകുന്ന ധാന്യപ്പുരയെ സമൃദ്ധമായ വിളവുകൊണ്ടു നിറയ്ക്കുന്നു. മുന്തിരിയുടെ ഫലങ്ങൾ ആട്ടിയെടുക്കുന്ന കർത്താവായ യേശുവിന്റെ മുന്തിരിച്ചക്കുകളിൽനിന്ന് വീഞ്ഞ്

www.malankaralibrary.com



നിറഞ്ഞൊഴുകുന്നു. ഇത് ക്രൈസ്തവ വിവാഹത്തെ ധന്യമാക്കുകയും ചെയ്യുന്നു''.[203]

## അല്മായാവസ്ഥയിലെ വിവിധ വിളികൾ

ഓരോ ജീവിതാന്തസ്സിൽനിന്നും സഭയുടെ സമ്പന്നമായ വൈവിധ്യം കൂടുതൽ പ്രകടമാകുന്നു. അങ്ങനെ, *അല്മായ അവസ്ഥയിൽ വിവിധ ''വിളികൾ നല്കപ്പെടുന്നു''*. അതായത്, ആധ്യാത്മിക ജീവിതത്തിലും പ്രേഷിതവൃത്തിയിലും വിവിധ മാർഗ്ഗങ്ങളുണ്ട്. അവ വിവിധ അല്മായരംഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. അല്മായവിളിയുടെ ''പൊതുവായി പങ്കുചേരുന്ന'' മേഖലയിൽ ''പ്രത്യേക'' അല്മായവിളികൾ പുഷ്ടിപ്പെടുന്നു. ഈ മേഖലയിൽ, സഭയിൽ അടുത്തകാലത്ത് തളിർത്തുവളരുന്ന വിവിധതരം സെക്യുലർ ഇൻസ്ററിററ്യൂട്ടുകളുടെ ആദ്ധ്യാത്മിക അനുഭവം നമുക്കു സ്മരിക്കാം. ഇവ അല്മായവിശ്വാസികൾക്ക്, വൈദികർക്കുപോലും, ദാരിദ്ര്യം അനുസരണം എന്നീ വ്രതങ്ങളിലൂടെയോ, വാഗ്ദാനങ്ങളിലൂടെയോ അല്മായ അന്തസ്സിനോ, വൈദികാന്തസ്സിനോ മാററം വരുത്താതെ സുവിശേഷാഹ്വാനങ്ങൾക്ക് സാക്ഷ്യം വഹിച്ചുജീവിക്കാൻ സാധിക്കുന്നു.[204]

ഇതുസംബന്ധിച്ച് സിനഡുപിതാക്കൻമാർ ഇങ്ങനെ പരാമർശിക്കുന്നു. ''അല്മായ അന്തസ്സിൽത്തന്നെ ഉറച്ചുനില്ക്കുന്നവർക്ക് സ്വീകാര്യമായവിധം ആത്മാർപ്പണത്തിന്റെ വിവിധരൂപങ്ങൾ പരിശുദ്ധാത്മാവ് ഉളവാക്കുന്നു''.[205]

അല്മായ ആദ്ധ്യാത്മികതയെ വളരെ പുഷ്ടിപ്പെടുത്തിയ വി. ഫ്രാൻസിസ് ഡി സെയിൽസ് എഴുതിയിട്ടുള്ള മനോജ്ഞമായ ഒരുഭാഗം ഉദ്ധരിച്ചുകൊണ്ട് നമുക്കു സമാപിപ്പിക്കാം.[206] ''ഭക്തി''യെപ്പററി, അതായത്, ''ക്രൈസ്തവപരിപൂർണ്ണത'' അഥവാ ''ആത്മാവിലുള്ള ജീവിതം'' ഇതിനെപ്പററി പറയവേ എല്ലാ ക്രൈസ്തവർക്കും വിശു

www.malankaralibrary.com



ദ്ധിയിലേക്കുള്ള വിളിയുടെ ലളിതവും ഉത്ക്കാഴ്ചയുള്ളതുമായ മാർഗ്ഗം അദ്ദേഹം അവതരിപ്പിച്ചു. ഓരോ ക്രൈസ്തവ വ്യക്തിക്കും നിറവേററാനാവുന്ന പ്രത്യേകരീതിയിലാണ് ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുള്ളത്. ''സൃഷ്ടിയിൽ ദൈവം ഓരോ ചെടിയോടും അതിനുചേർന്ന ഫലം പുറപ്പെടുവിക്കാൻ കല്പിച്ചു. അങ്ങനെ ഒരോരുത്തരും തൻെറ വിളിക്കും സ്വഭാവത്തിനും അനുസരിച്ചുള്ള ഭക്തിയുടെ ഫലങ്ങൾ പുറപ്പെടുവിക്കുവാൻ തൻെറ സഭയിലെ സജീവസസ്യങ്ങളായ ക്രൈസ്തവരോട് അവിടുന്നു കല്പിക്കുന്നു. മാന്യനായ മനുഷ്യൻ, ജോലിക്കാരൻ, ഭൃത്യൻ, രാജകുമാരൻ, വിധവ, കന്യക, ഭാര്യ, എന്നിങ്ങനെ പല ആളുകളും പലതരത്തിൽ ഭക്തി അനുഷ്ഠിക്കണം. ഇതുമാത്രംപോരാ, അവനവൻെറ ശക്തി, ജോലി, കടമകൾ, എന്നിവയ്ക്ക് അനുസൃതമായി ഭക്തി അനുഷ്ഠിക്കപ്പെടണം; പട്ടാളക്യാമ്പിൽനിന്നോ, മെക്കാനിക്കിൻെറ കടയിൽനിന്നോ, രാജകുമാരൻമാരുടെ സദസ്സിൽനിന്നോ വിവാഹിതരുടെ ഭവനത്തിൽനിന്നോ, ഭക്തിയെ അകററിനിറുത്താൻ ശ്രമിക്കുന്നതു തെററാണ്. പാഷണ്ഡതയാണെന്നുതന്നെ വേണമെങ്കിൽ പറയാം. അല്ലയോ ഫിലോതെയാ, ഇത്തരം ജീവിതസാഹചര്യങ്ങളിൽ തികച്ചും ധ്യാനാത്മകവും ആശ്രമപരവും സന്യാസപരവുമായ ഭക്തിപരിശീലിക്കുക എന്നത് ദുസ്സാധ്യമെന്നതു വാസ്തവംതന്നെ. പക്ഷേ, ഈ മൂന്നുതരം ഭക്താനുഷ്ഠാനങ്ങളോടൊപ്പംതന്നെ സെക്യുലർ അവസ്ഥയിൽ ജീവിക്കുന്നവർക്ക് പരിപൂർണ്ണത പ്രാപിക്കാൻ സ്വീകാര്യമായ അനവധിരീതികൾ വേറെയുമുണ്ട്''.[207]

ഇതിൻെറ ചുവടുപിടിച്ചു രണ്ടാംവത്തിക്കാൻ സൂനഹദോസ് ഇങ്ങനെ പ്രസ്താവിക്കുന്നു: ''വിവാഹം കഴിച്ച് കുടുംബജീവിതം കഴിക്കുന്നവർക്കും, വിധവകൾക്കും അവിവാഹിതർക്കും അനാരോഗ്യംമൂലം ക്ലേശിക്കുന്നവർക്കും സാമൂഹികവും ഔദ്യോഗികവുമായ ജോലികളിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ആധ്യാത്മികജീവിതത്തിൽ തങ്ങളുടേതായ പ്രത്യേകസ്വഭാവം ഉണ്ടായിരിക്കണം. ജീവിതസ്ഥിതിക്കു

www.malankaralibrary.com



യോജിച്ച വിധത്തിൽ തങ്ങൾക്കു ലഭിച്ചിരിക്കുന്ന സവിശേഷതകളും കഴിവുകളും വളർത്തിക്കൊണ്ടുവരാൻ അവർ ഉത്സാഹപൂർവ്വം യത്നിക്കണം. പരിശുദ്ധാത്മാവിൽ നിന്നു ലഭിച്ചിരിക്കുന്ന ദാനങ്ങൾ വേണ്ടവിധം ഉപയോഗിക്കുകയുംവേണം''.[208]

ആധ്യാത്മികജീവിതത്തിലേക്കുള്ള വിളിയെപ്പററി പറഞ്ഞതൊക്കെ, ഒരു പരിധിവരെ, കൂടുതൽ യുക്തിയോടുകൂടിത്തന്നെ ക്രിസ്തുവിന്റെ മൗതികശരീരം പടുത്തുയർത്തിക്കൊണ്ട് നാഥന്റെ മുന്തിരിത്തോട്ടത്തിൽ ജോലിക്കാരായി സഭാംഗങ്ങളെല്ലാം നിയോഗിക്കപ്പെടുന്ന അസംഖ്യം രീതികളെ സംബന്ധിച്ചും പറയാം. യഥാർത്ഥത്തിൽ തനതായ ജീവിതചരിത്രത്തോടുകൂടിയ വ്യക്തി എന്നനിലയിൽ, ദൈവരാജ്യത്തിന്റെ വരവിനായി പ്രത്യേകം സംഭാവന നല്കാൻ ഓരോരുത്തരും പേരുചൊല്ലി വിളിക്കപ്പെട്ടിരിക്കുന്നു. ഒരു താലന്തും അതെത്ര ചെറുതാണെങ്കിൽത്തന്നെ, മറച്ചു വക്കുയ്കയോ, ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യാൻ പാടുള്ളതല്ല (cf. മത്താ 25:24 – 27).

ഇതുസംബന്ധിച്ച് പത്രോസ് അപ്പസ്തോലൻ നമുക്കൊരു കർശനമായ മുന്നറിയിപ്പു തരുന്നു: ''ഓരോരുത്തരും തനിക്കുകിട്ടിയ ദാനത്തെ ദൈവത്തിന്റെ വിവിധ ദാനങ്ങളുടെ ഉത്തമനായ കാര്യസ്ഥനെന്ന നിലയിൽ മറ്റെല്ലാവർക്കും വേണ്ടി ഉപയോഗിക്കട്ടെ (1 പത്രോ 4 : 10).

www.malankaralibrary.com

## അദ്ധ്യായം അഞ്ച്

# നിങ്ങൾ കൂടുതൽ ഫലം പുറപ്പെടുവിക്കാൻ

*അല്മായവിശ്വാസികളുടെ രൂപവത്കരണം*

### പരിപക്വതയിലേക്കുള്ള നിരന്തര വളർച്ച

57. മുന്തിരിച്ചെടിയും ശാഖകളും എന്ന സുവിശേഷസാദൃശ്യം അല്മായവിശ്വാസികളുടെ ജീവിതത്തെയും ദൗത്യത്തെയും സംബന്ധിച്ച മററൊരു അടിസ്ഥാന വസ്തുത വെളിവാക്കുന്നു. വളർച്ചയ്ക്കും പക്വത പ്രാപിക്കാനുള്ള തുടർച്ചയായ പ്രക്രിയയ്ക്കും ധാരാളം ഫലം പുറപ്പെടുവിക്കലിനും വേണ്ടിയുള്ള വിളി.

വിവേകമതിയായ ഒരു മുന്തിരിത്തോട്ടക്കാരൻ എന്നനിലയിൽ പിതാവ് മുന്തിരിച്ചെടിയെ പരിപാലിക്കുന്നു. ദൈവത്തിൻെറ ഔത്സുക്യത്തെ തീക്ഷ്ണതയോടെ ഇസ്രായേൽ വിളിച്ചപേക്ഷിക്കുന്നു. ''സൈന്യങ്ങളുടെ ദൈവമേ, ഞങ്ങളിലേക്കു തിരിയേണമേ, സ്വർഗ്ഗത്തിൽനിന്നു നോക്കിക്കാണണമേ! ഈ മുന്തിരിവള്ളിയെ, അങ്ങയുടെ വലത്തുകൈ നട്ട ഈ മുന്തിരിവള്ളിയെ പരിഗണിക്കണമേ'' (സങ്കീ 80: 15-16). പിതാവിൻെറ ജോലിയെപ്പററി യേശുതന്നെ പറയുന്നു, ഞാൻ സാക്ഷാൽ മുന്തിരിച്ചെടിയും എൻെറ പിതാവ് കൃഷിക്കാരനുമാണ്. എൻെറ ശാഖകളിൽ ഫലം തരാത്തതിനെ അവിടുന്നു നീക്കിക്കളയുന്നു. എന്നാൽഫലം തരുന്നതിനെ കൂടുതൽ കായ്ക്കാനായി അവിടുന്ന് വെട്ടിയൊരുക്കുകയും ചെയ്യുന്നു (യോഹ 15 : 1-2).

www.malankaralibrary.com



ശാഖകളുടെ ജീവൻ അവ ക്രിസ്തുതന്നെയായ തായ്ച്ചെടിയോടു ചേർന്നിരിക്കുന്നതിലാണ്: ''ആര് എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ ഏറെ ഫലം പുറപ്പെടുവിക്കുന്നു. എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല'' (യോഹ) 15:5.

വളരാനും വികസിക്കാനും ഫലം പുറപ്പെടുവിക്കാനുമായി ഓരോരുത്തരെയും ക്ഷണിക്കുന്ന ദൈവം സ്വാതന്ത്ര്യത്തോടെ മനുഷ്യരെ സമീപിക്കുന്നു. ഇക്കാര്യത്തിൽ പ്രതികരിക്കാതിരിക്കാനോ, വ്യക്തിപരമായ ചുമതല തള്ളിക്കളയാനോ വ്യക്തിക്കു പാടില്ല. ഉദാത്തവും ഗുരുതരവുമായ ഈ ഉത്തരവാദിത്വത്തെപ്പററി യേശു ഇങ്ങനെ പരാമർശിക്കുന്നു, ''എന്നിൽ വസിക്കാത്തവൻ മുറിച്ച ശാഖപോലെ പുറത്തെറിയപ്പെടുകയും ഉണങ്ങിപ്പോവുകയും ചെയ്യുന്നു. അത്തരം കൂമ്പുകൾ ശേഖരിച്ച് തീയിലിട്ടു കത്തിച്ചുകളയുന്നു'' (യോഹ 15:6).

ദാനങ്ങൾ വർഷിക്കുന്ന ദൈവവും കടമ നിർവ്വഹിക്കാൻ വിളിക്കപ്പെടുന്ന വ്യക്തിയും തമ്മിലുള്ള ഈ ആശയവിനിമയത്തിൽ, അല്മായവിശ്വാസികളുടെ സമ്പൂർണ്ണവും നിരന്തരവും ആയ രൂപവത്കരണത്തിന്റെ സാധ്യത, അല്ല ആവശ്യകതതന്നെ ഉടലെടുക്കുന്നു. സിനഡുപിതാക്കന്മാർ തങ്ങളുടെ ചർച്ചകളിൽ ഇക്കാര്യം ഊന്നിപ്പറഞ്ഞിട്ടുണ്ട്. ക്രൈസ്തവ രൂപവത്കരണം, ''പരിശുദ്ധാത്മാവിന്റെ മാർഗ്ഗദർശനത്തിൽ, പിതാവിന്റെ തിരുഹിതം അനുസരിച്ച് വ്യക്തിയിൽ വിശ്വാസം പക്വത പ്രാപിക്കുകയും ക്രിസ്തുവുമായി സാദൃശ്യപ്പെടുകയും ചെയ്യുന്നതിന്റെ തുടർച്ചയായ പ്രക്രിയയാണ്'' എന്നു വിവരിച്ചിട്ട്, അല്മായവിശ്വാസികളുടെ രൂപവത്കരണത്തിന് *രൂപതയുടെ മുഖ്യങ്ങളായ പ്രവർത്തനങ്ങളിൽ സ്ഥാനം* കൊടുക്കണമെന്ന് സിനഡു പിതാക്കന്മാർ വ്യക്തമായി ഉറപ്പിച്ചു പറയുന്നു. മുഴുവൻ സമൂഹത്തിന്റെയും (വൈദികർ, സന്യസ്തർ, അല്മായർ) യത്നം ഈ ലക്ഷ്യത്തിനായി കേ

www.malankaralibrary.com



ന്ദ്രീകരിക്കും വിധം *അജപാലന പദ്ധതിയിൽ* അതിനു സ്ഥാനം ലഭിക്കണം''. [209]

## വിളിയും ദൗത്യവും കണ്ടെത്താനും അതിനൊത്തു ജീവിക്കാനും

58. അല്മായവിശ്വാസികളുടെ രൂപവത്കരണത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യം കൂടുതൽ സുവ്യക്തമായി ഒരുവന്റെ വിളി കണ്ടെത്തുകയും അവന്റെ ദൗത്യം നിറവേററാനായി കൂടുതൽ സന്നദ്ധതയോടെ അതു ജീവിതത്തിലേക്കു പകർത്തുകയുമാണ്.

മുന്തിരിത്തോട്ടത്തിലെ ജോലിക്കാരൻ എന്നവണ്ണം *ദൈവം എന്നെ വിളിക്കുകയും അയയ്ക്കുകയും ചെയ്യുന്നു.* ചരിത്രത്തിൽ അവിടുത്തെ രാജ്യത്തിന്റെ വരവിനായി പ്രവർത്തിക്കുന്നതിന് അവിടുന്ന് എന്നെ വിളിക്കുകയും അയയ്ക്കുകയും ചെയ്യുന്നു. വ്യക്തിപരമായ ഈ വിളിയും ദൗത്യവും ഓരോ അല്മായവിശ്വാസിയുടെയും മഹനീയതയേയും ചുമതലയേയും നിർവ്വചിക്കുന്നു. ഈ മഹനീയതയുടെ സന്തോഷകരവും കൃതജ്ഞതാനിർഭരവുമായ തിരിച്ചറിയലും ഈ ചുമതലയുടെ വിശ്വസ്തവും ഉദാരവുമായ അനുഷ്ഠാനവും ലക്ഷ്യമാക്കിയിട്ടുള്ള രൂപവത്കരണത്തിന്റെ കേന്ദ്രബിന്ദുവായി ഈ വിളിയും ദൗത്യവും നിലകൊള്ളുന്നു.

വാസ്തവത്തിൽ നിത്യകാലംമുതൽ ദൈവം നമ്മെക്കുറിച്ച് അതുല്യവ്യക്തികളെന്ന നിലയിൽ, ചിന്തിക്കുകയും നമ്മെ സ്നേഹിക്കുകയും ചെയ്തിട്ടുണ്ട്. നല്ല ഇടയൻ ''ആടുകളെ പേരു ചൊല്ലി വിളിക്കുന്നതു'' (യോഹ 10:3) പോലെ നമ്മെ ഓരോരുത്തരെയും അവിടുന്ന് പേരുചൊല്ലി വിളിക്കുന്നു. എന്നിരുന്നാലും, നമ്മുടെ ജീവിതചരിത്രത്തിന്റെയും അതിലെ സംഭവങ്ങളുടെയും അനാവരണത്തിലൂടെമാത്രമേ, ദൈവത്തിന്റെ നിത്യമായ പദ്ധതി നമുക്കോരോരുത്തർക്കും വെളിപ്പെടുകയുള്ളു. അതുകൊണ്ട്

www.malankaralibrary.com



അനുക്രമമായൊരു പ്രക്രിയയാണിത്; ഒരർത്ഥത്തിൽ അനുദിനം സംഭവിക്കുന്ന ഒരു പ്രക്രിയ.

നമ്മുടെ ജീവിതത്തിൽ കർത്താവിൻെറ യഥാർത്ഥ ഹിതമെന്തെന്ന് മനസ്സിലാക്കാൻ താഴെപ്പറയുന്നവ അനുപേക്ഷണീയമാണ്; സ്വീകരിക്കാനുള്ള സന്നദ്ധതയോടെ ദൈവവചനത്തെയും സഭയേയും ശ്രവിക്കുക; നിരന്തരം തീക്ഷ്ണമായി പ്രാർത്ഥിക്കുക; വിജ്ഞാനവും സ്നേഹവുമുള്ള ഒരാദ്ധ്യാത്മിക ഉപദേഷ്ടാവിനെ കണ്ടെത്തുക; ദൈവം നല്കിയ ദാനങ്ങളെയും നാം ജീവിക്കുന്ന ചരിത്രപരവും സാമൂഹികവുമായ വിവിധ സാഹചര്യങ്ങളെയും വിശ്വസ്തമായി വിവേചിച്ചറിയുക.

തന്മൂലം ദൈവത്തിൻെറ വിളി വിവേചിച്ചറിയാനും ഭരമേല്പിക്കപ്പെട്ട ദൗത്യം ആശ്ലേഷിക്കാനും *ഉതകുംവിധം സുപ്രധാനവും നിർണ്ണായകവുമായ സവിശേഷ നിമിഷങ്ങൾ*, ഓരോ അല്മായവിശ്വാസിയുടെയും ജീവിതത്തിൽ ഉണ്ട്. അവയിൽപ്പെടുന്നതാണ് *കൗമാരപ്രായവും യുവത്വത്തിൻെറ ആരംഭവും*. മുന്തിരിത്തോട്ടത്തിലെ വേലക്കാരുടെ യജമാനൻ എന്ന നിലയിൽ കർത്താവ് അവിടുത്തെ തിരുഹിതം കൂടുതൽ കൃത്യമായും വ്യക്തമായും വെളിവാക്കുന്നതിനുവേണ്ടി ജീവിതത്തിലെ ഓരോ മണിക്കൂറിലും വിളിക്കുന്നു എന്ന കാര്യം ആരും വിസ്മരിക്കരുത്. അതുകൊണ്ട് ശിഷ്യൻെറ അടിസ്ഥാനപരവും നിരന്തരവുമായ മനോഭാവം, ദൈവത്തിൻെറ സ്വരം ബോധപൂർവ്വം ജാഗ്രതയോടെ ശ്രവിക്കുക എന്നതാണ്.

വിവിധ ജീവിത സാഹചര്യങ്ങളിൽ നാം ഓരോരുത്തരിൽനിന്നും ദൈവം ആവശ്യപ്പെടുന്നതെന്താണെന്ന് *അറിയുക* മാത്രമല്ലിത്, ദൈവം ആവശ്യപ്പെടുന്നത് വ്യക്തി *അനുഷ്ഠിക്കണം*. യേശുവിൻെറ അമ്മയായ മറിയം കാനായിൽ വച്ച് പരിചാരകരോട് ആവശ്യപ്പെട്ടതുപോലെ, ''അവൻ നിങ്ങളോട് പറയുന്നതു ചെയ്യുവിൻ'' (യോഹ 2:5). എന്തായാലും ദൈവത്തിൻെറ തിരുഹിതം അനുസരിച്ച് വിശ്വ

www.malankaralibrary.com



സ്തമായി പ്രവർത്തിക്കാൻ, *പ്രവർത്തശേഷിയും* ആ *പ്രവർത്തനശേഷിയുടെ വികസനവും* ആവശ്യമാണ്. ഒരിക്കലും ഇല്ലാതാകാത്ത കർത്താവിൻെറ കൃപാവരത്തോട് നാം ഓരോരുത്തരും സ്വതന്ത്രവും ഉത്തരവാദപൂർവ്വവുമായ സഹവർത്തിത്വംവഴി ഇതു സാധിക്കുമെന്ന് നമുക്ക് ഉറപ്പിക്കാം. മഹാനായ വിശുദ്ധ ലിയോ പറയുന്നു: ''മഹനീയത കല്പിച്ചരുളുന്നവൻതന്നെ ശക്തിയും തരും''.[210]

എല്ലാ അല്മായവിശ്വാസികളെയും എല്ലാ ക്രൈസ്തവരെയും ഓരോ നിമിഷവും കാത്തിരിക്കുന്ന അദ്ഭുതകരവും അതേസമയം നിർബന്ധപൂർവ്വകവുമായ കർത്തവ്യം ഇതാണ്: മാമ്മോദീസായുടെയും വിശ്വാസത്തിൻെറയും സമ്പന്നതയെപ്പററിയുള്ള ജ്ഞാനത്തിൽ എപ്പോഴും വളരുക, അതു കൂടുതൽ സമ്പൂർണ്ണമായി ജീവിതത്തിൽ പകർത്തുക. ക്രൈസ്തവജീവിതത്തിലെ രണ്ടു ഘട്ടങ്ങളായി ജനനത്തെയും വളർച്ചയേയുംപററി പരാമർശിച്ചുകൊണ്ട് അപ്പസ്തോലനായ പത്രോസ് ഇങ്ങനെ ആഹ്വാനംചെയ്യുന്നു: ''രക്ഷയിലേക്കു വളർന്നുവരേണ്ടതിന് നിങ്ങറം പരിശുദ്ധവും ആദ്ധ്യാത്മികവുമായ പാലിനുവേണ്ടി ഇളംപൈതങ്ങളെപ്പോലെ ദാഹിക്കുവിൻ'' (പത്രോ 2:2).

## ഒരു സമഗ്രജീവിതത്തിനുവേണ്ടിയുള്ള സമഗ്രമായ രൂപവത്കരണം

59. അല്മായവിശ്വാസികറംക്ക് അനുയോജ്യമായ വിളിയും ദൗത്യവും കണ്ടെത്തുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനും, *സഭയിലെ അംഗങ്ങളും മനുഷ്യസമൂഹത്തിലെ പൗരന്മാരും* എന്ന നിലയിലുള്ള അവരുടെ *ഐക്യത്തിനു* ചേർന്നവിധം അവരെ പരിശീലിപ്പിക്കേണ്ടതാണ്.

അവരുടെ അസ്തിത്വത്തിൽ സമാനങ്ങളായ രണ്ടു ജീവിതങ്ങറം ഉണ്ടാവുക വയ്യ: അതായത് ഒരു വശത്ത് മൂല്യങ്ങളോടും കടമകളോടുംകൂടിയ ''ആദ്ധ്യാത്മികജീവിതം''

www.malankaralibrary.com



മറുവശത്ത് ''ലൗകികബദ്ധജീവിതം''; അതായത് കുടുംബ ജീവിതം, തൊഴിൽജീവിതം, സാമൂഹികബന്ധങ്ങൾ, പൊതുജീവിതത്തിൻെറ ചുമതലകൾ, സാംസ്കാരികജീവിതം എന്നിങ്ങനെയുള്ള ലൗകികബദ്ധജീവിതം. ക്രിസ്തുവാകുന്ന മുന്തിരിച്ചെടിയോട് ഒട്ടിച്ചു ചേർത്ത ശാഖ നിലനില്പിൻെറയും പ്രവർത്തനത്തിൻെറയും എല്ലാ ഘട്ടങ്ങളിലും ഫലം പുറപ്പെടുവിക്കുന്നു. വാസ്തവത്തിൽ, അല്മായവിശ്വാസികളുടെ ജീവിതങ്ങളിലെ ഓരോ മേഖലയും, അവ വ്യത്യസ്തങ്ങളെങ്കിലും ദൈവത്തിൻെറ പദ്ധതിയുടെ ഭാഗമാണ്. ദൈവമാകട്ടെ, ഇതേമേഖലകൾ, ''സമയത്തിലെ ഇടങ്ങൾ'' ആയിരിക്കാൻ അഭിലഷിക്കുകയും ചെയ്യുന്നു. സമയത്തിലെ ഇടങ്ങളിലാണ്, പിതാവിൻെറ മഹിമയ്ക്കും മററുള്ളവരുടെ സേവനത്തിനും വേണ്ടി ക്രിസ്തുവിൻെറ സ്നേഹം വെളിപ്പെടുകയും നിറവേറുകയും ചെയ്യുന്നത്. ഓരോ പ്രവർത്തനവും ഓരോ സാഹചര്യവും ഓരോ സവിശേഷ ചുമതലയും—ഉദാഹരണമായി ജോലിയിലുള്ള വൈദഗ്ധ്യവും ഐക്യദാർഢ്യവും, കുടുംബത്തിലെ സ്നേഹവും അർപ്പണവും കുട്ടികളുടെ വിദ്യാഭ്യാസം, സമൂഹസേവനം, പൊതുജീവിതം, സാംസ്കാരികമണ്ഡലത്തിൽ സത്യത്തിനുള്ള പ്രോൽസാഹനം ഇവ—''വിശ്വാസം, പ്രതീക്ഷ, സ്നേഹം, എന്നീ പുണ്യങ്ങളുടെ നിരന്തരമായ അഭ്യസനത്തിനുള്ള''[211] അവസരമായി ദൈവം ക്രമീകരിച്ചിരിക്കുന്നു.

ജീവിതത്തിൽനിന്നു വിശ്വാസത്തെയും സംസ്കാരത്തിൽനിന്നു സുവിശേഷത്തെയും വേർതിരിച്ചിരിക്കുന്നതിൻെറ ഗുരുതര ഭവിഷ്യത്ത് ശക്തമായി അപലപിച്ചുകൊണ്ട്, രണ്ടാം വത്തിക്കാൻ സൂനഹദോസ് *ജീവിതത്തിൻെറ ഈ ഐക്യത്തിലേക്ക്* എല്ലാ അല്മായവിശ്വാസികളെയും ക്ഷണിക്കുന്നു. ''ഇരു നഗരങ്ങളിലെ പൗരൻമാരെന്ന നിലയിൽ ഈ ലോകജീവിതത്തിലെ കടമകൾ സുവിശേഷാരൂപിക്കനുസൃതമായും വിശ്വസ്തമായും നിർവഹിക്കാൻ സൂനഹദോസ് ക്രൈസ്തവരോട് ആഹ്വാനം ചെയ്യുന്നു. നമുക്കിവിടെ ശാശ്വതമായ നഗരമില്ല. വരാനിരിക്കുന്ന നഗരത്തെ

www.malankaralibrary.com



നാം അന്വേഷിക്കുകയാണ്. ഇങ്ങനെ കരുതി ഭൗമികമായ കടമയിൽനിന്ന് ഒഴിഞ്ഞുമാറുന്നവർ സത്യത്തിൽനിന്നു വഴുതിമാറുകയാണ്. ഈ വിശ്വാസത്താൽത്തന്നെ തങ്ങളുടെ വിളിക്കനുസൃതമായി ഭൗമികമായ കടമകളെ നിർവഹിക്കാൻ അവർ മറന്നുപോകുന്നു. പലരും സ്വീകരിച്ചിരിക്കുന്ന വിശ്വാസവും അവരുടെ അനുദിനജീവിതവും തമ്മിലുള്ള ഈ പിളർപ്പ് ഇക്കാലത്തെ ഏററവും ഗുരുതരമായ തെററുകളിലൊന്നാണ്.[212] അതുകൊണ്ട് ഒരു വ്യക്തിയുടെ സംസ്കാരത്തെ സ്പർശിക്കാത്ത വിശ്വാസം, ''സമ്പൂർണ്ണമായി ആശ്ലേഷിക്കപ്പെടാത്ത സമഗ്രമായ ആലോചനയ്ക്കു വിഷയമാകാത്ത, വിശ്വസ്തമായി ജീവിക്കാത്ത'',[213] വിശ്വാസമാണെന്ന് എനിക്കുറപ്പുണ്ട്.

## രൂപവത്കരണത്തിന്റെ വിവിധവശങ്ങൾ

60. അല്മായവിശ്വാസികൾക്കു വേണ്ടിയുള്ള *സമ്പൂർണ്ണവും സമഗ്രവുമായ രൂപവത്കരണത്തിന്റെ* പരസ്പര ബന്ധമുള്ള പല വശങ്ങൾ ജീവിതത്തിന്റെ ഈ ഐക്യത്തിൽ അടങ്ങിയിരിക്കുന്നു.

ആദ്ധ്യാത്മികരൂപവത്ക്കരണത്തിന് ഒരു വ്യക്തിയുടെ ജീവിതത്തിൽ സവിശേഷമായൊരു സ്ഥാനമുണ്ടെന്ന് നിസ്സംശയം പറയാം. സ്വർഗ്ഗീയപിതാവിന്റെ തിരുഹിതത്തിനൊത്തും ഉപവിയിലും നീതിയിലും മററുള്ളവരോട് വിശ്വസ്തത പുലർത്തിയും ഓരോ വ്യക്തിയും യേശുക്രിസ്തുവുമായി നിരന്തരം ഗാഢ ഐക്യത്തിൽ വളരാൻ വിളിക്കപ്പെട്ടിരിക്കുന്നു. സൂനഹദോസ് പറയുന്നു: ''ക്രിസ്തുവിനോട് ഗാഢമായി യോജിച്ചിരിക്കുന്ന സഭയിലെ ജീവിതം എല്ലാ വിശ്വാസികൾക്കും പൊതുവായുള്ള ആത്മീയാനുകൂല്യങ്ങളാലും പ്രത്യേകിച്ച് ആരാധനക്രമത്തിലുള്ള സജീവഭാഗഭാഗിത്വത്താലും പരിപുഷ്ടമാക്കപ്പെടുന്നു. സാമാന്യജീവിതത്തിലെ കർത്തവ്യങ്ങൾ ശരിയായി നിർവഹിക്കാനും അതോടൊപ്പം അനുദിനജീവിതത്തിൽ ക്രിസ്തുവിനോടുള്ള ഐക്യത്തിനു ഭംഗം വരാതെ

www.malankaralibrary.com



സൂക്ഷിക്കാനും ഉതകത്തക്കവണ്ണം മുകളിൽ പ്രസ്താവിച്ച മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ വേണ്ടി, ജോലികളെല്ലാം ദൈവതിരുമനസ്സിന് അനുസൃതമായി നിർവ്വഹിച്ചുകൊണ്ട് ഈ ബന്ധം അല്മായവിശ്വാസികൾ ദൃഢതരമാക്കേണ്ടതാണ്''.[214]

ഇന്നത്തെ ഈ സാഹചര്യം അല്മായവിശ്വാസികൾക്ക് സൈദ്ധാന്തികമായ ഒരു രൂപവത്കരണം നല്കേണ്ടതിന്റെ അടിയന്തരമായ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. വിശ്വാസം പ്രോജ്വലിക്കാൻ വേണ്ടി മാത്രമല്ലിത്. ലോകത്തിലെ ഗുരുതരവും സങ്കീർണ്ണവുമായ പ്രശ്നങ്ങൾക്കു മുൻപിൽ ''തങ്ങളുടെ പ്രത്യാശയ്ക്കൊരു യുക്തിനല്കാൻ'' അവരെ പ്രാപ്തരാക്കാൻ വേണ്ടിക്കൂടിയാണിത്. അതുകൊണ്ട് ഓരോ പ്രായത്തിനും ജീവിതത്തിലെ വൈവിധ്യമാർന്ന സാഹചര്യങ്ങൾക്കും അനുയോജ്യമായ മതബോധനത്തോടുകൂടിയ ചിട്ടപ്പെടുത്തിയ ഒരു സമീപനം തികച്ചും ആവശ്യമാണ്. ഇന്ന് വ്യക്തികളെയും സമൂഹത്തെയും സംബന്ധിച്ചുള്ള നിലയ്ക്കാത്തതും പക്ഷേ, പുതിയതുമായ പ്രശ്നങ്ങൾക്കുള്ള പ്രതികരണത്തിൽ കൂടുതൽ നിർണ്ണായകമായ സംസ്കാരത്തിന്റെ ക്രൈസ്തവവത്കരണം എന്ന നിലയ്ക്കുള്ള ആവശ്യമാണിത്.

സമൂഹത്തിന്റെയും പൊതുജീവിതത്തിന്റെയും വിവിധ രംഗങ്ങളിൽ ചുമതലകൾ ഉള്ള അല്മായവിശ്വാസികളെ സംബന്ധിച്ച് ഇത് സവിശേഷമാംവിധം അന്വർത്ഥമാണ്. സർവ്വോപരി, സഭയുടെ *സാമൂഹിക സിദ്ധാന്തത്തെ*ക്കുറിച്ച്, ശരിയായ അറിവ് അവർക്കുണ്ടായിരിക്കേണ്ടത അനുപേക്ഷണീയമാണ്. ഇതിന്റെ കൂടുതൽ വ്യാപകവും വ്യക്തവുമായ അവതരണവും ആവശ്യമാണ്. സിനഡു പിതാക്കൻമാർ പ്രസംഗങ്ങളിൽ ഇക്കാര്യം ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുണ്ട്. അല്മായ വിശ്വാസികളുടെ പൊതുജീവിത പങ്കാളിത്തത്തെപ്പററി അവർ ഇങ്ങനെ പറഞ്ഞു; ''രാഷ്ട്രീയ കാര്യങ്ങളിൽ കുലീനമായ ഈ ലക്ഷ്യം അല്മായവിശ്വാ

www.malankaralibrary.com



സികരം സജീവമായി ഏറ്റെടുക്കാൻവേണ്ടി, അവരെ ആഹ്വാനം ചെയ്തതുകൊണ്ട് മാത്രമായില്ല. സാമൂഹികമനസ്സാക്ഷിക്കനുയോജ്യമായ പരിശീലനം അവർക്കു ലഭിക്കണം. പ്രത്യേകിച്ച് സഭയുടെ സാമൂഹിക പ്രബോധനത്തിൽ. കാരണം, അവ വിചിന്തനത്തിനുള്ള തത്ത്വങ്ങൾ, വിധിക്കാനുള്ള മാനദണ്ഡം, പ്രായോഗിക നിർദ്ദേശങ്ങൾ(cf.വിശ്വാസതിരുസംഘം *—ക്രൈസ്തവസ്വാതന്ത്ര്യത്തെയും വിമോചനത്തെയും പററിയുള്ള ഉദ്ബോധനം* – 72) എന്നിവ ഉൾക്കൊള്ളുന്നു. പൊതുവായ മതബോധനത്തിലും പ്രത്യേക സമ്മേളനങ്ങളിലും സ്ക്കൂളുകളിലും യൂണിവേഴ്സിററികളിലും അവയ്ക്കു സ്ഥാനമുണ്ടായിരിക്കുകയും വേണം. മാത്രമല്ല, സഭയുടെ സാമൂഹികസിദ്ധാന്തം – ചലനാത്മകമാണ്, അതായത് സ്ഥലകാലങ്ങൾക്കനുസൃതമായത്. സാമൂഹിക വ്യവസ്ഥിതിയെ സംബന്ധിക്കുന്ന ധാർമ്മികതത്ത്വങ്ങളെ നിർദ്ദേശിക്കേണ്ടത് ഇടയൻമാരുടെ അവകാശവും കടമയുമാണ്. മനുഷ്യാവകാശസംരക്ഷണാർത്ഥം അവയെ പ്രായോഗികമാക്കേണ്ടത് എല്ലാ ക്രൈസ്തവരുടെയും അവകാശവും കടമയുമാണ്....എന്തായാലും രാഷ്ട്രീയപാർട്ടികളിൽ സജീവപങ്കാളിത്തം അല്മായവിശ്വാസികൾക്കായി നീക്കിവച്ചിരിക്കുന്നു''.[215]

സമ്പൂർണ്ണവും സമഗ്രവുമായ രൂപവത്കരണത്തിൻെറ സന്ദർഭത്തിൽ അല്മായരുടെ അപ്പസ്തോലികവും പ്രേഷിതപരവുമായ പ്രവർത്തനങ്ങൾക്കു പ്രത്യേകം ഊന്നൽ കൊടുത്തുകൊണ്ട്, മാനുഷികമൂല്യങ്ങൾ വളർത്തിയെടുക്കുന്നതിന് അതിൻേറതായ സ്ഥാനമുണ്ട്. ഇതു സംബന്ധിച്ച് സൂനഹദോസ് ഇങ്ങനെ രേഖപ്പെടുത്തി: ''തൊഴിൽപരമായ സാമർത്ഥ്യം, കുടുംബാരൂപി, പൗരബോധം എന്നിവയും, നീതിബോധം, പരമാർത്ഥത, സത്യസന്ധത, ദയ, സ്ഥൈര്യം എന്നീ സാമൂഹിക ഗുണങ്ങളും അല്മായർ വിലമതിക്കേണ്ടിയിരിക്കുന്നു. ഇവ കൂടാതെ യഥാർത്ഥ ക്രിസ്തീയജീവിതം ഇല്ലതന്നെ.[216]

www.malankaralibrary.com



തങ്ങളുടെ ജീവിതങ്ങളെ ഒരു സജീവ സമന്വയത്തിലേക്ക് കൊണ്ടുവരുന്നതിൽ അല്മായവിശ്വാസികൾ ഐക്യത്തിന്റെയും ജീവിതത്തിന്റെയും ചൈതന്യമായ പരിശുദ്ധാത്മാവിനാൽ ആന്തരികമായി നയിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും വേണം. സഭയിലും സമൂഹത്തിലും തങ്ങൾ ആരാണെന്നും തങ്ങളുടെ ദൗത്യത്തിന്റെ ഫലപ്രദമായ പൂർത്തീകരണത്തിനുള്ള വ്യവസ്ഥയെന്തെന്നും ഒരേ സമയത്തു വെളിപ്പെടുത്തുന്നതാണ് ഈ സജീവ സമന്വയം.

## പ്രബോധകനായ ദൈവത്തിന്റെ സഹകാരികൾ

61 അല്മായർ രൂപവൽക്കരിക്കപ്പെടുന്നത് എവിടെയാണ്? അതിനുള്ള മാർഗ്ഗങ്ങൾ ഏവയാണ്? അല്മായരുടെ സമ്പൂർണ്ണവും സമഗ്രവുമായ രൂപവത്കരണം എന്ന യജ്ഞം ഏറ്റെടുക്കാൻ നിയുക്തരായ *വ്യക്തികളും സമൂഹങ്ങളും* ഏതൊക്കെയാണ് ?

മനുഷ്യരുടെ വിദ്യാഭ്യാസദൗത്യം മാതൃത്വത്തോടും പിതൃത്വത്തോടും അവഗാഢം ബന്ധപ്പെട്ടിരിക്കുന്നതുപോലെ, ക്രൈസ്തവ രൂപവത്കരണത്തിന്റെ ആരംഭവും ശക്തിയും തന്റെ മക്കളെ സ്നേഹിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന പിതാവായ ദൈവത്തിൽ കണ്ടെത്തുന്നു. മോശയുടെ കീർത്തനത്തിന്റെ ഒരു ഭാഗത്ത് ശ്രദ്ധേയമായി പറയുന്നതുപോലെ, ദൈവമാണു തന്റെ ജനതയുടെ *പ്രഥമനും പ്രധാനനുമായ പ്രബോധകൻ*. ''അവിടുന്ന് അവനെ മരുഭൂമിയിൽ ശൂന്യത ഓരിയിടുന്ന മണലാരണ്യത്തിൽ കണ്ടെത്തി. അവനെ വാരിപ്പുണർന്നു, താത്പര്യപൂർവം പരിചരിച്ച് തന്റെ കണ്ണിലുണ്ണിയായി സൂക്ഷിച്ചു, കൂടു ചലിപ്പിക്കുകയും കുഞ്ഞുങ്ങളുടെ മുകളിൽ ചിറകടിക്കുകയും വിരിച്ച ചിറകുകളിൽ കുഞ്ഞുങ്ങളെ വഹിക്കുകയും ചെയ്യുന്ന കഴുകനെപ്പോലെ അവനെ നയിച്ചതു കർത്താവാണ്; അന്യദേവൻമാർ ആരും അവനോടൊത്തുണ്ടായിരുന്നില്ല'' (നിയ 32:10-12, cf. 8:5).

www.malankaralibrary.com



തൻെറ ജനതയെ വാർത്തെടുക്കുന്ന ദൈവത്തിൻെറ ജോലി ഗുരുവായ യേശുക്രിസ്തുവിൽ വെളിപ്പെടുകയും നിറവേറുകയും ചെയ്യുന്നു. ആത്മാവിൻെറ സജീവ സാന്നിദ്ധ്യത്തിൻെറ ഫലമായി അത് ഓരോ വ്യക്തിയുടെയും ഹൃദയത്തിൻെറ ഉള്ളറകളിൽ എത്തിച്ചേരുകയും ചെയ്യുന്നു. രൂപവത്കരണം എന്ന ദൈവികജോലിയിൽ പങ്കാളിയാകാൻ *സഭാ മനുഷ്യൻ* വിളിക്കപ്പെട്ടിരിക്കുന്നു. സഭ തൻെറ ജീവിതത്തിൻെറ തന്നെ പങ്കുവയ്ക്കലിലൂടെയും അവളുടെ വിവിധ പ്രഖ്യാപനങ്ങളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമാണ് ഇതു സാധിക്കുന്നത്. പരസ്പര കൂട്ടായ്മയിലും വൈദികരും സന്യസ്തരും അല്മായരും അടങ്ങുന്ന എല്ലാ അംഗങ്ങളുടെയും സഹവർത്തിത്വത്തിലും *അല്മായ വിശ്വാസികൾ സഭയിലും സഭയാലും രൂപവത്കരിക്കപ്പെടുന്നു*. അങ്ങനെ മുഴുവൻ സഭാ സമൂഹവും അതിൻെറ വൈവിധ്യമാർന്ന അംഗങ്ങളിൽ പരിശുദ്ധാത്മാവിൻെറ ഫലദായകത്വം സ്വീകരിക്കുകയും ആ ലക്ഷ്യത്തിനായി സജീവമായി സഹകരിക്കുകയും ചെയ്യുന്ന. ഇക്കാര്യം അനുസ്മരിച്ചുകൊണ്ട് ഒളിമ്പോയിലെ മെത്തോഡിയസ് ഇങ്ങനെ എഴുതി; സുകൃതത്തിൻെറ മഹത്വത്തിനും മനോഹാരിതയ്ക്കുമായി ജന്മംകൊള്ളുകയും പിറക്കുകയും ചെയ്യുന്നതുവരെ, അമ്മയുടെ ഉദരത്തിലെന്നതുപോലെ ഇനിയും പരിപൂർണ്ണത പ്രാപിച്ചിട്ടില്ലാത്തവരെ കൂടുതൽ പൂർണ്ണത പ്രാപിച്ചവർ സംവഹിക്കുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു.'' [217] ഇതുതന്നെ വി. പൗലോസിൻെറ കാര്യത്തിലും സംഭവിച്ചു. പരിപൂർണ്ണത പ്രാപിച്ചവർ (അനനിയാസ് എന്ന വ്യക്തിവഴി) അദ്ദേഹത്തെ സംവഹിക്കുകയും സഭയിലേക്ക് ജനിപ്പിക്കുകയും ചെയ്തു. പൗലോസാകട്ടെ, അനവധി മക്കൾക്ക് പിറവി നല്കിക്കൊണ്ട് ഫലമണിയുകയും പരിപൂർണ്ണത പ്രാപിക്കുകയും ചെയ്തു.

പ്രഥമത: സഭ ഒരു ഗുരുനാഥയാണ്. അതിൽ അല്മായവിശ്വാസികളെ രൂപവത്ക്കരിക്കുന്നതിൽ പ്രഥമ പങ്ക് മാർപാപ്പായ്ക്കാണ്. വി. പത്രോസിൻെറ പിൻഗാമിഎന്ന

www.malankaralibrary.com



നിലയിൽ ''തൻെറ സഹോദരങ്ങളെ വിശ്വാസത്തിൽ ഉറപ്പിക്കുക'' എന്ന ശുശ്രൂഷ അദ്ദേഹത്തിൻേറതാണ്. ക്രൈസ്തവ വിശ്വാസത്തിൻെറയും സഭയിലെ അംഗത്വത്തിൻെറയും വെളിച്ചത്തിൽ ക്രൈസ്തവവിളിയുടെയും ദൗത്യത്തിൻെറയും സാരാംശം എല്ലാ വിശ്വാസികളെയും പഠിപ്പിക്കുകയും ചെയ്തുകൊണ്ടാണിതു സാധിക്കുന്നത്. തന്നിമിത്തം അദ്ദേഹത്തിൽനിന്നു നേരിട്ടുവരുന്ന വാക്കുകൾ മാത്രമല്ല, പരിശുദ്ധ സിംഹാസനത്തിൻെറ വിവിധ വകുപ്പുകൾവഴി നല്കപ്പെടുന്ന പ്രബോധനങ്ങളെയും സ്നേഹത്തോടും സ്വീകാര്യമനോഭാവത്തോടുംകൂടി അല്മായർ ചെവിക്കൊള്ളണം.

*പ്രാദേശിക സഭകളിലും പ്രാദേശിക സഭയിലൂടെയുമാണ്* ഏകവും സാർവ്വത്രികവുമായ സഭ ലോകത്തിൻെറ വിവിധഭാഗങ്ങളിൽ സന്നിഹിതയായിരിക്കുന്നത്. ഓരോന്നിലും വചനത്തിൻെറ പ്രഘോഷണവും കുർബ്ബാനയും കൂദാശകളുംവഴി അല്മായരുടെ ക്രൈസ്തവ ജീവിതത്തിന് ചൈതന്യവും മാർഗ്ഗനിർദ്ദേശവും നല്കേണ്ട വ്യക്തിപരമായ ചുമതല മെത്രാനുണ്ട്.

പ്രാദേശികസഭയ്ക്കുള്ളിൽ അഥവാ രൂപതയിൽ സ്ഥിതിചെയ്തുകൊണ്ട് *ഇടവക* പ്രവർത്തനനിരതമാകുന്നു. ആകയാൽ വിശ്വാസികളുടെ വ്യക്തിപരവും നേരിട്ടുള്ളതുമായ രൂപവത്കരണത്തിനുള്ള അനുപേക്ഷണീയ ചുമതല ഇടവകയ്ക്കാണുള്ളത്. ജനങ്ങളെ വ്യക്തിപരമായും പ്രത്യേക ഗ്രൂപ്പുകളായും സമീപിക്കാനാവുന്നതിനാൽ, ദൈവവചനം ചെവിക്കൊള്ളാനും ദൈവവുമായി ആരാധനാക്രമപരവും വ്യക്തിപരവുമായി സംഭാഷണം നടത്താനും സഹോദരസ്നേഹത്തിൻെറ ജീവിതം നയിക്കാനും സഭാ സമൂഹത്തിൻെറ അർത്ഥം കൂടുതൽ പ്രത്യക്ഷമായും സുവ്യക്തമായും ധരിക്കാനും സഭാ ദൗത്യത്തിൽ ചുമതലയുള്ളവരാകാനും അംഗങ്ങളെ പഠിപ്പിക്കാൻ ഇടവക വിളിക്കപ്പെട്ടിരിക്കുന്നു.

ചില ഇടവകയ്ക്കുള്ളിൽ, പ്രത്യേകിച്ച് വലുതും വി

www.malankaralibrary.com



സ്തൃതാതിർത്തിയുള്ളതുമായ ഇടവകയ്ക്കുള്ളിൽ, *ചെറിയ സഭാസമൂഹങ്ങൾ* കാണും. അവർക്ക് കൂടുതൽ വിശാലവും മർമ്മപ്രധാനവുമായ ദൗത്യമുണ്ട്, സഭാസമൂഹത്തിന്റെ അനുഭവവും അവബോധവും പകർന്നുകൊടുത്തുകൊണ്ട് ക്രൈസ്തവരെ രൂപീകരിക്കുന്നതിൽ ഗണ്യമായി സഹായിക്കാൻ കഴിയും. ജ്ഞാനസ്നാനാർത്ഥികൾക്ക് ഉപദേശം നല്കുന്ന മാതൃകയിൽ ജ്ഞാനസ്നാനാനന്തരം മതബോധനം നല്കുന്നത് ഉപകാരപ്രദമായിരിക്കുമെന്ന് സിനഡുപിതാക്കൻമാർ ചൂണ്ടിക്കാണിച്ചു. ജ്ഞാനസ്നാനവേളയിൽ സ്വീകരിച്ച വലുതും അസാധാരണവുമായ സമ്പന്നതയും ഉത്തരവാദിത്വവും മനസ്സിലാക്കാനും അതനുസരിച്ചു ജീവിക്കാനും വ്യക്തിയെ സഹായിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പ്രായപൂർത്തിയായവർക്കുള്ള മാമ്മോദീസാക്രമത്തിലെ ചില ഘടകങ്ങൾ അവരുടെ മുൻപിൽ അവതരിപ്പിക്കുന്നതിലൂടെ ഈ മതബോധനം നിർവ്വഹിക്കാനാവും.[218]

അല്മായർ രൂപതയിൽനിന്നും ഇടവകയിൽനിന്നും സ്വീകരിക്കുന്ന രൂപവത്കരണ പ്രക്രിയയിൽ – പ്രത്യേകിച്ച് ഐക്യത്തെയും ദൗത്യത്തെയും സംബന്ധിച്ച് – സഭയിലെ വിവിധ അംഗങ്ങൾക്കു പരസ്പരം നല്കാൻ കഴിയുന്ന സഹായം പ്രാധാന്യമർഹിക്കുന്നു. മാതാവും ഗുരുനാഥയും എന്ന നിലയിലുള്ള സഭാരഹസ്യം വെളിവാക്കുന്നതിന് ഈ പരസ്പര സഹായവും ഉപകരിക്കും. വൈദികരും സന്യസ്തരും അല്മായരുടെ രൂപവത്കരണത്തിൽ സഹായിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് സിനഡു പിതാക്കന്മാർ വൈദികരെയും വൈദികാർത്ഥികളെയും, അല്മായരുടെ ദൗത്യവും വിളിയും വളർത്തുന്നതിന് ജാഗ്രതയോടെ ഒരുങ്ങിയിരിക്കാൻ'' [219] ക്ഷണിക്കുകയുണ്ടായി. പകരമായി വൈദികരെയും സന്യസ്തരെയും അവരുടെ ആദ്ധ്യാത്മിക, അജപാലന യാത്രയിൽ സഹായിക്കാൻ അല്മായർക്കും കഴിയും, കഴിയണം.

www.malankaralibrary.com



## രൂപവത്കരണത്തിനുള്ള മററു സ്ഥലങ്ങൾ

62. ''ഗാർഹികസഭ'' എന്ന നിലയിൽ ക്രൈസ്തവ കുടുംബവും വിശ്വാസരൂപവത്കരണത്തിൻെറ സ്വാഭാവികവും അടിസ്ഥാനപരവും ആയ വിദ്യാലയമാണ്. മക്കാംക്കു ക്രൈസ്തവ വിദ്യാഭ്യാസം നല്കാനുള്ള കൃപാവരവും ശുശ്രൂഷാദൗത്യവും വിവാഹമെന്ന കൂദാശവഴി മാതാപിതാക്കാംക്കു ലഭിക്കുന്നു. മക്കളുടെ മുമ്പിൽ അവർ അതിനു സാക്ഷ്യം വഹിക്കുകയും മക്കാംക്കു മാനുഷികവും മതാത്മകവുമായ മൂല്യങ്ങാം പകർന്നുകൊടുക്കുകയും ചെയ്യണം. ആദ്യവാക്കുകാം ഉച്ചരിക്കാൻ പഠിക്കുന്നതോടൊപ്പം കുഞ്ഞുങ്ങാം ദൈവത്തെ സ്തുതിക്കാനും പഠിക്കുന്നു. ദൈവം സ്നേഹനിധിയും എല്ലാം നല്കുന്നവനുമായ ഒരു പിതാവായി സമീപത്തുണ്ടെന്ന് അവർ അനുഭവിച്ചറിയുന്നു. സ്നേഹത്തിൻെറ ആദ്യ പ്രവൃത്തികാം ശീലിക്കുന്നതോടൊപ്പം തങ്ങളെത്തന്നെ മററുള്ളവർക്കു തുറന്നുകൊടുക്കാൻ പഠിക്കാനും കുഞ്ഞുങ്ങാംക്കു കഴിയും. അങ്ങനെ തങ്ങളെത്തന്നെ ദാനം ചെയ്യുന്നതിലൂടെ ഒരു മനുഷ്യജീവിയായി ജീവിക്കുന്നതിൻെറ പൊരുാം അവർക്കു മനസ്സിലാകും. യഥാർത്ഥ ക്രൈസ്തവകുടുംബത്തിലെ അനുദിന ജീവിതംതന്നെ ആദ്യത്തെ ''സഭാനുഭവം'' ആയിത്തീരും. വിശാലമായ സഭാസമൂഹത്തിലും പൗരസമൂഹത്തിലും കുട്ടികളുടെ സജീവവും ഉത്തരവാദിത്വപൂർണ്ണവുമായ കടന്നുവരവിനുവേണ്ട സ്ഥൈര്യവും വികാസവും കണ്ടെത്താൻ വേണ്ടിയാണിത്. തങ്ങളുടെ ഗാർഹികസഭ സാർവ്വത്രികസഭയുടെ ജീവിതത്തിലും ദൗത്യത്തിലും പങ്കുകൊള്ളുന്നു എന്ന അവബോധം ക്രൈസ്തവദമ്പതികാംക്കും മാതാപിതാക്കാംക്കും എത്രമാത്രം കൂടുതലാണോ അത്രമാത്രം അവരുടെ പുത്രന്മാരും പുത്രിമാരും ''സഭാവബോധ''ത്തിൽ വളർന്നുവരികയും തങ്ങളുടെ ഊർജ്ജസ്വലതയെ ദൈവരാജ്യത്തിൻെറ ശുശ്രൂഷയ്ക്കായി സമർപ്പിക്കുന്നതിൻെറ മനോഹാരിത മനസ്സിലാക്കുകയും ചെയ്യും.

www.malankaralibrary.com



**സ്കൂളുകളും കത്തോലിക്കാ സർവ്വകലാശാലകളും,** അതുപോലെ ഇക്കാലത്തു വ്യാപകമായിവരുന്ന ആദ്ധ്യാത്മിക നവീകരണകേന്ദ്രങ്ങളും രൂപവത്കരണത്തിന്റെ പ്രധാന കേന്ദ്രങ്ങളാണ്. വിശാലവും അഗാധവുമായ സാംസ്കാരികപങ്കാളിത്തമുള്ള ഇന്നത്തെ സാമൂഹികചരിത്രപരമായ സാഹചര്യങ്ങളിൽ, മക്കളുടെ വിദ്യാലയജീവിതത്തിൽ മാതാപിതാക്കൾക്കുള്ള പങ്ക്-എപ്പോഴും അത്യന്താപേക്ഷിതവും പകരമില്ലാത്തതുമാണെന്നതിനു പുറമേ-ഇന്ന് അപര്യാപ്തമാണെന്ന് എടുത്തുപറഞ്ഞിട്ടുണ്ട്. സഭാദൗത്യത്തിൽ ഉചിതവും യഥാർത്ഥവും ആയ പങ്കുവഹിക്കുന്നവരായി മക്കളെ വളർത്തിക്കൊണ്ടുവരിക എന്ന യജ്ഞത്തിന് തങ്ങളെത്തന്നെ സമർപ്പിക്കുവാൻ അല്മായവിശ്വാസികളെ തയ്യാറാക്കുകയാണു വേണ്ടത്. മാതാപിതാക്കളും വൈദികരും അധ്യാപകരും സന്യസ്തരും യുവപ്രതിനിധികളും ചേർന്ന് ഒരു രൂപവത്കരണസമൂഹം'' ആരംഭിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയുമാണു കരണീയം. രൂപവത്കരണത്തിനുള്ള വിദ്യാലയത്തിന്റെ സ്വാഭാവികധർമ്മം ശരിയായി നിറവേററുന്നതിന് ഓരോരുത്തരിൽനിന്നും ഓരോരുത്തർക്കുവേണ്ടിയും യഥാർത്ഥ വിദ്യാഭ്യാസസ്വാതന്ത്ര്യം, സമയോചിത നിയമനിർമ്മാണത്തിൽക്കൂടിപ്പോലും, അല്മായർ ആവശ്യപ്പെടണം.

സ്കൂളുകളിലും പരിശീലനസ്ഥാപനങ്ങളിലും കുട്ടികൾക്കു വിദ്യാഭ്യാസം നല്കുന്ന കടമ പൗരബോധത്തോടും ക്രൈസ്തവാരൂപിയോടും കൂടി നിറവേററുന്ന സ്ത്രീപുരുഷന്മാരായ അല്മായവിശ്വാസികളെപ്പററി സിനഡുപിതാക്കന്മാർ ആദരവും പ്രോത്സാഹനവും പ്രകടിപ്പിക്കുകയുണ്ടായി. കത്തോലിക്കാസ്ഥാപനമായാലും അല്ലെങ്കിലും അതിലെ അധ്യാപകരും പ്രൊഫസർമാരുമായ അല്മായർ തങ്ങളുടെ ജീവിതമാതൃകവഴിയും ജോലിയിലുള്ള വൈദഗ്ധ്യവും സത്യസന്ധതയുംവഴിയും ക്രൈസ്തവചൈതന്യത്തിലുള്ള അധ്യാപനംവഴിയും വിവിധ ശാ

www.malankaralibrary.com



സ്ത്രങ്ങളുടെയും വിഷയങ്ങളുടെയും സ്വതന്ത്രമായ തനിമ നിലനിർത്തിക്കൊണ്ടുതന്നെ സുവിശേഷത്തിന്റെ യഥാർത്ഥ സാക്ഷികളായിത്തീരേണ്ടതിന്റെ അടിയന്തരാവശ്യകതയെപ്പററിയും അവർ ഊന്നിപ്പറഞ്ഞു. വിശ്വാസികൾ നടത്തുന്ന ശാസ്ത്രീയവും സാങ്കേതികവുമായ ഗവേഷണങ്ങൾ, അവയുടെ മൂല്യങ്ങളുടെയും ആവശ്യകതയുടെയും സമ്പൂർണ്ണതയിൽത്തന്നെ വ്യക്തിസേവനത്തിനുതകണം എന്ന നിലപാടനുസരിച്ചു നോക്കുമ്പോൾ, ശരിയായിരിക്കണമെന്ന വസ്തുത പ്രാധാന്യമർഹിക്കുന്നു. വിശ്വാസവും ശാസ്ത്രവും തമ്മിലും സുവിശേഷവും മനുഷ്യസംസ്കാരവും തമ്മിലും ഉള്ള ഉററബന്ധം എല്ലാവരും കൂടുതൽ നന്നായി മനസ്സിലാക്കാൻ സഹായിക്കുക എന്ന ദൗത്യം ഈ അല്മായവിശ്വാസികളെയാണ് സഭ ഭരമേല്പിച്ചിരിക്കുന്നത്.[221]

സിനഡിന്റെ പ്രമേയത്തിൽ നാം ഇങ്ങനെ വായിക്കുന്നു. ''ഈ സിനഡ് കത്തോലിക്കാ സ്കൂളുകളുടെയും സർവ്വകലാശാലകളുടെയും പ്രവാചകദൗത്യം ചൂണ്ടിക്കാണിക്കുകയും പുതിയനിയമം രൂപവും ഭാവവും നല്കുന്ന സ്ത്രീപുരുഷന്മാരെ വാർത്തെടുക്കുന്ന കത്തോലിക്കാ വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള അർപ്പണമനോഭാവത്തെ പ്രതിഇപ്പോൾ ബഹുഭൂരിപക്ഷമായിരിക്കുന്ന അല്മായഅദ്ധ്യാപകരെയും പ്രൊഫസർമാരെയും പ്രശംസിക്കുകയും ചെയ്യുന്നു. വൈദികർ, അല്മായവിശ്വാസികൾ, സന്യസ്തർ എന്നിവരുടെ ഒന്നിച്ചുള്ള സാന്നിദ്ധ്യം വിദ്യാർത്ഥികൾക്ക് സഭയുടെ ഒരു സജീവപ്രതിച്ഛായ നല്കുകയും അതിന്റെ സമ്പന്നത എളുപ്പം മനസ്സിലാക്കാൻ സഹായിക്കുകയും ചെയ്യുന്നു''. (cf. കത്തോലിക്കാ വിദ്യാഭ്യാസത്തിനു വേണ്ടിയുള്ള തിരുസംഘം, അല്മായ വിദ്യാഭ്യാസ പ്രവർത്തകർ, സ്ക്കൂളുകളിൽ വിദ്യാഭ്യാസത്തിന്റെ സാക്ഷികൾ).[222]

അല്മായവിശ്വാസികളുടെ രൂപവത്കരണത്തിൽ ഗ്രൂപ്പ്

www.malankaralibrary.com



*കൾക്കും സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും* അവയുടേതായ സ്ഥാനമുണ്ട്. വാസ്തവത്തിൽ, പ്രേഷിത ജീവിതാനുഭവങ്ങൾ ആഴത്തിൽ പങ്കുവയ്ക്കുന്നതിലൂടെ ഓരോന്നിനും അതിന്റേതായ രീതിയിൽ രൂപവത്കരണം നല്കാനുള്ള സാധ്യതയുണ്ട്''. അവയുടെ അംഗങ്ങൾക്ക് മററു വ്യക്തികളിൽനിന്നും സമൂഹങ്ങളിൽ നിന്നും തങ്ങൾ സ്വീകരിക്കുന്ന രൂപവത്കരണത്തെ സമന്വയിപ്പിക്കാനും യഥാർത്ഥവും സവിശേഷവും ആക്കുവാനും അവസരമുണ്ടല്ലോ.

## എല്ലാവരും നല്കുകയും സ്വീകരിക്കുകയും ചെയ്യുന്ന പരസ്പരരൂപവത്കരണം

63. രൂപവത്കരണം കുറേപ്പേരുടെ മാത്രം പ്രത്യേകാവകാശമല്ല, എല്ലാവരുടെയും ന്യായമായ അവകാശവും കടമയുമാണ്. ഇതു സംബന്ധിച്ച് സിനഡുപിതാക്കന്മാർ ഇങ്ങനെ പറയുന്നു. ''രൂപവത്കരണത്തിനുള്ള സാധ്യത ഏവർക്കും പ്രത്യേകിച്ച് ദരിദ്രർക്കു നല്കണം. ഏവരുടെയും രൂപവത്കരണത്തിനുള്ള സ്രോതസ്സാകാനും ദരിദ്രർക്കു കഴിയും''. അവർ തുടരുന്നു ''ഓരോ വ്യക്തിയും തന്റെ പൂർണ്ണവും മാനുഷികവും ക്രൈസ്തവുമായ വിളി സഫലമാക്കാൻ ഉചിതമായ ഉപാധികൾ രൂപവത്കരണത്തിൽ പ്രയുക്തമാക്കണം''.[223]

യഥാർത്ഥത്തിൽ നിശിതവും ഫലപ്രദവുമായ അജപാലനപ്രവർത്തനങ്ങൾക്കു വേണ്ടി ''*മററുള്ളവരെ പരിശീലിപ്പിക്കാനുള്ള പരിശീലനം*'' ഉചിതമായ കോഴ്സുകൾവഴിയും യോഗ്യതയുള്ള സ്കൂളുകൾവഴിയും പരിപോഷിപ്പിക്കേണ്ടതാണ്. അല്മായവിശ്വാസികളെ പരിശീലിപ്പിക്കാനുള്ളവർക്കുവേണ്ടിയുള്ള പരിശീലനം എല്ലാ അല്മായരുടെയും വ്യാപകവും സാമാന്യവുമായ രൂപവത്കരണം ഉറപ്പുവരുത്തുകയെന്നത് അടിസ്ഥാനപരമായ ആവശ്യമാണ്.

www.malankaralibrary.com



സിനഡുപിതാക്കന്മാരുടെ വ്യക്തമായ ആഹ്വാനമനുസരിച്ച്, രൂപവത്കരണപ്രക്രിയയിൽ തദ്ദേശീയ സംസ്കാരത്തിന് പ്രത്യേകശ്രദ്ധ നല്കേണ്ടതാണ്; "ക്രൈസ്തവരൂപവത്കരണം ഓരോ പ്രദേശത്തിന്റെയും മനുഷ്യസംസ്കാരം പരമാവധി കണക്കിലെടുക്കുന്നു. അത് രൂപവത്കരണത്തിനുതന്നെ ഉതകുന്നു; പാരമ്പര്യാധിഷ്ഠിതമോ, ആധുനികകാര്യങ്ങളിൽ നിർദ്ദിഷ്ടമോ ആയ മൂല്യങ്ങളെ വിവേചിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു. ഒരേസമയം ഒരേ ജനതയിലോ രാഷ്ട്രത്തിലോ നിലനില്ക്കാൻ കഴിയുന്ന വിവിധ സംസ്കാരങ്ങൾക്കു പ്രത്യേകം ശ്രദ്ധ നല്കേണ്ടതുണ്ട്. ജനതകളുടെ മാതാവും ഗുരുനാഥയുമായ സഭ വലിയ രാജ്യങ്ങളിൽ എണ്ണത്തിൽ കുറവുള്ള ജനങ്ങളുടെ സംസ്കാരം പരിരക്ഷിക്കാൻ ആവശ്യമുള്ളിടത്ത് പരമാവധി യത്നിക്കേണ്ടതുണ്ട്". 224

രൂപവത്കരണ ശ്രമത്തിൽ, ചില ബോധ്യങ്ങൾ പ്രത്യേകവിധത്തിൽ ആവശ്യകവും ഫലപ്രദവുമാണെന്നു കാണാം. അതിൽ ആദ്യത്തേത് ഇതാണ്: രൂപവത്കരണത്തിന് വ്യക്തിപരമായ ചുമതല ഏറ്റെടുത്ത് വളർത്താതെ യഥാർത്ഥവും ഫലപ്രദവുമായ രൂപവത്കരണം മററുള്ളവർക്കു നല്കാൻ ഒരുവനു സാദ്ധ്യമല്ല. ഇത് യഥാർത്ഥത്തിൽ സത്താപരമായ "സ്വയംരൂപവത്കരണം" ആണ്.

മാത്രമല്ല, നമ്മിൽ ഓരോരുത്തരും ഒരേ സമയം രൂപവത്കരണത്തിന്റെ ലക്ഷ്യവും ആധാരവും ആണെന്നൊരു അവബോധമുണ്ട്. നമുക്കു കൂടുതൽ രൂപവത്കരണം കിട്ടുന്നതനുസരിച്ച് കൂടുതൽ അഗാധമായ രൂപവത്കരണം ലഭിക്കണമെന്ന തോന്നൽ നമുക്കുണ്ടാകുന്നു. മാത്രമല്ല, മററുള്ളവർക്ക് രൂപവത്കരണം നല്കാൻ നാം കൂടുതൽ രൂപവത്കരിക്കപ്പെടുന്നു.

ഒരു കാര്യം പ്രത്യേകം ഓർത്തിരിക്കണം. മനുഷ്യശാസ്ത്രത്തിന്റെ മാർഗ്ഗങ്ങളെയും, രീതികളെയും ബുദ്ധി

www.malankaralibrary.com



പൂർവം ആശ്രയിക്കുന്നതോടൊപ്പം രൂപവത്കരണജോലി *ദൈവികപ്രവർത്തന*ത്തോട് കൂടുതൽ തുറവിയുള്ളതായാൽ കൂടുതൽ ഫലപ്രദമായിത്തീരും. സ്വർഗ്ഗീയ മുന്തിരിത്തോട്ടക്കാരൻ വെട്ടിമാററുമെന്നു ഭയമില്ലാത്ത ശാഖയ്ക്കു മാത്രമേ, അതിനുവേണ്ടിയും മററുള്ളവർക്കുവേണ്ടിയും കൂടുതൽ ഫലം പുറപ്പെടുവിക്കാൻ കഴിയൂ.

## ഒരഭ്യർത്ഥനയും പ്രാർത്ഥനയും

64 സിനഡിനുശേഷമുള്ള ഈ പ്രമാണരേഖയുടെ സമാപനത്തിൽ സുവിശേഷത്തിൽ പരാമർശിക്കുന്ന ''വീട്ടുടമ'' യുടെ ക്ഷണം ഞാൻ ഒരിക്കൽക്കൂടി അനുസ്മരിപ്പിക്കട്ടെ. *നിങ്ങളും മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ*, അല്മായരുടെ വിളിക്കും ദൗത്യത്തിനും സിനഡു കല്പിക്കുന്ന പ്രാധാന്യം *കർത്താവിൽ ഓരോരുത്തർക്കും നല്കുന്ന ഈ ആഹ്വാന*ത്തിൽ അടങ്ങിയിരിക്കുന്നുവെന്നു പറയാം. ഇതു പ്രത്യേകവിധം അല്മായ വിശ്വാസികൾക്ക്, സ്ത്രീപുരുഷഭേദമെന്നിയേ നല്കുന്നു.

സിനഡിലെ സംഭവങ്ങൾ അതിൽ പങ്കെടുത്തവർക്ക് ഒരു വലിയ ആദ്ധ്യാത്മികാനുഭവം ആയിരുന്നു. ആത്മാവിൻെറ വെളിച്ചത്തിനും പ്രാഭവത്തിനും കീഴിൽ, സഭയ്ക്കുണ്ടാകുന്ന അനുഭവംതന്നെ. നാഥൻെറ നവ്യമായ ക്ഷണം വിവേചിച്ചറിയാനും ആശ്ലേഷിക്കാനും ഉദ്ദേശിച്ചുകൊണ്ടുള്ള അനുഭവം. കൂട്ടായ്മ എന്ന തൻെറ രഹസ്യവും രക്ഷാദൗത്യത്തിൻെറ ചലനാത്മകതയും ഇന്നത്തെ ലോകത്തോട് വീണ്ടും പ്രഘോഷിക്കാൻ അവർക്കു കഴിയുന്നു. പ്രത്യേകമായി അല്മായവിശ്വാസികളുടെ സവിശേഷസ്ഥാനവും പങ്കും കേന്ദ്രമാക്കിക്കൊണ്ടാണിത്. സിനഡിൻെറ സാധ്യമായ എല്ലാ ഫലദായകത്വവും ഏററവും സമൃദ്ധമായി ലോകവ്യാപകമായ സഭയുടെ എല്ലാ ഭാഗങ്ങളിലും നിശ്ചയമായും എത്തിച്ചേരട്ടെ എന്ന് ഈ ആഹ്വാനം അർത്ഥമാക്കുന്നു. ദൈവജനം മുഴുവനും പ്രത്യേകിച്ച് അല്

www.malankaralibrary.com



മായവിശ്വാസികരം, കർത്താവിൻെറ വിളി ഫലപ്രദമായി ചെവിക്കൊണ്ടതിൻെറ ഫലമായേ ഇതു സംഭവിക്കൂ.

അതുകൊണ്ട്, മനസ്സിലും ഹൃദയത്തിലും ജീവിതത്തിലും രൂഢമൂലമാംവിധം *ഒരു സഭാവബോധം* കാത്തുസൂക്ഷിക്കുന്നതിൽ മടുപ്പുതോന്നാതിരിക്കാൻ അജപാലകരോടും അല്മായ വിശ്വാസികളോടും ഞാൻ ശക്തിയുക്തം അഭ്യർത്ഥിക്കുന്നു. യേശുക്രിസ്തുവിൻെറ സഭയിൽ അംഗങ്ങളായിരിക്കുന്നതിൻെറയും സഭയുടെ കൂട്ടായ്മാരഹസ്യത്തിലും അവളുടെ ദൗത്യത്തിലും പ്രേഷിതത്വത്തിലും ഉള്ള ചലനാത്മകതയിൽ പങ്കാളികളായിരിക്കുന്നതിൻെറയും അർത്ഥത്തെപ്പററിയുള്ള ബോധമാണിത്.

മാമ്മോദീസാവഴി എല്ലാ ക്രൈസ്തവരും *അസാധാരണമായ ഒരു മഹനീയത* കൈവരിച്ചിരിക്കുന്നു എന്ന അവബോധം എല്ലാ ക്രൈസ്തവർക്കും ഉണ്ടാകേണ്ടത് പ്രത്യേകപ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സ്വർഗ്ഗീയപിതാവു സ്നേഹിക്കുന്ന മക്കളായിരിക്കാനും ക്രിസ്തുവിൽ സംയോജിക്കപ്പെട്ട് അവിടുത്തെ സഭയിലെ അംഗങ്ങളായിരിക്കാനും പരിശുദ്ധാത്മാവിൻെറ ജീവിക്കുന്ന വിശുദ്ധാലയങ്ങളായിരിക്കാനും കൃപാവരംവഴി നാം വിളിക്കപ്പെട്ടിരിക്കുന്നു. വികാരവായ്പ്പോടും നന്ദിയോടും കൂടി നാം വീണ്ടും സുവിശേഷകനായ യോഹന്നാൻെറ വാക്കുകരം കേരംക്കുന്നു. ''കണ്ടാലും എത്രവലിയ സ്നേഹമാണ് പിതാവു നമ്മോടു കാണിച്ചത്. ദൈവമക്കളെന്ന് നാം വിളിക്കപ്പെടുന്നു, നാം അങ്ങനെയാണുതാനും'' (1 യോഹ 3:1).

സഭാംഗങ്ങരംക്ക് നല്കപ്പെട്ട ഈ ''ക്രിസ്തീയ *ജീവിതനവീനത*'' ഏവരുടെയും കാര്യത്തിൽ ക്രിസ്തുവിൻെറ പുരോഹിത പ്രവാചക രാജകീയ ദൗത്യത്തിലുള്ള അവരുടെ പങ്കാളിത്വത്തിന് അടിസ്ഥാനമിടുന്നു, സ്നേഹത്തിൽ വിശുദ്ധിയിലേക്കുള്ള അവരുടെ വിളിയുടെയും അടിസ്ഥാനമിടുന്നു. അല്മായർക്ക് ''അതുല്യവും ഉചിതവുമാം'' വിധം സ്വന്തമായ ''സെക്കുലർ (ലൗകികബന്ധ)

www.malankaralibrary.com



സ്വഭാവത്തി''ലൂടെ ഇതു വെളിപ്പെടുകയും നിറവേറുകയും ചെയ്യുന്നു.

പൊതുവായി പങ്കുചേരുന്ന ക്രൈസ്തവമഹനീയതയെപ്പററി അവബോധം നല്കുന്നതിനും പുറമേ, *സഭ ഒരു കൂട്ടായ്മയാണെന്ന രഹസ്യത്തോട്* ബന്ധപ്പെട്ടിരിക്കുന്നു എന്ന അർത്ഥമുംകൊള്ളുന്നു. ഇത് ജീവിതത്തിൻെറയും സഭാദൗത്യത്തിൻെറയും അടിസ്ഥാനപരവും അനിഷേധ്യവുമായ വശമാണ്. ഒരോരുത്തർക്കും ഏവർക്കും വേണ്ടി തിരുവത്താഴസമയത്ത് ''*എല്ലാവരും ഒന്നായിരിക്കേണ്ടതിന്*'' (യോഹ 17:21) യേശു തീക്ഷ്ണമായി നടത്തിയ പ്രാർത്ഥന ദിവസവും ജീവിതത്തിൻെറയും പ്രവർത്തനത്തിൻെറയും ആവശ്യകവും അനിഷേധ്യവുമായ കർമ്മപരിപാടിയായി ഭവിക്കണം.

സഭാകൂട്ടായ്മയെപ്പററിയുള്ള യഥാർത്ഥബോധം, നമ്മുടെ സ്വതന്ത്രവും ഉദാരവുമായ പ്രതികരണം ആവശ്യപ്പെടുന്ന പരിശുദ്ധാത്മാവിൻെറ ദാനം, അതിൻെറ വിലയേറിയ ഫലമായി, ''ഏകവും സാർവ്വത്രികവുമായ സഭയിൽ,'' സമ്പന്നമായ വിവിധ വിളികളുടെയും ജീവിതാവസ്ഥകളുടെയും നിരന്തരമായ മൂല്യവും സിദ്ധികളും ശുശ്രൂഷകളും, ജോലികളും, ചുമതലകളും ഉളവാക്കുന്നു അതുപോലെ സഭയുടെതന്നെ പൊതുപങ്കാളിത്തമുള്ള രക്ഷാകര ദൗത്യനിർവഹണത്തിനു യോജിച്ച, അല്മായരുടെ ഗ്രൂപ്പുകളിലും സംഘടനകളിലും പ്രസ്ഥാനങ്ങളിലുമുള്ള കൂടുതൽ കാര്യക്ഷമവും നിർണ്ണായകവുമായ സഹവർത്തിത്വവും ഉളവാക്കുന്നു. ഈ കൂട്ടായ്മ അതിൽത്തന്നെ ലോകത്തിൽ രക്ഷകനായ ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തിൻെറ അടയാളമാണ്. അതേസമയം, അത് പ്രഥമവും പ്രധാനവുമായി സഭയിൽ ഉചിതമായ അപ്പസ്തോലിക പ്രേഷിതപ്രവർത്തനത്തെ വളർത്തുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നു.

മൂന്നാം സഹസ്രാബ്ദത്തിൻെറ പടിവാതിൽക്കൽ എ

www.malankaralibrary.com



ത്തിനിലയ്ക്കുന്ന സഭമുഴുവനും, അജപാലകരും അല്മായരും, ഒന്നുപോലെ — ''നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ'' (മർക്കോ 16:15) എന്ന ക്രിസ്തുവിൻെറ കല്പന അനുസരിക്കാനുള്ള സഭയുടെ ചുമതല, കൂടുതൽ ആഴത്തിൽ മനസ്സിലാക്കുകയും പ്രേഷിതയജ്ഞം പുതുതായി ഏറ്റെടുക്കുകയും ചെയ്യേണ്ടതാണ്.

ഒരേസമയംതന്നെ വെല്ലുവിളിയും വിസ്മയവും ഉണർത്തുന്ന ഒരു മഹാസംരംഭം സഭയെ ഭാരമേല്പിച്ചിരിക്കയാണ്, ഇന്നത്തെ ലോകത്തിന് അത്യന്താപേക്ഷിതമായിട്ടുള്ള പുനർസുവിശേഷവത്കരണം എന്ന ഒരു മഹാസംരംഭം. ഈ സംരംഭത്തിൽ സജീവവും ഉത്തരവാദപൂർവവുമായ ഒരു പങ്കുവഹിക്കേണ്ടവരായി അല്മായർ തങ്ങളെത്തന്നെ കണക്കാക്കേണ്ടതാണ്. കാരണം, വ്യക്തിക്കും സമൂഹത്തിനുമുള്ള ശുശ്രൂഷയായി സുവിശേഷത്തെ പ്രഘോഷിക്കാനും അതിനനുസൃതം ജീവിക്കാനും വിളിക്കപ്പെട്ടവരാണല്ലോ അവർ. അതേ സമയം തന്നെ ഇവ രണ്ടിൻെറയും മൂല്യങ്ങളെയും ആവശ്യങ്ങളെയും അവയുടെ സമ്പൂർണ്ണതയിൽ അവർ ആദരിക്കുകയും വേണം.

മെത്രാൻമാരുടെ സിനഡ് കഴിഞ്ഞ മരിയൻ വത്സരത്തിലെ ഒക്ടോബറിൽ നടന്നതുകൊണ്ട് അതിൻെറ പ്രവർത്തനം, രക്ഷകൻെറ അമ്മയായ ഏററവും പരിശുദ്ധകന്യകാമറിയത്തിൻെറ മാദ്ധ്യസ്ഥ്യത്തിന് സവിശേഷമാംവിധം ഭരമേല്പിക്കയുണ്ടായി. ഞാനും സിനഡിൻെറ ആദ്ധ്യാത്മിക ഫലദായകത്വം അമ്മയുടെ പ്രാർത്ഥനാപൂർവകമായ മാധ്യസ്ഥ്യത്തിന് ഭരമേല്പിക്കുന്നു. അതുകൊണ്ട് സിനഡുപിതാക്കൻമാരോടും സിനഡിൽസംബന്ധിച്ച അല്മായവിശ്വാസികളോടും ദൈവജനത്തിലെ മറെറല്ലാ അംഗങ്ങളോടുമൊപ്പം സിനഡിനുശേഷമുള്ള ഈ പ്രമാണരേഖയുടെ അന്ത്യത്തിൽ, ഞാൻ കന്യകാമറിയത്തെ ആശ്രയിക്കുകയാണ്. ഈ സന്ദർഭത്തിൽ ഈ അഭ്യർത്ഥന ഒരു പ്രാർത്ഥനയായി മാറുന്നു.

www.malankaralibrary.com



ഏററവും അനുഗൃഹീതയായ കന്യകാമറിയമേ, ക്രിസ്തുവിൻെറയും സഭയുടെയും മാതാവേ, നന്ദിയുടെയും സ്നേഹത്തിൻേറതുമായ അങ്ങയുടെ കീർത്തനത്തിൽ, സ്തോത്രഗീതത്തിൽ പങ്കുചേർന്നുകൊണ്ട് അവിടുത്തെ സ്തോത്രഗീതം ആനന്ദത്തോടും അദ്ഭുതത്തോടും കൂടി ഞങ്ങളുടെ സ്വന്തമാക്കട്ടെ.

അങ്ങയോടൊപ്പം ഞങ്ങൾ ദൈവത്തിനു നന്ദിപറയുന്നു.

''അവിടുത്തെ കരുണ
തലമുറകളോളം''
ഉന്നതമായ വിളിക്കും
അല്പ്മായരെ ഭരമേല്പിച്ച
വിവിധ പ്രേഷിതജോലിക്കും
വേണ്ടിയുള്ളതാണല്ലോ.
ദൈവത്തിൻെറ സ്നേഹകൂട്ടായ്മയിലും
വിശുദ്ധിയിലും ജീവിക്കാനും
ദൈവമക്കളുടെ മഹത്തായ കുടുംബത്തിൽ ഒരംഗമായി
ത്തീരാനും
അവരെ ഓരോരുത്തരെയും
ദൈവം പേരുചൊല്ലി വിളിക്കുന്നുവല്ലോ.
സുവിശേഷ ചൈതന്യത്താൽ ഉയർത്തപ്പെട്ട
അവരുടെ ജീവിതംവഴി
സമൂഹത്തിൽ എല്ലായിടത്തും
ക്രിസ്തുവിൻെറ ദീപ്തിയിൽ പ്രകാശിക്കാനും
പരിശുദ്ധാത്മാവിൻെറ അഗ്നി പകരാനും
അവിടുന്ന് അവരെ അയച്ചിരിക്കുന്നുവല്ലോ.
സ്തോത്രഗീതത്തിൻെറ കന്യകേ,
ഈ വിളിക്കും ദൗത്യത്തിനും വേണ്ടി
അവരുടെ ഹൃദയങ്ങളെ
കൃതജ്ഞതയാലും ഉത്സാഹത്താലും നിറയ്ക്കണമേ.
എളിമയോടും ഉദാരതയോടുംകൂടി
അങ്ങ് ''കർത്താവിൻെറ ദാസിയായല്ലോ.

www.malankaralibrary.com



ദൈവശുശ്രൂഷയ്ക്കും
ലോകത്തിന്റെ രക്ഷയ്ക്കും വേണ്ടി
അങ്ങയുടെ ഉദാരമായ സമ്മതം നല്കണമേ.
ദൈവരാജ്യം മുൻകൂട്ടി ആസ്വദിക്കാനും
എല്ലാ സൃഷ്ടികളോടും
സുവിശേഷം പ്രസംഗിക്കാനും
ഞങ്ങളുടെ ഹൃദയങ്ങളെ തുറക്കണമേ.
ഇക്കാലത്ത്,
സ്ത്രീപുരുഷന്മാരേവരെയും കീഴ്പ്പെടുത്തുവാൻ
ഉദ്യമിക്കുന്ന ഭീഷണിയായ
പല അപകടങ്ങളെയും
തിന്മകളെയും പററി
അങ്ങേമാതൃഹൃദയം
എന്നെന്നും ജാഗരൂകമാണല്ലോ.
അതേസമയംതന്നെ
നന്മയ്ക്കുവേണ്ടി ഏറെറടുത്ത
വിവിധ സംരംഭങ്ങളെയും
മൂല്യങ്ങൾക്കുവേണ്ടിയുള്ള വലിയ ദാഹത്തെയും
രക്ഷയുടെ ഫലങ്ങൾ സമൃദ്ധമാക്കുന്നതിൽ
കൈവരിച്ച വിജയത്തെയും അങ്ങയുടെ ഹൃദയം
കണ്ടറിയുന്നുവല്ലോ.
ധൈര്യം നിറഞ്ഞ കന്യകേ,
അങ്ങയുടെ ആദ്ധ്യാത്മികശക്തിയും
ദൈവത്തിലുള്ള പ്രത്യാശയും
ഞങ്ങളെ പ്രചോദിപ്പിക്കട്ടെ.
അങ്ങനെ ഞങ്ങളുടെ ദൗത്യം
നിറവേററുന്നതിലുള്ള
തടസ്സങ്ങളെ
ഞങ്ങൾ അതിജീവിക്കേണ്ടതെങ്ങനെയെന്ന് ഞങ്ങൾ
ഗ്രഹിക്കട്ടെ.
യഥാർത്ഥ ക്രൈസ്തവ ചുമതലയോടെയും
ദൈവരാജ്യത്തിന്റെയും

www.malankaralibrary.com



''പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും''
ആഗമനത്തിൽ
ആനന്ദം നിറഞ്ഞ പ്രത്യാശയോടെയും
ലോകവസ്തുക്കളെ കൈകാര്യം ചെയ്യാൻ
ഞങ്ങളെ പഠിപ്പിക്കണമേ.

പന്തക്കുസ്തയിൽ
പരിശുദ്ധാത്മാവിന്റെ വരവും കാത്ത്
അപ്പസ്തോലന്മാരോടൊത്ത്
ഊട്ടുശാലയിൽ പ്രാർത്ഥനാനിരതയായി
അങ്ങും
ഉണ്ടായിരുന്നല്ലോ.
എല്ലാ വിശ്വാസികളുടെയുംമേൽ
സ്ത്രീകളുടെയും പുരുഷന്മാരുടെയും മേൽ
ഒന്നുപോലെ
പരിശുദ്ധാത്മാവിന്റെ നൂതനമായ അഭിഷേകത്തിനായി
പ്രാർത്ഥിക്കണമേ.
ലോകത്തിന്റെ ജീവനുവേണ്ടി
യഥാർത്ഥ മുന്തിരിച്ചെടിയോടു ചേർക്കപ്പെട്ട ശാഖകൾ
പോലെ
വിളിക്കപ്പെട്ട അവർ,
അങ്ങനെ സ്വന്തം വിളിയോടും ദൗത്യത്തോടും
കൂടുതൽ തികവോടെ
പ്രതികരിക്കട്ടെ.

ഓ, കന്യകാമാതാവേ,
ഞങ്ങളെ നയിക്കുകയും നിലനിർത്തുകയും ചെയ്യണമേ.
അങ്ങനെ ഞങ്ങൾ
അങ്ങയുടെ പുത്രന്റെ സഭയുടെ
യഥാർത്ഥ പുത്രന്മാരും പുത്രിമാരുമായി ജീവിക്കട്ടെ.
ദൈവം തിരുമനസ്സാകുന്നതുപോലെ,
അവിടുത്തെ മഹത്വത്തിനുവേണ്ടി

www.malankaralibrary.com



സത്യത്തിന്റെയും സ്നേഹത്തിന്റെയും സംസ്കാരം
ഭൂമിയിൽ സ്ഥാപിക്കുന്നതിൽ
ഞങ്ങൾക്കുള്ള പങ്കുവഹിക്കുവാൻ
ഞങ്ങളെ സഹായിക്കണമേ. – ആമേൻ

റോമിൽ വിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ നിന്ന്, എന്റെ പ്രൈഹിക ശുശ്രൂഷയുടെ പതിനൊന്നാം വർഷമായ 1988 ഡിസംബർ 30–ാം തീയതി ഈശോയുടെയും മറിയത്തിന്റെയും ജോസഫിന്റെയും തിരുക്കുടുംബത്തിന്റെ തിരുനാൾ ദിവസം നല്കപ്പെട്ടത്.

Joannes Paulus PP. II

www.malankaralibrary.com



## NOTES

1. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 48.

2. St. Gregory The Great, *Hom. in Evang.* 1, XIX, 2: *PL* 76, 1155.

3. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 33.

4. John Paul II, Homily at the Solemn Eucharistic Concelebration for the Close of the Seventh Ordinary General Assembly of the Synod of Bishops (30 October 1987): *AAS* 80 (1988), 598.

5. Cf. *Propositio* 1.

6. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 11.

7. The Fathers of the Extraordinary Synod of 1985, after affirming "the great importance and timeliness of the Pastoral Constitution, *Gaudium et Spes*", continue: "Nevertheless, at the same time, they perceive that the signs of our times are in part different from those at the time of the Council, with its problems and major trials. In fact, hunger, oppression, injustice and war, suffering, terrorism and forms of various kinds of violence are growing everywhere in the world today" (*Ecclesia sub Verbo Dei Mysteria Christi Celebrans pro salute Mundi. Relatio Finalis*, II, D, 1).

8. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World, *Gaudium et Spes*, 7.

9. Saint Augustine, *Confessiones*, I, 1: *CCL* 27, 1.

www.malankaralibrary.com



10. Cf. *Instrumentum Laboris*, "The Vocation and Mission of the Lay Faithful in the Church and in the World Twenty Years after the Second Vatican Council", 5-10.

11. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 1.

12. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 6.

13. Cf. *Propositio* 3.

14. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 31.

15. *Ibid.*

16. Pius XII, Discourse to the New Cardinals, 20 February 1946: *AAS* 38 (1946), 149.

17. Ecumenical Council of Florence, *Decr. pro Armeniis DS* 1314.

18. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 10.

19. Saint Augustine, *Ennar. in Ps.* XXVI, II, 2: *CCL* 38, 154 ff.

20. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 10.

21. John Paul II, Homily at the Beginning of his Pastoral Ministry as Supreme Shepherd of the Church (22 October 1978): *AAS* 70 (1978), 946.

22. Cf. The renewed proposal of this teaching in the 1987 Synod's *Instrumentum Laboris*, "The Vocation and the Mission of the Lay Faithful in the Church and in the World Twenty Years after the Second Vatican Council" 25.

23. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 34

24. *Ibid.*, 35.

www.malankaralibrary.com



25. *Ibid.*, 12.

26. *Ibid*, 35.

27. Saint Augustine, *De Civitate Dei*, XX, 10: *CCL* 48, 720.

28. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 32.

29. *Ibid.*, 31.

30. Paul VI, Talk to the Members of Secular Institutes (2 February 1972): *AAS* 64 (1972), 208.

31. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 5.

32. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 31.

33. *Ibid.*

34. *Ibid.*

35. Cf. *Ibid.*, 48.

36. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 32.

37. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 31.

38. *Ibid.*

39. *Propositio* 4.

40. "Full members of the People of God and the Mystical Body, they participate, through Baptism, in the threefold priestly, prophetic and kingly mission of Christ; the lay faithful express and exercise the riches of their dignity through their *living in the world.* What can be an additional or exceptional task for those who belong to the ordained ministry is the *typical mission* of the lay faithful. *Their proper vocation* consists 'in seeking the Kingdom of God by engaging in temporal affairs and by ordering them according to the plan of God' (*Lumen Gentium*, 31)" (John Paul II, *Angelus* Talk, [15 March 1987]: *Inse-*

www.malankaralibrary.com



*gnamenti*, X, 1 [1987] 561).

41. See; in particular, the Dogmatic Constitution on the Church *Lumen Gentium*, 5, 39-42, which treats the subject of "the universal call to holiness in the Church".

42. II Extraordinary General Assembly of the Synod of Bishops (1985), *Ecclesia Sub Verbo Dei Mysteria Christi Celebrans pro Salute Mundi. Relatio Finalis*, II, A, 4.

43. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 40.

44. *Ibid.*, 42. These solemen and unequivocal affirmations of the Council repropose a fundamental truth of the Christian faith. Thus, for example, Pius XI in the Encyclical *Casti Connubii* addressed Christian spouses in the following words: "In whatever state they might be and whatever upright way of life they might have chosen, all must imitate the most perfect example of holiness, proposed by God to humanity, namely, our Lord Jesus Christ, and with the help of God to even reach the highest stage of Christian perfection, shown in the example of many saints": *AAS* 22 (1930), 548.

45. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 4.

46. *Propositio* 5.

47. *Propositio* 8.

48. Saint Leo The Great, *Sermo XXI*, 3: *S. Ch.* 22a, 72.

49. S. Maximus, *Tract. III de Baptismo*: *PL* 57, 779.

50. Saint Augustine, *In Ioann. Evang. Tract.*, 21, 8: *CCL* 36, 216.

51. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 33.

52. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen, Gentium*, 4.

53. The Second Extraordinary General Assembly of the

www.malankaralibrary.com



Synod of Bishops (1985), *Ecclesia sub Verbo Dei Mysteria Christi Celebrans pro Salute Mundi. Relatio Finalis*, II, C, 1.

54. Paul VI, Wednesday General Audience Talk (8 June 1966): *Insegnamenti*, IV (1966), 794.

55. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 6.

56. Cf. *ibid.*, *7 et passim.*

57. *Ibid.*, 9.

58. *Ibid.*, 1.

59. *Ibid.*, 9.

60. *Ibid.*, 7.

61. *Ibid.*

62. *Ibid.*, 4.

63. John Paul II, Homily at the Solemn Eucharistic Concelebration for the Close of the Seventh Ordinary General Assembly of the Synod of Bishops (30 October 1987): *AAS* 80 (1988), 600.

64. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 4.

65. Cf. Second Vatican Ecumenical Council, Decree on the Mission Activity of the Church *Ad Gentes*, 5.

66. Second Vatican Ecumenical Council, Decree on the Sacred Priesthood *Presbyterorum Ordinis*, 2; Cf. Second Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 10.

67. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 10.

68. Cf. John Paul II, Letter on Holy Thursday to all the Priests of the Church (9 April 1979), 3-4: *Insegnamenti*, II, 1 (1979), 844-847.

69. Code of Canon Law, Can. 230 3.

www.malankaralibrary.com



70. Cf. Second Vatican Ecumenical Council, Decree on the Ministry and Life of Priests *Presbyterorum Ordinis*, 2 and 5.

71. Cf. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 24.

72. The Code of Canon Law lists a series of roles and tasks proper to the sacred ministers, that nevertheless for special and grave circumstances, and concretely in areas which lack priests or deacons, can temporarily be exercised by the lay faithful, with previous juridic faculty and mandated by competent ecclesiastical authority: Cf. Can. 230 3; 517 2;776: 861 2; 910 2; 943; 1112, etc.

73. Cf. Second Vatican Ecumenical Council, Constitution on the Sacred Liturgy *Sacrosanctum Concilium*, 28; Code of Canon Law, Can 230 2 that states: "lay persons can fulfill the function of lector during the liturgical actions by temporary deputation; likewise all lay persons can fulfill the functions of commentator or cantor or other functions, in accord with the norm of law".

74. The Code of Canon Law presents diverse roles and tasks that the lay faithful can fulfill in the organized structure of the Church: Cf. Can. 228; 229 3; 317 3; 463 1; 5 and 2; 483; 494; 537; 759; 776; 784; 785; 1282; 1421.

75. Cf. *Propositio* 18.

76. Paul VI, Apostolic Exhortation *Euangelii Nuntiandi*, 70: *AAS* 68 (1976), 60.

77 Cf. Code of Canon Law, Can. 230 1.

78 *Propositio* 18.

79. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 3.

80. "From the reception of these charisms or gifts, even the most ordinary ones, there arises for each believer the right and duty to use them in the Church and in the world for the good of people and the building up of the Church. In doing

www.malankaralibrary.com



so believers need to enjoy the freedom of the Holy Spirit who 'breathes where he wills' (*Jn* 3:8). At the same time they must act in communion with their brothers and sisters in Christ especially with their Pastor" (*Ibid*.).

81. *Propositio* 9.

82. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 12.

83. Cf. *ibid*., 30.

84. Second Vatican Ecumenical Council, Decree on the Pastoral Office of Bishops in the Church *Christus Dominus*, 11.

85. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 23.

86. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 10.

87. Cf. *Propositio* 10.

88. Cf. Code of Canon Law, Can. 443 4; 463 1 and 2.

89. Cf. *Propositio* 10.

90. The Council documents read: "It is impossible for the bishop always and everywhere to preside over the whole flock in his Church, he must of necessity establish groupings of the faithful. Among these, parishes set up locally under a pastor who takes the place of the bishop are the most important: for in a certain way they represent the visible Church as it is established throughout the world" (Second Vatican Ecumenical Council, The Constitution on the Sacred Liturgy *Sacrosanctum Concilium*, 42).

91. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 28.

92. John Paul II, Apostolic Exhortation *Catechesi Tradendae*, 67: *AAS* 71 (1979), 1333.

93. Code of Canon Law, Can. 515 1.

94. Cf. *Propositio* 10.

www.malankaralibrary.com



95. Cf. Second Vatican Ecumenical Council, The Constitution on the Sacred Liturgy *Sacrosanctum Concilium*, 42.

96. Cf. Code of Canon Law, Can. 555 1, 1.

97. Cf. Code of Canon Law, Can. 383 1.

98. Paul VI, Discourse to the Roman Clergy (24 June 1963): *AAS* 55 (1963), 674.

99. *Propositio* 11.

100. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 10.

101. *Ibid.*

102. Cf. *Propositio* 10.

103. Saint Gregory The Great, *Hom in Ez.*, II, I, 5: *CCL* 142, 211.

104. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 16.

105. John Paul II, *Angelus* Talk (23 August 1987): *Insegnamenti*, X, 3 (1987), 240.

106. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 18.

107. *Ibid.*, 19; cf. also, *Ibid.*, 15; Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 37.

108. Code of Canon Law, Can. 215.

109. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 39.

110. Cf. *ibid.*, 40.

111. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 19.

112. Cf. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 23.

www.malankaralibrary.com



113. *Ibid.*

114. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 23.

115. *Ibid.*, 20.

116. *Ibid.*, 24.

117. *Propositio* 13.

118. Cf. *Propositio* 15.

119. John Paul II, Discourse at a Meeting of the Church in Loreto, Italy (10 April 1985): *AAS* 77 (1985), 964.

120. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 1.

121. *Ibid.* 30.

122. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 10.

123. Paul VI, *Evangelii Nuntiandi*, 14: *AAS* 68 (1976), 13.

124. John Paul II, Homily of His Holiness at the Beginning of His Ministry as Supreme Shepherd of the Church (22 October 1978): *AAS* 70 (1978), 947.

125. *Propositio* 10.

126. Second Vatican Ecumenical Council, Decree on the Mission Activity of the Church *Ad Gentes*, 20; Cf. also *ibid.*, 37.

127. *Propositio* 29.

128. Cf. Second Vatican Ecumenical Council, Decree on the Mission Activity of the Church *Ad Gentes*, 21.

129. *Propositio* 30 *bis.*

130. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 5.

131. Cf. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 22.

www.malankaralibrary.com



132. *Ibid.*, 22.

133. John Paul II, Encyclical Letter *Redemptor Hominis*, 14: *AAS* 71 (1979), 284-285.

134. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 40.

135. Cf. *Ibid.*, 12.

136. "If we celebrate so solemnly the birth of Jesus, we do it so as to bear witness to the fact that each person is someone, unique and irrepeatable. If humanity's statistics and arrangement, its political, economic and social systems as well as its simple possibilities, do not come about to assure man that he can be born, exist and work as a unique and irrepeatable individual, then bid 'farewell' to all assurances. For Christ and because of him, the individual is always unique and irrepeatable; someone eternally conceived and eternally chosen; someone called and given a special name" (John Paul II, First Christmas Radio Message to the World: *AAS* 71 [1979], 66).

137. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 27.

138. John Paul II, Apostolic Exhortation *Familiaris Consortio*, 30: *AAS* 74 (1982), 116.

139. Cf. Congregation for the Doctrine of the Faith, Instruction on the Respect for Human at Birth the Dignity of Procreation: Responses to Some Questions in Bioethics *Donum Vitae* (11 March 1987): *AAS* 80 (1988), 70-102.

140. *Propositio* 36.

141. John Paul II, Message for the Twenty-First World Day of Peace, "Religious Freedom: Condition for Peace" (8 December 1987): *AAS* 80 (1988), 278, 280.

142. Saint Augustine, *De Catech. Rud.*, XXIV, 44: *CCL* 46, 168.

www.malankaralibrary.com



143. *Propositio* 32.

144. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 24.

145. *Ibid*., 12.

146. Cf. John Paul II, Apostolic Exhortation, *Familiaris Consortio*, 42-48: *AAS* 74 (1982), 134-140.

147. *Ibid*., 85: *AAS* 74 (1982), 188.

148. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 8.

149. For the relationship between justice and mercy, see John Paul II, Encyclical Letter *Dives in Misericordia*, 12: *AAS* 72 (1980), 1215-1217.

150. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium et Spes*, 75.

151. *Ibid*., 74.

152. *Ibid*., 76.

153. Cf. *Propositio* 28.

154. John Paul II, Encyclical Letter *Sollicitudo Rei Socialis*, 38: *AAS* 80 (1988), 565-566.

155. Cf. John XXIII, Encyclical Letter *Pacem in Terris*: *AAS* 55 (1963), 265-266.

156. John Paul II, Encyclical Letter Sollicitudo Rei Socialis 39: AAS 80 (1988), 568.

157. Cf. Propositio 26.

158. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World Gaudium et Spes, 63.

159. Cf. Propositio 24.

160. Second Vatican Ecumenical Council, Pastoral Con-

www.malankaralibrary.com



stitution on the Church in the Modern World Gaudium et Spes, 67.

161. John Paul II, Encyclical Letter Sollicitudo Rei Socialis, 34: AAS 80 (1988), 560.

162. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World Gaudium et Spes, 53.

163. Propositio 35.

164. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World Gaudium et Spes, 58.

165. Paul VI, Apostolic Exhortation, Evangelii Nuntiandi, 18-20: AAS 68 (1976), 18-19.

166. Cf. Propositio 37.

167. Saint Gregory the Great, Hom. in Evang. I, XIX, 2: PL 76, 1155.

168. Second Vatican Ecumenical Council, Declaration on Christian Education, *Gravissimum Educationis*, 2.

169. John Paul II, Apostolic Letter for the "International Year of Youth", 15: AAS 77 (1985), 620-621.

170. Propositio 52.

171. Propositio 51.

172. Second Vatican Ecumenical Council, Message to Youth (8 December 1965): AAS 58 (1966), 18.

173. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World Gaudium et Spes, 48.

174. John Gerson, De *Parvulis ad Christum Trahendis*, Euvres Completes, Desclee, Paris 1973, IX, 669.

175. John Paul II, Discourse to a Gathering of Older People from the Dioceses of Italy (23 March 1984): Insegnamenti VII, 1 (1984), 744.

www.malankaralibrary.com



176. Cf. John XXIII, Encyclical Letter *Pacem in Terris*: AAS 55 (1963), 267-268.

177. John Paul II, Apostolic Exhortation Familiaris Consortio, 24: AAS 74 (1982), 109-110.

178. Propositio 46.

179. Propositio 47.

180. Second Vatican Ecumenical Council, Decree on the Apostolate of Lay People Apostolicam Actuositatem, 9.

181. Paul VI, Discourse to the Committee for the International Year of the Woman (18 April 1975):- AAS 67 (1975) 266.

182. Propositio 46.

183. Propositio 47.

184. Ibid.

185. Second Vatican Ecumenical Council, Pastoral Constitution on the Church in the Modern World *Gaudium* et Spes, 10.

186. The Encyclical Letter *Redemptoris Mater*, after having recalled that the "Marian dimension of the Christian life takes on a particular importance in relation to women and their status", states, "In fact, femininity has a unique relationship with the Mother of the Redeemer, a subject which can be studied in greater depth elsewhere - Here I simply wish to note that the example of Mary of Nazareth sheds light on womanhood as such by the very fact that God, in the sublime event of the Incarnation of his son, entrusted himself to the ministry, he free and active ministry of a women. It can thus be said that women, by looking to Mary, find in her the secret of living their femininity with dignity and of achieving their own true advancement. In the light of Mary, the Church sees in women the reflection of a beauty which mirrors the loftiest sentiments for which the human heart is capable: the totality of the gift of self in love; the strength that is capable of bearing the greatest sorrows; limitless fidelity and tireless devotion to work; the ability to combine penetrating intuition with words, support and

www.malankaralibrary.com



encouragement" (John Paul II, Encyclical Letter Redemptoris Mater, 46: AAS 79 [1987], 424-425).

187. John Paul II, Apostolic Letter Mulieris Dignitatem, 16

188. Cf. Congregation For the Doctrine of the Faithe, Declaration On the Question of Admission of Women to the Ministerial Priesthood Inter Insigniores (15 Octomber 1976): AAS 69 (1977), 98-116.

189. Cf. John Paul II, Apostolic Letter Mulieris Dignita-tem, 26.

190. Ibid., 27; "The Church is a differentiated body in which each individual has a role; the tasks are distinct, and must not be confused; they do not favour the superiority of one over the other, nor do they provide an excuse for jealousy the only better gift, which can and must be desired is love (cf. 1 Cor 12—13). The greatest in the Kingdom of Heaven are not the ministers but the saints" (Cougregation For the Doctrine Of The Faith, Declaration on the Question of Admission of Women to the Ministerial Priesthood Inter Insigniores [15 October 1976], 6: AAS 69 [1977], 115).

191. Paul VI, Discourse to the Committee for the International Women's Year (18 April 1975): AAS 67 (1975), 266

192 Propositio 47.

193. Ibid

194. Second Vatican Ecumenical Council, Dogmatic Constitution on the Church *Lumen Gentium*, 36.

195. John Paul II, Apostolic Exhortation *Familiaris Consortio* 50: AAS 74 (1982), 141-142.

196. Propositio 46

197. Propositio 47

198. The Seventh Ordinary General Assembly of the Synod of Bishops (1987), Per Councili semitas ad populum Dei Nuntius, 12.

199. Prpositio 53.

200. John Paul II, Apostolic Letter *Salvifici Doloris*, 3: AAS 76 (1984), 203.

201. Saint Ignatius of Antioch, Ad Ephesios, VII, 2: S. Cb. 10, 64.

www.malankaralibrary.com



202. John Paul II, Apostolic Letter *Salvifici Doloris*, 31: AAS 76 (1984), 249-50.

203. Saint Ambrose, *De virginitate* VI, 34: PL 16, 288; Cf. Saint Augustine, Sermo CCCIV, III, 2: PL 38, 1396.

204. Cf. Pius XII, Apostolic Constitution, *Provida Matter* (2 February 1947): AAS 39 (1947), 114-124; Code of Canon Law, Can. 573.

205. Propositio 6.

206. Cf. Paul VI, Apostolic Letter *Sabaudiae Gemma* (29 January 1967): AAS 59 (1967), 113-123.

207. Saint Francis de salese, *Introduction a la vie devote*, I, III (Euvres completes, Monastere de la Visitation, Annecy 1983 III, 19-21.

208. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 4.

209. Propositio 40.

210. Dabit virtutem, qui contult, dignitatem; (Saint Leo The Great, Serm. II, 1: S. Ch. 200, 248)

211. Second Vatican Ecumenical, Council, Decree on the Apostolate of Lay People *Apostolicam Acutositatem*, 4.

212. Second Vatican Ecumenical Council, Pastoral Constitution on the church in the Modern World Gaudium et Spes, 43; Cf. also, Second Vatican Ecumenical Council, Decree on the Mission Activity of the church Ad Gentes, 21; Paul VI, Apostoliç Exhortation *Evangelii Nuntiandi* 20:AAS 68 (1976), 19.

213. John Paul II, Discourse to the Participants in the National Congress of Church Movements of Cultural Responsibility (M.E.I.C.) (16 January 1982), 2: *Insegnamenti*, V, 1 (1982) 131; Also Letter to Cardinal Agostino Casaroli, Secretary of State, establishing the Pontifical Council for Culture (20 May 1982): AAS 74 (1982), 685; Discourse to the Community of the University of Louvain (20 May 1985), 2: Insegnamenti, VIII 1 (1985), 1591.

214. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem* 4.

215. Propositio 22; cf. also John Paul II, Encyclical *Sollicitudo Rei Socialls*, 41: AAS 80(1988), 570–572.

www.malankaralibrary.com



216. Second Vatican Ecumenical Council, Decree on the Apostolate of Lay People *Apostolicam Actuositatem*, 4.

217. Saint Methodius of Olympo, Symposion III, 8:S. Ch. 95, 110.

218. Cf. Propositio 11.

219. Cf. Propositio 40.

220. Cf. Propositio 44.

221. Cf. Propositio 45.

222. Propositio 44.

223. Propositio 41.

224. Propositio 42

www.malankaralibrary.com

# അല്മായവിശ്വാസികൾ

അതിവേഗം പുരോഗമിക്കുന്ന മാനവസംസ്കാരത്തിൽ,
മൂല്യബോധത്തെ തൃണവത്ഗണിച്ചു മുന്നേറുന്ന
ലോകത്തിൽ
ഒഴുക്കിനെതിരേ നീന്തി
ക്രിസ്തുവിന് സാക്ഷ്യം വഹിക്കേണ്ടവരാണ്
അല്മായർ.
മൂന്നാം സഹസ്രാബ്ദത്തിലേക്കു നീങ്ങുന്ന
സഭയുടെ
വളർച്ചയ്ക്കായി അവർ ഉണരേണ്ടിയിരിക്കുന്നു.
1987ലെ മെത്രാന്മാരുടെ സിനഡിന്റെ
വെളിച്ചത്തിൽ
അല്മായവിശ്വാസികളുടെ വിളിയുടെയും
ദൗത്യത്തിന്റെയും
മാഹാത്മ്യമാണ് ജോൺപോൾ രണ്ടാമൻ മാർപാപ്പ
ഈ അപ്പസ്തോലിക പ്രബോധനത്തിലൂടെ
പ്രഖ്യാപിക്കുന്നത്.

കെ. സി. ബി. സി. സാമൂഹ്യ സമ്പർക്ക മാധ്യമ കമ്മീഷൻ
പ്രസിദ്ധീകരിക്കുന്നത്
പി. ഒ. സി. കൊച്ചി - 682 025